
ഒ. വി. വിജയൻ സ്മാരക നോവൽമത്സരത്തിന്
പരിഗണിക്കപ്പെട്ട നോവൽ



# അഭിലോഷിക

ജോസ് കെ. മാനുവൽ

dcb

**ഡോ. ജോസ് കെ. മാനുവൽ**

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്ക് സ്വദേശി. മദിരാശി സർവകലാശാലയിൽനിന്ന് എം.എ., എം.ഫിൽ., പിഎച്ച്.ഡി. ബിരുദങ്ങൾ. മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്ന് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്. കൃതികൾ: തിരക്കഥാരചന കഥയും സിദ്ധാന്തവും, സിനിമയുടെ പാഠങ്ങൾ: വിശകലനവും വീക്ഷണവും, സിനിമയിലെ ശരീരഭാഷ: ഒരു രസാനുഭവ സിദ്ധാന്തപഠനം, നാടകവും സിനിമയും: ഒരു താരതമ്യ വിശകലനം, കഥയും തിരക്കഥയും, മലയാളഭാഷയും സാഹിത്യവും, തിരക്കഥാ സാഹിത്യം: സൗന്ദര്യവും പ്രസക്തിയും, ന്യൂജനറേഷൻ സിനിമ (പഠനങ്ങൾ) അഭിലോഷിക, യഹൂര - ഒരു കമ്യൂണിസ്റ്റിന്റെ കഥ (നോവലുകൾ) കാലത്തിനൊപ്പം ഒരു പെൺകുട്ടി, കഥയ്ക്കുമുകളിലൂടെ ഡൈവു ചെയ്ത് കഥാകൃത്ത്, ഹർത്താൽ ഒരു കേരളീ യോത്സവം (ചെറുകഥാസമാഹാരങ്ങൾ). നവമാധ്യമങ്ങൾ: ഭാഷ സാഹിത്യം സംസ്കാരം, ബൈബിളും മലയാളസാഹിത്യവും, മാറുന്ന മലയാള സിനിമ: ഭാഷ സംസ്കാരം സമൂഹം, അന്വേഷണം പഠനം ഗവേഷണം (എഡിറ്റർ), മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡും (2003, 2010) ഫിലിം ക്രിട്ടിക്സ് അവാർഡും (2003, 2005) ലഭിച്ചിട്ടുണ്ട്. സാംസ്കാരിക സഹകരണസമിതിയുടെ മികച്ച വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള അവാർഡ്, പൊൻകുന്നം വർക്കി കഥാ അവാർഡ്, തകഴി കഥാ അവാർഡ്, കാവ്യവേദി നോവൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. വിലാസം: അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം, ഫോൺ:9446924323. ഇ-മെയിൽ: kjosemanuel@gmail.com

ജോസ് കെ. മാനുവൽ

# അഭിലോഷിക

ഡി സി ബുക്സ്

Selected Novel for O.V. Vijayan Smaraka
D C Books Novel Award

Malayalam Language
**Abhiloshika**
Novel
by **Jose K. Manuel**
Rights Reserved
First Published February 2007

*Cover Design*
Vinod Kumar

Printed in India
at D C Press (P) Ltd., Kottayam 686 012

*Publishers*
**D C Books**, Kottayam 686 001
Kerala State, India
website : www.dcbooks.com
e-mail : info@dcbooks.com
Online Bookstore : www.dcbookstore.com

*Distributors*
**D C Books**
Thiruvananthapuram, Kottayam, Eranakulam, Cochin Airport,
Thekkady, Kozhikode, Kannur, New Delhi
**Current Books**
Kottayam, Thiruvananthapuram, Kollam, Thiruvalia, Alappuzha,
Thodupuzha, Eranakulam, Aluva, Irinjalakuda, Palakkad, Manjeri, Kozhikode,
Vatakara, Thalassery, Kalpetta, Kanhangad,
D C Bookshop Thrissur, Kairali Pusthakasala Thrissur
DEECEE Eranakulam

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 81-264-1460-X

D C BOOKS - The first Indian Book Publishing House to get ISO Certification

**Rs. 65.00**

673/06-07 Sl.No. 7253-dcb 3451-1000-2625-02-07- And. 18.6-p as-r ns-d jj

*മനസ്സിൽ സർഗ്ഗാത്മകതയുടെ കുളിർകാറ്റുമായി ജീവിച്ച്*
*കഥകളോടും കവിതകളോടും ചങ്ങാത്തംകൂടി*
*കഥാപാത്രങ്ങളോടും സംഭവങ്ങളോടും സല്ലപിച്ച്*
*യാഥാർത്ഥ്യത്തോട് കലഹിച്ചും കൗതുകം പറഞ്ഞും*
*ഊഷ്മളമായ യൗവനചിന്തകളിലെവിടെവച്ചോ*
*മരണത്തെ പ്രണയിച്ച് സ്വയംവരം നടത്തിയ*
*യുവ എഴുത്തുകാരിക്ക്*

# പ്രസാധകക്കുറിപ്പ്

മലയാള നോവൽസാഹിത്യത്തിന്റെ വളർച്ച ലക്ഷ്യമാക്കിക്കൊണ്ട് ഡി സി ബുക്സ് സംഘടിപ്പിക്കുന്ന 'ഒ.വി. വിജയൻ സ്മാരക ഡി സി ബുക്സ് നോവൽ അവാർഡി'ന് പരിഗണിക്കപ്പെട്ടിരിക്കുന്നത് 5 നോവലുകളാണ്. പതിവുകളിൽനിന്നു വ്യത്യസ്തമായി വായനക്കാരുടെ വിലയിരുത്തലിനുകൂടി അവസരം നല്കിക്കൊണ്ടാണ് ഈ നോവൽ മത്സരം വിഭാവനം ചെയ്തിട്ടുള്ളത്. പ്രസിദ്ധീകരിക്കപ്പെടുന്ന ഓരോ നോവലിന്റെയും അവസാനപുറം വായനക്കാരുടെ വിലയിരുത്തൽ രേഖപ്പെടുത്തുന്നതിനായി നീക്കിവച്ചിരിക്കുന്നു. ഓരോ വായനക്കാരനെയും മികച്ച ആസ്വാദകനായി ഞങ്ങൾ കാണുന്നു. നിങ്ങളുടെ വിലയിരുത്തലുകൾ 2007 മെയ് 30 ന് മുമ്പായി ഞങ്ങൾക്ക് അയച്ചുതരിക. ഏറ്റവും കൂടുതൽ വായനക്കാരും ജഡ്ജിങ് കമ്മിറ്റിയും കൂടുതൽ മാർക്ക് നൽകുന്ന നോവലിനായിരിക്കും ഒന്നാം സമ്മാനം നല്കുക. മികച്ച നോവൽ തെരഞ്ഞെടുക്കുന്ന വായനക്കാരിൽനിന്ന് നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് പ്രത്യേക സമ്മാനവും നല്കും. ഈ നോവൽ മത്സരം സാർത്ഥകമാക്കാൻ എല്ലാ വായനക്കാരിൽനിന്നും പൂർണ്ണസഹകരണം പ്രതീക്ഷിക്കുന്നു.

31 ജനുവരി 2007
കോട്ടയം

**രവി ഡി സി**

# നോവലിനെക്കുറിച്ച്

ഗ്ലോബ് തിയേറ്റർ കത്തിയതിനുശേഷം ഷേക്സ്പിയർ എന്തുചെയ്തു? പ്രതിഭാശാലിയായ ആ കലാകാരനു വെറുതെയിരിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല. അദ്ദേഹം തുടർന്നും നാടകം എഴുതി അവതരിപ്പിക്കാൻ ശ്രമിച്ചിരിക്കണം. അങ്ങനെ ശ്രമിച്ചതിന്റെ ഫലമായി എഴുതിത്തുടങ്ങിയതും പൂർത്തീകരിക്കാത്തതുമായ ഒരു നാടകമാണ് അഭിലോഷിക. ഷേക്സ്പിയറെപ്പോലൊരു പ്രതിഭ എഴുതിയ നാടകം പൂർത്തീകരിക്കുവാൻ കാലാന്തരത്തിൽ പലരും ശ്രമിക്കുമെന്നതു സ്വഭാവികമാണ്. കാരണം ഷേക്സ്പിയറിനു ലോകം അനുവദിച്ചു നൽകിയിരുന്ന സ്ഥാനബഹുമാനങ്ങൾതന്നെ. അതിന്റെ ഒരു ഭാഗം ആ നാടകം പൂർത്തിയാക്കുന്നതിലൂടെ അവർക്കും ലഭിക്കുമല്ലോ.

കേരളത്തിലും ഒരു ഇംഗ്ലീഷ് പ്രൊഫസർ ആ നാടകം പൂർത്തീകരിച്ചു. ഒരു ദിവസം അഭിനയചന്ദ്രികയെന്ന ഗവേഷണ വിദ്യാർത്ഥിനി അഭിലോഷികയെന്ന നാടകത്തെപ്പറ്റി തിരക്കി പ്രൊഫസറുടെ അടുത്തെത്തുന്നു. സർഗ്ഗവാസനകളാൽ അനുഗ്രഹീതയും ഉത്സാഹശീലയും കലാതാത്പര്യയുമായ അഭിനയചന്ദ്രികയോട് പ്രൊഫസറിന് വാത്സല്യം തോന്നുന്നു. അദ്ദേഹം പൂർത്തീകരിച്ച നാടകത്തിലെ അഭിലോഷികയായി അഭിനയിക്കുവാൻ അഭിനയചന്ദ്രികയെ ക്ഷണിക്കുന്നു. അവൾ ആ ക്ഷണം സന്തോഷത്തോടെ സ്വീകരിക്കുന്നു.

ഒരു കഥാപാത്രത്തിനു ജീവൻ നൽകുവാനുള്ള ശ്രമത്തിനിടയിൽ അഭിസാരികയായിത്തീർന്ന യുവതിയായിരുന്നു അഭിലോഷിക. അഭിലോഷികയെ അവതരിപ്പിക്കാൻ തുടങ്ങിയതോടെ അഭിനയയുടെ ജീവിതത്തിനും മാറ്റങ്ങൾ സംഭവിച്ചുതുടങ്ങി. ഒരു കാമുകിയായിരുന്നിട്ടും അവരുടെ പ്രണയം തീവ്രമായിരുന്നിട്ടും അവളുടെ ജീവിതത്തിലേയ്ക്ക് അവൾപോലുമറിയാതെ ഒരു നിമിത്തംപോലെ ചിലര് കടന്നുവരുന്നു. അവരാരും അവളെ ആഗ്രഹിച്ചവരായിരുന്നില്ല. അവളെ ആഗ്രഹിച്ചവർക്കാർക്കും അവളെ ലഭിക്കുന്നുമില്ല. യഥാർത്ഥത്തിൽ നാടകാവതരണം പുരോഗമിക്കുന്നതിനൊപ്പം അഭിനയ

പോലും അറിയാതെ ജീവിതം കൈക്കുമ്പിളിൽ കോരിയെടുത്ത വെള്ളം പോലെ വാർന്നുപോകുകയായിരുന്നു. അഭിനയ കാണുന്ന ഒരു ദുഃസ്വപ്ന ത്തിന് അവളുടെ ജീവിതവുമായുള്ള ബന്ധം യാദൃച്ഛികമായൊരു സംഭവ മാണ്. അഭിലോഷികയെന്ന കഥാപാത്രത്തെ അവതരിപ്പിക്കാൻ ശ്രമിക്കുന്ന വരുടെ ദുർമരണങ്ങൾ ന്യായീകരണമില്ലാത്ത ഒരു സമസ്യയായിത്തുടരുന്നു.

ഇത് തികച്ചും കല്പനാസൃഷ്ടമായ നോവലാണ്. ഇതിലെ കേന്ദ്ര കഥാ പാത്രമായ അഭിനയ 'അഭിലോഷിക'യെന്ന നോവൽ വായിക്കുവാൻ ഇഷ്ട പ്പെടുന്നതും അത് വായിച്ചു പൂർത്തീകരിക്കാൻ കഴിയാത്തതും യാദൃച്ഛിക മാണ്. അങ്ങനെ ഈ നോവൽ തന്നെ ആഖ്യാനത്തിന്റെ ഭാഗമായിത്തീരു ന്നുണ്ട്. നോവലിന്റെ അന്ത്യം ദുരന്തപൂർണ്ണമാണ്. യഥാർത്ഥത്തിൽ നോവൽ പൂർണ്ണമാകുന്നതു പലരുടെയും നിഗമനങ്ങൾകൂടി വെളിവാക്കുന്നതോടെ യാണ്.

നോവൽ ആരംഭിക്കുന്നതിനുമുമ്പ് കൊടുത്തിരിക്കുന്ന സമർപ്പണം ഇതിലെ കേന്ദ്ര കഥാപാത്രമായ അഭിനയയെ ഉദ്ദേശിച്ചാണ്. ദുരന്തധ്വനിയു ണർത്തുന്ന ഈ പ്രസ്താവനയിലൂടെ കേന്ദ്ര കഥാപാത്രമായ അഭിനയയുടെ അവതരണംകൂടിയാണ് നടത്തിയിരിക്കുന്നത്. ഈ സമർപ്പണത്തിന്റെ യാഥാർത്ഥ അർത്ഥവ്യാപ്തി നോവലിന്റെ അന്ത്യത്തിലെ വെളിവാകുകയു ള്ളൂ. അഭിലോഷിക, വർക്കിസാർ, കൃഷ്ണദാസ്, പ്രസാദ്, വലിയമ്മച്ചി, ചന്ദ്രിക, ഡോ. രമേശ്, ഫിലിപ്പ്, അരുൺ ചന്ദ്രിർ, റോസ് മേരി, ഗായത്രി ദേവി, എലിസബത്ത്, സുധീഷ്, അന്തോണിയച്ചൻ, വിക്രമൻ, ജോൺ വർക്കി തുടങ്ങിയുള്ള പ്രധാന കഥാപാത്രങ്ങളെയെല്ലാം പ്രതിജനഭിന്നമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ഭൂതകാലചരിത്രം പറയുന്നിടത്ത് ഷേക്സ്പിയറും അനുബന്ധിത കഥാപാത്രങ്ങളും പുനർജനിക്കുന്നുണ്ട്. തികച്ചും ലളിതമായ ആഖ്യാനശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്.

# 1
# യാത്ര

'രതിസുഖഭാവമായി ദേവി നിന്നെ വാർത്തതും ഭവാൻ... കലാകാരൻ...' ടേപ്പ്റിക്കാർഡറിൽനിന്നും ഒഴുകിയെത്തിയ ചലച്ചിത്രഗാനം കേട്ടപ്പോൾ അഭിനയയ്ക്ക് വല്ലായ്കയാണു തോന്നിയത്.

സ്ത്രീയെ രതിസുഖത്തിന്റെ മൂർത്തഭാവമായിട്ടാണോ സൃഷ്ടിച്ചിരിക്കുന്നത്? അവൾ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും എന്തേ ഈ സമൂഹം കാണാത്തത്? അവളിലെ മാതാവിനെ, സഹോദരിയെ, സ്നേഹിതയെ എല്ലാം പുരുഷക്കണ്ണുകൾ രതിസുഖത്തിന്റെ വിടർന്ന ഭാവമായി ദർശിക്കുന്നത് ഏതു തത്ത്വശാസ്ത്രത്തിന്റെ പിൻബലത്തിലാണ്. എല്ലാത്തിനും കൂട്ടുനിൽക്കാൻ ഭഗവാനുണ്ടല്ലോ. പള്ളി പൊളിക്കാൻ, ക്ഷേത്രം പണിയാൻ, കൂട്ടക്കൊല നടത്താൻ എല്ലാത്തിനും പുരുഷൻ ഭഗവാനെയാണ് കൂട്ടുപിടിക്കുന്നത്. പുരുഷന്മാരുടെ ഈ തോന്നിയവാസങ്ങൾക്കൊന്നും കൂട്ടുനില്ക്കാൻ ഒരു സ്ത്രീയുമില്ല. അവൾകൂടി പങ്കാളിയാണെന്നു വരുത്തിത്തീർക്കാൻ പുരുഷന്മാർ ഓരോരോ കാര്യങ്ങളിൽ സംവരണം ഏർപ്പെടുത്തിവരുകയാണല്ലോ. ഇപ്പോഴത് രാഷ്ട്രീയത്തിൽവരെ എത്തിനില്ക്കുന്നു.

ഇങ്ങനെ ഓരോന്ന് ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ അഭിനയയുടെ കാൽ കാറിന്റെ ആക്സിലറേറ്ററിൽ അമർന്നു. മനസ്സിലെ ചിന്തകൾപോലെ കാറും അമർഷത്തോടെ പാഞ്ഞുകൊണ്ടിരുന്നു. ചില്ലുകൾ താഴ്ത്തിയിട്ട ഡോറുകളിൽക്കൂടി അടിച്ചുവരുന്ന കാറ്റ് വഷളൻഭാവത്തോടെ അവളെ അസ്വസ്ഥതപ്പെടുത്തിക്കൊണ്ടിരുന്നു.

മനഃക്കരുത്തുള്ള സ്ത്രീയെ അധികം പുരുഷന്മാരൊന്നും കണ്ടിട്ടില്ല. അവളുടെ അംഗലാവണ്യത്തിൽ കണ്ണും മനസ്സുമുടക്കി രതിസുഖം സ്വപ്നം കാണുന്നവർക്ക് അവളെ എങ്ങനെ മനസ്സിലാക്കുവാൻ കഴിയും. അല്ല, ഒരു കണക്കിന് അതു നല്ലതാണ്. സ്ത്രീയെ മനസ്സിൽ ആരാധിക്കാത്ത, ആഗ്രഹിക്കാത്ത, ഇഷ്ടപ്പെടാത്ത, സ്വപ്നം കാണാത്ത ഏതു പുരുഷനാണുള്ളത്? അവളുടെ ആജ്ഞകൾക്കും ആഗ്രഹങ്ങൾക്കും താളം പിടിക്കുകയും തലകുലുക്കുകയും കാതോർക്കുകയും ചെയ്യാത്ത എത്ര പുരുഷന്മാരുണ്ട്. ഈ ചപലത മറച്ചുവെക്കുവാൻ പുരുഷന്മാർ കാലാകാലങ്ങളിലൂടെ പറഞ്ഞുപ

രത്തുന്ന കഥയാണ് സ്ത്രീയുടെ ചപലതയെപ്പറ്റിയുള്ള വർണ്ണനകൾ. സ്ത്രീയുടെ മാർദ്ദവമുള്ള ശരീരത്തെയും ഭാവത്തെയും തെറ്റിദ്ധാരണാജനകമായി വർണ്ണിച്ച് രതിസുഖത്തിന്റെ മൂർത്തരൂപമായി ചിത്രീകരിക്കുന്നു. യഥാർത്ഥത്തിൽ ബുദ്ധിയും സൗന്ദര്യവുമുള്ള ഒരു സ്ത്രീ ഒരുമ്പെട്ടാൽ നടക്കാത്തതായിട്ട് എന്താണുള്ളത്? അഭിനയയുടെ ചിന്തകൾ അങ്ങനെ പുരോഗമിക്കുമ്പോഴാണ് വളവുതിരിഞ്ഞ് എതിരെ വരുന്ന പാണ്ടിലോറി കാണുന്നത്. അവൾ ബ്രേക്കിൽ ചവിട്ടുകയും കാറ് വെട്ടിക്കുകയും ചെയ്തു. അവളുടെ ഉള്ളിൽനിന്നും ഭയത്തിന്റെ ഹുങ്കാരമുയർന്നു: 'അയ്യോ!' ഭാഗ്യം, ഒരപകടം ഒഴിവായി. ടാർറോഡിൽനിന്നും തെന്നിയിറങ്ങിയ കാറിൽ അഭിനയ ഭയം കലർന്ന ആശ്വാസത്തോടെ നെടുവീർപ്പെട്ടിരുന്നു. ഡ്രൈവർ ലോറിക്കുള്ളിൽനിന്നും തല പുറത്തേക്കിട്ട് തമിഴിൽ എന്തെല്ലാമോ കെട്ട വാക്കുകൾ പുലമ്പിക്കൊണ്ടിരുന്നു. അതു കേട്ടപ്പോൾ അഭിനയയുടെ ഉള്ളിലെ ഭയം ഒരു കൗതുകത്തിന് വഴിമാറി. അപ്പോൾ അവളോർമ്മിച്ചു: മനുഷ്യജീവിതം അനുനിമിഷം മരണത്തിൽനിന്നും അപകടത്തിൽനിന്നും രക്ഷപ്പെടുന്ന ഭാഗ്യങ്ങളുടെ തുടർച്ചയാണ്. ജീവിക്കുന്ന ഓരോ മനുഷ്യനോടുമൊപ്പം ഭാഗ്യം നിലനിൽക്കുന്നു.

കാറിന്റെ എതിർവശത്തെ ഡോർ തുറന്നുകിടക്കുന്നത് അപ്പോഴാണ് അഭിനയ ശ്രദ്ധിച്ചത്. അവൾ വേഗന്നുതന്നെ കാർ നിർത്തി ഡോർ തുറന്ന് പുറത്തേക്കിറങ്ങി. ശരീരത്തിൽ ഉലഞ്ഞുകിടന്നിരുന്ന മഞ്ഞപ്പട്ടുസാരി നേരെയിട്ടു. ലോറിയപ്പോൾ മെല്ലെ മുന്നോട്ടെടുത്ത് പോയിത്തുടങ്ങിയിരുന്നു. അഭിനയ തുറന്നുകിടന്ന ഡോറിന്റെ അടുത്തെത്തി. പുസ്തകച്ചന്തയിൽനിന്നും വാങ്ങി മുൻസീറ്റിൽ വച്ചിരുന്ന പുസ്തകങ്ങൾ ചിതറി നിലത്തുകിടക്കുന്നു. ഏറ്റവും മുകളിലായി 'അഭിലോഷിക' എന്ന നോവലുമുണ്ട്. അഭിനയ മെല്ലെ കുനിഞ്ഞ് പുസ്തകങ്ങൾ ഓരോന്നായി എടുത്ത് മുൻസീറ്റിലേക്കിട്ടു. അഭിലോഷികയെന്ന നോവൽ മറിച്ചും തിരിച്ചും നോക്കി. പുസ്തകച്ചന്തയിൽവച്ചുതന്നെ നോവൽരചയിതാവിന്റെ ചിത്രം അവൾ ശ്രദ്ധിച്ചതാണ്. കൊള്ളാം കലാനിപുണൻ. അഭിനയ മനസ്സിൽ പറഞ്ഞു. എന്താണ് നീ അഭിലോഷികയെപ്പറ്റിയെഴുതിയതെന്ന് ഞാനൊന്നു വായിച്ചുനോക്കട്ടെ.

അജ്ഞാതമായൊരടുപ്പം അഭിനയയ്ക്ക് അപ്പോൾ നോവൽ രചയിതാവിനോടു തോന്നി. അയാളുടെ പേര് രണ്ടു തവണ അവൾ ഉറക്കെ വായിച്ചു: 'ജോസ് കെ. മാനുവൽ, ജോസ് കെ. മാനുവൽ...' പിന്നെ മനസ്സിൽ പറഞ്ഞു: നോവൽ വായിച്ചുകഴിഞ്ഞ് ഞാൻ നിനക്ക് കത്തിടാം. നമ്മൾക്ക് ഒന്നു കാണണം. രണ്ടു കലാഹൃദയങ്ങൾ കണ്ടുമുട്ടുമ്പോൾ—അതും എതിർലിംഗത്തിൽപ്പെട്ടവരും സമപ്രായക്കാരുമാകുമ്പോൾ—ഒരാഘോഷംതന്നെ ആയിരിക്കും. അഭിനയ ഒരു പുഞ്ചിരിയോടെ ആ നോവൽ മറ്റു പുസ്തകങ്ങൾക്ക് മുകളിലേക്ക് ശ്രദ്ധയോടെ വച്ചു.

## യാത്ര

കാറിന്റെ തുറന്നുകിടന്ന ഡോറടച്ച് പരിസരം ആകെയൊന്നു വീക്ഷിച്ചു. ഒന്നും സംഭവിച്ചില്ല. ഭാഗ്യം. തെല്ലുസമയം ആലോചിച്ചിട്ട് യാത്ര തുടരുവാൻതന്നെ തീരുമാനിച്ചു.

ഉദ്ദേശം മുപ്പതിലധികം കിലോമീറ്ററുകൾക്ക് അപ്പുറത്തുള്ള ഒരു ചെറിയ കവലയിൽ അഭിനയ കാറ് നിർത്തി. അവിടെ ചെറിയ ഒരു ചായക്കടയ്ക്കു മുന്നിലിരുന്ന നാലഞ്ച് മദ്ധ്യവയസ്കർ, കാറിൽനിന്നും പുറത്തേക്കിറങ്ങിയ അവളെ കൗതുകത്തോടെ ഉറ്റുനോക്കി. അഭിനയ അവർക്കടുത്തേക്കു ചെന്ന് തിരക്കി: "വർക്കിസാറിന്റെ വീട് അറിയുമോ?"

അവരിലൊരാൾ ചോദിച്ചു. "ഷേക്സ്പിയർ വർക്കിയുടെ വീടാണോ?"

ചുണ്ടിൽ വിടർന്നുവന്ന പുഞ്ചിരിയൊതുക്കി അവൾ പറഞ്ഞു: "അതെ, സാറിന്റെ വീടുതന്നെ."

അതിന്റെ ഉത്തരം എല്ലാവരും ചേർന്ന് അവരുടേതായ രീതിയിൽ പറഞ്ഞു. അഭിനയയ്ക്ക് വഴി മനസ്സിലായി. രണ്ട് വളവുതിരിഞ്ഞുകഴിഞ്ഞ് ഇടതുവശത്തുകാണുന്ന പഴയൊരു മാളിക.

അഭിനയ കാറിനടുത്തേക്ക് നടക്കുവാൻ തുടങ്ങിയപ്പോൾ പിന്നിൽ നിന്നും ഒരാൾ തിരക്കി: "ഷേക്സ്പിയർസാറിന്റെ ആരാ?"

ആ ചോദ്യത്തെ ഒരു പുഞ്ചിരിയിൽ ഒതുക്കി അവൾ കാറിൽ കയറി.

അഭിനയ ഏകാന്തതയിൽ മുങ്ങിനില്ക്കുന്ന വലിയ മാളികയുടെ മുന്നിലെത്തി. ചുറ്റുവട്ടം ഒന്നു വീക്ഷിച്ചതിനുശേഷം തൂക്കിയിട്ടിരിക്കുന്ന മണിയുടെ കയറിൽ പിടിച്ചു വലിച്ചു. പൊട്ടിയ മണിയുടെ ഒരു രോദനമാണ് അതിൽനിന്നും ഉയർന്നത്. ആ മാളികയുടെ മുകളിൽനിന്നും ഒരുകൂട്ടം കറുത്ത പക്ഷികൾ ചിലച്ച് ശബ്ദമുണ്ടാക്കി ചിറകിട്ടടിച്ച് പറന്നുയർന്നു. അഭിനയ ആശ്ചര്യത്തോടെ അതു നോക്കിനിന്നു.

അല്പസമയം കഴിഞ്ഞപ്പോൾ മുൻവശത്തെ പഴയ വാതിലുകൾ കര കര ശബ്ദത്തോടെ തുറക്കപ്പെട്ടു. നിറുകയിൽ ചാണകയറി ഇരുവശത്തേക്കും ചെവിക്കൊപ്പം വെട്ടിയിട്ടിരിക്കുന്ന ചെമ്പൻമുടികൾ. താടിയുടെ നീണ്ട ആകൃതിക്കനുസരിച്ച് നീട്ടിവളർത്തിയ ചെമ്പിച്ചതും കറുത്തതുമായ താടിരോമങ്ങൾ. കാഴ്ചയിൽ ഒരു ഷേക്സ്പിയർ പ്രേതം!

അഭിനയ സ്വയം പരിചയപ്പെടുത്തി: "ഞാൻ അഭിനയചന്ദ്രിക. സാറിനെ കാണുവാനും സംസാരിക്കുവാനുമായി വന്നതാണ്. ഷേക്സ്പിയർ നാടകങ്ങളിലെ സ്ത്രീകഥാപാത്രങ്ങളുടെ സ്വഭാവവ്യക്തിത്വ ചിത്രീകരണത്തെ മുൻനിർത്തി ആ നാടകങ്ങളെപ്പറ്റിയുള്ള ഒരു വിമർശനാത്മക പുനർവിചിന്തനമാണ് എന്റെ ഗവേഷണവിഷയം..." ഒറ്റശ്വാസത്തിൽ പറഞ്ഞവസാനിപ്പിച്ചു.

"ഞാൻ സാറല്ല, സാറിന്റെ സഹായിയാണ്. ജോലിക്കാരൻ കൃഷ്ണദാസ്." അയാൾ താടിരോമങ്ങളിൽ തടവിക്കൊണ്ട് പറഞ്ഞു: "സാറിന് അതിഥികളെ കാണുന്നത് അത്ര താത്പര്യമുള്ള കാര്യമല്ല. ഞാൻ പറഞ്ഞു

നോക്കാം. അനുവദിക്കയാണെങ്കിൽ അകത്തേക്കു വരാം."

കൃഷ്ണദാസ് അകത്തേക്കു പോയി. അല്പം കഴിഞ്ഞപ്പോൾ മുറിയിൽനിന്നും പുറത്തേക്കു വന്നത് ഒരു കറുത്ത പൂച്ചയായിരുന്നു. അതിന്റെ കണ്ണുകളുടെ ചുറ്റും മാത്രം വെളുത്ത രോമങ്ങൾ. അപ്പോഴാണ് അഭിനയ മറ്റൊന്നുകൂടി ആശ്ചര്യത്തോടെ കണ്ടത്. ആ പൂച്ചയുടെ കണ്ണുകൾ പൂച്ചക്കണ്ണുകളല്ല. കറുത്ത കണ്ണുകൾ. വേണമെങ്കിൽ മനുഷ്യക്കണ്ണുകൾ എന്നു പറയാം.

കറുത്ത പൂച്ച അഭിനയയെത്തന്നെ നോക്കിയിരുന്നു. പിന്നെ നാവുകൊണ്ട് മുൻകാലിനുൾവശം നക്കി മുഖം തുടച്ചു.

കൃഷ്ണദാസ് അവിടേക്കുവന്ന് പറഞ്ഞു: " അകത്തേക്കു വരുവാൻ സാറ് പറഞ്ഞു." അയാൾ മുമ്പേ നടന്നു; പിന്നാലെ അഭിനയയും.

ഓരോരോ മുറികൾ പിന്നിട്ട് അകത്തേക്ക് ചെല്ലുമ്പോൾ പ്രകാശം കുറഞ്ഞുകുറഞ്ഞുവരികയായിരുന്നു. എന്തോ തട്ടിമറിച്ചുകൊണ്ടുള്ള എലിയുടെ മരണഭീതിയോടെയുള്ള കരച്ചിൽ. ഭയന്നുനിന്ന അഭിനയയോട് കൃഷ്ണദാസ് പറഞ്ഞു: "ജൂലിയറ്റ് എലിയെ പിടിച്ചതാണ്." കൃഷ്ണദാസ് വിശദീകരിച്ചു: "ജൂലിയറ്റ് ഇവിടത്തെ പൂച്ചയാണ്. അവൾ എത്ര ശ്രമിച്ചിട്ടും ഇവിടത്തെ മൂഷികവംശം തീരുന്നില്ല. അതെങ്ങനെയാ തീരുക. വീടിന് അത്ര വിസ്താരമല്ലേ?"

അവർ നടന്ന് മുകൾനിലയിലേക്കുള്ള പടികൾ കയറുവാൻ തുടങ്ങി. അവിടെ പ്രകാശത്തിന്റെ സാന്നിദ്ധ്യമുണ്ടെന്ന് അഭിനയ മനസ്സിലാക്കി. ഭിത്തിയിൽ വരച്ചിട്ടിരിക്കുന്ന ഒരു ചിത്രം അവളുടെ ശ്രദ്ധ ആകർഷിച്ചു. സുന്ദരിയായ ഒരു യുവതിയുടെ നെഞ്ചിൻകൂടു പിളർന്ന് രക്തം കുടിക്കുന്ന പിശാച്. അഭിനയയുടെ മനസ്സിലേക്ക് ഭയത്തിന്റെ നൂറുനൂറു ചിന്തകൾ ഓടിക്കയറി. അവളുടെ മനസ്സ് അടക്കംപറഞ്ഞു: ഇവിടേക്ക് ഒറ്റയ്ക്ക് വരേണ്ടായിരുന്നു. എന്തെങ്കിലും അരുതായ്കകൾ സംഭവിക്കുമോ? മനസ്സിൽ ഭയത്തിന്റെ കനലുകൾ നീറി. തോളിൽ തൂങ്ങിക്കിടന്ന വാനിറ്റിബാഗ് എടുത്ത് മാറിൽ അമർത്തിപ്പിടിച്ചു. വിയർത്തുതുടങ്ങിയ മുഖം കൈയിലിരുന്ന കർചീഫ് കൊണ്ട് തുടച്ചു. കൃഷ്ണദാസ് എന്തെല്ലാമോ സംസാരിച്ചുകൊണ്ടിരുന്നതിലേക്ക് അവളുടെ ശ്രദ്ധ തിരിഞ്ഞു.

തുറന്നുകിടക്കുന്ന ജാലകങ്ങളിലൂടെ സമൃദ്ധമായി പ്രകാശം കയറുന്ന വിശാലമായ ഒരു മുറി. അതിന്റെ വശങ്ങളിലെ ഷെൽഫുകളിൽ മുഴുവൻ പുസ്തകങ്ങൾ. അതിനു നടുവിലുള്ള ഒരു മേശയ്ക്കു മുന്നിൽ കൃഷ്ണദാസിനെ അനുസ്മരിപ്പിക്കുന്ന രൂപം! അല്പംകൂടി തടിച്ചിട്ടുള്ള വെളുത്ത രൂപം. ലണ്ടനിലെ മ്യൂസിയത്തിൽവച്ച് കണ്ട ഷേക്സ്പിയർ മെഴുകുപ്രതിമയുടെ ജീവനുള്ള അതേ രൂപം!

"എന്താ കുട്ടിയെന്നെ തുറിച്ചുനോക്കുന്നത? ഞാൻതന്നെയാണ്

പ്രൊഫസർ വർക്കി മാത്യു. പൊതുജനത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ഷേക്സ്പിയർ വർക്കി."

അഭിനയ സ്വയം പരിചയപ്പെടുത്തി: "ഞാൻ അഭിനയചന്ദ്രിക."

വർക്കിസാർ ഒന്നിളകിയിരുന്നുകൊണ്ട് ചോദിച്ചു: "എന്താ കണ്ടിട്ട് ഷേക്സ്പിയറെ കണ്ടതുപോലെ തോന്നുന്നുണ്ടോ?"

ആ ചോദ്യം കേട്ടപ്പോഴാണ് അഭിനയയ്ക്ക് ആശ്വാസമായത്. അവൾ ചിരിയൊതുക്കി: "ശരിക്കും അങ്ങനെതന്നെ തോന്നി."

വർക്കിസാർ അല്പമൊന്ന് മുന്നോട്ടാഞ്ഞ് പറഞ്ഞു: "ഇരുപത്തിയൊന്നാമത്തെ വയസ്സിൽ പഠിപ്പിച്ചുതുടങ്ങിയതാ ഷേക്സ്പിയർ കൃതികൾ. പിന്നീട് ഗവേഷണം നടത്തിയപ്പോഴും ഷേക്സ്പിയറെത്തന്നെ പിടിക്കുകയായിരുന്നു. അങ്ങനെ ആകെക്കൂടി ഷേക്സ്പിയറുടെ പ്രേതം എന്നിൽ കുടിയിരിക്കുകയാണെന്നാണ് പലരും പറയുന്നത്. ഇവിടെമാത്രമല്ല വിദേശ യൂണിവേഴ്സിറ്റികളിലും എന്റെ രൂപത്തിന് നല്ല കാഴ്ചക്കാരാണ്."

ഒരു നിശബ്ദതയ്ക്കുശേഷം വർക്കിസാർ തുടർന്നു: "എന്നെ കണ്ടില്ലേ? ഇനി കുട്ടിക്കു ഗവേഷണം തുടരാമല്ലോ?"

അതിലെ പരിഹാസം വായിച്ചെടുത്തുകൊണ്ട് അഭിനയ പറഞ്ഞു: "കാണുവാനല്ല ചിലത് ചോദിച്ചറിയുവാനാണ് വന്നത്."

വർക്കിസാർ കണ്ണുകൾ വിടർത്തിച്ചിരിച്ചു: "സ്റ്റേറ്റ്ഫഡിൽ ജനിച്ച് ലണ്ടനിൽ വളർന്ന് വിശ്വലോകത്തെ അതിശയിപ്പിച്ച സർഗ്ഗപ്രപഞ്ചം സൃഷ്ടിച്ച ഷേക്സ്പിയറെ പഠിക്കുവാൻ കേരളത്തിലെ ഉൾനാടൻ ഗ്രാമത്തിൽ വന്നിട്ട് എന്താണു കാര്യം!"

അഭിനയ ഗൗരവത്തോടെ പറഞ്ഞു: "കഴിഞ്ഞ പതിനൊന്നുമാസം ഞാൻ ലണ്ടനിലായിരുന്നു. ഷേക്സ്പിയറുടെ കൃതികൾ മാത്രമല്ല അദ്ദേഹത്തെപ്പറ്റിയുള്ള പ്രധാനപ്പെട്ട പഠനവിമർശനഗ്രന്ഥങ്ങളും വായിച്ചുതീർത്തു. എന്റെ ഗവേഷണവിഷയം ഷേക്സ്പിയർ നാടകങ്ങളിൽ അവതരിപ്പിച്ച സ്ത്രീകഥാപാത്രങ്ങളുടെ സ്വഭാവവ്യക്തിത്വത്തെ മുൻനിറുത്തിയാണ്."

അതുവരെയുള്ള പരിഹാസഭാവം വെടിഞ്ഞ് വർക്കിസാർ തിരക്കി: "പഠനം എവിടെവരെയെത്തി?"

അഭിനയ ഒരു നിശ്വാസത്തോടെ തുടർന്നു: " ഇനി ഒരു നാടകംകൂടിയെ പഠനത്തിനായി ബാക്കിയുള്ളു. അത് ഷേക്സ്പിയറുടെ അവസാനത്തേതും പൂർത്തീകരിക്കാത്തതുമായ 'അഭിലോഷിക' എന്ന നാടകമാണ്."

വർക്കിസാർ ഒരു സ്വപ്നലോകത്തേക്ക് പ്രവേശിച്ചതുപോലെ രണ്ടുമൂന്നു പ്രാവശ്യം സ്വയം ഉരുവിട്ടു: 'അഭിലോഷിക, അഭിലോഷിക, അഭിലോഷിക...'

അഭിനയചന്ദ്രിക തുടർന്നു: "ആ നാടകം പലരും പൂർത്തീകരിച്ചിട്ടുണ്ട്. അങ്ങനെ പൂർത്തീകരിച്ചതിൽ ഏറ്റവും മികച്ച പത്തെണ്ണം ലണ്ടൻ

യൂണിവേഴ്സിറ്റിയിലെ ഷേക്സ്പിയർ പഠനകേന്ദ്രം പ്രത്യേകമായി സൂക്ഷിച്ചിട്ടുണ്ട്. അതിലൊന്ന് സാറിന്റെതാണല്ലോ?"

വർക്കിസാർ തെല്ലഭിമാനത്തോടെ പറഞ്ഞു: "യഥാർത്ഥ്യത്തിൽ അഭിലോഷിക പൂർത്തീകരിക്കുമ്പോൾ എന്റെ മനസ്സ് മന്ത്രിക്കുന്നുണ്ടായിരുന്നു. ഇതൊന്നുമല്ല ഷേകസ്പിയർ മനസ്സിൽ കരുതിയ നാടകം."

അഭിനയ ആകാംക്ഷയോടെ തിരക്കി: "അപ്പോൾ ഈ പത്ത് നാടകങ്ങളുടെയും അന്ത്യം ഷേക്സ്പിയർ മനസ്സിൽ കരുതിയതല്ലെന്നാണോ സാറ് പറഞ്ഞുവരുന്നത്."

വർക്കിസാർ ആത്മവിശ്വാസത്തോടെ പറഞ്ഞു: "അതിലെന്താണ് സംശയം?"

ഒരു ട്രേയിൽ കാപ്പിയും വെള്ളവുമായി കൃഷ്ണദാസ് വന്നു. അവരുടെ സംഭാഷണം മുറിഞ്ഞു. കൃഷ്ണദാസ് കാപ്പി അഭിനയയ്ക്ക് കൊടുത്തു. വെള്ളം വർക്കിസാറിനും. വർക്കിസാർ വെള്ളം കുടിച്ചുകൊണ്ട് തിരക്കി: "കുട്ടിയുടെ പേരെന്താ? മുമ്പ് പറഞ്ഞത് ഞാനങ്ങ് വിട്ടുപോയി."

"അഭിനയചന്ദ്രിക." അവൾ പറഞ്ഞു.

"അഭിനയചന്ദ്രിക" വർക്കിസാർ ആ പേര് ആവർത്തിച്ചു: "അഭിനയവും പ്രകാശവും കലർന്നത്." ഒരു കവിൾ വെള്ളം കുടിച്ചുകൊണ്ട് തുടർന്നു: "മയിൽപീലിയിലുള്ള വൃത്താകാരമായ ചിഹ്നം എന്നെല്ലാമല്ലെ പേരിന്റെ അർത്ഥം. കുട്ടിയുടെ രൂപത്തിനൊത്ത പേര്. ആ പേരിട്ടത് ആരാണെങ്കിലും അവരൊരു ജീനിയസ്തന്നെയാണ്. തീർച്ചയായിട്ടും ഈ പേരിട്ടത് മനസ്സിൽ കവിതയുള്ള ഒരു സ്ത്രീയാണ്."

അഭിനയചന്ദ്രിക പറഞ്ഞു: "എന്നെ എല്ലാവരും അഭിനയ എന്നാണ് വിളിക്കാറ്. മുഴുവൻ പേര് ആരുംതന്നെ വിളിക്കാറില്ല."

"ഗവേഷണം എന്നു പറഞ്ഞല്ലോ? ആരുടെ ഗൈഡൻസിലാണ്." വർക്കിസാർ തിരക്കി.

"രാമവർമ്മസാറിന്റെ കീഴിലാണ് ചെയ്യുന്നത്." അഭിനയ തുടർന്നു: "യു.ജി.സി.യുടെ ഫെലോഷിപ്പുമുണ്ട്."

"ഷേക്സ്പിയറുടെ സ്ത്രീകഥാപാത്രങ്ങളെപ്പറ്റി ഗവേഷണം നടത്തിയിട്ടെന്തായി?" വർക്കിസാർ തിരക്കി: "എന്നുവച്ചാൽ അഭിനയയുടെ കണ്ടെത്തൽ എവിടെവരെയെത്തി എന്ന്?"

"പുരുഷകഥാപാത്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകഥാപാത്രങ്ങൾക്ക് ചൈതന്യവും ശക്തിയും അല്പം കുറവാണ്. എന്നാൽ ജൂലിയറ്റും ഡെസ്ഡിമോണയും അവരുടെ ദുരന്തമരണങ്ങൾകൊണ്ടുതന്നെ അനശ്വരമായി." അഭിനയ തുടർന്നു: "മക്ബത്തിലെ മക്ബെത് പ്രഭ്വി സ്ത്രീ മനോഭാവത്തിന്റെ മറ്റൊരു മുഖമാണ്... അതുപോലെ മാദകസൗന്ദര്യം

പേറുന്ന ക്ലീയോപാട്ര..."

ആ സംഭാഷണം പൂർത്തീകരിക്കുന്നതിനുമുമ്പ് ജൂലിയറ്റ് പൂച്ച അവിടേക്കു വന്നു. ആരെയും ഗൗനിക്കാതെ വർക്കിസാറിന്റെ മേശയിലേക്ക് ചാടിക്കയറി പതുങ്ങിയിരുന്നു. അതുവരെ കാര്യമായി സംസാരിക്കാതിരുന്ന കൃഷ്ണദാസ് പറഞ്ഞു: "ഇന്ന് ജൂലിയറ്റ് നല്ല ഉന്മേഷത്തിലാണ്. മൂന്നോ നാലോ എലിയെ പിടിച്ചെന്നു തോന്നുന്നു."

വർക്കിസാർ ജൂലിയറ്റിനെ ശ്രദ്ധിച്ചുകൊണ്ട് "അവൾ അവളുടെ ജോലി തുടരുന്നു."

ഒരു കറുത്ത നായ് വാതിൽക്കൽ വന്ന് അവന്റെ സാന്നിദ്ധ്യം അറിയിച്ചുകൊണ്ട് ഒന്നു കുരച്ചു. നല്ല വലിപ്പമുള്ള ആ നായയുടെ വാലിന് ഒരു ചെറിയ വളവുപോലുമില്ലെന്ന് അഭിനയ മനസ്സിലാക്കി. വാലിന്റെ അറ്റംപോലെതന്നെ നാലു കാലുകളുടെ അടിഭാഗവും മൂക്കിന്റെ ഭാഗവും വെളുത്തിട്ടാണെന്ന് അഭിനയ കണ്ടെത്തി. ജൂലിയറ്റ് മേശമേൽനിന്നും തറയിലേക്ക് ചാടി.

"റോമിയൊ എത്തിയപ്പോൾ ജൂലിയറ്റ് മറ്റെല്ലാം മറന്നുകഴിഞ്ഞു." കൃഷ്ണദാസ് കൗതുകത്തോടെ തുടർന്നു: " ആ നായുടെ പേര് റോമിയോ എന്നാ."

പട്ടിയും പൂച്ചയും തമ്മിൽ സ്നേഹിതരെപ്പോലെ വിളയുന്നതു കണ്ടപ്പോൾ അഭിനയ ആശ്ചര്യമൊതുക്കി അതു നോക്കിയിരുന്നു.

കൃഷ്ണദാസ് അഭിനയയുടെ മനസ്സു വായിച്ചുകൊണ്ട് തുടർന്നു: "ഇവറ്റകൾ തമ്മിലുള്ള സല്ലാപം കണ്ടിട്ടാ ഞാനവയ്ക്ക് റോമിയോ എന്നും ജൂലിയറ്റെന്നും പേരിട്ടത്."

"ഒരു വിചിത്രകാഴ്ച, അല്ലേ?" വർക്കിസാർ തുടർന്നു: "സാമാന്യസംഭവങ്ങളിൽ എന്താണ് വാർത്തയിരിക്കുന്നത്? സാമാന്യജീവിതത്തിലെന്താണ് കഥയിരിക്കുന്നത്? വിശേഷമായ സംഭവങ്ങളിലെ വാർത്തയുള്ളൂ. വിശേഷമായ ചിത്രീകരണങ്ങളിലെ കഥയുമുള്ളൂ."

അതിനെ അംഗീകരിച്ചുകൊണ്ട് കൃഷ്ണദാസ് പറഞ്ഞു: "ഇവറ്റകളെ ഇവിടെ കിട്ടിയതുപോലും ഒരു കഥയാണ്. ഒരു മഴയുള്ള രാത്രിയിൽ ഏതോ ഒരു പൂച്ച തിണ്ണയിൽ പെറ്റിട്ടിട്ടുപോയതാണ് ജൂലിയറ്റിനെ. ഒരു ദിവസം ഞാനും സാറുംകൂടി നഗരത്തിൽ പോയി. സൗകര്യത്തിന് വണ്ടി കിട്ടിയതുകൊണ്ട് മാർക്കറ്റിലും കയറി. അവിടെ മുൻസിപ്പാലിറ്റിയുടെ ആൾക്കാര് തെരുവുനായ്ക്കളെ ഓടിച്ചിട്ട് തല്ലിക്കൊല്ലുകയാണ്. ലൈസൻസ് എടുക്കാത്ത വളർത്തുനായ്ക്കളെയും അവർ തിരഞ്ഞുപിടിച്ച് കൊല്ലുന്നതിന്റെ ബഹളം. ഒരു തള്ളപ്പട്ടിയെയും അതിന്റെ കുഞ്ഞുങ്ങളെയും അവർ കൊല്ലുവാനായി ഓടിക്കുകയായിരുന്നു. ഞങ്ങൾ അത്യാവശ്യം സാധനങ്ങളെല്ലാം വാങ്ങി കാറിൽ കയറുമ്പോൾ അതിന്റെ പിൻസീറ്റിനു താഴെ മരണഭീതിയൊതുക്കി പതുങ്ങിയിരിക്കുന്ന ഒരു നായ്ക്കുട്ടി. എന്തോ, കൊലയാളികളുടെ കൈക

ളിലേക്ക് അതിനെ കൊടുക്കുവാൻ തോന്നിയില്ല."

"കൃഷ്ണദാസിന് ഈ മൃഗങ്ങളോടൊക്കെ വലിയ സ്നേഹമാ." വർക്കി സാർ ഒരു മനഃശാസ്ത്രജ്ഞനെപ്പോലെ തുടർന്നു: "സമയത്തു കല്യാണം കഴിക്കാതെ, ഭാര്യയോ മക്കളോ ഒന്നുമില്ലാതെ ജീവിക്കുന്ന ഒരാൾക്ക് സ്നേഹം നിക്ഷേപിക്കുവാൻ എന്തെങ്കിലുമൊക്കെ വേണ്ടേ? ആഗ്രഹിച്ചത് കിട്ടിയില്ലെങ്കിൽ വിധിച്ചതിനെ അംഗീകരിച്ച് സ്നേഹിക്കുക."

പരിഹാസത്തിലെ നർമ്മം ആസ്വദിച്ചുകൊണ്ട് കൃഷ്ണദാസ് പറഞ്ഞു: "ഇവിടെ ഒരാൾക്ക് സ്നേഹിക്കുവാൻ വിശ്വനാടകകൃത്ത് കഥാപാത്രങ്ങളെ സൃഷ്ടിച്ചുകൊടുത്തിരിക്കുകയല്ലേ."

ആ സംഭാഷണങ്ങൾ കേട്ട് അഭിനയ ചിരിച്ചു: "ഞാൻ ആദ്യം കണ്ട പ്പോൾ സാറൊരു ഗൗരവക്കാരനാണെന്നാ ധരിച്ചിരുന്നത്. ഇപ്പോൾ മനസ്സി ലായി ഒരു നർമ്മഹൃദയം കൂടിയുണ്ടെന്ന്."

വർക്കിസാർ താടിയിൽ തടവിക്കൊണ്ട് ഒന്നു ചിരിച്ചു. "ഏതു കല്ലിലും നർമ്മഹൃദയം വിടർത്തുവാൻ സൗന്ദര്യത്തിനു കഴിയും. ഞങ്ങൾ രണ്ട് വൃദ്ധ ന്മാർക്ക് വളരെക്കാലംകൂടി കിട്ടിയ അതിഥിയാണ് അഭിനയചന്ദ്രിക."

കൃഷ്ണദാസ് അവിടെനിന്നും തിരിഞ്ഞുനടന്നു. ചില നിമിഷങ്ങളിലെ നിശബ്ദതയ്ക്കുശേഷം വർക്കിസാർ ചോദിച്ചു: "അഭിനയ എന്നിൽനിന്നും എന്താണ് പ്രതീക്ഷിക്കുന്നത്?"

"ഷേക്സ്പിയർ എഴുതിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ രചന കളെപ്പറ്റി, വിശേഷിച്ച് നാടകങ്ങളെപ്പറ്റി, പല ആക്ഷേപങ്ങളും ഉണ്ടായിരു ന്നു. മുൻകാല നാടകകൃത്തുക്കളുടെ നാടകം പൊതുജനത്തെ ആകർഷി ക്കുന്ന രീതിയിൽ മാറ്റിയെഴുതുകയായിരുന്നു എന്നതാണല്ലോ ഏറ്റവും വലിയ പരാതി. അതുപോലെ സ്ത്രീകഥാപാത്രങ്ങളെ ഇടിച്ചുതാഴ്ത്തി പുരുഷ കഥാ പാത്രങ്ങൾക്ക് പ്രഥമസ്ഥാനം നല്കി പുരുഷസമൂഹത്തെ ആകർഷിക്കു വാനും ഷേക്സ്പിയർ ഏറെ ശ്രദ്ധിച്ചുവെന്നതാണല്ലോ മറ്റൊരു പരാതി. ഈ രണ്ട് ആക്ഷേപങ്ങളെയും മാനിച്ച് ഷേക്സ്പിയർ രചിച്ചുതുടങ്ങിയ നാട കമാണ് അഭിലോഷിക. അഭിലോഷികയെന്ന സ്ത്രീകഥാപാത്രമാണ് ആ നാടകത്തിലെ നായിക. എന്താണെങ്കിലും പിൽക്കാലത്ത് ആ നാടകത്തെ പ്പറ്റി അധികമൊന്നും സംസാരിക്കുവാൻ ആരും ഇഷ്ടപ്പെടുന്നില്ല. പക്ഷേ, ആ നാടകം പൂർത്തിയാക്കുവാനും ആ നാടകത്തെപ്പറ്റി കിട്ടാവുന്ന വിവര ങ്ങൾ മുഴുവനും ശേഖരിക്കുവാനും ശ്രമിച്ച വ്യക്തി ഇന്ത്യാക്കാരനും മല യാളിയുമായ സാറാണെന്ന് അവിടെനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. എനിക്ക് ആ നാടകത്തെപ്പറ്റിയും അതിലെ കഥാപാത്രത്തെപ്പറ്റിയും കൂടുത ലായി അറിയണം." അഭിനയ പറഞ്ഞുനിർത്തി.

വർക്കിസാർ ഇരിപ്പിടത്തിൽനിന്നും ആലോചനയോടെ എഴുന്നേറ്റു. ആ മുറിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും അസ്വസ്ഥനായി ഉലാത്തി. പിന്നെ മെല്ലെ സംസാരിച്ചുതുടങ്ങി: "യഥാർത്ഥത്തിൽ ആ നാടകം ഷേക്സിപിയർ

എഴുതിത്തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. തന്റെ എല്ലാ നാടകങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു നാടകം ആയിരിക്കണമെന്ന മുൻധാരണയോടെതന്നെ എഴുതിത്തുടങ്ങിയ നാടകം. പക്ഷേ, അതു പൂർത്തീകരിക്കുവാൻ ആ പ്രതിഭയ്ക്കു കഴിഞ്ഞില്ല. ആ നാടകത്തിന്റെ സൃഷ്ടി ആത്മസംഘർഷങ്ങളോടെ തുടർന്നുകൊണ്ടിരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ ജന്മദിനം വന്നെത്തുന്നത്. അൻപത്തിരണ്ടാമത്തെ ജന്മദിനം. അതിന് നാലു വർഷങ്ങൾക്കുമുമ്പ് ഒരു ദുരന്തം സംഭവിച്ചിരുന്നു. 'ഹെൻറി എട്ടാമൻ' കളിച്ചുകൊണ്ടിരുന്നപ്പോൾ ഗ്ലോബ് തീയേറ്ററിനു തീപിടിച്ചു. ആ ദുരന്തത്തിൽനിന്നും കരകയറി പുതിയൊരു തീയേറ്റർ ഉണ്ടാക്കുന്നതിനെപ്പറ്റിയും ഷേക്സ്പിയർ ചിന്തിച്ചുതുടങ്ങുകയും ആ തീയേറ്ററിൽ ആദ്യം അവതരിപ്പിക്കുന്ന നാടകം തികച്ചും വ്യത്യസ്തമായ 'അഭിലോഷിക' ആയിരിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. പക്ഷേ, വിധി അതിന് അനുവദിച്ചില്ല."

"ഷേക്സ്പിയർ എഴുതിത്തീർത്ത നാടകഭാഗങ്ങൾതന്നെ അന്യാധീനപ്പെട്ടുപോയിരിക്കുന്നു, അല്ലേ?" അഭിനയ ചോദിച്ചു.

"നാടകം പൂർണ്ണമല്ലാത്തതിനാൽ അത് വ്യക്തമായി രേഖപ്പെടുത്തി സൂക്ഷിക്കുവാൻ ആരും ശ്രമിച്ചില്ല." വർക്കിസാർ തുടർന്നു: "എങ്കിലും അതെഴുതാനുള്ള പശ്ചാത്തലത്തെപ്പറ്റി വ്യക്തമായിത്തന്നെ അറിയുവാൻ കഴിയുന്ന ചില രേഖകളുണ്ട്. അതൊക്കെ പഠിക്കുവാനും സൂക്ഷിക്കുവാനും ആർക്കാണ് സമയം. ഒന്നിനും തികയാത്ത ചെറിയൊരു ജീവിതം ഓടിയും ആടിയും തീർക്കുവാനായി മനുഷ്യർ ക്ലേശിക്കുകയല്ലേ?"

ഭിത്തിയിലെ പഴയ ഘടികാരം കരകര ശബ്ദത്തോടെ അഞ്ചടിച്ചു. അപ്പോഴാണ് അഭിനയ സമയത്തെപ്പറ്റി ബോധവതിയായത്.

"ആ നാടകത്തെപ്പറ്റി സാറിന് അറിയാവുന്ന വിവരങ്ങൾ എല്ലാം ഒന്നു പറഞ്ഞുതന്നിരുന്നെങ്കിൽ നന്നായിരുന്നു." അഭിനയ തുടർന്നു: "സാറിന് സമയമുള്ള ഒരു ദിവസം പറഞ്ഞാൽ ഞാൻ എത്തിക്കൊള്ളാം."

"തിരിച്ചുപോകുവാൻ സമയമായില്ലേ?" വർക്കിസാർ തുടർന്നു: "സമയം കളയേണ്ട. നാളെത്തന്നെ എത്തിക്കോളൂ. 'അഭിലോഷിക'യെപ്പറ്റി എനിക്കറിയാവുന്നതു മുഴുവൻ പറഞ്ഞുതരാം."

അഭിനയയ്ക്ക് അവിടെനിന്നും പുറത്തേക്കു പോകുവാനുള്ള വഴി വർക്കിസാർ കാണിച്ചുകൊടുത്തു. ആ മുറിയിൽനിന്നും ഗോവണികൾ ഇറങ്ങി നേരെ മുൻവശത്തേക്ക് എത്തുവാനുള്ള വഴി. വർക്കിസാറിനോട് യാത്രയും പറഞ്ഞ് ആ ഗോവണിപ്പടികൾ ഇറങ്ങുമ്പോൾ അഭിനയ ചിന്തിച്ചു: എന്തിനാണ് കൃഷ്ണദാസ് തന്നെ ഇത്രയും വളഞ്ഞ വഴിയിലൂടെ മുകളിലെത്തിച്ചത്?

# 2
# പുറപ്പാട്

അഭിനയ വർക്കിസാറിന്റെ ബംഗ്ലാവിനു മുന്നിൽ കാർ നിറുത്തി അതിൽ നിന്നും പുറത്തേക്കിറങ്ങി. ചുരിദാർ ശരിക്കുമൊന്ന് പിടിച്ചിട്ട് മുന്നോട്ടു നടന്നു. അപ്പോൾ കറുത്ത നായ് അവളെ തുറിച്ചു നോക്കുന്നതു കണ്ടു. അത് മെല്ലെ അടുത്തേക്ക് വരികയാണ്. അഭിനയയുടെ ഉള്ളിൽ ഭയത്തിന്റെ ഒരിരമ്പലുയർന്നു. അവൾ വേഗന്ന് മുകളിലേക്കുള്ള ഗോവണിപ്പടികൾ കയറി. തുറന്നുകിടന്ന വാതിലിലൂടെ ആ മുറിക്കുള്ളിലേക്ക് കടന്നു. അവിടം വിജനമായതുപോലെ കിടക്കുകയാണ്.

അഭിനയ ചുറ്റും കണ്ണോടിച്ചു. വർക്കിസാറിനെയോ കൃഷ്ണദാസിനെയോ കണ്ടിരുന്നെങ്കിൽ? നായ് അവളുടെ അടുത്തെത്തി. അവൾ തികഞ്ഞ ഭയത്തോടെ അതിനെ വിളിച്ചു: 'റോമിയോ.' നായയ്ക്ക് യാതൊരു പ്രതികരണവുമില്ല. അപ്പോൾ അടുത്ത മുറിയിൽനിന്നും 'മ്യാവ്യു' എന്ന് കരഞ്ഞുകൊണ്ട് ജൂലിയറ്റ് കടന്നുവന്നു. ആ പൂച്ചയുടെ സാന്നിദ്ധ്യം നായയുടെ ശ്രദ്ധ തിരിച്ചു. റോമിയൊ അഭിനയയുടെ ചുരിദാറിൽ ഒന്ന് മുത്തി മണംപിടിച്ചു. പിന്നെ തിരിഞ്ഞ് ജൂലിയറ്റിന്റെ അടുത്തേക്ക് നടന്നു. അപ്പോഴാണ് അഭിനയയ്ക്ക് ആശ്വാസമായത്. അതൊരു ദീർഘനിശ്വാസമായി പുറത്തുവന്നു.

അടുത്ത മുറിയിൽനിന്നും വർക്കിസാർ അവിടേക്കു വന്നു. അലക്കിത്തേച്ച മനോഹരമായ വസ്ത്രങ്ങളാണ് വർക്കിസാർ ധരിച്ചിരുന്നത്. മുഖത്ത് ആകെക്കൂടി ഉന്മേഷഛായ പടർന്നിട്ടുണ്ട്. പ്രസന്നവാനായ ഷേക്സ്പിയർ!

"അഭിനയചന്ദ്രിക ഇരിക്കൂ." വർക്കിസാർ തുടർന്നു: "ഇന്നലെ കുട്ടി പോയിക്കഴിഞ്ഞാണ് ഞാനൊരു കാര്യമോർത്തത്. ഇന്ന് എനിക്ക് ചില വിസിറ്റേഴ്സുണ്ട്. പഴയ ചില സ്റ്റുഡന്റ്സാ, കോളേജിൽ പഠിപ്പിക്കുന്നു. അവർക്ക് റോമിയോയും ജൂലിയറ്റും അവതരിപ്പിക്കണമത്രെ. ഇന്ന് ഷേക്സ്പിയർ നാടകങ്ങൾ അവതരിപ്പിക്കുന്നത് ഒരു ഫാഷനും പരിഷ്കാരവുമാണല്ലോ?" വർക്കിസാർ മേശയ്ക്കരുകിലേക്ക് ചേർന്നുനിന്നുകൊണ്ട് തുടർന്നു: "ഫോണില്ലാത്തതുകൊണ്ട് വിളിച്ചുപറയാനും പറ്റിയില്ല. മാത്രമല്ല അഭിനയയുടെ അഡ്രസ്സും ഫോൺ നമ്പരും ഒന്നും എനിക്കറിയില്ലല്ലോ."

"അഭിനയയോട് പറയേണ്ട കാര്യങ്ങൾ എല്ലാം ഞാൻ മനസ്സിൽ അടു

ക്കിവച്ചിട്ടുണ്ട്." വർക്കിസാർ കസേരയിലേക്ക് ഇരുന്നുകൊണ്ട് തുടർന്നു: "ഇതിനിടയ്ക്ക് അതും ഞാൻ തീർത്തുകൊള്ളാം."

"സാറ് തിരക്കിട്ടു പറയണമെന്നില്ല." അഭിനയ തുടർന്നു: "സാറിന്റെ സമയത്തിനായി ഞാൻ കാത്തിരിക്കാം."

"സമയം—അത് ഒരു പ്രവാഹമാണ്. നമ്മൾക്ക് ആവശ്യമുള്ളത് നമ്മൾ കൈവെള്ളയിൽ കോരിയെടുക്കുന്നു." വർക്കിസാർ ചിരിച്ചുകൊണ്ട് തുടർന്നു: "അവര് വരുന്നതുവരെ നമ്മൾക്ക് സംസാരിക്കാം. നാടകം എഴുതുവാനുള്ള പശ്ചാത്തലവും അത് എഴുതിനിർത്തിയതുവരെയുമുള്ള ചരിത്രവും കഥയും പറയാം. അതിന് ഏറിയാൽ അരമണിക്കൂർ മതി."

അഭിനയ കൈയിലിരുന്ന ടേപ്പ്റിക്കാർഡർ ഓൺചെയ്തു മേശമേൽ വച്ചു. വർക്കിസാറിന്റെ മുഖത്തേക്ക് പ്രതീക്ഷയോടെ നോക്കി. അപ്പോൾ ഭിത്തിയിലെ ഘടികാരം അതിന്റെ സാന്നിദ്ധ്യം അറിയിച്ചുകൊണ്ട് കരകര യെന്ന ശബ്ദത്തോടെ പത്തു പ്രാവശ്യം അടിച്ചു.

വർക്കിസാർ കണ്ണുകൾ വികസിപ്പിച്ച് കൈകൾ കൂട്ടിത്തിരുമ്മി ഓർമ്മ കളുടെ ലോകത്തിലേക്ക് എത്തിനിന്നുകൊണ്ട് പറഞ്ഞുതുടങ്ങി: "ഗ്ലോബ് തിയേറ്റർ കത്തിയതിനുശേഷം ഷേക്സ്പിയർ തന്റെ നാടകരചനയുടെ ശൈലിയിൽത്തന്നെ കാതലായ മാറ്റം വരുത്തുവാൻ തീരുമാനിച്ചിരുന്നു. ഡെക്കർ, മാർസ്റ്റൺ, ബെൻ, ജോൺസൺ തുടങ്ങിയ സുഹൃത്തുക്കളായ നാടകകൃത്തുക്കൾ ഷേക്സ്പിയറുടെ ആ തീരുമാനത്തിന് പിൻതുണയു മായി നിന്നു. ഷേക്സ്പിയർ നേരിട്ട് ആവശ്യപ്പെട്ടാൽ ഒരു ഗ്ലോബ് തിയേറ്റർ പണിതു നൽകാമെന്ന് എലിസബത്ത് രാജ്ഞി വാഗ്ദാനംചെയ്തു.

ഒരു പുതിയ നാടകത്തിന്റെ കഥയുമന്വേഷിച്ച് ഷേക്സ്പിയർ പല വഴികളിലൂടെ നടന്നു. ചിന്തയെ പല രീതിയിലും ചലിപ്പിച്ചു. ഈ അവസര ത്തിലാണ് അഭിലോഷിക അദ്ദേഹത്തെ സ്വാധീനിച്ചുതുടങ്ങിയത്.

ഈ അഭിലോഷിക ആരായിരുന്നു? അഭിനയത്തെ കോമാളിത്തമാ യിക്കണ്ടിരുന്ന ഒരു സമൂഹം. സ്ത്രീവേഷങ്ങൾവരെ അന്ന് ചെയ്തിരുന്നത് പുരുഷന്മാരാണ്. നാടകത്തിൽ അഭിനയിക്കുന്ന സ്ത്രീകളെ പൊതുവെ അഭി സാരികകളായിട്ടാണ് സമൂഹം ദർശിച്ചിരുന്നത്. ഈ അവസരത്തിൽ ഷേക്സ്പിയറുടെ നാടകത്തിൽ അഭിനയിക്കുവാൻ ഒരു പെൺകുട്ടി ഗ്രാമ ത്തിൽനിന്നും അവിടെയെത്തി. കാഴ്ചയിൽ സുന്ദരി. സംസാരത്തിനിട യിൽപോലും നൂറുനൂറു ഭാവങ്ങൾ മുഖത്ത് വിരിയുന്ന പ്രകൃതക്കാരി. പക്ഷേ, അവൾക്ക് ഒരു നിർബന്ധം മാത്രം ഉണ്ടായിരുന്നു. താൻ ആരാണെന്നും എന്താണെന്നും ആരും അറിയരുത്. നഗരത്തിൽത്തന്നെയുള്ള ഒരു ആന്റി യുടെ വീട്ടിലാണ് അവൾ താമസിക്കുന്നതെന്നു പറഞ്ഞു. നാടകം തുടങ്ങു ന്നതിനുമുമ്പ് കഥാപാത്രത്തിന്റെ വേഷം ധരിച്ച് ഒരു കുതിരവണ്ടിയിൽ വരും. അതും അടച്ചുപൂട്ടിയ കുതിരവണ്ടിയിൽ. തന്റെ വേഷം കഴിഞ്ഞാൽ അതേ

വണ്ടിയിൽ തിരിച്ചുപോകുമെന്നും അവൾ പറഞ്ഞു.

ഒരു രംഗം അഭിനയിച്ചുകാണിക്കുവാൻ ഷേക്സ്പിയർ അവളോട് ആവശ്യപ്പെട്ടു. അവൾ വളരെ ലാഘവത്തോടെ മരണത്തിന്റെ ഭീകരരൂപമായി മുന്നിൽനിൽക്കുന്ന ഒഥല്ലോയ്ക്കു മുന്നിൽ അല്പസമയത്തെ പ്രാണനുവേണ്ടി യാചിക്കുന്ന ഡെസ്ഡിമോണയെ അവതരിപ്പിച്ചു; അതും നാടകത്തിലെ സംഭാഷണങ്ങൾക്ക് വള്ളിപുള്ളി വ്യത്യാസമില്ലാതെ. ഷേക്സ്പിയറുടെ രംഗാവതരണം നടന്ന പ്രധാനപ്പെട്ട നാടകങ്ങളിലെയെല്ലാം സംഭാഷണം ഹൃദിസ്ഥമാണെന്നുകൂടി അറിയിച്ചപ്പോൾ അദ്ദേഹം ശരിക്കും ഞെട്ടുകതന്നെചെയ്തു. രചയിതാവായ അദ്ദേഹത്തിനുപോലും കഴിയാത്തതായിരുന്നു അത്. അഭിലോഷികയുടെ മറ്റൊരു ആകർഷണമായി ഷേക്സ്പിയർക്ക് തോന്നിയത് അവളുടെ ശബ്ദത്തിന്റെ മാധുര്യമായിരുന്നു. അങ്ങനെ പുറംലോകം അറിയാതെ ഷേക്സ്പിയർ അവളെ നാടകത്തിൽ അഭിനയിപ്പിച്ചു. ജൂലിയറ്റ്, ഡെസ്ഡിമോണ തുടങ്ങിയ കഥാപാത്രങ്ങളെ വശ്യസുന്ദരമാക്കുന്നതിൽ അഭിലോഷികയുടെ അനായാസമായ അഭിനയത്തിന് കഴിഞ്ഞു.

അഭിലോഷിക ഇളക്കിയത് പ്രേക്ഷകന്റെ മാത്രം മനസ്സായിരുന്നില്ല; ഷേക്സ്പിയറുടേയുംകൂടി മനസ്സായിരുന്നു. പക്ഷേ, അഭിലോഷികയ്ക്ക് ഷേക്സ്പിയർ ആരാധാനാപാത്രവും പിതൃതുല്യനുമായിരുന്നു. അവളത് തുറന്നുപറയുകയും ചെയ്തു. 'അച്ഛൻ' എന്നർത്ഥം വരുന്ന ഏതോ ഒരു വാക്കാണ് അവൾ ഷേക്സ്പിയറെ വിളിച്ചിരുന്നത്. അവളുടെ സൗന്ദര്യം, വശ്യത അത് ഷേക്സ്പിയറെ ആകെ ഇളക്കിമറിച്ചു. അവളെ കാണുന്നതും സംസാരിക്കുന്നതും ഷേക്സ്പിയറിന് ഒഴിവാക്കാനാവാത്ത ദിനചര്യപോലെയായി. പക്ഷേ, അവളുടെ നിഷ്കളങ്കതയ്ക്കു മുന്നിൽനിന്ന് ഷേക്സ്പിയറുടെ മനസ്സ് മെഴുകുതിരിപോലെ കത്തിനിന്ന് ഉരുകിക്കൊണ്ടിരുന്നു. ഇതിനിടയിലാണ് ഗ്ലോബ് തിയേറ്റർ കത്തുന്നത്. അല്ല, ആരോ കത്തിച്ചത്.

ഗ്ലോബ് തിയേറ്റർ കത്തിക്കഴിഞ്ഞ് ഷേക്സ്പിയർ ലണ്ടനിലേക്ക് വരുന്നതുതന്നെ അഭിലോഷികയെ കാണുവാൻകൂടിയായിരുന്നു. ഒരു പുത്രിയുടെ വാത്സല്യത്തോടെ മുന്നിൽനിന്ന് സംസാരിക്കുന്ന അഭിലോഷികയോട് എന്തു പറയുവാൻ? അങ്ങനെ വല്ലതും സംഭവിച്ചാൽ അവളുടെ ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്ന 'ഷേക്സ്പിയർ' എന്ന വിഗ്രഹം വീണുടയുമെന്ന് അദ്ദേഹത്തിന് നന്നായി അറിയാമായിരുന്നു. കവിയും തത്ത്വചിന്തകനുമെല്ലാമായ അദ്ദേഹത്തിന് മറ്റുള്ളവരുടെ മനസ്സ് വായിക്കുവാനുള്ള കഴിവും ഏറെയായിരുന്നല്ലോ.

ഷേക്സ്പിയർ ഒരു ദിവസം അഭിലോഷിക താമസിക്കുന്ന വീട്ടിലെത്തി. അഭിലോഷികയുടെ ആന്റി അദ്ദേഹത്തെ ബഹുമാനാദരങ്ങളോടെയാണ് സ്വീകരിച്ചത്. സംസാരത്തിനിടയിൽ ഷേക്സ്പിയർ ആഗമനോദ്ദേശ്യം വെളിപ്പെടുത്തി. കഴിയുമെങ്കിൽ ആ വീടിന്റെ മുകളിലത്തെ മുറിയിലിരുന്ന്

നാടകം രചിക്കുവാൻ അനുവദിക്കണം. ഭർത്താവ് മരിച്ച് വിധവയായിക്കഴിയുന്ന തന്റെ വീട്ടിൽ ഒരു പുരുഷൻ താമസിച്ചാൽ സംഭവിക്കാവുന്ന അപവാദകഥകളെപ്പറ്റി ആ സ്ത്രീ ഷേക്സ്പിയറെ ഓർമ്മിപ്പിച്ചു.

ഷേക്സ്പിയർ ലണ്ടനിൽത്തന്നെയുള്ള ഒരു വ്യവസായിയുടെ വീട് നാടകരചനയ്ക്കായി തിരഞ്ഞെടുത്തു. ഷേക്സ്പിയർ ഒരിക്കലും പകൽസമയങ്ങളിൽ എഴുതിയിരുന്നില്ല. രാത്രിയിൽ മെഴുകുതിരി വെട്ടത്തിലിരുന്നാണ് എഴുതിയിരുന്നത്. ചില ദിവസങ്ങളിൽ ഷേക്സ്പിയർ എഴുതുന്നിടത്ത് രഹസ്യമായി അഭിലോഷിക എത്തിയിരുന്നു. അവളെ കാണുന്നതുതന്നെ ഷേക്സ്പിയറിന് എഴുത്തിനുള്ള പ്രചോദനമായിരുന്നു.

മധ്യവയസ്കനായ ഒരു നാടകരചയിതാവിന്റെ മാനസകഥാപാത്രം സുന്ദരിയായ അഭിസാരികയാണ്. ആ കഥാപാത്രത്തിന് മജ്ജയും മാംസവും നൽകി അവതരിപ്പിക്കുവാൻ ഒരു സ്ത്രീകഥാപാത്രത്തെ നാടകകൃത്ത് പരിശീലിപ്പിക്കുന്നതിന്റെ വിവിധ വശങ്ങളിലൂടെയാണ് നാടകം തുടങ്ങുന്നത്...”

കൃഷ്ണദാസ് അവിടേക്കു വന്നപ്പോൾ വർക്കിസാറിന്റെ സംഭാഷണം മുറിഞ്ഞു.

“സാർ... അവർ വന്നിട്ടുണ്ട്. മുമ്പ് നാടകത്തെപ്പറ്റിയും മറ്റും സംസാരിച്ച സാറിന്റെ വിദ്യാർത്ഥികൾ.” കൃഷ്ണദാസ് പറഞ്ഞു.

“അവരോടു വരുവാൻ പറയൂ.” വർക്കിസാർ അഭിനയയുടെ നേരെ നോക്കി: “അവരെ വേഗന്നുതന്നെ പറഞ്ഞുവിട്ടിട്ട് അഭിനയയോട് നാടകത്തിന്റെ എഴുതി പൂർത്തീകരിച്ച കഥാഭാഗംകൂടി പറയാം.”

ടേപ്പ്റിക്കാർഡർ ഓഫ്ചെയ്ത് അഭിനയ ഇരിപ്പിടത്തിൽനിന്നും എഴുന്നേറ്റു: “സാറിന് തിരക്കോ അസൗകര്യമോ ഉണ്ടെങ്കിൽ ഞാൻ മറ്റൊരു ദിവസം വരാം.”

‘‘തിരക്കുകൾ അത് നമ്മൾ സൃഷ്ടിക്കുന്നതല്ലെ?’’ വർക്കിസാർ തുടർന്നു: “നഗരത്തിൽനിന്നും ഇവിടംവരെ കാറോടിച്ചു വരുന്നത് അത്ര എളുപ്പമുള്ള പണിയല്ലല്ലോ?” അഭിനയ ഒന്നും പറഞ്ഞില്ല. അവൾ തുറന്നു കിടന്ന ജാലകത്തിലൂടെ പ്രകൃതിയെ നോക്കി. അപ്പോൾ ഘടികാരം അതിന്റെ സാന്നിദ്ധ്യം അറിയിച്ചുകൊണ്ട് പതിനൊന്നു പ്രാവശ്യം കരകര ശബ്ദത്തോടെ മണിമുഴക്കി.

ഗോവണിപ്പടികൾ കയറി മൂന്നു പേർ അവിടേക്ക് വന്നു. അവർ വർക്കിസാറിനെ കൈകൂപ്പി വണങ്ങിയശേഷം സംശയത്തോടെ അഭിനയയെ അടിമുടി നോക്കി.

അവരുടെ നോട്ടത്തെ വായിച്ചെടുത്തുകൊണ്ട് വർക്കിസാർ പറഞ്ഞു. “അത് അഭിനയചന്ദ്രിക. ഷേക്സ്പിയർ നാടകങ്ങളെപ്പറ്റി ഗവേഷണം നടത്തുന്നു. ഇൻഫർമേഷൻസ് കളക്റ്റ് ചെയ്യുന്നതിന്റെ ഭാഗമായി ഇവിടെ വന്നതാണ്.’’

അഭിനയ അവരെ നോക്കി ഹൃദ്യമായി പുഞ്ചിരിച്ചു.

വർക്കിസാർ ചൂണ്ടിക്കാണിച്ച പഴയ കസേരകളിൽ അവരിരുന്നു. വർക്കിസാർ തന്റെ ഇരിപ്പിടത്തിലും. അഭിനയ നടന്നുചെന്ന് ഭിത്തിയോടു ചേർത്തുവച്ചിരിക്കുന്ന ഷെൽഫുകളിലെ പുസ്തകങ്ങൾ പരിശോധിച്ചുതുടങ്ങി. ഏറെയും ഇംഗ്ലീഷ് പുസ്തകങ്ങൾ. അതിലേറെയും ഷേക്സ്പിയറെ സംബന്ധിച്ചവ.

അവരുടെ സംഭാഷണം ഒരു മണിക്കൂർ പിന്നിട്ടെന്ന് അഭിനയ മനസ്സിലാക്കിയത് ഘടികാരത്തിന്റെ മണിശബ്ദങ്ങൾ കേട്ടപ്പോഴാണ്.

ഗോവണിപ്പടികൾ ശബ്ദിക്കുന്ന ദിക്കിലേക്കു നോക്കിയപ്പോൾ കൃഷ്ണദാസ് ട്രേയിൽ എല്ലാവർക്കും കുടിക്കുവാനുള്ള നാരങ്ങാവെള്ളവുമായി വരുന്നു. അവർക്ക് നാരങ്ങാവെള്ളം കൃഷ്ണദാസ്തന്നെയാണ് എടുത്തുകൊടുത്തത്.

“ഉച്ചയ്ക്കത്തേക്ക് അത്യാവശ്യം വേണ്ട ഭക്ഷണമൊക്കെ ഇവർക്ക് കൊടുക്കണം.” വർക്കിസാർ പറഞ്ഞു.

“അല്പം താമസിക്കും.” കൃഷ്ണദാസ് തുടർന്നു: “പിന്നെ കറികളൊന്നും അത്ര കുശിയായിരിക്കില്ല.”

ആ സംഭാഷണത്തിന്റെ രീതി കേട്ടപ്പോൾത്തന്നെ അഭിനയയ്ക്ക് മനസ്സിലായി വർക്കിസാറുമായി ഉടനെയൊന്നും സമാധാനമായി സംസാരിക്കുവാൻ കഴിയുകയില്ലെന്ന്.

കൃഷ്ണദാസ് കൊടുത്ത നാരങ്ങാവെള്ളവും രുചിച്ചുകൊണ്ട് അഭിനയ അവരുടെ അടുത്തേക്ക് സംഭാഷണത്തിൽ പങ്കുചേരുവാനായി ചെന്നു. നാടകം അവതരിപ്പിക്കുന്നത് ഇംഗ്ലീഷിൽ വേണമോ മലയാളത്തിൽ വേണമോ എന്ന തർക്കത്തിലായിരുന്നു അവർ. “ഇംഗ്ലീഷിലവതരിപ്പിച്ചാൽ അത് ഷേക്സ്പിയറിന്റെ ഭാഷതന്നെ ആയിരിക്കില്ലേ? അത് എത്ര പേർക്ക് ആസ്വാദ്യതയോടെ മനസ്സിലാകും.” വർക്കിസാർ സംശയിച്ചു.

അല്പസമയത്തെ തർക്കത്തിനുശേഷം വർക്കിസാർ അഭിനയയോടു തിരക്കി: “എന്താണ് തന്റെ അഭിപ്രായം?”

അഭിനയ അല്പംപോലും സംശയമില്ലാതെ പറഞ്ഞു: “മലയാളത്തിൽ സംഭാഷണങ്ങൾ അല്പം സാഹിത്യശൈലി ചേർത്ത്, എന്നുപറഞ്ഞാൽ ഷേക്സ്പിയർ പറഞ്ഞ അതെ കാവ്യാത്മകരീതിയിൽ, പറയുന്നതായിരിക്കും നല്ലതെന്നാണ് എന്റെ അഭിപ്രായം.”

അഭിനയയുടെ അഭിപ്രായത്തെ ഒരാലോചനയ്ക്കുശേഷം അവർ ശരിവയ്ക്കുകയായിരുന്നു.

വർക്കിസാർ ലക്ചറർമാരെ അഭിനയയ്ക്ക് പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞു: “ഇവരെ പരിചയപ്പെടുത്തുവാൻ വിട്ടുപോയി. ഇവർ രണ്ടുപേർ, അലോഷ്യസും സുന്ദർജിയും, എന്റെ വിദ്യാർത്ഥികളാണ്. അജിത് ഇവരോടൊപ്പം അതേ ഡിപ്പാർട്ടുമെന്റിൽതന്നെ വർക്കുചെയ്യുന്നു.”

അഭിനയ അവരെ ചെറുപുഞ്ചിരിയോടെ ഒരു വട്ടംകൂടി അഭിവാദ്യം

ചെയ്തു. തുടർന്ന് അവരുടെ സംഭാഷണം അഭിനയയുടെ ഗവേഷണവിഷയത്തെ ചുറ്റിപ്പറ്റിയായിരുന്നു. ആ സംഭാഷണം അവസാനിച്ചുകഴിഞ്ഞപ്പോൾ അഭിനയ പറഞ്ഞു: "സാർ ഇന്ന് എന്താണെങ്കിലും തിരക്കിലായിരിക്കും. ഇവര് സാറിനെ ഉടനെ വിടുന്ന ലക്ഷണവുമില്ല. ഞാൻ പിന്നെയൊരു ദിവസം വന്നുകൊള്ളാം."

"കൃഷ്ണദാസ് രുചികുറഞ്ഞ ഭക്ഷണം ഉണ്ടാക്കുന്നുണ്ട്. അതു കഴിച്ച് പോയാൽ പോരെ?" വർക്കിസാർ ചോദിച്ചു.

"വേണ്ട സാർ." അഭിനയ തുടർന്നു: "മദ്ധ്യാഹ്നത്തോടെ വീട്ടിലെത്താമെന്നു പ്രതീക്ഷിച്ചാണ് ഞാൻ വന്നത്."

"അഭിനയ വീട്ടിലെ ഫോൺനമ്പരും അഡ്രസ്സും തന്നുകൊള്ളൂ." വർക്കിസാർ തുടർന്നു: "ഞാൻ ഏറ്റവും അടുത്ത ദിവസംതന്നെ വിളിക്കാം. ഇനിയിപ്പം അധികമൊന്നുമില്ല. ആ കഥയങ്ങ് പറഞ്ഞുതീർത്താൽ മതിയല്ലോ? ഈ കൃതിയെ സംബന്ധിച്ച കമന്റുകളൊക്കെ നെറ്റിലെ ഷേക്സ്പിയർ സൈറ്റിൽ കൊടുത്തിട്ടുമുണ്ട്."

അഭിനയ അഡ്രസ്സും ഫോൺനമ്പറുമെഴുതി വർക്കിസാറിന്റെ കൈയിൽ കൊടുത്തു. എല്ലാവരോടും യാത്രപറഞ്ഞ് ഗോവണിപ്പടികളിലൂടെ താഴേക്കിറങ്ങി.

അഭിനയ കാറിനടുത്തെത്തിയപ്പോൾ രസകരമായ ഒരു കാഴ്ചയാണ് കണ്ടത്–കാറിനു മുകളിൽ ഇരിക്കുന്ന ജൂലിയറ്റ്. താഴെ അവളുടെ ചലനങ്ങളും മറ്റും ശ്രദ്ധിച്ചിരിക്കുന്ന റോമിയോ. കാറിനടുത്തേക്കു ചെല്ലുവാൻ അഭിനയയ്ക്ക് ചെറിയ ഭയംതോന്നി. ആ നായ, വല്ലതും കാണിച്ചെങ്കിലോ. അഭിനയ സാന്നിദ്ധ്യം അറിയിച്ചുകൊണ്ട് ഒന്നു മുരടനക്കി. അതു മനസ്സിലായിട്ടെന്നതുപോലെ ജൂലിയറ്റ് കാറിന്റെ മുകളിൽനിന്നും താഴേക്കു ചാടി. മതിലിന്റെ വശത്തെ പള്ളപിടിച്ച പൂച്ചെടിത്തോട്ടത്തിനുള്ളിലേക്ക് ഓടിക്കയറി. അത് തീരെ ഇഷ്ടപ്പെടാതെ റോമിയോ അഭിനയയെ നോക്കി പല്ലിളിച്ച് മുരണ്ടു. അവളുടെ ഉള്ളിൽ ഭയത്തിന്റെ ഒരിരമ്പൽ വളർന്നു. നായ അല്പം മുന്നോട്ടു വന്നു. അഭിനയ തിരിഞ്ഞോടിയാലോ എന്നു ചിന്തിച്ചു. പിന്നെ സർവ്വ ദൈവങ്ങളെയും ധ്യാനിച്ച് ധൈര്യമായി നിന്ന് 'റോമിയോ' എന്ന് വിളിച്ചു. റോമിയോയ്ക്ക് യാതൊരു പ്രതികരണവുമില്ല. ഒരു വളവുപോലുമില്ലാത്ത റോമിയോയുടെ വാല് പത്തലുപോലെ നിൽക്കുകയാണ്. പള്ളപിടിച്ച പൂച്ചെടിത്തോട്ടത്തിനുള്ളിൽനിന്നും പുറത്തേക്കു വന്ന ജൂലിയറ്റ് 'മിയാവ്യൂ' എന്നു കരഞ്ഞുകൊണ്ട് അവളുടെ സാന്നിദ്ധ്യം അറിയിച്ചു. റോമിയോ തിരിഞ്ഞ് ജൂലിയറ്റിന്റെ അടുത്തേക്ക് നടന്നു. അഭിനയയുടെ ഉള്ളിൽ ജ്വലിച്ചുനിന്ന ഭയത്തിന്റെ കനലുകൾ അണഞ്ഞുതുടങ്ങി.

അഭിനയ കാർ സ്റ്റാർട്ടാക്കിക്കഴിഞ്ഞ് ചെടികൾക്കരികിലേക്ക് നോക്കി. അവിടെ വർഗ്ഗവും വ്യവസ്ഥയും മറന്ന് വിളയുന്ന റോമിയോയെയും ജൂലിയറ്റിനെയുമാണ് കണ്ടത്.

# 3
# പ്രണയത്തിന്റെ സൗന്ദര്യം

**പ**ഠനമുറിയിലെ മേശയ്ക്കു മുന്നിലിരുന്ന് അഭിനയ ഓരോന്ന് ചിന്തിക്കുക യായിരുന്നു. അപ്പോഴാണ് മേശമേലിരുന്ന അഭിലോഷിക നോവൽ ശ്രദ്ധ യിൽപ്പെട്ടത്. അവളത് കൈയിലെടുത്ത് മനസ്സിൽ പറഞ്ഞു: സോറി... എ നിക്ക് നിന്നെ വായിക്കുവാൻ കഴിഞ്ഞില്ല. അവൾ നോവൽ തിരിച്ച് എഴു ത്തുകാരന്റെ ചിത്രത്തിൽ നോക്കി. ഒന്നു കണ്ണിറുക്കി. പിന്നെ മനസ്സിൽ പറ ഞ്ഞു: സോറി... നീ എഴുതിയത് വായിക്കാൻ കഴിഞ്ഞില്ല. വായിച്ചിട്ട് അഭി പ്രായം പറയാം.

അഭിനയ ആ നോവലുമായി എഴുന്നേറ്റ് കട്ടിലിൽ പോയിരുന്നു. തല യിണ ചെരിച്ച് ഭിത്തിയിൽവച്ച് അതിൽ ചാരിക്കിടന്ന് നോവലിന്റെ ആദ്യ ഭാഗം വായിക്കുവാൻ തുടങ്ങി. എന്തോ അവൾക്ക് ഏകാഗ്രത ലഭിച്ചില്ല. അവൾ മെല്ലെ ബെഡ്ഡിന്റെ ഒരു വശമുയർത്തി നോവൽ അവിടെവച്ചു. പിന്നെയും അലസമായി എന്തെല്ലാമോ ക്രമരഹിതമായി ചിന്തിച്ചുകൊണ്ടി രുന്നു. ചരടറ്റ പട്ടംപോലെയായിരുന്നു ചിന്തകൾ. ചിന്തകൾക്കിടയിലേക്ക് ആർദ്രപ്രണയത്തിലെ നായകനും കടന്നുവന്നു–പ്രസാദ്. കട്ടിലിൽനിന്നും എഴുന്നേറ്റ് മേശയുടെ അടുത്തേക്ക് നടന്നു. അവിടെ മേശവിരിയുടെ അടി യിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുന്ന പ്രസാദിന്റെ ഫോട്ടോയെടുത്ത് അവൾ നിറഞ്ഞ മനസ്സോടെ നോക്കി. അപ്പോൾ അവളുടെ പെൺമനസ്സിലെ പ്രണ യക്കിളി കുറുകി. പ്രണയത്തിന്റെ ഓംകാരമന്ത്രങ്ങൾ!

പ്രസാദിനെ കണ്ടിട്ടുതന്നെ മൂന്നുനാലു ദിവസങ്ങളായി. അവന് എന്തു ണ്ടായിരിക്കും വിശേഷങ്ങൾ. ഒന്ന് ഫോൺ ചെയ്യുവാൻകൂടി കഴിയാത്ത തിരക്ക് എന്തായിരിക്കും. പത്രമാഫീസിലെ തിരക്കിനിടയിൽ നിർദ്ദേഷമായി മറക്കാൻ കഴിയുന്നത് കാമുകിയെ മാത്രമല്ലെയുള്ളൂ. അഭിനയ ഓരോന്ന് ചിന്തിച്ചപ്പോഴാണ് ഇ–മേയിൽ ചെക്കുചെയ്തിട്ട് രണ്ടു ദിവസമായല്ലോ എന്ന് ഓർമ്മിപ്പിച്ചത്. തീർച്ചയായും അതിൽ പ്രസാദിന്റെ അന്വേഷണങ്ങൾ വരാ തിരിക്കില്ല.

അഭിനയ അടുത്ത മുറിയിലേക്കു നടന്നുചെന്ന് കംപ്യൂട്ടറിനു മുന്നി ലിരുന്നു. അത് ഓൺചെയ്ത് തന്റെ അഡ്രസ്സിലേക്ക് ചെന്നു. മെയിലുകൾ പരിശോധിച്ചു. ശാന്തിനി, പോൾസൺ, അഭിരാമി അങ്ങനെ പലരുടെയും മെയിലുകൾ. പ്രസാദിന്റെ മെയിലില്ലെന്ന് അവൾ തെല്ല് വിഷാദത്തോടെ അറിഞ്ഞു. കംപ്യൂട്ടറിൽ ലോഡ് ചെയ്തുവച്ചിരിക്കുന്ന പ്രസാദിന്റെ ഫോട്ടോ കളിലേക്ക് അവൾ എത്തി. എല്ലാം എത്രയോ വട്ടം കണ്ട ഫോട്ടോകൾ.

അവൾ കംപ്യൂട്ടർ ലോഗ് ഓഫ് ചെയ്ത് അവിടെനിന്നും തിരിച്ചുനടന്നു.

മുറിയുടെ പുറത്ത് ശ്രദ്ധയോടെ വളർത്തുന്ന ചെടികൾക്ക് അടുത്തെത്തി. കടുംചുവപ്പുനിറത്തിലുള്ള രണ്ട് റോസാപുഷ്പങ്ങൾ. അതിലെ വലിയ പുഷ്പം തലേദിവസം വിടർന്നതായിരുന്നു. പൂർണ്ണവളർച്ചയെത്താത്ത പുഷ്പം അന്നു വിടർന്നതും. ആ പുഷ്പം തന്നെ നോക്കി പുഞ്ചിരിക്കുന്നതായി അഭിനയയ്ക്കു തോന്നി. ആ പുഷ്പങ്ങളെ മൃദുവായി തലോടുവാനായി കൈകൾ നീട്ടിയപ്പോൾ ഒരു വണ്ട് മൂളിക്കൊണ്ട് അവിടേക്കു പറന്നു വരുന്നു. അഭിനയ കൈകൾ പിൻവലിച്ച് ആ വണ്ടിന്റെ പറക്കൽ ശ്രദ്ധിച്ചു. വണ്ട് മൂളിക്കൊണ്ട് ഇരു പുഷ്പങ്ങൾക്കും മുകളിലൂടെ പറക്കുകയാണ്.

ഫോൺ ശബ്ദിച്ചപ്പോഴാണ് അഭിനയ ചിന്തയുടെയും നിരീക്ഷണത്തിന്റെയും ലോകത്തുനിന്നും ഉണർന്നത്. അവളുടെ ഉള്ളിൽ സന്തോഷത്തിന്റെ അലകൾ ഉയർന്നു. അത് പ്രസാദിന്റെ ഫോൺതന്നെയാണ് മനസ്സ് പറഞ്ഞു. പ്രസാദിനെപ്പറ്റി ആഗ്രഹത്തോടെ ഗാഢമായി ചിന്തിക്കുമ്പോഴെല്ലാം അവന്റെ ഫോൺ വരുന്നത് അവൾക്ക് മനസ്സിലാക്കുവാൻ കഴിയാത്ത ആശ്ചര്യമായിരുന്നു.

അഭിനയ ശബ്ദിക്കുന്ന ഫോണിനെത്തന്നെ ചില നിമിഷങ്ങൾ നോക്കിനിന്നു. ഓടിച്ചെന്നു ഫോണെടുത്താൽ 'നീയെന്താ ഫോണിന്റെ മുന്നിൽത്തന്നെയാണോ?' എന്നു ചോദിച്ച് പ്രസാദ് പരിഹസിക്കും. അഭിനയ ഒരു നിശ്വാസത്തോടെ ഫോണെടുത്തു. അങ്ങേത്തലയ്ക്കൽനിന്നും തീർത്തും അപരിചിതമായൊരു ശബ്ദം. സാധാരണ ശബ്ദം കേൾക്കുമ്പോൾത്തന്നെ ആരാണ് വിളിക്കുന്നതെന്ന് അവൾക്ക് മനസ്സിലാകുന്നതാണ്.

അങ്ങേത്തലയ്ക്കൽനിന്നും അവൾ കേട്ടത് അല്പം പരുപരുത്ത ശബ്ദമാണ്: "അഭിനയ എന്താ ആലോചിക്കുന്നത്? ഞാൻ വർക്കിസാറാണ്, ഷേക്സ്പിയർ വർക്കി."

ആ പരിചയപ്പെടുത്തൽ കേട്ടപ്പോൾതന്നെ അവൾ അറിയാതെ ചിരിച്ചുപോയി. ആളെ തിരിച്ചറിയാത്തതിൽ അഭിനയയ്ക്ക് ജാള്യത തോന്നി. ആ ജാള്യതയെ ഒതുക്കിനിർത്തി അവൾ തിരക്കി: "സാറെവിടുന്നാ വിളിക്കുന്നത്?"

"ഇവിടത്തെ പബ്ലിക് ലൈബ്രറിയിൽനിന്നുമാണ്." വർക്കിസാർ ഫോണിലൂടെ തുടർന്നു: "അഭിനയക്ക് സമയമുണ്ടെങ്കിൽ ഇവിടെവരെ ഒന്നു വരണം. അല്പം ഗൗരവമുള്ള ഒരു കാര്യം സംസാരിക്കാനുണ്ട്."

അരമണിക്കൂറിനുള്ളിൽ വരാമെന്ന് പറഞ്ഞ് റിസീവർ ക്രാഡിലിൽ വച്ചപ്പോഴാണ് എന്തിനാണ് വിളിച്ചതെന്ന് തിരക്കാത്തതിനെപ്പറ്റി അവൾ ഓർമ്മിച്ചത്.

അഭിനയ ആന്റിയുടെ അടുത്തേക്ക് നടന്നു. നഗരത്തിൽ ഏകയായി കഴിയുന്ന ഗായത്രീദേവിയുടെ തുണയാണ് അഭിനയ. ഗായത്രീദേവിയുടെ ഭർത്താവും മകനും ഒരു കാറപകടത്തിൽ മരിച്ചുപോയിരുന്നു. സഹോദരീ

പുത്രിയായ അഭിനയ പഠനത്തിനായി നഗരത്തിൽ എത്തിയപ്പോൾമുതൽ താമസിക്കുന്നത് ഗായത്രീദേവിയുടെ വീട്ടിലാണ്. ഭർത്താവ് നടത്തിക്കൊണ്ടിരുന്ന കംപ്യൂട്ടർ സ്ഥാപനം തുടർന്ന് നടത്തുകയാണ് അമ്പതുകൾ പിന്നിട്ട ഗായത്രീദേവി.

ഗായത്രീദേവി അടുക്കളയിലെ പണികളിൽ വ്യാപൃതയാണ്. അവിടേക്കുചെന്ന അഭിനയയെക്കണ്ട് അവർ തിരക്കി: "ആരാ, പ്രസാദാണോ വിളിച്ചത്?"

"അല്ലാന്റീ. ഷേക്സ്പിയർ വർക്കിസാറാണ്. അദ്ദേഹം പബ്ലിക് ലൈബ്രറിയിലുണ്ട്. എന്തോ പറയുവാൻ നേരിൽ കാണണമെന്നു പറഞ്ഞു."

"നിന്നെയുംകൂട്ടി പുറത്തേക്ക് ചെറിയൊരു ഷോപ്പിങ്ങിന് ഇറങ്ങണമെന്നു കരുതിയിരിക്കുകയായിരുന്നു." ഗായത്രി തുടർന്നു: "അതു സാരമില്ല. നമ്മളുടെ കറക്കം സായാഹ്നത്തിലാക്കാം. നീ എന്തെങ്കിലും കഴിക്കുന്നുണ്ടോ?"

അഭിനയ വാത്സല്യത്തോടെ ഗായത്രീദേവിയുടെ കവിളിൽ തലോടി: "ആന്റി കഴിപ്പിച്ചു കഴിപ്പിച്ച് ഞാനൊരു പൊണ്ണത്തടിച്ചി ആകുമോ എന്ന സംശയം."

ഗായത്രിക്കു വിട്ടുകൊടുക്കാൻ ഭാവമില്ലായിരുന്നു. "ആര് എന്തൊക്കെ പറഞ്ഞാലും പെണ്ണുങ്ങൾക്ക് അല്പം തടിയുള്ളതാ നല്ലത്. തടിയെന്നു പറഞ്ഞാൽ പിന്തത്തടിയെന്നല്ല പറഞ്ഞത്. ആവശ്യത്തിനുള്ള ശരീരപുഷ്ടി."

ഗായത്രീദേവിയോട് യാത്രയും പറഞ്ഞ് അഭിനയ പുറത്തേക്ക് പോയി.

പബ്ലിക് ലൈബ്രറിയുടെ മുന്നിൽ കാറു നിർത്തിയപ്പോൾതന്നെ അഭിനയയുടെ അടുത്തേക്ക് ഒരപരിചിതൻ വന്നു തിരക്കി: "നിങ്ങളാണോ അഭിനയചന്ദ്രിക."

അഭിനയ അതെയെന്ന് തലയാട്ടി.

"വർക്കിസാറ് അകത്തുണ്ട്." അപരിചിതൻ തുടർന്നു: "നിങ്ങളെയും കൂട്ടി അവിടേക്കു ചെല്ലുവാൻ വേണ്ടിയാണ് സാറെന്നെ പറഞ്ഞുവിട്ടിരിക്കുന്നത്."

അധികമൊന്നും സംസാരിക്കാതെ നടന്നുതുടങ്ങിയ അപരിചിതനു പിന്നാലെ അഭിനയയും നടന്നു. ഉൾമുറിയിൽ വർക്കിസാർ ആരോടെല്ലാമോ ഗൗരവത്തിൽ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. പ്രായത്തെ വെല്ലുവിളിക്കുന്ന ചുറുചുറുക്ക് വർക്കിസാറിന്റെ ഓരോ ചലനത്തിലും അവൾ ദർശിച്ചു.

"വരൂ അഭിനയചന്ദ്രിക." വർക്കിസാർ അവളെ സ്വാഗതം ചെയ്തു.

അവിടെ കൂടിയിരുന്നവർ ചില നിമിഷങ്ങൾ നിശബ്ദരായി. അവരുടെ കണ്ണുകൾ അഭിനയയിൽത്തന്നെ തറച്ചുനിന്നു. അപരിചിതരായ പുരുഷന്മാരുടെ തറച്ചുനില്ക്കുന്ന കണ്ണുകൾക്കുമുന്നിൽ അഭിനയ അറിയാതെ ലജ്ജിതയായിപ്പോയി. ആ ഭാവം അവളുടെ ചിരിയിൽ പ്രതിഫലിച്ചുനിന്നു.

"അഭിനയ പരിഭ്രമിക്കേണ്ട." വർക്കിസാർ അവിടെ കൂടിനിന്നവർക്കുനേരെ തിരിഞ്ഞുകൊണ്ട് തുടർന്നു: "ഷേക്സ്പിയർ കൃതികളെപ്പറ്റി

യാണ് അഭിനയയുടെ പിഎച്ച്.ഡി. യു.ജിസി.യുടെ ഫെലോഷിപ്പോടെയാണ് ഗവേഷണം."

അതുവരെ അഭിനയയുടെ ശരീരസൗന്ദര്യശാസ്ത്രം പഠിച്ചുകൊണ്ടിരുന്ന പുരുഷന്മാരുടെ കണ്ണുകളിൽ അംഗീകാരത്തിന്റെയും തിരിച്ചറിയലിന്റേതുമായ ഒരു ഭാവം വികസിച്ചുവന്നു. അതു വായിച്ചെടുക്കുവാൻ വളരെ വേഗന്നുതന്നെ അഭിനയയ്ക്കു കഴിഞ്ഞു. വർക്കിസാർ അഭിനയയുടെ അടുത്തേക്കുവന്ന് ഏറെ സൗഹൃദത്തോടെ കുശലങ്ങൾ തിരക്കിക്കൊണ്ട് ചോദിച്ചു: "എന്തിനാണ് അഭിനയയെ ഇവിടേക്കു ക്ഷണിച്ചതെന്ന് അറിയാമോ?"

അവൾ അറിയില്ലെന്ന ഭാവത്തോടെ തല കുലുക്കി.

"ഷേക്സ്പിയറുടെ ഒരു നാടകം 'റോമിയോയും ജൂലിയറ്റും' ഈ നഗരത്തിൽവച്ച്, മിക്കവാറും ഈ ലൈബ്രറിയുടെ ആഡിറ്റോറിയത്തിൽവച്ച്, നടത്തുവാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്, അതിന് അഭിനയയുടെ സഹായം ആവശ്യമുണ്ട്." എന്തോ പറയുവാൻ തുടങ്ങിയ അഭിനയയെ തടഞ്ഞുകൊണ്ട് വർക്കിസാർ തുടർന്നു: "ചാടിക്കയറി പറ്റില്ലെന്നൊന്നും പറഞ്ഞുകളയരുത്. ഈ സ്ഥലത്തുവച്ചുതന്നെ ആകുമ്പോൾ അഭിനയയ്ക്ക് വലിയ ബുദ്ധിമുട്ടൊന്നും ഉണ്ടാകില്ല. സമയം ഒന്ന് അഡ്ജസ്റ്റുചെയ്യണം. നാടകങ്ങളെപ്പറ്റിയും അതിന്റെ അവതരണവശത്തെപ്പറ്റിയും അറിയുവാൻ ഈ സഹകരണം സഹായിക്കുകയേയുള്ളൂ."

"സാർ, എനിക്കങ്ങനെ ജീവിതത്തിൽ വലിയ പരിചയങ്ങളൊന്നുമില്ല." അഭിനയ തുടർന്ന് തിരക്കി: "എനിക്ക് എന്താണ് ചെയ്യുവാൻ കഴിയുക?"

"നാടകം മലയാളത്തിൽ അവതരിപ്പിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. മലയാളത്തിൽ പല തർജ്ജമകളുണ്ടെങ്കിലും അതിന്റെയൊന്നും സംഭാഷണത്തിനും അവതരണരീതിക്കും ശക്തി പോരാ. കാവ്യാത്മകതയും കുറവാണ്. അതു പരിഹരിച്ച് ആദ്യം നാടകമൊന്ന് ചിട്ടപ്പെടുത്തണം." വർക്കിസാർ ചിരിച്ചുകൊണ്ട് പറഞ്ഞു: "ബാക്കിയെല്ലാം വഴിപോലെ പറഞ്ഞുകൊള്ളാം."

വർക്കിസാറിനോട് എന്താണ് പറയേണ്ടതെന്ന് അറിയാതെ അഭിനയ കുഴങ്ങിനിന്നു. നാടകം എന്നെല്ലാം പറഞ്ഞ് ഇറങ്ങിത്തിരിച്ചാൽ കുറെ ദിവസങ്ങൾ നഷ്ടമാകുമെന്ന് അവൾക്ക് ഉറപ്പായിരുന്നു. അത് ഗവേഷണ രചനയെയും ബാധിക്കുമെന്ന് അഭിനയയ്ക്കു തോന്നി. പക്ഷേ, വർക്കിസാറെന്ന പാണ്ഡിത്യഗോപുരത്തിന്റെ മുഖത്തുനോക്കി വയ്യെന്നു പറയുവാൻ അവൾക്ക് തോന്നിയില്ല.

ലൈബ്രറിയോടു ചേർന്നുള്ള മനോഹരമായ ഒരു മുറിയിലിരുന്നാണ് വർക്കിസാർ റോമിയോയുടെയും ജൂലിയറ്റിന്റെയും മൊഴിമാറ്റം നിർവ്വഹിക്കുന്നത്. മലയാളത്തിൽ ആ നാടകത്തിന് നടത്തിയിട്ടുള്ള മുഴുവൻ തർജ്ജിമകളും നിറുത്തിവച്ച് ആകർഷകമായ സംഭാഷണങ്ങൾ ഓരോരൊ പുസ്ത

കത്തിൽനിന്ന് തിരഞ്ഞെടുക്കുന്നു. ഇഷ്ടപ്പെടാത്ത ഭാഗം സ്വയം എഴുതിച്ചേർക്കുന്നു. മാറ്റിയെഴുതിക്കൊണ്ടിരിക്കുന്ന സംഭാഷണങ്ങളെപ്പറ്റി അഭിനയയും അവളുടേതായ അഭിപ്രായങ്ങൾ പറയുകയും നിർദേശങ്ങൾ നല്കുകയും ചെയ്തുകൊണ്ടിരുന്നു. വർക്കിസാർ പറയുന്നത് ഏറെയും പകർത്തിയെഴുതുന്നതും അഭിനയതന്നെയാണ്

റോമിയോയും ജൂലിയറ്റും തമ്മിലുള്ള പ്രണയസല്ലാപമാണ് അവർ എഴുതിക്കൊണ്ടിരിക്കുന്നത്. റോമിയോ രാത്രിയുടെ കറുപ്പിനെ മറയാക്കി ജൂലിയറ്റിനു മുന്നിലെത്തുന്നു. അവർ തമ്മിലുള്ള സംഭാഷണം കേവലം പ്രണയചാപല്യമാകുന്ന വാക്കുകളിൽ ഒതുക്കരുതെന്ന് വർക്കിസാറിന് നിർബ്ബന്ധമുണ്ട്. അഭിനയ അതിന്റെ ചില മലയാളം തർജ്ജമകൾ വായിച്ചു. ജെ. സി. ബാബുവും കെ. നാരായണചന്ദ്രനുമെഴുതിയ വിവർത്തനങ്ങൾക്ക് കാവ്യാത്മകതപോരെന്ന് വർക്കിസാർ പറഞ്ഞു. ആ ഭാഗം കാവ്യാത്മകമായി എഴുതുവാൻ വർക്കിസാർ അഭിനയയോടു നിർദേശിച്ചു "പുതിയകാലത്തെ പ്രണയങ്ങളെക്കുറിച്ചൊക്കെ നിങ്ങൾ പുതുമുറക്കാർക്കല്ലേ അറിയൂ."

"പുതിയ തലമുറയ്ക്ക് പ്രണയിക്കാനറിയില്ലെന്നാണല്ലോ പഴയ തലമുറയുടെ വിലയിരുത്തൽ." അഭിനയ ഗൗരവത്തിൽ തുടർന്നു: "അവർക്ക് കാമിക്കാനെ അറിയൂ എന്നാണല്ലൊ പറയുന്നത്." ഒരു നിശബ്ദതയ്ക്കു ശേഷം അഭിനയ പറഞ്ഞു: "പ്രണയത്തെപ്പറ്റി മനോഹരമായി എഴുതുവാൻ പ്രണയിക്കുന്നവരെക്കാൾ അധികമായി പ്രണയം ആഗ്രഹിക്കുന്ന വൃദ്ധന്മാർക്കാണ് കഴിയുന്നതെന്ന് അത്ര പ്രസിദ്ധനല്ലാത്ത ഏതോ കവി പാടിയിട്ടില്ലേ?"

"അപ്പോൾ ഞാൻ വൃദ്ധനായി എന്നൊരു ധാരണ അഭിനയയ്ക്ക് ഉണ്ടല്ലേ?" വർക്കിസാർ അല്പം ശബ്ദത്തിൽ ചിരിച്ചുകൊണ്ട്: "പ്രണയത്തെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടും ശക്തിയും ഉൾപ്പെടുത്തി ഞാൻതന്നെ ആ ഭാഗം പകർത്താം. അതു കഴിയുമ്പോൾ ഈ വൃദ്ധഹൃദയം കാവ്യാത്മകവും യൗവനയുക്തവുമാണോ എന്ന് അഭിനയതന്നെ പറയണം."

വർക്കിസാറിന്റെ ആ ഭാവപ്പകർച്ച ശ്രദ്ധിച്ച് അഭിനയ രസിച്ചിരുന്നു. എങ്ങനെയാണ് സാറ് ആ ഭാഗം പകർത്തിയെഴുതുന്നത് അറിയുവാൻ അഭിനയയ്ക്ക് ആകാംക്ഷ തോന്നി. അപ്പോഴാണ് അവിടേക്ക് പ്രസാദ് കടന്നുവരുന്നത്. അവന്റെ യാദൃച്ഛികമായ വരവ് അഭിനയയെ വിഷമത്തിലാക്കി. എന്തു പറഞ്ഞാണ് പ്രസാദിനെ വർക്കിസാറിന് പരിചയപ്പെടുത്തുക.

പതിവില്ലാതെ പ്രസാദിന്റെ മുടികൾ കൂടുതൽ പാറിക്കിടക്കുന്നു. നല്ല അയവുള്ള ടീഷർട്ടും ജീൻസുമാണ് അവൻ ധരിച്ചിരിക്കുന്നത്. അഭിനയ അവനെ കൈയുയർത്തി അഭിവാദ്യം ചെയ്തു. പ്രസാദ് അത് ഗൗനിക്കാതെ: "ഞാൻ വീട്ടിൽ വിളിച്ചപ്പോൾ ആന്റിയാണു പറഞ്ഞത് നീ ഇവിടെ ഉണ്ടെന്ന്."

"ഇതാണ് വർക്കിസാർ." അഭിനയ വർക്കിസാറിനെ പ്രസാദിന് പരിചയപ്പെടുത്തി: "റിട്ടേഡ് പ്രൊഫസറാണ്. ഷേക്സ്പിയർ നാടകങ്ങളാണ് സാറിന്റെ ഇഷ്ടപ്പെട്ട ഏരിയ."

പ്രണയത്തിന്റെ സൗന്ദര്യം

പ്രസാദ് വർക്കിസാറിന് കൈകൊടുത്തുകൊണ്ട് സ്വയം പരിചയപ്പെടുത്തി: "ഞാൻ പ്രസാദ്. ഫ്രീലാൻസായി പ്രവർത്തിക്കുന്നു. പിന്നെ വേണമെങ്കിൽ അഭിനയചന്ദ്രികയുടെ കാമുകൻ എന്നും പറയാം."

ആ പരിചയപ്പെടുത്തലിലെ കൂസലില്ലായ്മ വർക്കിസാറിനെ ആകർഷിച്ചു. "പ്രസാദിന്റെ ഇഷ്ടപ്പെട്ട ഏരിയ?" വർക്കിസാർ തിരക്കി.

"അങ്ങനെ ഇഷ്ടപ്പെട്ട ഏരിയ ഒന്നുമില്ല." പ്രസാദ് ഗൗരവത്തിൽ തുടർന്നു: "തിരഞ്ഞെടുക്കുന്നതിനെയെല്ലാം അങ്ങ് ഇഷ്ടപ്പെടുവാൻ ശ്രമിക്കുകയാണ്."

പ്രസാദ് അഭിനയയുടെ നേരെ തിരിഞ്ഞു: "എനിക്ക് തന്നോടല്പം സംസാരിക്കണം."

അവൾ ചോദിച്ചു: പ്രകടമായ അസ്വസ്ഥതയോടെ "ഇപ്പോളൊ?"

"എന്താ നിനക്ക് സമയമില്ലേ?" പ്രസാദ് തിരക്കി.

അഭിനയ ധർമ്മസങ്കടത്തിലായി. അവൾ വർക്കിസാറിനെയും പ്രസാദിനെയും മാറിമാറി നോക്കി. ആരും ഒന്നും സംസാരിക്കുന്നില്ല. വർക്കിസാറിന്റെ മുഖത്ത് ദാർശനികമായ ഒരു പുഞ്ചിരിമാത്രം. പ്രസാദിന്റെ മുഖം എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കാവുന്ന ഭാവത്തിലാണ്.

"സാറ് ക്ഷമിക്കണം. ഞാൻ പ്രസാദിനോടൊപ്പം പുറത്തുപോകുകയാണ്. നാളെ രാവിലെ വന്നുകൊള്ളാം." പ്രസാദിന്റെനേരെ തിരിഞ്ഞ് അവൾ പറഞ്ഞു: "ഞാൻ റെഡി."

അവർ ഒരുമിച്ച് പുറത്തേക്കു പോകുന്നത് വർക്കിസാർ നോക്കിയിരുന്നു. അപ്പോഴാണ് നഷ്ടപ്പെട്ട യുവത്വത്തിന്റെ മഹത്വത്തെപ്പറ്റി ഓർമ്മിച്ചത്. എഴുത്തും വായനയുമായി നശിപ്പിച്ച തന്റെ യുവത്വത്തെപ്പറ്റി ഓർത്തപ്പോൾ വർക്കിസാറിന് അസ്വസ്ഥത ഏറിവന്നു.

ലൈബ്രറിക്കു മുന്നിലെ പടർന്നുപന്തലിച്ച ആൽവൃക്ഷത്തിനു ചുവട്ടിലായി നിറുത്തിയിരിക്കുന്ന ബൈക്കിനരുകിലേക്ക് നടന്നുകൊണ്ട് പ്രസാദ് പറഞ്ഞു: "നമ്മൾ ഇരുകാലിവാഹനത്തിൽ പ്രകൃതിയുടെ സ്വച്ഛന്ദതയിലൂടെ അതിന്റെ ചെറുസുഖമുള്ള സ്പർശനമേറ്റ് നമ്മൾക്കായി ഒരുക്കിയിരിക്കുന്ന മനോഹരമായ കാഴ്ചകൾ കണ്ട് ഒന്നു കറങ്ങുന്നു."

"ഞാൻ കാറിലാണ് വന്നത്. തിരിച്ചുവരുവാൻ വൈകിയാൽ ലൈബ്രറിയുടെ ഗെയ്റ്റടയ്ക്കും." അഭിനയ പറഞ്ഞു.

പ്രസാദ് ഒരുനിമിഷം നെറ്റിചുളിച്ച് ആലോചിച്ചു. പിന്നെ ഗെയിറ്റിന് പുറത്തുനിന്നും ഒരു ഓട്ടോക്കാരനെ കൈകാണിച്ചുവിളിച്ചു. ഓട്ടോക്കാരൻ അടുത്തേക്കു വന്നപ്പോൾ തിരക്കി: "തനിക്ക് ഡ്രൈവ്ചെയ്യാൻ അറിയുമോ?"

ഓട്ടോക്കാരൻ പകപ്പോടെ പറഞ്ഞു: "പത്തുപന്ത്രണ്ടു വർഷമായി ഈ പണി തുടങ്ങിയിട്ട്."

പ്രസാദ് ചോദിച്ചു: “മാരുതി ഓടിക്കാൻ അറിയുമോ?”

“അറിയാം സാർ.” ഓട്ടോക്കാരൻ പറഞ്ഞു.

“എന്നാൽ ആ കിടക്കുന്ന കാറ് ബീച്ചിലെത്തിക്കണം. അവിടെ മജ സ്റ്റിക് പാർക്കിൽ. എന്താ, കഴിയുമോ?” പ്രസാദ് ചോദിച്ചു.

“പണം കിട്ടിയാൽ എന്തു പണിയും ചെയ്യും.” ഓട്ടോക്കാരൻ സംശ യത്തോടെ തുടർന്നു: “വല്ല പൊല്ലാപ്പും ഉള്ള പണിയാണെങ്കിൽ വയ്യ സാർ.”

പ്രസാദ് ചിരിച്ചുകൊണ്ട്: “ഞങ്ങൾക്ക് രണ്ടാൾക്കും ഈ ബൈക്കിൽ പോകണം. അതുകൊണ്ടാ കാറ് അവിടെ എത്തിക്കാൻ പറഞ്ഞത്.”

ഓട്ടോക്കാരന്റെ മുഖത്ത് എന്തോ കള്ളത്തരം കണ്ടെത്തിയതിന്റെ സന്തോഷം.

ഓട്ടോക്കാരന്റെ കൈയിൽ കാറും കൊടുത്തുവിട്ട് പ്രസാദും അഭിന യയും ബൈക്കിൽ ബീച്ചിലേക്ക് പുറപ്പെട്ടു. ബൈക്കിന്റെ പിന്നിലിരുന്ന അഭി നയ ഓരോന്ന് ചിന്തിച്ചുതുടങ്ങി. ഈ പ്രസാദ് ഇങ്ങനെയാണ്. എന്തുകാണി ച്ചാലും ഒരു പുതുമയുണ്ടായിരിക്കും. കൗതുകകരമായ പുതുമ... ഓട്ടോക്കാ രൻ കാറ് ഇടിപ്പിച്ചാൽ... അയാൾ അതുമായി മുങ്ങിയാലോ... പതിവിന് വിപ രീതമായി വേഗത കുറച്ച് പ്രസാദ് ബൈക്ക് ഓടിക്കുന്നതിനെപ്പറ്റിയും അവൾ ചിന്തിച്ചു. സാധാരണ നല്ല വേഗത്തിൽ ബൈക്ക് ഓടിക്കും. അറിയാതെയി രിക്കുമ്പോൾ ഒരു ബ്രെയിക്ക്... മാറിടം പുറത്ത് ഇടിപ്പിക്കാനുള്ള അവന്റെ യൊരു കുസൃതി.

ബീച്ചിലെ മജസ്റ്റിക് പാർക്കിലെത്തിയപ്പോൾ ആട്ടോക്കാരൻ കാറു മായി അവിടെ എത്തിയിരുന്നു. പ്രസാദ് അയാൾക്ക് പണംകൊടുത്ത് കാറിന്റെ കീയും മേടിച്ച് പറഞ്ഞയച്ചു. പിന്നെ പതിവുപോലെ വിസ്തൃതമായ കടലി നെയും നോക്കി അതിന്റെ അടുത്തേക്ക് നടന്നു.

പൂഴിയിൽ അവർ അടുത്തടുത്ത് തൊട്ടുരുമ്മിയാണിരുന്നത്. ആരും ഒന്നും സംസാരിക്കുന്നില്ല. ശാന്തമായി മെല്ലെ തിരയടിച്ചുകൊണ്ടിരുന്ന കട ലിന് ഭാവം മാറുന്നത് അവർക്ക് കണ്ടുമനസ്സിലാക്കാൻ കഴിഞ്ഞു. തിരമാല കൾക്ക് ഇരമ്പൽ ശബ്ദം ഏറി. അത് കൂടുതൽ ഉത്സാഹത്തോടെ മണൽപ്പ രപ്പിലേക്ക് ചീറിയടിച്ച് കയറുവാൻ തുടങ്ങി. അഭിനയ മെല്ലെ പ്രസാദിനോട് അല്പംകൂടി ചേർന്നിരുന്നുകൊണ്ട് തിരക്കി: “നിനക്ക് എന്തു പറ്റി, ആകെ യൊരു മാറ്റം.”

“ആകെ മനസ്സിനൊരു തിരക്ക്. ഒരു ജോലിക്കും കൃത്യത കിട്ടുന്നി ല്ലെന്നൊരു തോന്നൽ.” പ്രസാദ് അവളെ ചേർത്തുപിടിച്ചു: “നിന്റെ അടു ത്തിരുന്നപ്പോൾ നല്ലൊരാശ്വാസം കിട്ടുന്നുണ്ട്.

മുമ്പൊരിക്കലും ഇത്ര ശാന്തമായി പ്രസാദ് സംസാരിക്കാറില്ല. എല്ലാ കാര്യത്തിനും ‘ഒരു പ്രസാദിയൻ ടച്ച്’ ഉണ്ടായിരിക്കും. അല്പം തിരക്ക്. ധിക്കാ രത്തിൽ പൊതിഞ്ഞ സംഭാഷണം. ആരെയും കൂസാത്ത ഭാവം. ഇതൊന്നു മില്ലാത്തൊരു പ്രസാദ്! അഭിനയ ചോദിച്ചു: “നീയും ചപലനായ ഒരു കാമു കനാകുകയാണോ?”

ആ ചോദ്യത്തിലുൾച്ചേർന്നിരിക്കുന്ന പരിഹാസം മനസ്സിലാക്കിക്കൊണ്ട് പ്രസാദ് അവളുടെ കണ്ണുകളിലേക്കു നോക്കി: "നീയെന്നെ ഒരു അവശകാമുകനാക്കുവാൻ ശ്രമിക്കുകയാണോ?"

അതിന്റെ ഉത്തരം അഭിനയ ഒരു ചിരിയിലൊതുക്കി.

പ്രസാദ് അഭിനയയെ പിടിച്ച് സ്വന്തം മടിയിലേക്ക് അവളുടെ ദുർബലമായ എതിർപ്പിനെ വകവയ്ക്കാതെ കിടത്തി. അവർക്കുമുന്നിൽ പ്രക്ഷുബ്ധമായ കടൽ അലയടിച്ചുകൊണ്ടിരുന്നു. അതിന്റെ സാമീപ്യത്തിൽ അവരുടെ പ്രണയവികാരങ്ങളും പ്രക്ഷുബ്ധമായി.

പ്രസാദിന്റെ മടിയിൽ അവന്റെ കരസ്പർശനവും ഏറ്റുകിടന്നപ്പോൾ അഭിനയ ചോദിച്ചു: "ഞാനൊരു കഥ പറയട്ടെ."

പ്രസാദ് ഒന്നും മിണ്ടിയില്ല. അവൻ കടൽതിരകളെയും നോക്കിയിരുന്നതേയുള്ളൂ.

അഭിനയ പറഞ്ഞുതുടങ്ങി: "ഒരു വലിയ കടൽത്തിര വന്ന് എന്നെയും നിന്നെയും മൂടുന്നു. ആ തിര കടലിലേക്ക് തിരിച്ചുപോകുന്നത് നമ്മളെയും കൂട്ടിയാണ്. നമ്മൾ ചിരിച്ചുല്ലസിച്ച് കടലിനുള്ളിലേക്കുള്ളിലേക്ക് പോകുന്നു. ഇടയ്ക്കൊക്കെ വായിലേക്കു കയറുന്ന ഉപ്പുവെള്ളത്തിന്റെ ചവർപ്പ് നമ്മളെ അസ്വസ്ഥപ്പെടുത്തുന്നുമുണ്ട്. നമ്മൾക്കു ചുറ്റും വട്ടമിട്ട് നീന്തുന്ന മനോഹരമായ മത്സ്യങ്ങൾ... സ്വർണ്ണമത്സ്യം, പളുങ്കുമത്സ്യം, പലനിറത്തിലുള്ള പല ആകൃതിയിലുള്ള മത്സ്യങ്ങൾ. നമ്മൾ കടലിന്റെ അടിത്തട്ടിലെത്തി. പെട്ടെന്നാണ് ഒരു വലിയ മത്സ്യം എന്റെ നേരെ പാഞ്ഞുവരുന്നതു കാണുന്നത്. നീ വെറുതെ നോക്കിനിൽക്കുകയാണ്. ഞാൻ രക്ഷപ്പെടാൻവേണ്ടി ഒരു വശത്തേക്കു മാറി. അപ്പോൾ ഒരു വഴുവഴുപ്പുള്ള കല്ലിൽ തെന്നി വീണു. വീണത് കൂർത്ത ഒരു കല്ലിന്റെ മേലെയാണ്. വേദനയോടെയും ദുഃഖത്തോടെയും ഞാൻ എഴുന്നേറ്റുനോക്കിയപ്പോൾ ആ കല്ലിൽനിന്നും രക്തം പൊടിഞ്ഞു പൊടിഞ്ഞു വരുന്നു..."

പ്രസാദ് അവളെ പരിഹസിച്ചുകൊണ്ട് പറഞ്ഞു: "ഏതെങ്കിലും ശ്മശാനത്തിൽ പോയി ഒറ്റയ്ക്കിരുന്ന് പറയാൻ പറ്റിയ കഥകളാണ് നിന്റേത്. ഈശ്വരനെയോർത്ത് ബുദ്ധിയും വെളിവുമുള്ളവരോടൊന്നും ഇത്തരം കഥകൾ പറയരുത്."

അഭിനയ വിട്ടുകൊടുക്കാൻ ഭാവമില്ലാതെ പറഞ്ഞു: "ബുദ്ധിജീവിനടിച്ച് നടന്നാൽ പോരാ; വസ്തുതകളെ അറിയുവാനും ആസ്വദിക്കുവാനുമുള്ള ഒരു കലാഹൃദയം വേണം."

ആ സംഭാഷണം തുടരുവാൻ ഇഷ്ടപ്പെടാതെ പ്രസാദ് കടൽക്കരയിൽനിന്നും എഴുന്നേറ്റുകൊണ്ട് പറഞ്ഞു:

"ദാ... അപ്പുറത്തെ റസ്റ്റോറന്റിൽ നല്ല തിരക്കുണ്ട്. അവിടെ പോയിരുന്ന് ആ തിരക്കിന്റെ സൗന്ദര്യം ആസ്വദിച്ച് സംസാരിക്കാം."

അവർ മെല്ലെ റസ്റ്റോറന്റിനെ ലക്ഷ്യമാക്കി നടന്നു.

# 4
# ഒരു താരത്തിന്റെ ജനനം

**നാ**ടകം രംഗവേദിയിൽ അവതരിപ്പിക്കേണ്ടതിന്റെ തലേദിവസം ലൈബ്രറിയുടെ ആഡിറ്റോറിയത്തിൽ ഗ്ലോബ് തിയേറ്ററിന്റെ മാതൃകയിൽ ഒരു താത്കാലിക രംഗവേദി പണിയുന്നതിന്റെ തിരക്കുകൾ. വർക്കിസാറാണ് എല്ലാത്തിനും നേതൃത്വം കൊടുത്തുകൊണ്ടു നടക്കുന്നത്.

മറ്റൊരു മുറിയിൽ നാടകറിഹേഴ്സൽ നടന്നുകൊണ്ടിരിക്കുകയാണ്. പ്രത്യേകമായ രീതിയിൽ തുന്നി സൃഷ്ടിച്ച ജൂലിയറ്റിന്റെ വസ്ത്രങ്ങൾ ധരിച്ചാണ് അഭിനയ അഭിനയിക്കുന്നത്. സംഭാഷണങ്ങൾ പൂർണ്ണമായും ഹൃദിസ്ഥമാക്കിയുള്ള അഭിനയയുടെ അനായാസമായ അഭിനയം എല്ലാവർക്കും കൗതുകംതന്നെയായിരുന്നു.

നാടകത്തിന്റെ റിഹേഴ്സൽ കഴിഞ്ഞ് തിരക്കുകളിൽനിന്നും അകന്ന് അഭിനയ ഒരു കസേരയിലിരുന്നു. ചുറ്റുവട്ടം നടക്കുന്ന തിരക്കുകൾക്കിടയിൽ അവളുടെ മനസ്സ് ഒരേകാന്തതുരുത്ത് തീർക്കുകയായിരുന്നു. വർക്കിസാർ അവിടേക്കു വന്ന് അഭിനയയോടു പറഞ്ഞു: “ഫോട്ടോഗ്രാഫറോട് വരുവാൻ പറഞ്ഞിട്ടുണ്ട്. അവര് വരുന്നതുവരെ ഒന്ന് വെയിറ്റ് ചെയ്യണം.”

അവളൊന്നും പറയാതെ അങ്ങനെ ഇരുന്നതേയുള്ളൂ. റോമിയോ ആയിട്ട് അഭിനയിക്കുന്ന അരുൺ ചന്ദിർ നാടകത്തിൽ അഭിനയിക്കുവാനായി തുന്നിയ വസ്ത്രങ്ങൾ ധരിച്ച് അവിടേക്കു വന്നു. അരുൺ ചന്ദിർ അടുത്തു കിടന്ന ഒരു കസേര വലിച്ചിട്ടുകൊണ്ട് തിരക്കി: “അല്ലയോ സൽഗുണസമ്പന്നയും നക്ഷത്രങ്ങളെക്കാൾ ശോഭയുള്ളവളും എന്റെ പ്രിയഭാജനവുമായ ജൂലിയറ്റേ, എനിക്ക് നിന്റെ സമീപം ഇരിക്കാമോ?”

അവന്റെ നാടകീയമായ സംസാരശൈലി അഭിനയയെ ചിരിപ്പിച്ചു. അരുൺ ചന്ദിർ ഡോക്ടറാണെങ്കിലും സംഗീതത്തോടും കലയോടും അതിരറ്റ ആരാധനയാണ്. ചില ദിവസങ്ങൾക്കുമുമ്പ് പരിചയപ്പെട്ടപ്പോൾ അരുൺ ചന്ദിർ പകുതി തമാശയും പകുതി കാര്യവുമായി പറഞ്ഞത് അഭിനയ ഓർമ്മിച്ചു: ‘സംഗീതമില്ലാത്ത ജീവിതം ചലനം നഷ്ടപ്പെട്ട പ്രപഞ്ചംപോലെയാണ്. അഭിനയമില്ലാത്ത ജീവിതം കുപ്പത്തൊട്ടിയിൽ വീണുകിടക്കുന്ന മാന്യന്റെ ദൈന്യാവസ്ഥപോലെയും.’

“അരുൺ ചന്ദിർ ശരിക്കും റോമിയോയുടെ മൂഡിൽത്തന്നെയാണല്ലോ.” അഭിനയ അഭിപ്രായപ്പെട്ടു.

"റോമിയോ എത്രയോ കാമുകന്മാർക്ക് മാർഗ്ഗദർശിയും ഗുരുവുമാണ്." അരുൺ ചന്ദിർ തുടർന്നു: "ആ കാമുകഭാവത്തിന് ജീവസാക്ഷാത്കാരം നൽകുമ്പോൾ ഞാനുമല്പം റൊമാന്റിക് ആയിപ്പോകുന്നു." ചെറിയ നിശബ്ദതയ്ക്കുശേഷം അരുൺ ചന്ദിർ തുടർന്നു: "സ്വപ്നംകണ്ട് നടക്കേണ്ട പ്രായത്തിൽ പുസ്തകത്തിന്റെ ഭാരവും പേറിനടന്നു. അടിച്ചുപൊളിച്ച് പ്രണയിച്ചു നടക്കേണ്ട ഈ പ്രായത്തിൽ ആശുപത്രിയുടെ കരിങ്കൽമതിലുകൾക്കുള്ളിൽ രോഗിപരിചണവുമായി കഴിയാനാണ് തലേവര. പിന്നെ മനസ്സിലെ പ്രണയവും സ്വപ്നവുമെല്ലാം താലോലിക്കുന്നത് ഇങ്ങനെയുള്ള ഈ ഒഴിവുവേളകളിൽ മാത്രമാണ്. അത് ഞാനങ്ങ് അടിച്ചുപൊളിച്ച് ആസ്വദിക്കുകയാണ്."

ആ സംഭാഷണം അധികം തുടരുവാൻ താത്പര്യമില്ലാതെ അഭിനയ പറഞ്ഞു: "ആരോ ഫോട്ടോ എടുക്കുവാൻ വരുമെന്നു പറഞ്ഞു. അതൊന്നു കഴിഞ്ഞാൽ ഇവിടെനിന്നും രക്ഷപ്പെടാമായിരുന്നു."

"നമ്മൾ സങ്കല്പിക്കാത്തതിനെക്കാൾ കൂടുതൽ പബ്ലിസിറ്റി ഈ നാടകത്തിനുണ്ട്." അരുൺ ചന്ദിർ തുടർന്നു: "നാളത്തെ പത്രങ്ങളിൽ വാർത്തയായി കൊടുക്കുവാനാണ് ഫോട്ടോ എടുക്കുന്നത്. നാളെ അവതരിപ്പിക്കുന്ന നാടകം ടി.വി.ക്കാരും റിക്കാർഡ്ചെയ്ത് ടെലികാസ്റ്റ് ചെയ്യുന്നുണ്ട്. ഒരു ചെറിയ താരപരിവേഷമൊക്കെ ഇതോടെ നമ്മൾക്കും ലഭിക്കും."

ഒരു ബൈക്കിന്റെ ശബ്ദം ആ തിരക്കുകൾക്കിടയിലൂടെ അഭിനയയുടെ കാതുകളിലെത്തി. അത് പ്രസാദിന്റെ ബൈക്കിന്റെ ശബ്ദമാണെന്ന് അവൾക്കു മനസ്സിലായി. തന്നെ ആ വേഷത്തിൽ കണ്ടാൽ പ്രസാദ് എന്തു പറയുമെന്നതിനെപ്പറ്റിയും അവൾ ചിന്തിച്ചു. അടുത്തുതന്നെ ഇരിക്കുന്ന അരുൺ ചന്ദിനെക്കൂടി അവൻ കണ്ടാലോ? അവന് അരുതാത്ത എന്തെങ്കിലും സംശയം തോന്നുമോ? ഇല്ല, പ്രസാദിന്റെ മനസ്സ് അത്രയും സങ്കുചിതമല്ല. സ്വന്തം കാമുകിയുടെ കാര്യത്തിൽ ഏതൊരു യുവാവും സ്വാർത്ഥനാണല്ലോ? വേണ്ട അവന് വെറുതെയൊരു സംശയത്തിന് ഇട നൽകേണ്ട. അഭിനയ അരുൺ ചന്ദിറിനു മുന്നിലെ കസേരയിൽനിന്നും എഴുന്നേറ്റ് ജാലകത്തിനടുത്തേക്കു നടന്നു. ചുറ്റുവട്ടത്തുനിന്നും തിരക്കുകളുടെ ശബ്ദം ഉയർന്നുകൊണ്ടിരുന്നു.

പ്രസാദ് അവിടേക്കുവന്നപ്പോൾ അഭിനയ സ്വാഗതംചെയ്തു. അവന്റെ വിശേഷങ്ങൾ തിരക്കി. പിന്നെ ഒരു കുസൃതിയോടെ, "എങ്ങനെയുണ്ട് എന്റെ വസ്ത്രങ്ങൾ? ഇപ്പോൾ കണ്ടാൽ ജൂലിയറ്റ് ആണെന്ന് തോന്നുമോ?"

പ്രസാദ് കൃത്രിമഗൗരവത്തിൽ പരിഹസിച്ച് പറഞ്ഞു: "എനിക്ക് തോന്നുന്നത് അങ്ങനെയല്ല. ഏതോ ഒരു സിനിമയിലെ അഭിസാരിക സ്ത്രീ

ധരിച്ച വസ്ത്രംപോലെയാണ്."

അഭിനയ വിട്ടുകൊടുക്കാൻ ഭാവമില്ലാതെ പറഞ്ഞു: "ഒരു ഗ്രാമത്തിൽനിന്നും അതിന്റെ മുഴുവൻ പരിശുദ്ധിയോടുകൂടിയാണ് ഞാനീ നഗരത്തിലെത്തിയത്. ഇവിടെവച്ച് പരിചയപ്പെട്ട് ഇഷ്ടപ്പെട്ട യുവാവ് നീയും." അഭിനയ തെല്ല് ശബ്ദം താഴ്ത്തി: "അഭിസാരിക... അങ്ങനെ വല്ലതും ആയെങ്കിൽ അതിന്റെ ഉത്തരവാദിത്വം നിനക്കാണ്."

"നമ്മൾക്ക് ഒന്ന് പുറത്തേക്കിറങ്ങാം." പ്രസാദ് പറഞ്ഞു: " ഈ തുണിയെല്ലാം ഒന്ന് വേഗന്ന് പറിച്ചുകളയ്."

"അയ്യടാ... തുണിയില്ലാതെ ഞാൻ നിന്റെകൂടെ വരണമോ? അങ്ങനെ വല്ല മോഹവുമുണ്ടെങ്കിൽ നീ വേറെ പെണ്ണ് അന്വേഷിച്ചോ?"

അരുൺ ചന്ദിർ അവരുടെ സംഭാഷണമെല്ലാം കേട്ട് ആസ്വദിച്ചിരിക്കുകയാണ്. അതിൽ പങ്കെടുക്കണമോ എന്ന് പലവട്ടം ആലോചിച്ചു. അഭിനയയും പ്രസാദും തീരെ ഗൗനിക്കാത്തതിനാൽ അരുൺ ചന്ദിറിന് അതിന് അവസരം ലഭിച്ചില്ല.

"എടാ നിന്റെ പഠനം എവിടെവരെയായി?" അഭിനയ തുടർന്നു: "ഇനിയും അല്പം ചില പരിപാടികൂടി ഇവിടെയുണ്ട്. മാത്രമല്ല ചുറ്റിക്കറങ്ങാൻ പറ്റിയ മാനസികാവസ്ഥയിലല്ല ഞാൻ. നീ ഇന്ന് നല്ല കുട്ടിയായി അടങ്ങിയൊതുങ്ങി വീട്ടിലേക്ക് പൊയ്ക്കൊള്ളൂ."

"അതിന് നിന്റെ ഉപദേശമൊന്നും വേണ്ട." തെല്ല് പ്രതിഷേധത്തോടെ: "വീട്ടിലേയ്ക്കാണോ ബാറിലേയ്ക്കാണോ പിന്നെ മറ്റെവിടേക്കെങ്കിലുമാണോ പോകേണ്ടതെന്ന് തീരുമാനിക്കുന്നത് ഞാനാണ്."

പ്രസാദ് രോഷത്തോടെ ഭിത്തിയുടെ സൈഡിലിരുന്ന ചെടിച്ചട്ടിക്കിട്ട് ഒരു തൊഴി. അത് തറയിലേക്ക് മറിഞ്ഞുവീണുടഞ്ഞു. ശബ്ദംകേട്ട് അവിടെ നിന്നിരുന്നവർ മുഴുവൻ അവിടേക്ക് നോക്കി. പ്രസാദ് വേഗന്നുതന്നെ അവിടെനിന്ന് നടന്നകന്നു. അവിടേക്കുവന്ന വർക്കിസാർ അഭിനയയോടു പറഞ്ഞു: "സാരമില്ല കുട്ടി. ഇതൊക്കെ പ്രണയത്തിന്റെ ഓരോരോ രസങ്ങളല്ലെ!"

അഭിനയ നിറയാൻ തുടങ്ങിയ കണ്ണുകളോടെ വർക്കിസാറിനെ നോക്കി പറഞ്ഞു: "വേണ്ടിയിരുന്നില്ല, ഈ നാടകവും അഭിനയവുമൊന്നും."

വർക്കിസാർ അഭിനയയേയുംകൂട്ടി അടുത്ത മുറിയിലേക്കു നടന്നു. ശാന്തമായ ആ മുറിക്ക് കുളിർമ പകർന്നുകൊണ്ട് സീലിങ് ഫാൻ കറങ്ങിക്കൊണ്ടിരുന്നു. അഭിനയയെ ഒരു കസേരയിലിരുത്തി. പാത്രത്തിൽനിന്നും ഒരു ഗ്ലാസ് വെള്ളമെടുത്തുകൊണ്ട് വർക്കിസാർ പറഞ്ഞു: "മാനസികപിരിമുറുക്കത്തിന് ഏറ്റവും നല്ലതാണ് തണുത്ത വെള്ളം. ഒരു ഗ്ലാസ്സങ്ങു ചെന്നാൽ മനസ്സ് താനെ ശാന്തമായിക്കൊള്ളും."

അഭിനയ മെല്ലെ വെള്ളം കുടിച്ചുകഴിഞ്ഞ് ഗ്ലാസ് മേശമേൽ വച്ചു. വർക്കിസാർ അവളുടെ മനസ്സിനെ സംഘർഷകരമായ ചിന്തകളിൽനിന്നും തിരിക്കുവാനായി അടുത്ത ദിവസം അവതരിപ്പിക്കുന്ന നാടകത്തെപ്പറ്റി

ഓരോന്ന് പറഞ്ഞുകൊണ്ടിരുന്നു. വർക്കിസാർ പറഞ്ഞുനിർത്തിയപ്പോൾ അഭിനയ പ്രസാദിനെ ന്യായീകരിച്ചുകൊണ്ടു പറഞ്ഞു: "പ്രസാദിന്റെ മാന സികാവസ്ഥ മനസ്സിലാക്കുവാൻ കഴിയുന്ന ഏക വ്യക്തി ഞാൻ മാത്രമാണ്. ഐ.എ.എസ്സിന്റെ മെയിൻസ് രണ്ടുപ്രാവശ്യം നേടിയതാണ്. ഇന്റർവ്യൂവിൽ അവന് എന്തോ വിജയിക്കുവാൻ കഴിയുന്നില്ല. ഇനി അവനു മുന്നിൽ ഒരു ചാൻസുകൂടിയേയുള്ളൂ. പഠിച്ച് ഭ്രാന്തുപിടിക്കുമ്പോഴാണ് അവനെന്നെ കാണുവാൻ വരുന്നത്. ഒരു റിലാക്സിന്."

ഒരു നിശബ്ദതക്ക് വിരാമമിട്ടുകൊണ്ട് അഭിനയ തുടർന്നു: "കാഴ്ച യിലും പെരുമാറ്റത്തിലും അവനൊരു പരുക്കനാണ്. ആ പരുക്കൻഭാവവും ആരെയും കൂസാത്ത സ്വഭാവവുമാണ് എന്നെ അവനിലേക്ക് ആകർഷിച്ച തെന്നു തോന്നുന്നു. അടുത്തുകഴിഞ്ഞപ്പോൾ ആ മനസ്സിന്റെ നന്മകൾകൂടി എന്നെ ആകർഷിച്ച ഘടകമാണ്."

"പ്രണയം—അത് മനോഹരമായ ഒരു വികാരമാണ്. അതിനെമാത്രം ഞാൻ എതിർക്കില്ല." വർക്കിസാർ ഒരു തത്ത്വചിന്തകനെപ്പോലെ തുടർന്നു: "അത്രയും മനോഹരമായ മറ്റൊന്നില്ല. പ്രണയം ഒരു വ്യക്തിയിൽ മരിച്ചാൽ അത് അടിസ്ഥാനപരമായി അവന്റെതന്നെ മരണമാണ്. ആറുവയസ്സുകാരൻ പ്രണയിക്കുന്നത് അവന്റെ അമ്മയെത്തന്നെ ആയിരിക്കുമ്പോൾ അറുപതു വയസ്സുകൾ പിന്നിട്ടവർ പ്രണയിക്കുന്നത് തന്റെ കൊച്ചുമക്കളെത്തന്നെ ആയി രിക്കാം. ഇത് നിർദോഷമായ പ്രണയത്തിന്റെ ആദ്യവും അന്ത്യവുമായ രണ്ട റ്റങ്ങളാണ്. ഇതിനിടയിലുണ്ടാകുന്ന പ്രണയങ്ങളാണ് പൂത്തുലഞ്ഞുനി ല്ക്കുന്ന ഉദ്യാനംപോലെ സമൃദ്ധമായ വർണ്ണവും സുഗന്ധവും പ്രസരിപ്പി ക്കുന്നത്."

അവർക്കിടയിൽ വീണ്ടും ഒരു നിശബ്ദത നിറഞ്ഞു. സീലിങ് ഫാനിന്റെ മൃദുവായ കാറ്റ് ആ മുറിയെ കുളിരണിയിച്ചുകൊണ്ടിരുന്നു. ആ നിശബ്ദതയ്ക്കും അസ്വസ്ഥകരമായ അന്തരീക്ഷത്തിനും വിരാമമിട്ടുകൊണ്ട് അഭിനയ തിരക്കി: "സാറിന്റെ കുടുംബത്തെപ്പറ്റിയൊന്നും പറഞ്ഞില്ലല്ലോ?"

"പ്രണയത്തെപ്പറ്റി അല്പം വാചാലനായ ഞാൻ പ്രണയിച്ചോ എന്ന് അറിയുവാനായിരിക്കും അഭിനയ ശ്രമിക്കുന്നതല്ലെ?" വർക്കിസാർ ചിരിച്ചു കൊണ്ട് ചോദിച്ചു.

അഭിനയ എന്തെങ്കിലും പറയുന്നതിനുമുമ്പ് വർക്കിസാർതന്നെ പറ ഞ്ഞുതുടങ്ങി: "പ്രണയത്തെപ്പറ്റി വാചാലമായി പറയുകയും അത്യാവശ്യ മെഴുതുകയും ചെയ്യുന്ന എന്റെ ജീവിതത്തിൽ പ്രണയം ഒരു സങ്കല്പം മാത്ര മായിരുന്നു. അല്ലെങ്കിൽ എത്താത്ത മുന്തിരിങ്ങയുടെ പുളിപ്പ് മാത്രമായിരു ന്നു." ഒരു നെടുവീർപ്പോടെ വർക്കിസാർ തന്റെ ഭൂതകാലം ഓർമ്മിച്ചുകൊണ്ട് പറഞ്ഞുതുടങ്ങി: "ആദ്യവിവാഹം വീട്ടുകാർ ആലോചിച്ച് നിശ്ചയിച്ചുറപ്പിച്ച തായിരുന്നു. രണ്ടുമാസം തികയുന്നതിനുമുമ്പ് അവൾക്കെന്നെ മടുത്തു. അര സികൻ... സ്വാർത്ഥൻ... സ്നേഹമില്ലാത്തവൻ... കഴവില്ലാത്തവൻ എന്നെല്ലാ

മുള്ള വിശേഷണങ്ങൾ നല്കി അവൾ എന്നെ ഉപേക്ഷിച്ചിറങ്ങി. പിന്നെയാണ് അറിയുന്നത് മുൻ കാമുകനോടൊപ്പം ബോംബെയിലെ ഏതോ കമ്പനിയിൽ ജോലിയുമായി സന്തോഷത്തോടെ കഴിയുന്നു എന്ന്. ചീഞ്ഞളിഞ്ഞുപോയ ആദ്യവിവാഹത്തിനുശേഷം വിവാഹംതന്നെ വേണ്ടന്നു തീരുമാനിച്ചു. അങ്ങനെ കഴിയുമ്പോൾ പഠിപ്പിച്ചുകൊണ്ടിരുന്ന ഒരു പെൺകുട്ടി പ്രണയാഭ്യർത്ഥനയുമായി വന്നു. അത് നാട്ടിൽ പാട്ടായി. കഥകൾ പലതും പരന്നു. അവസാനം അവളെ വിവാഹംകഴിക്കുകയും ചെയ്തു. അത് തട്ടിയും മുട്ടിയും എല്ലാം മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ മകനോടൊപ്പം അവൾ സ്റ്റേറ്റ്സിലാണ്. ഇന്ത്യക്കാർക്ക് കൾച്ചറില്ല. അതുകൊണ്ട് അവളും മകനും ഇവിടേക്കില്ലെന്നും പറഞ്ഞു. മകനെയും ഭാര്യയെയും വേണമെങ്കിൽ അവിടേക്കു ചെല്ലുവാനാണ് അവർ പറയുന്നത്." വർക്കിസാർ ചിരിച്ചുകൊണ്ട് തുടർന്നു: "കൃഷ്ണദാസ് പറഞ്ഞതുപോലെ ഞാനിപ്പോൾ കഥകളെയും കഥാപാത്രങ്ങളെയും നെഞ്ചിലേറ്റി അവർക്കു രൂപവും ഭാവവും നൽകി പ്രണയിച്ച് കഥയില്ലാതെ കഴിയുന്നു."

വർക്കിസാർ കൂസലില്ലായ്മയോടെയാണ് ഇതെല്ലാം പറഞ്ഞതെങ്കിലും ഒന്നും ചോദിച്ച് ആ മനുഷ്യനെ ബുദ്ധിമുട്ടിക്കേണ്ടായിരുന്നുവെന്ന് അഭിനയയ്ക്കു തോന്നി. ദുഃഖങ്ങൾ പേറുന്ന കഥാപാത്രങ്ങൾ. ആ കഥാപാത്രങ്ങൾക്കു ജീവൻ നല്കുന്ന ദുഃഖിതരുടെ ഒരു നീണ്ട നിര... അതാണ് ഓരോ നാടകക്യാമ്പിലെയും പ്രവർത്തകരുടെ അവസ്ഥ. അഭിനയയുടെ മസ്തിഷ്ക്കത്തിലൂടെ പലവിധ ചിന്തകൾ മിന്നിമറഞ്ഞുകൊണ്ടിരുന്നു.

ഫോട്ടോകൾ എടുക്കുവാനുള്ള സംഘം എത്തിയെന്നറിയിച്ചപ്പോഴാണ് അഭിനയ ചിന്തകളുടെ ലോകത്തുനിന്നും ഉണർന്നത്. വർക്കിസാറും അവൾക്കടുത്തുതന്നെ ചിന്തകളുടെ മറ്റൊരു ലോകത്തായിരുന്നു. അദ്ദേഹവും ചിന്തകളിൽനിന്നും ഉണർന്നു. അവർ ഫോട്ടോകൾ എടുക്കുവാനായി തയ്യാറാക്കി വച്ചിരിക്കുന്ന സ്റ്റേജിന് അടുത്തേക്കു നടന്നു.

അഭിനയയെ ജൂലിയറ്റിന്റെ വസ്ത്രങ്ങൾ മാത്രമല്ല മുഴുവൻ ഒരുക്കങ്ങളോടുകൂടി ഫോട്ടോ എടുക്കണമെന്ന നിർദ്ദേശം അവർക്കിടയിൽ ഉയർന്നുവന്നു. ഒരുക്കങ്ങൾക്കായി അല്പം താമസിച്ചാലും കുഴപ്പമില്ല എന്ന അഭിപ്രായത്തിലായിരുന്നു അവർ.

സ്വർണ്ണമുടികൾകൊണ്ട് നെയ്തെടുത്ത വിഗ് തലയിൽപിടിപ്പിച്ചു. അരയൊപ്പം പടർന്നുകിടക്കുന്ന സ്വർണ്ണമുടികൾ. തലയിൽ രത്നങ്ങൾ പതിപ്പിച്ച കട്ടിയുള്ള റിബൺകൊണ്ട് വട്ടത്തിലൊരു കെട്ട്. കൈയിൽ മനോഹരമായ ഒരു ചുവന്ന റോസാപുഷ്പം. ഒറ്റയുടുപ്പായി നെയ്തെടുത്ത ഉടയാടയിലെ സ്വർണ്ണക്കസവുകൾ അവളുടെ ചലനത്തിനനുസരിച്ച് മിന്നിത്തിളങ്ങി. കാലിലെ കറുത്ത ഷൂസിനുപോലും ആകർഷകമായ തിളക്കമുണ്ട്.

പൂർണ്ണമായും അണിഞ്ഞൊരുങ്ങി കണ്ണാടിക്കുമുന്നിൽ നിന്നപ്പോൾ

ഒരു താരത്തിന്റെ ജനനം

അഭിനയയ്ക്കുതന്നെ അവളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒരു വിശ്വസുന്ദരി മുന്നിൽനില്ക്കുന്നു! അവൾ സ്വയമൊന്നു പുഞ്ചിരിച്ചു. കണ്ണാടിയിലെ ജൂലിയറ്റിന്റെ പല്ലുകൾക്കുവരെ വെളുത്ത രത്നങ്ങളുടെ നിറവും ശോഭയുമുണ്ടെന്ന് അവൾക്കു മനസ്സിലായി. കൺമഷിയെഴുതിയ കണ്ണുകൾക്ക് കൂടുതൽ ചൈതന്യം വന്നിരിക്കുന്നു.

വർക്കിസാർ അവിടേക്കുവന്ന് അഭിനയയെ ക്ഷണിച്ചു. "പുറത്ത് അവരെല്ലാം ജൂലിയറ്റിനെ കാണുവാൻ കാത്തിരിക്കുന്നു."

അഭിനയ നടന്നുതുടങ്ങിയപ്പോൾ സ്വർണ്ണമുടിയും പറന്നുനില്ക്കുന്ന വസ്ത്രങ്ങളും പുതിയൊരനുഭവമായി. വർക്കിസാർ അവളുടെ കൈക്കുപിടിച്ച് ഫോട്ടോഗ്രാഫർമാരുടെയും കാണികളുടെയും മുന്നിലേക്കു നിറുത്തി. ആശ്ചര്യം നിറഞ്ഞ മുഖങ്ങളുമായി അവളെത്തന്നെ സാകൂതം നോക്കിനില്ക്കുന്നവരെ നോക്കി അഭിനയ മന്ദഹസിച്ചു. ഫ്ളാഷുകൾ മിന്നി. വീഡിയൊ പിടിക്കുന്നവരുടെ ലൈറ്റിന്റെ പ്രകാശം അവളെ പൊതിഞ്ഞുതന്നെ നിന്നു.

അഭിനയയുടെ മനസ്സ് ഒരു നിമിഷം ചിന്തകളുടെ ലോകത്തേക്ക് പറന്നുയർന്നു. സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കിറങ്ങിവന്ന സുന്ദരശില്പത്തെ കാണുവാൻ തിങ്ങിനില്ക്കുന്ന ഭൂമിയിലെ ലൗകികരായ മനുഷ്യർ! അവരുടെ ചലനങ്ങളും പെരുമാറ്റവുംതന്നെ വിചിത്രമാണ്! സ്വാർത്ഥതയെയും കാമത്തെയും ഉള്ളിലൊതുക്കിയ മനുഷ്യക്കോലങ്ങൾ! ആരാധിക്കുവാൻ ഒരു വിഗ്രഹത്തിനായി കാത്തിരിക്കുന്നവർ!

അവിടെ കൂടിനിന്ന ചില ചെറുപ്പക്കാർ അവരുടെതായ ചില അഭിപ്രായങ്ങൾ പറഞ്ഞു: "ജൂലിയറ്റിന്റെ ഗ്ലാമറിനുമുന്നിൽ റോമിയോ നിഷ്പ്രഭനായി." മറ്റൊരാൾ പറഞ്ഞു: "നമ്മൾ ഭാരതീയർ സ്ത്രീകൾക്ക് എന്നും പരമപ്രധാനമായ സ്ഥാനം നല്കുന്നു. വേണ്ടിവന്നാൽ മാതൃസ്ഥാനംവരെ." അപ്പോൾ മൂന്നാമൻ തലയിൽ ചൊറിഞ്ഞുകൊണ്ടു പറഞ്ഞു: "ബലാൽസംഗവും ബാലികമാരെ പീഡിപ്പിക്കലും ഈ മാതൃഭക്തിയുടെ ഭാഗംതന്നെയാണ്. അതു മനസ്സിലാക്കുവാൻ നീതിപീഠത്തിനും വാർത്താമാധ്യമങ്ങൾക്കും കഴിയുന്നില്ലല്ലേ?" നാലാമൻ അവന്റെ അഭിപ്രായം പറഞ്ഞു: "വാർത്തകൾ നല്കി ഒരു സമൂഹപ്രാർത്ഥനപോലെ അല്ലെങ്കിൽ ബലികർമ്മംപോലെ... സ്ത്രീമഹത്ത്വത്തെ ഉയർത്തുന്നതിന്റെ ഭാഗമാണിതെല്ലാം..."

തിരക്കുകളിൽനിന്ന് തെല്ല് അകന്നുനിന്ന് ചെറിയൊരു പുഞ്ചിരിയൊതുക്കി നോക്കിനില്ക്കുന്ന റോസ്മേരിയെ അപ്പോഴാണ് അഭിനയ കണ്ടത്. അവൾ ഉയർന്നുവന്ന ആശ്ചര്യമൊതുക്കി റോസ്മേരിയെ നോക്കി പുഞ്ചിരിച്ചു. 'കോട്ടയംകാരത്തി അച്ചായത്തി'യെന്നാണ് സുഹൃത്തുക്കൾ റോസ്മേരിയെ വിളിക്കുന്നത്. അവളുടെ അപ്പന് റബറും തെങ്ങും ഏക്കറുകണക്കിനുണ്ട്. അതുകൊണ്ടുതന്നെ അവൾ അല്പം ലാവിഷുമാണ്.

ഫോട്ടോ എടുത്തുകഴിഞ്ഞ ഉടൻതന്നെ അഭിനയ വസ്ത്രങ്ങളെല്ലാം

മാറി. വർക്കിസാറിന്റെ അടുത്തെത്തി യാത്രപറഞ്ഞു. നാളെ രാത്രിയിലാണ് നാടകമെങ്കിലും മദ്ധ്യാഹ്നത്തിനുമുമ്പുതന്നെ എത്തണമെന്ന് വർക്കിസാർ ഓർമ്മിപ്പിച്ചു.

അഭിനയ വേഗന്നുതന്നെ റോസ്മേരിയുടെ അടുത്തെത്തി. റോസ്മേരി പുതിയ നടിയെ വിടർന്ന കണ്ണുകളോടെ നോക്കിനിന്നു. അഭിനയ തിരക്കി: “എന്നെനോക്കി പരിഹസിക്കുകയാണോ?”

ഗവേഷണമൊക്കെ നിറുത്തി അഭിനയം തുടങ്ങിയ വിവരം ഇപ്പോഴാ അറിയുന്നത്.” റോസ്മേരി തെല്ല് പരിഹാസത്തോടെ തുടർന്നു: “നിനക്ക് എന്നോടൊന്നു പറയാമായിരുന്നില്ലെ, എങ്കിൽ അപ്പനോടു പറഞ്ഞ് വല്ല സിനിമയിലും ചാൻസ് മേടിച്ചു തരാമായിരുന്നല്ലോ?

“മതി വാരിയത്.” അഭിനയ പറഞ്ഞു: “ഒരു പ്രത്യേക സാഹചര്യത്തിൽപ്പെട്ട് അഭിനയിച്ചുപോയതാ.”

“അല്ല, നിന്റെ ആഗമനോദ്ദേശം എന്താണെന്നു പറഞ്ഞില്ലല്ലോ?” അഭിനയ തിരക്കി.

“ആഗമനോദ്ദേശം പലതാണ്.” റോസ്മേരി തുടർന്നു: “ആദ്യത്തെ ഉദ്ദേശം നിന്നെ ഒന്നു കാണുകയെന്നതുതന്നെ. പിന്നെ കുറച്ചുദിവസം നിന്നൊടൊപ്പം നഗരത്തിൽ ചുറ്റിക്കറങ്ങണമെന്നുണ്ട്. എന്താ നിനക്ക് സമയമില്ലേ?”

അഭിനയ അതിന്റെ ഉത്തരമായി ചിരിച്ചതേയുള്ളു.

അഭിനയയുടെ കാറിൽ അവർ നഗരത്തിലെ തിരക്കുകളിലൂടെ യാത്ര ചെയ്ത് ഒരു ഐസ്ക്രീം പാർലറിനു മുന്നിലെത്തി.

“എന്താ നിനക്ക് ഐസ്ക്രീം കഴിക്കാൻ തോന്നുന്നുണ്ടോ?” അഭിനയ തിരക്കി.

‘‘ഐസ്ക്രീം കഴിക്കേണ്ട പ്രായമെല്ലാം കഴിഞ്ഞു. അതിനോട് ഇപ്പോൾ വലിയ താത്പര്യവുമില്ല.” റോസ്മേരി ചെറുകുസൃതിയോടെ പറഞ്ഞു: “നല്ല ചൂടു ചായയാണെങ്കിൽ ഒരു കൈ നോക്കാം.”

“പെൺകുട്ടികൾ അമിതമായി ചായകുടിച്ചുതുടങ്ങിയാൽ അതിന്റെ ലക്ഷണം കല്യാണം കഴിച്ചുവിടണമെന്നാ.” അഭിനയ ചെറു പരിഹാസത്തോടെ തുടർന്നു: “റബ്ബറിന്റെയും തെങ്ങിന്റെയും പിന്നാലെ നടക്കുന്നതിനിടയിൽ പെണ്ണ് ചായകുടിച്ചോ എന്ന് ശ്രദ്ധിക്കാൻ ആർക്കാണ് നേരം.”

അവർ പൊട്ടിച്ചിരിച്ചുകൊണ്ട് കാറിൽനിന്നുമിറങ്ങി. നല്ലൊരു ഹോട്ടലും നോക്കി നഗരത്തിലെ തിരിക്കിനിടയിലൂടെ കുശലങ്ങളും കുസൃതികളും പറഞ്ഞ് നടന്നു.

# 5

# യാത്രയിലെ സുഹൃത്തുക്കൾ

**ഷേ**ക്സ്പിയർ വർക്കി രംഗസംവിധാനം വിർവ്വഹിച്ച റോമിയോയും ജൂലിയറ്റും ഒരു വിജയമായിരുന്നെന്ന കാര്യത്തിൽ ഏറെപ്പേർക്കും രണ്ടഭിപ്രായമില്ലായിരുന്നു. ഭാഷയുടെ അതിരുകളെ മറികടന്ന് ആകർഷണീയമായ രീതിയിൽ കാലത്തിലേക്കു പറിച്ചുനട്ട സംഭാഷണവും രംഗാവിഷ്ക്കാരവുമാണ് നാടകത്തിന്റെ ആകർഷണീയത വർദ്ധിപ്പിച്ചതെന്ന് ചിലർ വിലയിരുത്തിയപ്പോൾ ജൂലിയറ്റിന്റെ വേഷം ചെയ്ത പെൺകുട്ടിയാണ് ഏറ്റവും ശ്രദ്ധാകേന്ദ്രമായതെന്ന അഭിപ്രായക്കാരുമുണ്ടായിരുന്നു.

ചില പ്രധാന പത്രങ്ങൾ മുൻപേജിൽത്തന്നെ നാടകാവതരണത്തിന്റെ ചിത്രവും വാർത്തയും കൊടുത്തു. എല്ലാം നല്ല അഭിപ്രായങ്ങൾ മാത്രം. അത്രയൊന്നും പ്രചാരമില്ലാത്ത ഒരു പത്രത്തിന്റെ അകത്താളുകളിൽ പ്രസാദും ആ നാടകത്തെപ്പറ്റിയെഴുതി. തികച്ചും വേറിട്ട ഒരു നിരീക്ഷണമായിരുന്നു അത്. നാടകത്തിന്റെ ആത്മാവിനെ പൂർണ്ണമായും അവഹേളിച്ച രംഗാവതരണമെന്നാണ് പ്രസാദ് അതിനെ വിലയിരുത്തിയത്. ചപലമായ സംഭാഷണരീതിതന്നെ ഏറെ അരോചകമായിരുന്നു. ആത്മാർത്ഥതയില്ലാത്തതും കഥാപാത്രസത്തയെ ഉൾക്കൊള്ളുവാൻ പ്രാപ്തിയില്ലാത്തതുമായ നടീനടന്മാർ നടത്തിയ അഭിനയം യഥാർത്ഥത്തിൽ ആഭാസകരംതന്നെയായിരുന്നു. ജൂലിയറ്റിന്റെ വേഷത്തിൽ വന്ന യുവതി അഭിനയിക്കുകയാണോ അതോ വിലകൂടിയ മനോഹരമായ ഉടയാടകൾ അണിഞ്ഞ്, പൊതുവെ സുന്ദരമായ ശരീരത്തിന്റെ ചലനങ്ങൾകൊണ്ട് അനുവാചകനെ ആകർഷിക്കുവാൻ ശ്രമിക്കുകയാണോയെന്ന് തിരിച്ചറിയുവാൻതന്നെ കഴിയുന്നില്ല. പ്രസാദ് എഴുതി അവസാനിപ്പിച്ചത് ശ്രദ്ധേയമായ ഒരു വിലയിരുത്തലോടെ ആയിരുന്നു. ഷേക്സ്പിയറുടെ നാടകങ്ങൾക്ക് എന്നും നല്ല വിപണന സാദ്ധ്യതയുണ്ടായിരുന്നല്ലോ. ആ സാധ്യതയെ പൂർണമായും പ്രയോജനപ്പെടുത്താൻ കഴിഞ്ഞെന്ന അർത്ഥത്തിൽ ഈ നാടകാവതരണവും വിജയമാണെന്നു പറയാം.

ഫോണിലൂടെ പലരും അഭിനയയെ വിളിച്ച് അഭിനന്ദിച്ചുകൊണ്ടിരുന്നു. ഒറ്റ ദിവസംകൊണ്ട് ജീവിതത്തിൽ ഒരുപാട് വളർന്നതായി അവൾക്കു തോന്നി. ഗായത്രീദേവിയും റോസ്മേരിയും അഭിനയയുടെ അഭിനയത്തെ നിർലോഭം പ്രശംസിച്ചുകൊണ്ടിരുന്നു. അവർ പത്രത്തിലെ വാർത്തകളും ചിത്രങ്ങളുമെല്ലാം ശേഖരിച്ചുവയ്ക്കുന്നതിൽ ഏറെ ശ്രദ്ധിക്കുകയും ചെയ്തു.

പ്രസാദ് ഒരിക്കൽപോലും ഫോൺ വിളിക്കാത്തതിൽ അഭിനയയ്ക്ക് വല്ലായ്ക തോന്നി. മറ്റുള്ളവരുടെ അഭിപ്രായപ്രകടനം ശരിയല്ലെന്ന് അവൾക്കു തോന്നി. അവളത് ഗായത്രിയാന്റിയോടും റോസ്മേരിയോടും പറയുകയും ചെയ്തു. ഓരോരുത്തർക്കും ഓരോരോ കർമ്മത്തെപ്പറ്റിയും ഓരോ അഭിപ്രായമല്ലെയുള്ളതെന്ന് ഗായത്രീദേവി പറഞ്ഞപ്പോൾ റോസ്മേരി പ്രതികരിച്ചത് മറ്റൊരു രീതിയിലാണ്. "സ്ത്രീകളുടെ വളർച്ചയിൽ എന്നും അസൂയാലുക്കൾ പുരുഷന്മാർതന്നെയായിരുന്നു. സഹോദരിയുടെ വളർച്ചയിൽ സഹോദരനും ഭാര്യയുടെ വളർച്ചയിൽ ഭർത്താവും കാമുകിയുടെ വളർച്ചയിൽ കാമുകനും എന്നും മുഖംതിരിച്ചു നിന്നിട്ടേയുള്ളു."

"അത് നീതന്നെ പറയണം." അഭിനയ ആന്റിയെ നോക്കി കണ്ണിറുക്കി പുഞ്ചിരിച്ചുകൊണ്ട് തെല്ല് സ്വാതന്ത്ര്യത്തോടെ തുടർന്നു: "ദിവസംതോറും പുതിയ കാമുകന്മാരെ കണ്ടെത്താനുള്ള നിന്റെ ശ്രമത്തെ നീ തന്നെ ഒന്നു ന്യായീകരിച്ചാൽ നന്നായിരുന്നു."

"അത് സ്ത്രീസ്വാതന്ത്ര്യം." റോസ്മേരി പുഞ്ചിരിച്ചുകൊണ്ട് തെല്ല് ഭാവം മാറ്റി: "ആരിലും കടിച്ചുതൂങ്ങാനൊന്നും ഞാൻ ശ്രമിക്കാറില്ല. വാസ്തവത്തിൽ ബുദ്ധിമതികളായ പെൺകുട്ടികളുടെ അല്ലെങ്കിൽ സ്ത്രീകളുടെ കൈകളിൽ പുരുഷന്മാർ കേവലം കളിക്കോപ്പുകളാ. ലോകചരിത്രം പരിശോധിച്ചാൽ സ്ത്രീസൗന്ദര്യത്തിനു മുന്നിൽ പിടഞ്ഞുവീഴാത്ത ഏതു പ്രഗല്ഭനാണുള്ളത്."

"മതി മതി നിന്റെ തർക്കശാസ്ത്രം" അഭിനയ തുടർന്നു: "ആന്റി ഇതെല്ലാം കേട്ടാൽ തലകറങ്ങി വീഴും."

ഗായത്രീദേവി പുഞ്ചിരിച്ചുനിന്നതേയുള്ളു.

"ആന്റി, ഇതാണ് പറയുന്നത് സ്ത്രീസ്വാതന്ത്ര്യത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നത് സ്ത്രീകൾതന്നെയാണെന്ന്." റോസ്മേരി ന്യായീകരണത്തോടെ പറഞ്ഞു: "പറയാനുള്ള സ്വാതന്ത്ര്യമെങ്കിലും നമ്മൾക്കു വേണ്ടേ?"

അവർ സംസാരിച്ചുനില്ക്കുമ്പോൾ വീടിനു മുന്നിലേക്ക് ഒരു പഴയ കാർ വന്നുനിന്നു. കാറ് കണ്ടപ്പോഴെ അഭിനയയ്ക്ക് മനസ്സിലായി അത് വർക്കിസാറിന്റെതാണെന്ന്. വർക്കിസാർ തനിച്ചാണ് കാറോടിച്ചുവന്നത്. ഡ്രൈവിങ് സീറ്റിൽനിന്നും ചുറുചുറുക്കോടെ പുറത്തേക്കിറങ്ങുന്ന വർക്കിസാറിനെ കണ്ടപ്പോൾ അഭിനയ ചിന്തിച്ചു; വർക്കിസാറിന് ചില ദിവസങ്ങൾകൊണ്ട് എങ്ങനെയാണ് ഇത്രയും യുവത്വം കൈവന്നത്. അറുപതുകൾ പിന്നിടുവാൻ തുടങ്ങുന്ന പ്രായത്തിന്റെ യാതൊരു സ്പർശവും ഇപ്പോൾ വർക്കിസാറിൽ കാണുവാനേയില്ല!

അഭിനയ അടുത്തേക്കു ചെന്ന് സാറിനെ സ്വീകരിച്ചു. "സാറിനെ ഒട്ടും

പ്രതീക്ഷിച്ചതല്ല. ഒന്ന് അറിയിച്ചിട്ട് വരാമായിരുന്നല്ലോ?" അഭിനയ ചോദിച്ചു.

"യാദൃച്ഛികതയാണ് ജീവിതം." വർക്കിസാർ തുടർന്നു: "യാദൃച്ഛികതയ്ക്ക് അതിന്റേതായ ഒരു മാധുര്യവുമുണ്ട്."

ഗായത്രിയും റോസ്മേരിയും അവിടേക്കു വന്നു.

അഭിനയ അവരെ വർക്കിസാറിന് പരിചയപ്പെടുത്തി: "ഇതാണ് ഗായത്രിയാന്റി." റോസ്മേരിയെ ചൂണ്ടി: "ഇത് എന്റെ പ്രിയ സുഹൃത്ത് റോസ്മേരി."

"സാറ് എങ്ങനെയാണ് ഇവിടേക്കുള്ള വഴി കണ്ടെത്തിയത്." അഭിനയ തിരക്കി.

"ആവശ്യക്കാരൻ അന്വേഷിക്കും." വർക്കിസാർ തുടർന്നു: "അന്വേഷിക്കുന്നവൻ കണ്ടെത്തും; അത്രതന്നെ."

അഭിനയ വർക്കിസാറിനെ അകത്തെ മുറിയിലേക്കു ക്ഷണിച്ചു. അവിടത്തെ സെറ്റി കാണിച്ച് അതിലിരിക്കുവാൻ പറഞ്ഞു.

വർക്കിസാർ മുറിക്കുള്ളിലേക്കു കടന്നുകഴിഞ്ഞ് ആ മുറിയും ചുറ്റുവട്ടവും നോക്കി വിലയിരുത്തി. പിന്നെ സെറ്റിയിലേക്കിരുന്നു.

"അഭിനയയെ തിരക്കുകളിൽനിന്നെല്ലാം ഒഴിവായി ഒന്നു കാണുവാനും നാടകത്തിൽ സഹകരിച്ചതിനും നന്നായി അഭിനയിച്ചതിനും നന്ദി പറയുവാനുമാണ് വന്നത്." വർക്കിസാർ മെല്ലെ തുടർന്നു: "അഭിനയയോട് നന്ദി പറയുന്നതിനൊപ്പംതന്നെ ഒരെതിർപ്പുംകൂടാതെ അഭിനയയെ അതിന് പറഞ്ഞയച്ച അഭിനയയുടെ ആന്റി ഗായത്രിക്കും ഞാൻ നന്ദിപറയുന്നു."

"അതിന് സാറിവിടെവരെ വന്ന് ബുദ്ധിമുട്ടണമെന്നില്ലായിരുന്നു." ഗായത്രി ചിരിച്ചുകൊണ്ട് തുടർന്നു: "ഫോണിലൂടെ പറഞ്ഞാൽത്തന്നെ ധാരാളമായി."

"യന്ത്രങ്ങൾ മനുഷ്യരുടെ സൗകര്യങ്ങൾക്കുവേണ്ടിയാണെന്നറിയാം. ഔപചാരികത ഒഴിവാക്കി എല്ലാവരെയും നേരിൽക്കണ്ട് സംസാരിക്കുന്നതിന്റെ സൗഹാർദ്ദപരമായ ലാളിത്യത്തെ പരിഗണിച്ചുകൂടിയാണ് വന്നത്." വർക്കിസാർ തുടർന്നു: "യന്ത്രങ്ങളെ അതിരുവിട്ട് ഉപയോഗിച്ചുപയോഗിച്ച് നമ്മളും മനുഷ്യയന്ത്രങ്ങളായിത്തീരുകയല്ലേ? ബന്ധങ്ങൾക്കുവരെ കൃത്രിമത്വം. ഒന്നു പുഞ്ചിരിച്ചാൽ അതിൽവരെ ഒരു ക്ലോസ്സുണ്ട്. എന്തു ലാഭം. എനിക്കു തോന്നുന്നത് സ്വാർത്ഥത ഇന്ന് അംഗീകരിക്കപ്പെട്ട മനുഷ്യന്റെ മൂല്യങ്ങളിലൊന്നായി തീർന്നിരിക്കുകയാണെന്നാണ്. അനുഭവം മനുഷ്യനെ ഒരുപാട് പഠിപ്പിക്കുന്നു. അനുഭവങ്ങളെല്ലാം പല വഴികളിലൂടെ തിക്തമായും അല്ലാതെയുമെല്ലാം നേടിക്കഴിയുമ്പോൾ വാർദ്ധക്യം പുല്കിക്കഴിയും. കുടഞ്ഞുതെറിപ്പിക്കുവാനോ തൂത്തെറിയുവാനോ കഴിയാത്തവിധത്തിൽ അത് നമ്മളെ കൂടുതൽ ശക്തിയോടെ പുല്കുന്നു. എനിക്കു തോന്നുന്നത് മനുഷ്യനും അവൻ കണ്ടെത്തി വളർത്തിയ ശാസ്ത്രവും പരാജയപ്പെട്ട് പകച്ചു

നില്ക്കുന്നത് വാർദ്ധക്യത്തിന്റെയും മരണത്തിന്റെയും മുൻപിലാണ്." വർക്കിസാർ ഒരു നെടുവീർപ്പോടെ പറഞ്ഞു: "കർമ്മംകൊണ്ട് കർമ്മപുണ്യംകൊണ്ട് മനുഷ്യന് ജീവിതത്തെ അർത്ഥപൂർണ്ണവും സന്തോഷകരവുമാക്കുവാൻ കഴിഞ്ഞാൽ അവൻ അത്രയും കൃതാർത്ഥനായി. ഞാൻ തത്ത്വശാസ്ത്രം പുലമ്പുകയൊന്നുമല്ല. നേരിട്ടുകണ്ട് സംസാരിക്കുന്നതിന് അതിന്റേതായ മഹത്ത്വവും ഊഷ്മളതയുമുണ്ട്."

ഗായത്രിദേവി തെല്ല് പരിഭവത്തോടെ പറഞ്ഞു: "സാറ് വന്നതിനെ ഞാൻ കുറ്റപ്പെടുത്തിയല്ല പറഞ്ഞത്. സാറ് വന്നത് ഞങ്ങൾക്കും സന്തോഷമാണ്."

"ഞാൻ വന്നതിന് ഒരു ഉദ്ദേശംകൂടിയുണ്ട്." വർക്കിസാർ ഗൗരവത്തിൽ തുടർന്നു: "ഷേക്സ്പിയറുടെ ഒഥെല്ലോ അടുത്തുതന്നെ അവതരിപ്പിക്കുവാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. അതിലെ ഡെസ്ഡിമോണായുടെ ഭാഗം അഭിനയ ചെയ്താൽ നന്നായിരിക്കുമെന്ന് പൊതുവെ ഒരഭിപ്രായമുണ്ട്. അഭിനയയുടെ സമ്മതത്തോടൊപ്പംതന്നെ അവളുടെ ലോക്കൽ ഗാർഡിയന്റെ സമ്മതംകൂടി വാങ്ങിക്കുവാനാണ് വന്നത്."

അഭിനയയും ഗായത്രിദേവിയും മുഖാമുഖം നോക്കി. ആരും സംസാരിക്കാതെനിന്നപ്പോൾ വർക്കിസാറ് തിരക്കി: "നിങ്ങൾക്കിത് ബുദ്ധിമുട്ടാകുമോ?"

"എനിക്ക് എതിർപ്പൊന്നുമില്ല." ഗായത്രി പറഞ്ഞു: "അഭിനയയുടെ ഒരുകാര്യത്തിലും ഞാൻ അതിരുകവിഞ്ഞ് ഇടപെടാറില്ല. അവൾക്കുതന്നെ അവളെപ്പറ്റി തീരുമാനിക്കുവാനുള്ള പ്രായവും പക്വതയുംമൊക്കെ ആയിട്ടുണ്ട്. അവളുടെ പഠനത്തെ ബാധിക്കുന്ന ഒരു കാര്യത്തിനും ഞാൻ കൂട്ടുനില്ക്കില്ല. അങ്ങനെയെന്തെങ്കിലും സംഭവിച്ചാൽ അവളുടെ അച്ഛനും അമ്മയും ചോദിക്കുന്നത് എന്നോടായിരിക്കും."

"ഞാൻ ഒരദ്ധ്യാപകനാണ്." വർക്കിസാർ തുടർന്നു: "എനിക്ക് ഈ സമൂഹത്തോട് ഒരു കടപ്പാടുണ്ട്. സമൂഹത്തോടുള്ള കടപ്പാടെന്നു പറഞ്ഞാൽ ഓരോ വ്യക്തിയോടുമുള്ള കടപ്പാടുതന്നെ. അഭിനയയുടെ ഗവേഷണ മേഖലയുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ടുമാത്രമാണ് ഞാനതിൽ അവരെ സഹകരിപ്പിക്കുന്നത്."

വർക്കിസാർ അഭിനയയുടെ അഭിപ്രായത്തിനായി അവളുടെ മുഖത്തേക്കു നോക്കി.

"സാറിവിടെവരെ വന്ന് ഒരു കാര്യം ആവശ്യപ്പെട്ടാൽ പറ്റില്ലെന്ന് പറയുവാൻ എന്റെ മനസ്സ് അനുവദിക്കുന്നില്ല." അഭിനയ തുടർന്നു: "അധികം സമയവും ദിവസവും നഷ്ടപ്പെടുത്താതെ സഹകരിക്കുവാൻ ഞാൻ തയ്യാറാണ്."

"സന്തോഷമുണ്ട്." വർക്കിസാർ പറഞ്ഞു: "ഞാൻ അഭിനയയെ

അല്പംപോലും ബുദ്ധിമുട്ടിക്കുകയില്ല. നാടകം ഈ നഗരത്തിൽവച്ചുതന്നെ ആയിരിക്കും അവതരിപ്പിക്കുന്നത്."

അല്പസമയത്തെ സൗഹൃദസംഭാഷണത്തിനുശേഷം വർക്കിസാർ അവരോട് യാത്രയുംപറഞ്ഞ് അവിടെനിന്നുമിറങ്ങി.

സായാഹ്നത്തിൽ അഭിനയയും റോസ്മേരിയും നഗരത്തിലെ 'കറാൾ' കടയിൽപ്പോയി. റോസ്മേരിയുടെ വലിയമ്മച്ചിക്ക് കസവു നേരിയത് (കവണി) വാങ്ങിക്കുകയാണ് ഉദ്ദേശ്യം. റോസ്മേരി ഓരോ പ്രവശ്യം നഗരത്തിൽ വരുമ്പോഴും അവിടെപ്പോയി വലിയമ്മച്ചിക്ക് കവണി എടുത്തുകൊടുക്കുന്നത് അവളുടെ ഷോപ്പിങ് പരിപാടിയുടെ ഭാഗമാണ്.

"നിന്റെ വലിയമ്മച്ചി ഇപ്പോഴും അടിപൊളിയാണല്ലേ." അഭിനയ ചോദിച്ചു: "ഈ കവണിയെല്ലാം അവർക്ക് എന്തു ചെയ്യാനാ?"

"എന്റെ വലിയമ്മച്ചിയുടെ മുന്നിൽ ഇവിടത്തെ പച്ചപ്പരിഷ്കാരികളായ യുവതികൾവരെ ഒന്നുമല്ല." റോസ്മേരി തുടർന്നു: "ഇരുനൂറ്റിയൻപതിലധികം കവണിയെങ്കിലും വലിയമ്മച്ചിക്കുണ്ട്. ആഭരണങ്ങളാണെങ്കിൽ അമ്മച്ചിയുടെ തൂക്കത്തെക്കാൾ കാണും. അമ്മച്ചിയുടെ സംസാരവും പെരുമാറ്റവുമെല്ലാം നിനക്കും അറിയാവുന്നതല്ലേ?"

കറാൾ കടയിൽനിന്നും പുറത്തേക്കിറങ്ങിയപ്പോൾ അവൾ നേരെ ചെന്നുപെട്ടത് പ്രസാദിന്റെ മുന്നിലേക്കാണ്. അപ്രതീക്ഷിതമായി പ്രസാദിനെ കണ്ടതിൽ അഭിനയയ്ക്ക് ആശ്ചര്യവും അടക്കാനാവാത്ത സന്തോഷവും തോന്നി. അവൾ അത് ഒതുക്കിവയ്ക്കാതെ അവനോടു പറയുകയുംചെയ്തു: "പത്രത്താളുകളിൽ ഇടയ്ക്കൊക്കെ നിന്റെ പേരും ലേഖനവും വിമർശനവുമൊക്കെ വരുന്നതുകൊണ്ട് ആള് ഇവിടത്തന്നെ ഇപ്പോഴുമുണ്ടെന്ന് ഒരു മനഃസമാധാനം മാത്രമുണ്ട്."

പ്രസാദ് അവരെ രണ്ടുപേരെയും നിരീക്ഷിച്ചുകൊണ്ട് തിരക്കി: "എന്നാണ് ഈ നസ്രാണിച്ചിപ്പെണ്ണ് ഇവിടെവന്നു ചാടിയത്?"

"എന്താ നിനക്ക് പത്രത്തിൽ വല്ല വാർത്തയും കൊടുക്കാവാൻ ഉദ്ദേശ്യമുണ്ടോ?" റോസ്മേരി ചോദിച്ചു.

"അയ്യോ ഇല്ലേ, വെറുതെ തിരക്കിയതാണേ." പ്രസാദ് പ്രതികരിച്ചു. അവരങ്ങനെ അല്പസമയം സംസാരിച്ചുനിന്നു. അതിനുശേഷം ബീച്ചിലെ മജസ്റ്റിക് പാർക്കിലുള്ള റസ്റ്റോറന്റിലേക്കു പോകുവാൻ തീരുമാനിച്ചു. അപ്പോഴാണ് ഒരു പ്രശ്നം അവർക്കു മുന്നിൽ ഉയർന്നുവന്നത്. കാറിൽ പോകുമോ? അതോ ബൈക്കിലോ? റോസ്മേരിയാണ് ആ പ്രശ്നം പരിഹരിച്ചത്. "നിങ്ങൾ രണ്ടാളും ബൈക്കിൽ പൊയ്ക്കോളൂ. ഞാൻ കാറിൽ വരാം."

"നിനക്കും ഔചിത്യബോധം വച്ചുതുടങ്ങിയല്ലോ?" പ്രസാദ് റോസ്മേരിയെ പരിഹസിച്ചു. "വല്ലപ്പോഴുമൊക്കെ ഞങ്ങളെപ്പോലുള്ളവരുമായി സംസാരിക്കുന്നതുകൊണ്ടാണ് തനിക്കും ഔചിത്യബോധംവന്നതെന്നു

തോന്നുന്നു.”

പ്രസാദും അഭിനയയും ബൈക്കിലും റോസ്മേരി കാറിലുമായി ബീച്ചിലെ മജസ്റ്റിക് പാർക്കിലെത്തി. പതിവുപോലെ അവിടം സയാഹ്നത്തി രക്കുകളാൽ സജീവമാണ്. അവർ തിരക്കുകൾ കണ്ടും കുസൃതികൾ പറഞ്ഞും റസ്റ്റോറന്റിലേക്കു നടന്നു. റസ്റ്റോറന്റിനു മുന്നിലെത്തിയപ്പോൾ അതിനുള്ളിൽനിന്നും വർക്കിസാർ പുറത്തേക്കുവരുന്നത് കണ്ടു. വർക്കിസാർ അവരെക്കണ്ട് അടുത്തേക്കു വന്നു.

കണ്ടമാത്രയിൽത്തന്നെ വർക്കിസാർ പ്രസാദിനോട് സംസാരിച്ചുതു ടങ്ങി: “പ്രസാദ് ഞങ്ങളുടെ നാടകത്തെപ്പറ്റിയെഴുതിയത് ഞാൻ വായിച്ചു. അത്ര നിശിതമായ ഒരു വിമർശനം ആ നാടകത്തെപ്പറ്റിയെഴുതുവാൻ പ്രസാ ദിനെ പ്രേരിപ്പിച്ച ചേതോവികാരം എന്താണെന്നും ഇത്തരം നാടകങ്ങളെ കാലികപ്രസക്തമായ രീതിയിൽ എങ്ങനെ അവതരിപ്പിക്കുവാൻ കഴിയുമെന്ന നിർദ്ദേശവുംകൂടി അതിൽ ഉൾപ്പെടുത്തിയാൽ നന്നായിരുന്നു. തുടർന്ന് നാട കങ്ങൾ അവതിരിപ്പിക്കുമ്പോൾ ഞങ്ങൾക്കും അത് ഉൾക്കൊള്ളാമായിരു ന്നല്ലോ?”

“സാറിന് തോന്നുന്നുണ്ടോ താങ്കൾ അവതരിപ്പിച്ച ആ നാടകം നാട കത്തിന്റെ ഭാവതലത്തിലേക്ക് പൂർണമായും ഇറങ്ങിച്ചെന്നതാണെന്ന്?” പ്രസാദ് ചോദിച്ചു.

“പ്രസാദ് നിങ്ങൾ ഒന്നു മനസ്സിലാക്കണം. ഒരുപാട് പരിമിതികൾക്കു ള്ളിൽനിന്നാണ് ആ നാടകത്തിന്റെ അവതരണം നിർവ്വഹിച്ചത്.” വർക്കിസാർ മെല്ലെ തുടർന്നു: “സമയം, പണം, സ്ഥലം–ആ പട്ടിക നീളുകയാണ്.”

പ്രസാദ് പരിഹാസത്തോടെ ഒന്നു ചിരിച്ചു: “എല്ലാ നാടക സംവിധാ യകരും ആവർത്തിക്കുന്ന സ്ഥിരം പല്ലവിയാണ്. താങ്കളെപ്പോലെയുള്ള ഒരാൾ ഇതിന് ഇറങ്ങിപ്പുറപ്പെടുമ്പോൾ സ്ഥിരംപാളിച്ചകൾ പറ്റാവുന്ന പഴു തുകൾ അടയ്ക്കാവുന്നതായിരുന്നു.”

“നമ്മൾതമ്മിൽ തർക്കിക്കുന്നതിൽ കാര്യമില്ല.” വർക്കിസാർ പറഞ്ഞു: “ഓരോന്നിനെപ്പറ്റിയും ഓരോരുത്തർക്ക് ഓരോ വീക്ഷണമുണ്ട്. അവർ ആ വീക്ഷണകോണിലൂടെ കാണുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. പ്രായം പകർന്നുതന്ന അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ ഞാൻ പറയുകയാണ് എല്ലാത്തിനെയും ഇങ്ങനെ വിമർശനനേത്രങ്ങൾകൊണ്ട് നോക്കരുത്. സാഹചര്യങ്ങളോട് എപ്പോഴും ക്ഷോഭിക്കുന്നവനും ആയിരി ക്കരുത്.”

“സാർ നമ്മൾ സംസാരിക്കുന്നത് നാടകത്തെപ്പറ്റിയാണ്.” പ്രസാദ് അസ്വസ്ഥതയോടെ പറഞ്ഞു: “സാറിപ്പോൾ അതിൽനിന്നെല്ലാം അകന്ന് എന്നെ വ്യക്തിപരമായി വിമർശിച്ച് നിശബ്ദനാക്കുവാൻ ശ്രമിക്കുകയാണ് അല്ലേ?”

യാത്രയിലെ സുഹൃത്തുക്കൾ

"പ്രസാദ് നിങ്ങൾ ഏറെ സൂക്ഷ്മതയോടെ വസ്തുതകളെ കാണാൻ ശ്രമിക്കുന്നു. വാക്കുകളെ അതിന്റെ പ്രയോഗാർത്ഥത്തിനുമപ്പുറത്ത് കണ്ട് നിങ്ങളുടെ ഭാഗത്തെ ന്യായീകരിക്കാനും ശക്തിപ്പെടുത്തുവാനും ശ്രമിക്കുന്നു. അതുകൊണ്ടുതന്നെ നമ്മൾതമ്മിൽ സംവാദം നടത്തിയാൽ അത് നീണ്ടു നീണ്ടു പോകുകയെയുള്ളൂ." വർക്കിസാർ പറഞ്ഞുനിറുത്തി.

പ്രസാദ് അതിനുത്തരം പറയാതെ കൗതുകപൂർവ്വം പുഞ്ചിരിച്ച് വർക്കിസാറിനെത്തന്നെ നോക്കിനിന്നു. പ്രസാദിന്റെ കൗതുകം നിറഞ്ഞ ആ പുഞ്ചിരിയിൽ മുന്നിട്ടുനില്ക്കുന്നത് പരിഹാസത്തിന്റെ അലകളാണെന്ന് വർക്കിസാറിന് മനസ്സിലായി. വർക്കിസാർ അതിനെ അവഗണിച്ച് അഭിനയയോട് പറഞ്ഞു: "ഞാൻ അഭിനയയ്ക്ക് സൗകര്യംപോലെ തരുവാനായി ഒരു സി.ഡി കരുതിയിട്ടുണ്ട്. ഇംഗ്ലണ്ടിലെ ഒരു ഡ്രമാറ്റിക് ക്ലബ്ബിൽ നാലഞ്ചുമാസങ്ങൾക്കുമുമ്പ് 'ഒഥെല്ലോ' അവതരിപ്പിച്ചതിന്റേതാണ്. ആ നാടകത്തിന്റെ അവതരണരീതിയും ശൈലിയും മനസ്സിലാക്കുവാൻ ചിലപ്പോൾ ഇത് സഹായിച്ചേക്കും. ഇതിലെ ഡെസ്ഡിമോണായുടെ അഭിനയം ഏറെ നന്നായിരിക്കുന്നു എന്നാണ് എനിക്കു തോന്നുന്നത്."

കൈയിലിരുന്ന ബ്രീഫ്കെയ്സ് തുറന്ന് വർക്കിസാർ ഒരു സി.ഡിയെടുത്ത് അഭിനയയ്ക്കു നേരെ നീട്ടിക്കൊണ്ട് പറഞ്ഞു: "ഇവിടെവച്ച് കാണുമെന്ന് പ്രതീക്ഷിച്ചതേയല്ല. ആരുടെയെങ്കിലും കൈയിൽ കൊടുത്ത് വീട്ടിൽ എത്തിക്കാമെന്നു കരുതിയിരിക്കുകയായിരുന്നു."

അഭിനയ വർക്കിസാറിന്റെ കൈകളിൽനിന്നും സി.ഡി വാങ്ങിയപ്പോൾ റോസ്മേരി പറഞ്ഞു: "സാറിവളെ ഒരു വിശ്വനടിയാക്കുന്ന ലക്ഷണമാണല്ലൊ?"

"അഭിനയം അത്ര മോശം കാര്യമാണോ?" വർക്കിസാർ തിരിച്ചു ചോദിച്ചു.

"എന്നല്ലല്ലോ സാർ ഞാൻ പറഞ്ഞത്." റോസ്മേരി ചിരിച്ചുകൊണ്ട് പറഞ്ഞു.

വർക്കിസാർ അവരോട് യാത്രയും പറഞ്ഞ് നടന്നകന്നുകഴിഞ്ഞപ്പോൾ അരുൺ ചന്ദിർ അവർക്കടുത്തേക്കു വന്നു. അരുൺ ചന്ദിറിന്റെ വരവ് പ്രസാദിന് ഒട്ടും പിടിച്ചില്ലെന്ന് അവന്റെ മുഖം കണ്ടാൽ മനസ്സിലാകും. പ്രസാദ് അവരെ വിട്ട് മെല്ലെ നടന്നുനീങ്ങി. അവന്റെ മനസ്സിലെ അസ്വസ്ഥതകൾ പെട്ടെന്നുതന്നെ ഗ്രഹിക്കുവാൻ അഭിനയയ്ക്ക് കഴിഞ്ഞു.

"ഞങ്ങൾ വെറുതെയൊന്ന് കറങ്ങാൻവേണ്ടിയിറങ്ങിയതാണ്." അഭിനയ പറഞ്ഞു: "ഇത് എന്റെ ഏറ്റവുമടുത്ത സുഹൃത്ത്, റോസ്മേരി."

അരുൺ ചന്ദിർ റോസ്മേരിയെ വിഷ്ചെയ്തുകൊണ്ട് തിരക്കി: "അഭിനയയുടെ നാടകം കാണുവാൻ എത്തിയതായിരിക്കും, അല്ലേ?"

"ആണെന്നും പറയാം അല്ലെന്നും പറയാം." റോസ് മേരി പറഞ്ഞു.

“അഭിനയയാണ് നാടകത്തിലെ ശ്രദ്ധാകേന്ദ്രം.” അരുൺ ചന്ദിർ തുടർന്നു: “എല്ലാവർക്കും അഭിനയയുടെ പെർഫോമൻസിനെപ്പറ്റി പറയുവാനെ നേരമുള്ളൂ. ശാസ്ത്രീയമായി നൃത്തം അഭ്യസിച്ചതിന്റെ എല്ലാ ഗുണങ്ങളും അഭിനയയുടെ അഭിനയത്തിലും ചലനത്തിലും കാണുവാനുണ്ടായിരുന്നു.”

“ഞാൻ അത്ര ഗൗരവത്തോടെയൊന്നുമല്ല അഭിനയത്തെ കണ്ടത്.” അഭിനയ തുടർന്നുപറഞ്ഞു: “വർക്കിസാർ പറഞ്ഞപ്പോൾ എതിർക്കാൻ കഴിഞ്ഞില്ല. ജീവിതത്തിൽ ആദ്യമായിട്ടാണ് നാടകാഭിനയത്തിനായി സ്റ്റേജിൽ കയറിയത്.”

“എന്താണെങ്കിലും ഈ ദൈവികമായ കഴിവ് അഭിനയ നശിപ്പിക്കരുത്.” അരുൺ ചന്ദിർ പറഞ്ഞു.

ആ സംസാരം കൂടുതൽ നീട്ടുവാൻ താത്പര്യമില്ലാതെ അരുൺ ചന്ദിറിനോട് യാത്രപറഞ്ഞ് അഭിനയ തെല്ലകലെയായി മാറിനിൽക്കുന്ന പ്രസാദിന്റെ അടുത്തേക്കു നടന്നു. പ്രസാദിന്റെ അടുത്തേക്ക് അഭിനയ നടന്നകലുന്നത് കൗതുകത്തോടെ അരുൺ ചന്ദിർ നോക്കിനിന്നു. റോസ്മേരി കാലുകൊണ്ട് മണൽ തട്ടി അടിച്ചുവരുന്ന കടൽകാറ്റിനഭിമുഖമായി അലക്ഷ്യഭാവത്തോടെ നടന്നു.

അടുത്തേക്കു ചെന്ന അഭിനയയെ അസംതൃപ്തിയോടെ നോക്കിക്കൊണ്ട് പ്രസാദ് ചോദിച്ചു: “ആഴ്ചയിൽ ഒന്നോ രണ്ടോ മണിക്കൂറാണ് നമ്മൾ തമ്മിൽ അടുത്തു സംസാരിക്കുന്നത്. അതിനുകൂടി നിനക്ക് സമയവും താത്പര്യവുമില്ലാതായോ?”

“എന്താ പ്രസാദ് നീ ഇങ്ങനെ ചോദിക്കുന്നത്?” അഭിനയ തിരക്കി.

“നടികൾ സമൂഹത്തിന്റെ പൊതുമുതലാണെന്ന് കേട്ടിട്ടുണ്ട്.” പ്രസാദ് ദൃഢമായ ശബ്ദത്തിൽ ചോദിച്ചു: “നീയും ഒരു നടിയാകുകയാണോ?”

എന്താണ് പറയേണ്ടതെന്നറിയാതെ അഭിനയ പ്രസാദിന്റെ മുഖത്തേക്കു നോക്കി. അവന്റെ കണ്ണുകൾ ചുവന്നുവരുന്നതും ശരീരത്തിൽനിന്ന് വിയർപ്പുകണങ്ങൾ ഉറവപോലെ ഒലിച്ചുവരുന്നതും അവൾ കണ്ടു. അവൾ അവനെതന്നെ നോക്കിനിൽക്കുമ്പോൾ അവൻ വെട്ടിത്തിരിഞ്ഞ് വേഗത്തിൽ നടന്നുതുടങ്ങി.

# 6
# കഥയുടെ വഴികളിലൂടെ

**പ**ബ്ലിക് ലൈബ്രറിക്ക് മുന്നിൽനിൽക്കുന്ന പേരാലിന്റെ ചുവട്ടിൽനിന്ന് അഭിനയയും വർക്കിസാറും സംസാരിച്ചുകൊണ്ടിരുന്നു. മധ്യാഹനസൂര്യൻ മാനത്ത് ജ്വലിച്ചുനില്ക്കുകയാണ്. അവർക്കു മുകളിൽ പടർന്നുനില്ക്കുന്ന പേരാലിന്റെ ഇലകൾ സൂര്യപ്രകാശത്തെ സ്വീകരിച്ച് മധ്യാഹനകാറ്റിന്റെ ചെറുചൂടുള്ള സ്പർശത്തെ ആസ്വദിച്ച് നൃത്തം ചെയ്തുകൊണ്ടിരുന്നു. അവരുടെ സംഭാഷണം ഒഥെല്ലോയുടെ അവതരണവിജയത്തെപ്പറ്റിയായിരുന്നു.

"എന്താണ് സംഭവിച്ചതെന്ന് എനിക്കറിയില്ല." അഭിനയ തുടർന്നു പറഞ്ഞു: "സത്യംപറഞ്ഞാൽ അവസാനരംഗം അവതരിപ്പിക്കുമ്പോൾ മരണത്തിന്റെ തുറിച്ച കണ്ണുകൾക്കുമുന്നിൽ നില്ക്കുന്നതായേ ഓർമ്മയുള്ളൂ." ഓർമ്മകിട്ടുമ്പോൾ നിങ്ങളെല്ലാം ചുറ്റുംകൂടി നില്ക്കുകയായിരുന്നു."

"യഥാർത്ഥത്തിൽ അഭിനയ നാടകത്തിൽ അഭിനയിക്കുകയായിരുന്നില്ല; ജീവിക്കുകയായിരുന്നു." വർക്കിസാർ പറഞ്ഞു: "ഒരു സദസ്സിനെ ഒന്നാകെ ആ ദുരന്തകഥയുടെ മുഴുവൻ വികാരങ്ങളും അനുഭവിപ്പിച്ച് കണ്ണ് നിറയിപ്പിക്കുവാൻ അഭിനയയ്ക്ക് കഴിഞ്ഞു. സത്യം, അഭിനയയുടെ അഭിനയം ഒരാശ്ചര്യമായിരുന്നു. ഡെസ്ഡിമോണയായി താദാത്മ്യം പ്രാപിച്ച് സ്ഥലകാലങ്ങൾ മറന്ന് ആ കഥാപാത്രമാകുന്നതിനിടയിൽ ബോധക്ഷയം വന്നുവെന്നേയുള്ളൂ."

"ആ കഥാപാത്രത്തെ അവതരിപ്പിച്ചതിൽ ഞാൻ സന്തുഷ്ടയാണ്." പലരും അഭിനയം നന്നായി, ഉഗ്രനായി എന്നെല്ലാം പറയുമ്പോൾ മനസ്സിന് ഒരു സന്തോഷമുണ്ട്." അഭിനയ പറഞ്ഞു: "ഒഥെല്ലോ ആയിട്ട് സാറ് തിരഞ്ഞെടുത്ത വിക്രമൻ ആ  കഥാപാത്രത്തിന് തികച്ചും അനുയോജ്യനായ വ്യക്തിയായിരുന്നു. ഉയരമുള്ള ശരീരവും കറുത്ത നിറവും ഒട്ടും സുന്ദരമല്ലാത്ത പരുക്കൻ മുഖവുമെല്ലാം ആ കഥാപാത്രത്തിന് തികച്ചും ചേരുകയും ചെയ്തു."

"ഒരു നല്ല സംവിധായകന്റെ കണ്ണുകൾ എപ്പോഴും അവതരിപ്പിക്കുന്ന നാടകത്തിന് അനുരൂപരായ കഥാപാത്രങ്ങളെ തേടിക്കൊണ്ടിരിക്കും. അതിനിടയിൽ ഒരു നിമിത്തംപോലെ വിക്രമനും എന്റെ കണ്ണുകളിൽ പെട്ടെന്നേയുള്ളൂ." വർക്കിസാർ ചിരിച്ചുകൊണ്ടു പറഞ്ഞു: "ചേരിയിൽ ഏറെ പ്രതിസന്ധികളോട് മല്ലിട്ടുള്ള വിക്രമന്റെ ജീവിതംതന്നെ അവനിൽ ഒരു കാർക്ക

ശ്യഭാവം വളർത്തിയിട്ടുണ്ട്. അതിനെ ഞാൻ ആവശ്യാനുസരണം നാടകത്തിൽ പ്രയോജനപ്പെടുത്തി, അത്രതന്നെ.”

“എന്നെപ്പറ്റിയുള്ള സാറിന്റെ നിരീക്ഷണം എന്തായിരിക്കും.” അഭിനയ തിരക്കി.

“വളരുവാൻ വെമ്പിനില്ക്കുന്ന ഒരു കലാകാരി തന്റെയുള്ളിലുണ്ട്. അതിനെ മിഥ്യാധാരണകളുടെ മതിലുകൾക്കുള്ളിൽ തടഞ്ഞുനിറുത്തി മുരടിപ്പിച്ചുകളയരുത്.” വർക്കിസാർ തുടർന്നു: “താത്പര്യമുണ്ടെങ്കിൽ എന്നാലാകുന്നത് ചെയ്തുതരാം.”

“പഠിച്ച് എങ്ങനെയും ഒരു ജോലി. അതു കഴിഞ്ഞേ ഉള്ളിലെ കലാകാരിയുടെ വിളിക്ക് കാതുകൊടുക്കുന്നുള്ളു.” അഭിനയ ചിരിച്ചുകൊണ്ട് പറഞ്ഞു: “നമ്മൾക്ക് മുകളിലത്തെ മുറിയിലിരുന്ന് സംസാരിച്ചാലോ? അഭിലോഷികയെപ്പറ്റി സാറ് ഇന്നെങ്കിലും പറഞ്ഞുതീർക്കണം. എന്നിട്ടുവേണം നിറുത്തിവെച്ച ഗവേഷണജോലികൾ ഒന്നുഷാറാക്കുവാൻ.”

അഭിനയയോടൊപ്പം മുകളിലത്തെ മുറിയിലേക്ക് നടക്കുന്നതിനിടയിൽ വർക്കിസാറ് ചിന്തിച്ചു: ഈ പുതിയ തലമുറ അവരുടെ സ്വന്തം കാര്യങ്ങളിൽ എത്ര ശ്രദ്ധാലുക്കളാണ്. യാഥാർത്ഥ്യത്തിൽനിന്ന് വസ്തുതകളെ കാണുവാനുള്ള ഇവരുടെ കഴിവ് പ്രശംസനീയംതന്നെ. ഒരു ജീവിതം അതെങ്ങനെ ജീവിക്കണമെന്ന് അവർ ബുദ്ധികൊണ്ടുതന്നെ മുൻകൂട്ടി നിശ്ചയിക്കുന്നു.

മുകളിലേക്കുള്ള പടികൾ കയറുമ്പോൾ അവർ ഒന്നും സംസാരിച്ചില്ല. പുറത്തുനിന്നും വാഹനങ്ങളുടെ ഇരമ്പൽശബ്ദം അവിടേക്ക് എത്തിക്കൊണ്ടിരുന്നു. മുറിയിലെത്തിക്കഴിഞ്ഞ് വർക്കിസാർ സ്ഥിരം ഇരിക്കാറുള്ള കസേരയിലിരുന്നു. അഭിനയ ഫാൻ ഓണാക്കിയതിനുശേഷം വർക്കിസാറിന് അഭിമുഖമായിരുന്നു.

“അഭിലോഷികയെപ്പറ്റി എവിടെവരെ പറഞ്ഞുവെന്ന് ഓർമ്മിക്കുന്നുണ്ടോ?” വർക്കിസാർ തിരക്കി.

“മധ്യവയസ്ക്കനായ ഒരു നാടകരചയിതാവിന്റെ മാനസകഥാപാത്രം സുന്ദരിയായ അഭിസാരികയാണ്. ആ കഥാപാത്രത്തിന് മജ്ജയും മാംസവും നല്കി അവതരിപ്പിക്കുവാൻ ഒരു സ്ത്രീകഥാപാത്രത്തെ നാടകകൃത്ത് പരിശീലിപ്പിക്കുന്നതിന്റെ വിവിധ വശങ്ങളിലൂടെയാണ് നാടകം തുടങ്ങുന്നത്... ഇത്രയുമാണ് സാറ് അന്നു പറഞ്ഞത്.” അഭിനയ ഓർമ്മപ്പെടുത്തി.

“അഭിനയയ്ക്ക് നല്ല ഓർമ്മശക്തിയുണ്ടല്ലോ?” വർക്കിസാർ അഭിപ്രായപ്പെട്ടു.

അഭിനയ പ്രത്യുത്തരമായി ഒന്നു പുഞ്ചിരിച്ചതേയുള്ളൂ. വർക്കിസാർ കസേരയിൽ ഉറച്ചിരുന്നുകൊണ്ട് മെല്ലെ പറഞ്ഞുതുടങ്ങി: “ആ നാടകം എങ്ങനെയാണ് അനുക്രമമായി പുരോഗമിപ്പിച്ചതെന്ന് അറിയില്ല. എന്നാൽ ആ നാടകത്തിന്റെ അന്ത്യം ഒരു ദുഃഖപര്യവസായി ആയിരിക്കണമെന്ന് ഷേക്സ്പിയറിന് നിർബ്ബന്ധമുണ്ടായിരുന്നു. കൃത്യമായി പറഞ്ഞാൽ നായകന്റെയൊ നായികയുടെയൊ ദാരുണമായ അന്ത്യം.”

നാടകത്തിന്റെ അന്ത്യം ദുഃഖപര്യവസായിയായിരിക്കണമെന്ന് തീരുമാനിക്കുന്നതിനും ഒരു കാരണമുണ്ടായിരുന്നു. ഷേക്സ്പിയർ നാടകം അവതരിപ്പിക്കുന്ന വേളയിൽ ദുരന്തപര്യവസായിയായ നാടകങ്ങൾ അവതരിപ്പിക്കുമ്പോൾ, നാടകം അവതരിപ്പിക്കുന്ന തീയേറ്ററിനു മുകളിലെ കൊടി താഴ്ത്തിക്കെട്ടുമായിരുന്നു. കൊടി ഉയർന്നുനിന്നാൽ അവതരിപ്പിക്കുന്ന നാടകം ശുഭപര്യവസായിയാണ്. തിയേറ്ററിനു മുകളിലെ കൊടി താഴ്ത്തിക്കെട്ടി ദുരന്തപര്യവസായിയായ നാടകം അവതരിപ്പിച്ച് നാടകാവതരണത്തിന്റെ രണ്ടാം ഘട്ടം തുടങ്ങുന്നതിൽ ഐശ്യര്യമുണ്ടെന്ന് ഷേക്സ്പിയർ വിശ്വസിച്ചു. പഴയ നാടകങ്ങൾ ഒന്നും പുതിയതായി കെട്ടുന്ന തിയേറ്ററിൽ അവതരിപ്പിക്കുകയില്ലെന്ന പ്രതിജ്ഞയും ഷേക്സ്പിയർ എടുത്തിരുന്നതായി പറയുന്നു.”

വർക്കിസാർ ഇരിപ്പിടത്തിൽനിന്നും മെല്ലെ എഴുന്നേറ്റ് ജാലകത്തിന്റെ അടുത്തേക്കു നടന്നു. തുറന്നുകിടന്ന ആ ജാലകത്തിലൂടെ വിദൂരതയിലേക്ക് ആലോചനയോടെ അല്പസമയം നോക്കിനിന്നു. പതിയെ തിരിഞ്ഞ് അഭിനയയ്ക്ക് അടുത്തേക്ക് വന്നു. അഭിനയ വർക്കിസാറിനെത്തന്നെ ശ്രദ്ധിച്ചു കൊണ്ടിരുന്നു.

“ഷേക്സ്പിയർ ആ നാടകത്തിൽ പ്രധാനമായി ഉൾപ്പെടുത്തിയിരുന്ന കഥാപാത്രങ്ങളെപ്പറ്റി ഏതാണ്ട് പൊതുവായ ഒരു ധാരണയുണ്ട്.” വർക്കിസാർ തുടർന്ന് പറഞ്ഞു: “കേന്ദ്രകഥാപാത്രമായ അഭിലോഷികയുടെ കാമുകൻ, മധ്യവയസ്കനായ നാടകരചയിതാവിന്റെ ഭാര്യയും മകനും. നാടകരചയിതാവിന്റെ ഒരു പരിചാരകൻ. ഈ നാടകരചയിതാവുമായി ബന്ധപ്പെട്ട ചില വ്യക്തികൾ. അഭിലോഷികയുടെ അമ്മ മറ്റൊരു പ്രധാന കഥാപാത്രമാണ്. ഇത്രയും കഥാപാത്രങ്ങളിലൂടെയാണ് നാടകം ആഖ്യാനം ചെയ്യപ്പെടേണ്ടിയിരുന്നത്.” ഒരു മൗനത്തിനുശേഷം വർക്കിസാർ തുടർന്നു: “ഈ നാടകത്തെ പൂർത്തിയാക്കുവാൻ ശ്രമിച്ച പലരും പ്രധാനപ്പെട്ട ഈ കഥാപാത്രങ്ങളെ മുൻനിർത്തിയാണ് രചന നിർവ്വഹിച്ചത്.”

ഫാനിന്റെ കാറ്റിൽ മേശമേലിരുന്ന ഒരു പുസ്തകത്തിന്റെ താളുകൾ ഒന്നൊന്നായി മറിഞ്ഞുകൊണ്ടിരുന്നു. വർക്കിസാറിന്റെയും അഭിനയയുടെയും നോട്ടം ചില നിമിഷങ്ങളിൽ ആ പുസ്തകത്തിലേക്ക് തിരിഞ്ഞു. വർക്കിസാർ അഭിനയയെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു: “ചരിത്രം അതിന്റെ താളുകൾ മറിക്കുകയാണ്, അല്ലേ?”

അഭിനയ അതിന് ഉത്തരമൊന്നും പറഞ്ഞില്ല. എന്തെങ്കിലും പറഞ്ഞാൽ വർക്കിസാറിന്റെ മൂഡ് പോകുമോ എന്നവൾ സംശയിച്ചു.

“മധ്യവയസ്കനായ നാടകരചയിതാവിന്റെ മാനസ കഥാപാത്രം സുന്ദരിയായ അഭിസാരികയാണെന്ന് മുമ്പ് പറഞ്ഞിരുന്നല്ലോ?” വർക്കിസാർ തുടർന്നു പറഞ്ഞു: “ഈ അഭിസാരികയെക്കൊണ്ട് ഒരു പ്രമുഖ വ്യക്തി

യുടെ മനസ്സിളക്കുവാൻ ബോധപൂർവ്വമായി നാടകകൃത്ത് ശ്രമിക്കുന്നു. എന്നാൽ ഒരിക്കലും ആ കഥാപാത്രത്തിന് നാടകരചയിതാവ് ഉദ്ദേശിച്ച അഭിനയതലത്തിലേക്കു വളരുവാൻ കഴിഞ്ഞില്ല. അപ്പോൾ നാടകരചയിതാവ് അവളോടു പറയും നിന്റെ കൺകോണുകൾ ഇനിയും ആകർഷണകലയിൽ പ്രാവീണ്യം നേടേണ്ടതുണ്ട്. നിന്റെ ശരീരമിനിയും പുരുഷന്മാരെ ആകർഷിക്കുന്ന രീതിയിൽ വഴക്കമുള്ളതാകേണ്ടതുണ്ട്. നാടകരചയിതാവ് പ്രോത്സാഹിപ്പിക്കുന്നതിനോ പ്രേരിപ്പിക്കുന്നതിനോ അനുസരിച്ച് ഈ കഥാപാത്രം അഭിനയത്തിൽ പ്രാഗല്ഭ്യം നേടുവാൻ പുരുഷന്മാരെ കണ്ണുകൾകൊണ്ടും ശരീരംകൊണ്ടും ആകർഷിച്ചുകൊണ്ടിരുന്നു." വർക്കിസാർ ഒരു നെടുവീർപ്പോടെ തുടർന്നു. "ഈ കഥാപാത്രത്തിനാണ് അഭിലോഷിക ജീവൻ കൊടുക്കേണ്ടിയിരുന്നത്. എങ്ങനെ കഥ പുരോഗമിക്കും? എങ്ങനെ ദുരന്തം സംഭവിക്കും? എന്നൊന്നും വ്യക്തമായി ആർക്കും ഇന്നുവരെ ഒന്നും പറയുവാൻ കഴിഞ്ഞിട്ടില്ല. ഈ നാടകത്തിന് ഷേക്സ്പിയറുടെ ജീവിതവുമായി ബന്ധമുണ്ടായിരുന്നെന്ന് നിഷേധിക്കാനാവാത്ത വസ്തുതയാണ്. അതുകൊണ്ടുതന്നെ പലരും പൂർത്തീകരിച്ച നാടകത്തിൽ ഷേക്സ്പിയറിനും ഒരു റോള് കൊടുത്തിരുന്നു."

വർക്കിസാർ അഭിനയയോട് തിരക്കി: "എല്ലാ നാടകത്തിന്റെയും പൂർണ്ണമായ കഥ പറയണമെന്നുണ്ടോ?"

"അറിഞ്ഞാൽ നന്നായിരുന്നു." അഭിനയ പറഞ്ഞു.

"നെറ്റിലെ ഷേക്സ്പിയർ സൈറ്റ് എടുത്തുകഴിഞ്ഞ് 'അഭിലോഷിക'യെന്ന ലിങ്കിലേക്ക് പോയാൽ ഈ നാടകത്തിന്റെ പൂർത്തീകരിച്ച പത്ത് രൂപങ്ങളും കാണാവുന്നതാണ്." വർക്കിസാർ പറഞ്ഞു: "ഞാൻ പൂർത്തീകരിച്ച നാടകകഥ പറയാം."

അവിടേക്ക് കാപ്പിയുമായി ഒരു ഹോട്ടൽ ബോയി വന്നു. അവനത് മേശമേൽ വച്ച് തിരിഞ്ഞുനടന്നു. വർക്കിസാർ ഒരു ഗ്ലാസ് കാപ്പിയെടുത്ത് മെല്ലെ അല്പം വലിച്ചുകുടിച്ചു. മേശമേലിരുന്ന പുസ്തകത്തിന്റെ താളുകൾ ഫാനിന്റെ കാറ്റിൽ അങ്ങോട്ടുമിങ്ങോട്ടുമായി മറിഞ്ഞുകൊണ്ടിരുന്നു.

വർക്കിസാർ തീവ്രമായ ആലോചനയോടെ പറഞ്ഞുതുടങ്ങി: "മധ്യവയസ്കനായ നാടകരചയിതാവിന്റെ ലക്ഷ്യം സമ്പന്നനും ക്രൂരനും വിഷയാസക്തനുമായ ഒരു പ്രഭുവിന്റെ മനസ്സ് അഭിലോഷികയെക്കൊണ്ട് ഇളക്കിക്കണമെന്നായിരുന്നു. പ്രഭു വശീകരിക്കപ്പെട്ട് അഭിലോഷികയുടെ പിടിയിൽ വരുന്നതോടെ അവന്റെ കുടുംബബന്ധങ്ങൾ നശിപ്പിക്കണം. എല്ലാറ്റിനുമൊടുവിൽ മാനസികവും ശാരീരികവുമായി തളരുന്ന പ്രഭുവിനെ കൈകാലുകൾ ഛേദിച്ച് തീർത്തും പരിഹാസ്യനായി പൊതുനിരത്തുകളിലേക്ക് തള്ളണം. നീചമായ ഈ പ്രതികാരത്തിന് ഒരു കാരണമുണ്ട്. നാടകരചയിതാവിന്റെ ഭാര്യയെ ഒരു നാടകറിഹേഴ്സൽ ക്യാമ്പിൽനിന്ന് ഈ പ്രഭു പ്രലോഭിപ്പിച്ച് കൊണ്ടുപോയി എവിടെയോ പാർപ്പിച്ചിരിക്കുന്നു. ഈ നെറികേടിന്

പ്രതികാരം ചെയ്യുകയാണ് മധ്യവയസ്കനായ നാടകരചയിതാവിന്റെ ലക്ഷ്യം.

"നാടകം പറഞ്ഞുകൊടുത്ത് പരിശീലിപ്പിക്കുന്നതിനിടയിൽ ഷേക്സ്പിയർ അഭിലോഷികയെ അങ്ങ് ഇഷ്ടപ്പെട്ടുപോയി. എന്തിഷ്ടമാണെന്ന് തിരിച്ചറിയാനാവുന്നില്ല. പതിവുപോലെ രാത്രി വളരെ വൈകി റിഹേഴ്സൽ കഴിഞ്ഞ ഒരു ദിവസം ഷേക്സ്പിയർ അഭിലോഷികയുടെ കൈകൾ കവർന്ന് അതിൽ ചുംബിച്ചു. എന്താണ് പറയേണ്ടതെന്നറിയാതെ അഭിലോഷിക ആകെ പതറിനിന്നു. തൊട്ടടുത്ത ദിവസം അഭിലോഷികയുടെ അമ്മ ഗ്രാമത്തിൽനിന്നും ഷേക്സ്പിയറുടെ നാടക റിഹേഴ്സൽ ക്യാമ്പിലെത്തി. ആ സ്ത്രീയെ കൺവെട്ടത്ത് കണ്ടപ്പോഴെ ഷേക്സ്പിയർ തിരിച്ചറിഞ്ഞു. വർഷങ്ങൾക്കുമുമ്പ് അവർ തമ്മിൽ സ്നേഹിച്ചുതീർത്ത ദിവസങ്ങളുടെ ഓർമ്മ മനസ്സിൽ ഒരു ഉത്സവംതന്നെ തീർത്തു. ആ സ്ത്രീയുടെ അതേ ഛായയാണ് അഭിലോഷികയ്ക്ക്. എന്നിട്ടുമെന്തേ പഴയതൊന്നും ഓർമ്മിക്കാത്തത്? ഷേക്സ്പിയർ സ്വയം കുറ്റപ്പെടുത്തി."

വർക്കിസാർ ഒരു നിശ്വാസത്തോടെ കഥയുടെ പൊരുളുകളിലേക്ക് ഇറങ്ങിച്ചെന്നു പറഞ്ഞു: "ഷേക്സ്പിയർ യുവത്വത്തിലേക്ക് കാലെടുത്തുവയ്ക്കുന്ന സമയത്ത് ഒരു സംഗീതനാടക ട്രൂപ്പിനൊടൊപ്പം പല ദേശങ്ങളിലും അഭിനയിച്ചും സഹായിച്ചും നടക്കുകയായിരുന്നു. അതിനിടയിൽ ഒരു ഗ്രാമത്തിലെത്തി. അവിടെവച്ചാണ് അഭിലോഷികയുടെ അമ്മയെ പരിചയപ്പെടുന്നത്. ശിശിരകാലം തുടങ്ങിയതിനാൽ നാടകട്രൂപ്പിന് ആ ഗ്രാമത്തിൽ രണ്ടു മൂന്നു മാസങ്ങൾ തങ്ങേണ്ടിവന്നു. അതിനിടയിൽ ഷേക്സ്പിയറുടെ പ്രണയം പൂത്തുതളിർത്തു. ട്രൂപ്പ് ഗ്രാമം വിട്ടപ്പോൾ ഷേക്സ്പിയർ യുവതിയായ അവളെ വിട്ട് ട്രൂപ്പിനൊപ്പം യാത്രയായി. അങ്ങനെ അച്ഛനില്ലാതെ പെറ്റ കുട്ടിയാണ് അഭിലോഷിക. വർഷങ്ങൾക്കുശേഷം അഭിലോഷിക വളർന്ന് താരുണ്യത്തിലേക്ക് എത്തിക്കഴിഞ്ഞ് അച്ഛനെ കാണുവാനായി മാത്രം ആരുമറിയാതെയാണ് നഗരത്തിലുള്ള ആന്റിയുടെ വീട്ടിലെത്തുന്നത്. ഒരിക്കൽ കണ്ടുകഴിഞ്ഞപ്പോൾ അഭിലോഷികയ്ക്ക് ഷേക്സ്പിയറോട് കൂടുതൽ അടുക്കണമെന്നു തോന്നി. അതിനായി അവൾ നാടകത്തിൽ അഭിനയിച്ചുതുടങ്ങി. വാസ്തവത്തിൽ ഷേക്സ്പിയറുടെ കലാസാഹിത്യവാസനകൾ അഭിലോഷികയ്ക്കും കിട്ടിയിരുന്നെന്നതാണ് സത്യം.

"അഭിലോഷികയുടെ അമ്മയിൽനിന്നും സത്യങ്ങൾ അറിഞ്ഞ ഷേക്സ്പിയർ ആകെ അസ്വസ്ഥനായി. സ്വന്തം മകളെ അനാഥയായി വളർത്തുവാൻ വിട്ടതു തെറ്റ്. ആളറിയാതെയാണെങ്കിലും അവളുടെ ശരീരവും സൗന്ദര്യവും മോഹിച്ചുപോയത് മഹാ അപരാധം. കഥാപാത്രമാക്കുവാൻവേണ്ടി പറഞ്ഞ് പ്രേരിപ്പിച്ച് അവളെ പല പുരുഷന്മാരുമായി സംഗമിപ്പിക്കുവാൻ പ്രേരിപ്പിച്ചത് അതിലും വലിയ പാതകം..."

"അച്ഛനില്ലാത്ത വളർന്ന ഇവൾ വീട്ടുകാരുടെയും സമൂഹത്തിന്റെയും

ഒരുപാട് പരിഹാസത്തിന് പാത്രമായിട്ടുണ്ട്. ഈ ലോകത്ത് മറ്റാരുമറിയാതെ നിങ്ങൾക്ക് അവളെ സ്നേഹിച്ചുകൂടെ? അംഗീകരിച്ചുകൂടെ? എന്നുചോദിച്ച് ആ സ്ത്രീ മറ്റ് അവകാശങ്ങളോ ദുഃഖങ്ങളോ പറയാതെ അവിടെനിന്നും മടങ്ങുകയായിരുന്നു."

"ആ സ്ത്രീ തിരിച്ചുപോയിക്കഴിഞ്ഞ് ഷേക്സ്പിയർ അഭിലോഷികയെ വാത്സല്യത്തോടെ നോക്കി. ഷേക്സ്പിയർ സ്വയം പറഞ്ഞു: ഞാൻ ഈ ലോകത്തോട് തന്റേടത്തോടെ പറയും നീ എന്റെ മോളാണെന്ന്. ഇനി ഞാൻ നിർമ്മിക്കുന്ന തിയേറ്ററും എന്റെ നാടകങ്ങളുമെല്ലാം കൊണ്ടുനടക്കേണ്ടത് നീയാണ്. പെണ്ണായ നിനക്ക് അതിനെല്ലാമുള്ള കഴിവും ബുദ്ധിയുമുണ്ട്... നാടകരചനയ്ക്കും റിഹേഴ്സലുകൾക്കുമിടയിൽ അഭിലോഷികയെ സ്നേഹിക്കാനും അംഗീകരിക്കുവാനും ഷേക്സ്പിയർ പ്രത്യേകം സമയം കണ്ടെത്തി. അഭിലോഷികയെന്ന നാടകം അവതരിപ്പിച്ചുകഴിഞ്ഞ് ആ തീയേറ്ററിൽനിന്ന് ഈ ലോകത്തോടു മുഴുവൻ നീയെന്റെ മകളാണെന്ന് പ്രഖ്യാപിക്കുമെന്ന് ഷേക്സ്പിയർ പറഞ്ഞു."

വർക്കിസാർ അഭിനയയുടെ മുഖത്തേക്കു നോക്കി. അവൾ ശ്രദ്ധിച്ചിരിക്കുകയാണ്. വർക്കിസാർ തുടർന്നു പറഞ്ഞു: "അഭിലോഷികയ്ക്ക് അവളുടെ ഗ്രാമത്തിൽ ഒരു കാമുകനുണ്ടായിരുന്നു. അഭിലോഷികയെ കാണുവാൻ അവൻ നഗരത്തിലെത്തിയപ്പോൾ അറിഞ്ഞതും കണ്ടതുമായ വസ്തുതകൾ അറപ്പിക്കുന്നതായിരുന്നു. ഷേക്സ്പിയർ എന്ന നാടകക്കാരനോടൊപ്പം രാത്രിയുടെ മദ്ധ്യാഹ്നത്തിനുമപ്പുറം ആടിപ്പാടുന്നു. നഗരത്തിലെ യുവാക്കളായ പല പുരുഷന്മാരുമായി അവൾ പുലർത്തിയിരുന്ന ബന്ധം പുറത്തു പറയുവാൻ കൊള്ളാത്തതായിരുന്നു. ഒരു ദിവസം അവൻ നാടകക്യാമ്പിലെത്തി ബഹളംവച്ചു. അഭിലോഷിക അവനോട് പ്രതികരിച്ചത് തികച്ചും മനസ്സുറപ്പോടെ അവൾ ചെയ്യുന്നത് മുഴുവൻ ശരിയാണെന്ന മട്ടിലായിരുന്നു."

"അഭിലോഷികയുടെ പ്രായമുള്ള ഒരു പുത്രൻ ഷേക്സ്പിയറിനുമുണ്ട്. അമ്മയെയും അവനെയും ഉപേക്ഷിച്ച് ഏതോ ഒരു പെണ്ണിനോടൊപ്പം കഴിയുന്ന അച്ഛനോട് അവനും മനസ്സിൽ പ്രതിഷേധം വളരുകയായിരുന്നു."

"അഭിലോഷികയെന്ന നാടകത്തിന്റെ രചന മുഴുവനും പൂർത്തിയാക്കിയതിനുശേഷം അഭിലോഷികയും ഷേക്സ്പിയറും ഭാവിപരിപാടികളെപ്പറ്റി സംസാരിക്കുന്ന ഒരു രാത്രി. മാനത്തുനിന്നും നക്ഷത്രങ്ങൾ ആ പ്രതിഭകളെ ഇമവെട്ടാതെ നോക്കിനിന്നു. അവിടേക്ക് പാത്തും പതുങ്ങിയും വന്ന ഷേക്സ്പിയറുടെ പുത്രൻ ഉയർത്തിപ്പിടിച്ച കത്തിയുമായി അഭിലോഷികയ്ക്കു നേരെ ചാടി. അവനെ തടഞ്ഞുകൊണ്ട് ഷേക്സ്പിയർ മുന്നോട്ടു നിന്നു. കത്തി ആഴ്ന്നിറങ്ങിയത് ഷേക്സ്പിയറുടെ നെഞ്ചിൽ. അവനെ തടഞ്ഞുനിർത്തിക്കൊണ്ട് ഷേക്സ്പിയർ അഭിലോഷികയോട് രക്ഷപ്പെടുവാൻ പറഞ്ഞു. അവൾ പ്രാണനും കൈയിൽ പിടിച്ചുകൊണ്ട് പുറത്തേക്കു പാഞ്ഞു.

ഷേക്സ്പിയറും മകനും തമ്മിലുള്ള മൽപ്പിടുത്തത്തിൽ ഷേക്സ്പിയർ മകനെ കീഴ്പ്പെടുത്തി കിടത്തിക്കൊണ്ട് പറഞ്ഞു: 'അഭിലോഷിക എന്റെ മകളാണ്. ഈ ലോകർ അറിയാത്ത എന്റെ പുത്രി. നിന്റെ സഹോദരി... വിശ്വാസംവരുന്നില്ലെങ്കിൽ അഭിലോഷികയുടെ മാതാവിനോട് തിരക്കിനോക്ക്' തരിച്ചുനിന്ന മകന്റെ കൺമുന്നിൽ പിതാവ് ഒരുപാട് ആഗ്രഹങ്ങൾ ഭൂമിയിൽ അവശേഷിപ്പിച്ച് പിടഞ്ഞ് രോദനം പുറപ്പെടുവിച്ചു മരിച്ചു."

നക്ഷത്രങ്ങൾ തെളിച്ചുകൊടുത്ത പ്രഭയിലൂടെ ഓടിയ അഭിലോഷിക നാലും കൂടിയ ഒരു കവലയിലെത്തി. തൊട്ടടുത്ത് പ്രകാശം കണ്ട കുടിലിലേക്ക് അവൾ ഓടിക്കയറി. അവിടെ അവൾ കണ്ടത് മദ്യക്കുപ്പികൾക്കു മുന്നിലിരിക്കുന്ന കാമുകനെയാണ്. തൊട്ടടുത്തുതന്നെ ഒരു മന്ത്രവാദിയുമുണ്ടായിരുന്നു. അഭിലോഷികയെ കണ്ട് കാമുകൻ ഇരിപ്പിടത്തിൽനിന്നും എഴുന്നേറ്റു. മന്ത്രവാദി അഗ്നികുണ്ഠത്തിലേക്ക് അല്പംകൂടി എന്തൊ എടുത്തെറിഞ്ഞ് അഗ്നിയെ ജ്വലിപ്പിച്ചു. പിന്നെ അട്ടഹസിച്ചുകൊണ്ട് പറഞ്ഞു: 'ഇപ്പോൾ എന്റെ മന്ത്രശക്തിയിൽ നിനക്ക് വിശ്വാസമായില്ലേ?'

'അതു കേട്ട അഭിലോഷിക ഞെട്ടിവിറച്ചുപോയി. കാമുകൻ അവിടെ വച്ചിരുന്ന നീളമുള്ള ഒരു വാളുമായി അവൾക്കുനേരെ അടുത്തു. അഭിലോഷികയുടെ ശബ്ദം തൊണ്ടയിൽ കുരുങ്ങി. അവൾ നിലത്ത് മുട്ടുകുത്തിയിരുന്ന് കൈകൾ കൂപ്പി അവനു മുന്നിൽ പ്രാണനുവേണ്ടി കെഞ്ചി. ഓട്ടത്തിന്റെ കിതപ്പും ഭയത്തിന്റെ പിരിമുറുക്കവും കൂടിക്കലർന്നപ്പോൾ അവളുടെ ശബ്ദം പുറത്തുവന്നില്ല. വാള് ഉയർത്തിപ്പിടിച്ചുകൊണ്ട് കാമുകൻ പറഞ്ഞു: "പിഴച്ചുപെറ്റ സന്തതിയാണ് നീയെന്നറിഞ്ഞിട്ടും ഞാൻ നിന്നെ സ്നേഹിച്ചു. ലോകരുമുഴുവൻ പിഴച്ച പെണ്ണിന്റെ കാമുകനെന്നു വിളിച്ച് ആക്ഷേപിച്ചപ്പോഴും സ്നേഹത്തെപ്രതി ഞാനതല്ലെം ക്ഷമിച്ചു. നിന്റെ ഈ സുന്ദരമായ ശരീരത്തിൽ കാമം ഒരു വിഷസർപ്പമായി കയറിയിരിക്കുകയാണ്. ആ വിഷദംശനമേറ്റ് എത്രയോ പുരുഷന്മാർ നീറിപ്പുകഞ്ഞ് സ്വന്തം കർമ്മങ്ങൾ വെടിഞ്ഞ് നിനക്കു പിന്നാലെ നടക്കുന്നു; മഹാനായ ഒരു വൃദ്ധൻപോലും. ഇല്ല നീയിനി ജീവിച്ചിരിക്കാൻ പാടില്ല. ജീവിച്ചിരുന്നാൽ ഈ ഭൂമിക്ക് ശാപം കിട്ടും. ഏതെങ്കിലും ശക്തിയിൽ വിശ്വാസമുണ്ടെങ്കിൽ ചെയ്തുകൂട്ടിയ പാപങ്ങളെ ഓർത്ത് പശ്ചാത്തപിച്ചുകൊള്ളൂ.'

'പാപങ്ങൾ ചെയ്തുകൂട്ടി എന്നുള്ളതു ശരിയാണ്. നിങ്ങൾ പറഞ്ഞ ആ വൃദ്ധൻ മഹാനായ നാടകകൃത്ത്, എന്റെ പിതാവാണ്. ചെയ്ത തെറ്റുകൾ എല്ലാം സ്വയം തിരുത്തിക്കഴിഞ്ഞു. സമയംപോലെ നിന്നോടും അത് പറയണമെന്നുണ്ടായിരുന്നു.' ഒറ്റശ്വാസത്തിലാണ് അഭിലോഷിക ഇത് പറഞ്ഞുതീർത്തത്.

"നിന്റെ ഈ കള്ളക്കണ്ണുനീർ കാണുവാൻ എനിക്ക് ശക്തിയില്ല. നിന്റെ കഥകൾ വിശ്വസിക്കാൻ ഞാനൊരു ചപലനുമല്ല പെൺകിടാവേ. നിന്റെ ഈ കണ്ണീരിനുപോലും നിന്നിലെ സ്ത്രീസൗന്ദര്യത്തെ ജ്വലിപ്പിക്കുവാൻ കഴി

യുന്നു. ചിലപ്പോൾ ഞാനും അതിൽ അന്ധനായിത്തീരുമോ എന്ന് ഭയക്കുകയാണ്. ഇല്ല, പാടില്ല.' കാമുകൻ കണ്ണുകൾ ഇറുക്കിയടച്ചു. കൈയിലിരുന്ന വാൾ ആഞ്ഞുവീശി. അഭിലോഷികയുടെ ഗളം ഛേദിക്കപ്പെട്ടു."

വർക്കിസാറിനും അഭിലോഷികയ്ക്കുമിടയിൽ ഒരു നിശബ്ദത വളർന്നു. അതിന് വിരാമമിട്ടുകൊണ്ട് വർക്കിസാർ തിരക്കി: "നാടകത്തിന്റെ കഥ കേട്ടിട്ട് അഭിനയയ്ക്ക് എന്തു തോന്നുന്നു."

"മുഖസ്തുതി പറയുകയാണെന്ന് കരുതരുത്."അഭിനയ തുടർന്ന് പറഞ്ഞു: "ഒരു ഷേക്സ്പിയർ ദുരന്തനാടകത്തിന്റെ എല്ലാ അംശങ്ങളും ഉൾച്ചേർത്ത് മനോഹരമായി എഴുതുവാൻ സാറിന് കഴിഞ്ഞു."

"ഇംഗ്ലീഷുകാരന്റെ മൂല്യനിർണ്ണയത്തിൽ എന്റെ നാടകവും ശ്രദ്ധിക്കപ്പെടണമെങ്കിൽ അതിന് ഒരു സൗന്ദര്യം വേണമല്ലോ." വർക്കിസാർ ഉത്സാഹത്തോടെ തുടർന്നു: "ഷേക്സ്പിയറിന് നാടകത്തിൽ നിർണ്ണായകമായ സ്ഥാനം നൽകിയതും ഒഴിവാക്കാനാവാത്ത മുഹൂർത്തത്തിൽ നാടകത്തിലെ ദുരന്തമരണങ്ങൾ സംഭവിക്കുന്നതും എന്റെ നാടകത്തിന്റെ പ്രത്യേകതയാണ്."

"സാറ് ശരിക്കും ഒരു ജീനിയസാണ്." അഭിനയ അഭിപ്രായപ്പെട്ടു: "ഇതുതന്നെയാവാം മറ്റൊരു രീതിയിൽ ഷേക്സ്പിയറും മനസ്സിൽ കരുതിയ ആ നാടകത്തിന്റെ പൂർണ്ണരൂപം."

വർക്കിസാർ ചിരിച്ചുകൊണ്ട് പറഞ്ഞു: "അല്ല, ഷേക്സ്പിയർ അഭിലോഷികയെവച്ച് എഴുതുവാൻ ഉദ്ദേശിച്ച നാടകം മറ്റൊന്നാണ്. ആ നാടകത്തിന്റെ കഥ അന്യവുമാണ്. അല്ലെങ്കിൽത്തന്നെ ആ കഥയ്ക്കുള്ളതിനെക്കാൾ പ്രസക്തി ഇന്ന് അത് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യങ്ങൾക്കാണുള്ളത്. ആ സാഹചര്യത്തെയാണ് എല്ലാവരും അഭിലോഷികയെന്ന കഥയാക്കിത്തീർത്തുകൊണ്ടിരിക്കുന്നത്."

"ഒരു യുവ എഴുത്തുകാരൻ അഭിലോഷികയെപ്പറ്റി മലയാളത്തിൽ നോവലെഴുതിയിട്ടുണ്ട്. സാറത് വായിച്ചോ?" അഭിനയ തിരക്കി.

"അബദ്ധകഥനമാണെന്ന് പലരും പറയുന്നതു കേട്ടു. പേരും പ്രശസ്തിയും നേടുവാൻ ആഗ്രഹിക്കുന്നവർക്കൊക്കെ കയറിപ്പിടിക്കാവുന്ന സാഹിത്യവള്ളിയാണല്ലോ ഷേക്സ്പിയർ." വർക്കിസാർ പരിഹാസത്തോടെ പറഞ്ഞു: "ഷേക്സ്പിയറുടെ ആത്മാവ് ഇന്നും ജീവിക്കുന്നുണ്ടുപോലും! ആ കഥാപാത്രങ്ങളെ തീക്ഷ്ണമായി അവതരിപ്പിക്കുന്നവരിൽ ആ ആത്മാവ് ആവാഹിക്കുമത്രെ. യഥാർത്ഥത്തിലത് ഷേക്സ്പിയറെ ആക്ഷേപിക്കുന്ന ഒരു കൃതിയാണ്."

"വായിക്കാതെ ഒരഭിപ്രായം പറയുന്നത് നല്ലതല്ല. ആ നോവലിന്റെ ആദ്യത്തെ കുറെഭാഗം ഞാൻ വായിച്ചു. കല്പനാശക്തിയുള്ള ഒരെഴുത്തുകാരനെ അതിൽനിന്നും എനിക്ക് കണ്ടെത്തുവാൻ കഴിഞ്ഞു." അഭിനയ ഗൗരവത്തോടെ തുടർന്നു: "വളർന്നുവരുന്ന പുതിയ എഴുത്തുകാരെ അംഗീ

കരിക്കണം. അവരുടെ കൃതികളിൽ ഒരാഴമില്ലായ്മ മുതിർന്ന തലമുറയ്ക്ക് തോന്നിയാൽ അതിൽ അത്ഭുതമില്ല. മുതിർന്നവരുടെ വിളഞ്ഞ ബുദ്ധിയുമായിട്ടല്ല പുതുമക്കാരുടെ ഭാവനാസമ്പന്നമായ ബുദ്ധിയുമായിട്ടാണ് അവർ വസ്തുതകളെ കാണുന്നതും അവതരിപ്പിക്കുന്നതും. പുതിയ തലമുറയിലെ വായനക്കാർക്ക് അവരുടെ തലമുറയിലെ എഴുത്തുകാരുടെ മനോഭാവവും ഭാവനയും കല്പനകളുമാണിഷ്ടം. സാഹിത്യവും വായനയും മരിക്കാതിരിക്കണമെങ്കിൽ മുതിർന്ന തലമുറയിലെ എഴുത്തുകാർ പുതിയ തലമുറയ്ക്കു വേണ്ടി അവരുടെ ചിന്തകളിൽനിന്ന് എഴുതുകയും അവരെ അംഗീകരിക്കുകയും വേണം."

"സാഹിത്യത്തിൽ ആരും ആരെയും അംഗീകരിക്കുന്നതിലോ അംഗീകരിക്കാതിരിക്കുന്നതിലോ വലിയ പ്രസക്തിയില്ല." വർക്കിസാർ നയം വ്യക്തമാക്കിക്കൊണ്ട് പറഞ്ഞു: "വായനക്കാർ സ്വീകരിക്കുന്നതാണ് നല്ല കൃതി. വായനക്കാരെന്നു പറഞ്ഞാൽ ബുദ്ധിയുള്ള വായനക്കാർ."

"ഈ ബുദ്ധിയുള്ള വായനക്കാർ ആരാണ്?" അഭിനയ ചോദിച്ചു. "സാറിനെപ്പോലെയുള്ള പണ്ഡിതരാണോ?"

"ഞാനൊരു വാദത്തിനൊന്നുമില്ല." വർക്കിസാർ പറഞ്ഞു: "ചിന്തിക്കുന്നവർ വായിക്കുന്നതിനും അല്ലാത്തവർ വായിക്കുന്നതിനും തമ്മിൽ ഒരന്തരമുണ്ടെന്നേ ഞാൻ പറഞ്ഞുള്ളൂ."

"സമയം ഒരുപാടായല്ലോ നമ്മൾ ഇവിടെയിരുന്ന് സംസാരിക്കുവാൻ തുടങ്ങിയിട്ട്." അഭിനയ ഇരിപ്പിടത്തിൽനിന്നും എഴുന്നേറ്റുകൊണ്ട് പറഞ്ഞു: "പ്രസാദിനെ കാണാമെന്നുപറഞ്ഞ സമയമായി. ഞാനിറങ്ങട്ടെ സാർ."

"അടുത്ത ആഴ്ചയിൽ ഈ ലൈബ്രറിഹാളിൽവച്ച് എന്റെ ശിഷ്യഗണങ്ങളും സുഹൃത്തുക്കളും ചേർന്ന് എന്നെ അഭിനന്ദിക്കുന്നുണ്ട്." ഒന്നു നിർത്തിയിട്ട് വർക്കിസാർ തുടർന്നു: "അക്കാദമിയുടെ അവാർഡ് കിട്ടിയപ്പോൾ മുതൽ അഭിനന്ദനയോഗം നടത്തുവാൻ അവർ തയ്യാറെടുക്കുകയായിരുന്നു. ഇപ്പോഴാണ് അതിന് സ്ഥലവും സമയവും ഒത്തുവന്നതെന്ന് തോന്നുന്നു. ആ യോഗത്തിന് അഭിനയ വരണം. എന്റെ ഭാര്യയും മകനും സ്റ്റേറ്റ്സിൽ നിന്നും വരുന്നുണ്ട്. അവരെയും പരിചയപ്പെടാമല്ലോ."

"തീർച്ചയായും വരും സാർ." അഭിനയ സന്തോഷത്തോടെ പറഞ്ഞു: "സാറ് ക്ഷണിച്ചില്ലെങ്കിലും അതിൽ ഞാൻ പങ്കെടുക്കുവാൻ ഇരിക്കുകയായിരുന്നു. കലാപരിപാടികൾക്കിടയിൽ എന്റെ ഒരു നൃത്തത്തെപ്പറ്റിയും ആലോചനയുണ്ട്."

"ഞാൻ അറിഞ്ഞിരുന്നു അഭിനയയുടെ നൃത്തമുണ്ടെന്ന്." വർക്കിസാർ പുഞ്ചിരിച്ചുകൊണ്ടു തുടർന്നു: "എങ്കിലും ഞാൻതന്നെ ക്ഷണിക്കുന്നത് മര്യാദയും ബഹുമാനവുമാണല്ലോ. ഞാനിതുവരെ തന്റെ നൃത്തം കണ്ടിട്ടില്ല. നന്നായി നൃത്തം ചെയ്യുമെന്ന് പലരും പറഞ്ഞാണ് അറിഞ്ഞത്. അതുമൊന്നു നേരിൽ കാണാമല്ലോ."

ആ പ്രശംസ അഭിനയ പുഞ്ചിരിയോടെ ആസ്വദിച്ചുനിന്നു.

“ഗവേഷണം സംബന്ധിച്ച് എന്തു സംശയമുണ്ടെങ്കിലും എന്നോട് ചോദിക്കാൻ മടിക്കേണ്ട.'' വർക്കിസാർ ഗൗരവത്തോടെ തുടർന്നു: “ഷേക്സ്പിയറെപ്പറ്റിയുള്ള പഠനങ്ങളോ വിലയിരുത്തലുകളോ എന്താണെങ്കിലും ആവശ്യമുള്ളത് പറഞ്ഞാൽമതി സംഘടിപ്പിച്ചുതരാം.”

“ശരിക്കും സാറിനെ പരിചയപ്പെട്ടത് എന്റെ ഭാഗ്യമാണ്.” സ്നേഹാദരവോടെ അഭിനയ പറഞ്ഞു.

സായാഹ്നസൂര്യന്റെ കിരണങ്ങൾ ആ മുറിക്കുള്ളിലേക്ക് ജാലകത്തിലൂടെ ചെരിഞ്ഞു പതിക്കുവാൻ തുടങ്ങിയിരുന്നു.

“അഭിനയ പൊയ്ക്കൊള്ളൂ. ഇനി സമയം കളയേണ്ട.” ഒരു കുസൃതിയോടെ വർക്കിസാർ പറഞ്ഞു: “അല്ലെങ്കിൽ തന്റെ ചൂടൻകാമുകന്റെ മൂഡ് തെറ്റും.”

അഭിനയ വർക്കിസാറിനെ നോക്കി കുസൃതിയോടെ പുഞ്ചിരിച്ചു. തല വെട്ടിച്ച് തിരിഞ്ഞുനടന്നു. അഭിനയ ഉത്സാഹത്തോടെ നടക്കുന്നത് വർക്കിസാർ നോക്കിനിന്നു. അറിയാതെ ആ ചുണ്ടുകളിൽ കൗതുകത്തിന്റെ ഒരു പുഞ്ചിരി വിടർന്നു.

# 7

# ആഘോഷത്തിനുശേഷം നക്ഷത്രങ്ങൾക്കൊപ്പം

**പ**ബ്ലിക് ലൈബ്രറിയുടെ ആഡിറ്റോറിയത്തിൽ വർക്കിസാറിന് അക്കാദമിയുടെ അവാർഡ് കിട്ടിയതിന് അഭിനന്ദിക്കുന്ന യോഗം നടന്നു. അതിൽ പങ്കെടുത്ത എല്ലാവർക്കും വിഭവസമൃദ്ധമായ വിരുന്നുമുണ്ടായിരുന്നു. യോഗാനന്തരം നടന്ന കലാപരിപാടികളിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ടത് അഭിനയയുടെ നേതൃത്വത്തിൽ അവതരിപ്പിച്ച സംഘനൃത്തമായിരുന്നു.

വിരുന്നിനുശേഷം വർക്കിസാറിന്റെ ഭാര്യ എലിസബത്ത് ഓടിനടന്ന് പലരുമായും സൗഹൃദം പങ്കുവയ്ക്കുവാൻ ഉള്ള സമയം വിനിയോഗിച്ചു. കാഴ്ചയിൽ സാറിനെക്കാൾ വളരെ ചെറുപ്പം. സുന്ദരിയാണെന്ന ബോദ്ധ്യം അവരുടെ ഓരോ ചലനത്തിലും നിറഞ്ഞുനിന്നിരുന്നു. പലരും അവരുടെ പ്രവർത്തനങ്ങളെ കൗതുകത്തോടെ നോക്കിനിന്നു.

അവിടേക്കു വന്ന വർക്കിസാർ എലിസബത്തിനെ വിളിച്ച് അഭിനയയെ പരിചയപ്പെടുത്തി.

“ഇതാണ് അഭിനയചന്ദ്രിക.” വർക്കിസാർ പറഞ്ഞു: “എന്റെ ഏറ്റവും പുതിയ വിദ്യാർത്ഥിയെന്നോ സഹപ്രവർത്തകയെന്നോ പറയാം.”

എലിസബത്ത് അഭിനയയെ വാത്സല്യത്തോടെ നോക്കി. “സാറ് അവതരിപ്പിച്ച രണ്ട് നാടകങ്ങളിലും അഭിനയ വളരെ നന്നായി അഭിനയിച്ചെന്നറിഞ്ഞു.'' എലിസബത്ത് പറഞ്ഞു: ''ആഡിറ്റോറിയത്തിൽ അവതരിപ്പിച്ച നൃത്തം വളരെ നന്നായിരുന്നു.”

“താങ്ക്സ്.” അഭിനയ സന്തോഷത്തോടെ പറഞ്ഞു.

“പഠനത്തിനിടയിൽ കലാപ്രവർത്തനത്തിനും സമയം കണ്ടെത്തുന്നത് വലിയ കാര്യമാണ്.” എലിസബത്ത് ഓർമ്മിപ്പിച്ചു: “പഠനത്തെ അതൊരിക്കലും ബാധിക്കാതിരിക്കുവാൻ ശ്രമിക്കണം.”

തെല്ലകലെ നിന്ന മകനെ എലിസബത്ത് അടുത്തേക്ക് വിളിച്ചു.

“ഇത് എന്റെ മോനാ.” എലിസബത്ത് വർക്കിസാറിന്റെ മുഖത്തേക്ക്

കുസൃതിയോടെ നോക്കി: "ഞങ്ങളുടെ ഏക മകൻ ജോൺ വർക്കി. സ്റ്റേറ്റ്സിൽ എന്നോടൊപ്പമാണ്. അവിടെ അമേരിക്കൻ നാസ റിസർച്ച് അക്കാദമിയിൽ സയന്റിസ്റ്റായി ജോലി ചെയ്യുന്നു."

അഭിനയയും ജോൺ വർക്കിയും മുഖാമുഖം നോക്കി പുഞ്ചിരിച്ചുകൊണ്ട് വിഷ് ചെയ്തു.

"ദാ എനിക്കിപ്പോൾ ഒരു മോളുകൂടിയുണ്ട്." വർക്കിസാർ ജോണിനോട് വാത്സല്യത്തോടെ പറഞ്ഞു: "അഭിനയചന്ദ്രിക." വർക്കിസാർ അഭിനയയുടെ മുഖത്തേക്കു നോക്കി തിരക്കി: "അങ്ങനെയല്ലേ?"

അഭിനയ പുഞ്ചിരിച്ചതേയുള്ളൂ.

"എനിക്ക് വിരോധമില്ല." എലിസബത്ത് ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഇഷ്ടപ്പെടുകയുംചെയ്തു."

"അഭിനയ കേട്ടല്ലോ." വർക്കിസാർ വാത്സല്യത്തോടെ പറഞ്ഞു: "എന്റെ ഭാര്യയ്ക്ക് ഒരാളെ ഇഷ്ടപ്പെടുകയെന്നു പറഞ്ഞാൽ അതൊരു സംഭവമാണ്."

സുഹൃത്തുക്കൾ ആരോ വിളിച്ചപ്പോൾ വർക്കിസാറും എലിസബത്തും അവിടേക്കു പോയി. അഭിനയയും ജോൺ വർക്കിയും തനിച്ചായി. അവർ പരസ്പരം കണ്ണുകളിലേക്കു നോക്കി.

"ഫോൺ വിളിക്കുമ്പോൾ അച്ഛൻ അഭിനയയെപ്പറ്റി പറയാറുണ്ട്." ജോൺ വർക്കി തുടർന്നു. "ഷേക്സ്പിയർ നാടകത്തിലാണ് ഗവേഷണം ചെയ്യുന്നതെന്നും നല്ല കഴിവുള്ള കുട്ടിയാണെന്നും നല്ല പെരുമാറ്റവും സ്വഭാവുമാണെന്നും പറഞ്ഞു."

എന്താണ് പറയേണ്ടതെന്നറിയാതെ അഭിനയ കുഴങ്ങിനിന്നു. അവിടേക്ക് എലിസബത്ത് വന്നു.

"അഭിനയയുടെ നൃത്തം കണ്ടു. വളരെ നന്നായിരുന്നു." ജോൺ വർക്കി തുടർന്നു പറഞ്ഞു: "അഭിനന്ദനങ്ങൾ."

അഭിനയ എന്തെങ്കിലും പറയുന്നതിനുമുമ്പ് എലിസബത്ത് കയറിപ്പറഞ്ഞു: "നിന്റെയുള്ളിൽ കമ്പ്യൂട്ടറിനു പുറത്ത് കലയോടും ഒരു പ്രണയമുണ്ടെന്ന് ആദ്യാമായാ അറിയുന്നത്."

"മമ്മി എന്റെ മനസ്സിനകത്ത് കയറി എല്ലാമിങ്ങനെ പരിശോധിച്ചറിഞ്ഞിരിക്കുകയല്ലേ?" ജോൺ വർക്കി തെല്ലു പരിഹാസത്തോടെ പറഞ്ഞു: "ഫാഷൻകലയൊഴിച്ച് മമ്മിക്കറിയാവുന്ന കല എന്താണുള്ളത്?"

വർക്കിസാർ പിന്നിൽനിന്നും വിളിച്ചപ്പോൾ എലിസബത്ത് അവിടേക്ക് നടന്നു. ജോണിനും അഭിനയയ്ക്കുമിടയിൽ ഒരു മൗനം വളർന്നു. അവർക്കു ചുറ്റും സന്തോഷിച്ച് സംസാരിച്ചുനിൽക്കുന്നവരുടെ ചെറിയ ചെറിയ കൂട്ടങ്ങൾ. അഭിനയ ജോണിനെ അടിമുടി ഒന്നു ശ്രദ്ധിച്ചു. ഉയരമുള്ള വെളുത്ത ശരീരം. നീട്ടിവളർത്തിയ മുടികൾ പിന്നിലേക്ക് ചീകിയൊതുക്കിയിരിക്കുന്നു. ജീൻസിന് ചേരുന്ന രീതിയിൽ ധരിച്ചിരിക്കുന്ന കോട്ടൻ ഷർട്ട്. ആകെക്കൂടി നോക്കിയാൽ ലാളിത്യമുള്ള ഒരു സയന്റിസ്റ്റ്. അവർക്കിടയിലെ മൗനത്തെ

മുറിച്ചുകൊണ്ട് അഭിനയ സംസാരിച്ചുതുടങ്ങി:

"അച്ഛനെന്നും മമ്മിയെന്നും ഇംഗ്ലിഷും മലയാളവും കലർത്തി ഒരു ചേർച്ചയില്ലാത്ത രീതിയിില പേരൻസിനെ വിളിക്കുന്നത്?"

"അച്ഛനിഷ്ടം ഈ കേരളവും ഇവിടത്തെ രീതിയുമാണ്." ജോൺ വർക്കി ചിരിച്ചുകൊണ്ട് പറഞ്ഞു: "അതുകൊണ്ട് വിളിക്കുന്നതും മലയാളം പേരു മതിയെന്ന് നിർബന്ധം. മമ്മിക്ക് ഇവിടത്തെ രീതിയൊന്നും പിടിക്കത്തില്ല. അതുകൊണ്ട് പേരിൽപ്പോലും മമ്മിക്ക് ഇഷ്ടപ്പെടുന്ന രീതി സ്വീകരിച്ചെന്നെയുള്ളൂ."

അവരുടെ സംസാരം പഠനത്തെപ്പറ്റിയും ജോലിയെപ്പറ്റിയുമെല്ലാമായി അല്പസമയം തുടർന്നുകൊണ്ടിരുന്നു. കൂടെ നൃത്തമാടിയ പെൺകുട്ടികൾ വിളിച്ചപ്പോൾ ജോൺ വർക്കിയോട് യാത്ര പറഞ്ഞ് അഭിനയ അവരോടൊപ്പം ചേർന്നു.

പ്രഭാതത്തിൽ ഗായത്രീദേവി വിളിച്ചപ്പോഴാണ് അഭിനയ ഉണർന്നത്. ഭിത്തിയിലെ ക്വാർട്സ് ക്ലോക്കിലേക്ക് നോക്കിയപ്പോൾ അവൾ ശരിക്കും ഞെട്ടിപ്പോയി. സമയം ഏഴു മുപ്പതായിരിക്കുന്നു. പ്രഭാതത്തിൽ അഞ്ചരയ്ക്കപ്പുറം ഉറങ്ങുന്നത് അഭിനയയുടെ ശീലമല്ല.

"രാത്രിയിൽ വളരെ വൈകിയാണ് കിടന്നത്." അഭിനയ പറഞ്ഞു: "ആന്റി ഇപ്പോൾ വിളിച്ചത് വളരെ നന്നായി."

"മേശമേൽ കോഫി എടുത്തുവച്ചിട്ടുണ്ട്." ഗായത്രി പറഞ്ഞു: "തണുത്തുപോകുന്നതിനുമുമ്പ് അതെടുത്ത് കുടിക്ക്."

ടെലിഫോൺ ബെൽ നീട്ടി അടിക്കുവാൻ തുടങ്ങി.

"എസ്.ടി.ഡി.യാണെന്നു തോന്നുന്നു." ഗായത്രീദേവി പറഞ്ഞു.

ഗായത്രീദേവി നടന്നുചെന്ന് റിസീവറെടുത്തു. അങ്ങേത്തലയ്ക്കൽ നിന്നും സംസാരിക്കുന്നത് റോസ്മേരിയാണ്. ഗായത്രി അഭിനയയെ വിളിച്ച് റിസീവർ അവളുടെ കൈയിൽ കൊടുത്തു.

"ഹലോ, പതിവില്ലാതെ ഈ പ്രഭാതത്തിൽ എന്താ വിളിച്ചത്?" അഭിനയ തിരക്കി: "എന്നെക്കൊണ്ട് എന്തെങ്കിലും ആവശ്യമുണ്ടോ?"

"നിന്നെ വിളിക്കുവാൻ പ്രത്യേകിച്ച് എന്തെങ്കിലും ആവശ്യം വേണമോ?" റോസ്മേരി ചോദിച്ചു.

"നിനക്കൊരു നസ്രാണി സ്വഭാവമുള്ളതുകൊണ്ട് ചോദിച്ചതാണെ." അഭിനയ കുസൃതിയോടെ തുടർന്നുപറഞ്ഞു: "എന്തെങ്കിലും ആവശ്യമുണ്ടെങ്കിലല്ലെ വിളിക്കാറുള്ളൂ."

"എന്നാൽ ഒരാവശ്യമുണ്ട്." റോസ്മേരി പറഞ്ഞു: "എനിക്ക് തന്നെ ഒന്നു കാണണം."

"വിശേഷിച്ച് അങ്ങനെയൊരു തോന്നലിനുള്ള കാരണം." അഭിനയ തിരക്കി.

"ഇന്നലെ രാത്രി ഞാൻ നിന്നെ സ്വപ്നംകണ്ടു." റോസ്മേരി കൃത്രിമ

ഗൗരവത്തിൽ തുടർന്നു: “നീ എന്റെ വീട്ടിൽ വരുന്നതും നമ്മൾ തമ്മിൽ വഴക്കിടുന്നതുംവരെ കണ്ടു. അത്രയുമായപ്പോഴേക്കും ഉണർന്നുപോയി.”

“എന്താ വഴക്കിനുള്ള കാരണം?” അഭിനയ തിരക്കി: “അത് സ്വപ്നത്തിൽ കണ്ടോ?”

“അതൊന്നും അറിയില്ല മോളെ.” റോസ്മേരി തുടർന്നു: “നിന്നെ ഓർത്തപ്പോൾ ഒന്നു വിളിച്ചു. എന്നാ നീ ഇവിടേക്ക്. ഈ സ്വപ്നത്തിൽ കണ്ടത് ശരിയാണോയെന്ന് അറിയേണ്ടേ?”

“അയ്യോ വഴക്കിടാനൊന്നും എന്നെക്കൊണ്ട് വയ്യ മോളെ.” അഭിനയ ചിരിച്ചുകൊണ്ട് പറഞ്ഞു: “ഇപ്പോൾതന്നെ എടുത്താൽ പൊങ്ങാത്തത്ര ജോലിയുണ്ട്.”

“പ്രായത്തിന് നിരക്കാത്ത ജോലിയെല്ലാം എടുത്ത് തലയിൽവച്ച് ജീവിതം നശിപ്പിക്കരുത്.” റോസ്മേരി പരിഹാസത്തോടെ പറഞ്ഞു.

“ആ വിലയേറിയ ഉപദേശത്തിന് നന്ദി.” അഭിനയ പരിഹസിച്ചുകൊണ്ട് പറഞ്ഞു: “നിന്നോടൊന്ന് കുമ്പസാരിക്കാനുണ്ട്.”

“ഞങ്ങളുടെ ജാതിച്ചീട്ടിലൊന്നും നീ കയറിപ്പിടിക്കേണ്ട.” റോസ്മേരി തുടർന്നുപറഞ്ഞു: “ആന്റിയെ ഗൗരവമായി അന്വേഷിച്ചെന്നു പറയണം. നീ സൗകര്യംപോലെ ഇവിടെവരെ ഒന്നുവരണം.”

അഭിനയ വരാമെന്ന് സമ്മതിച്ച് റിസീവർ വച്ചു. തിരിഞ്ഞുനോക്കുമ്പോൾ ആന്റി പിന്നിൽത്തന്നെയുണ്ട്.

“ആന്റിയെ ഗൗരവത്തിൽ അന്വേഷിച്ചതായി റോസ്മേരി പറഞ്ഞു.” അഭിനയ തുടർന്ന് ചോദിച്ചു: “ഈ ഗൗരവത്തിലുള്ള അന്വേഷണത്തിന്റെ അർത്ഥമെന്താ ആന്റി?”

“അർത്ഥങ്ങളും ദ്വയാർത്ഥങ്ങളുമൊക്കെ നിങ്ങൾക്കല്ലേ അറിയൂ.” ഗായത്രി ചിരിച്ചുകൊണ്ട് പറഞ്ഞു: “ഞങ്ങളൊക്കെ കാലഹരണപ്പെട്ട ചിന്താരീതിയുടെ ആൾക്കാരല്ലേ?”

ഗായത്രി എടുത്തുവച്ച കാപ്പിയും കുടിച്ചുകൊണ്ട് അഭിനയ മുറിയിലേക്ക് നടന്നു. അപ്പോൾ ഫോൺ വീണ്ടും ബെല്ലടിക്കാൻ തുടങ്ങി. ബെല്ലിന്റെ ശബ്ദം കേട്ടപ്പോൾതന്നെ അതൊരു ലോക്കൽ കോളാണെന്ന് അഭിനയയ്ക്ക് മനസ്സിലായി.

ഗായത്രീദേവിയാണ് ഫോണെടുത്തത്. ആരാണെന്ന് അറിയുവാൻവേണ്ടി അഭിനയ അടുത്തേക്ക് ചെന്നപ്പോഴേക്കും ഗായത്രി റിസീവർ വച്ചു.

“വർക്കിസാർ ടൗണിൽനിന്നുമാണ് വിളിച്ചത്.” ഗായത്രീദേവി തുടർന്നു: “ഇപ്പോൾതന്നെ ഇവിടേക്കു വരുന്നുണ്ടെന്നു പറഞ്ഞു.”

“എന്തിനായിരിക്കും സാറ് ഇത്ര രാവിലെതന്നെ വരുന്നത്?” അഭിനയ സംശയിച്ചു: “പുതിയ വല്ല നാടകത്തിലുമഭിനയിക്കാൻ പറയുവാനായിരിക്കുമോ?”

ആഘോഷത്തിനുശേഷം നക്ഷത്രങ്ങൾക്കൊപ്പം

"എന്താണെങ്കിലും വരട്ടെ." ഗായത്രീദേവി ശാന്തമായി തുടർന്നു: "നീ ഡ്രസ്സെല്ലാം മാറി വൃത്തിയായിട്ട് ഒരുങ്ങിനിൽക്ക്. ഇങ്ങനെ എഴുന്നേറ്റ പടി നിന്നാൽ അവരെന്താ ഓർക്കുക."

അഭിനയ ഗായത്രീദേവിയെ നോക്കി കുസൃതിയോടെ ചിരിച്ചുകൊണ്ട് അവളുടെ മുറിയിലേക്ക് വേഗത്തിൽ നടന്നു; ഗായത്രി അടുക്കളയിലേക്കും.

വീടിന്റെ മുമ്പിൽ കാറ് വന്നുനിൽക്കുന്ന ശബ്ദം കേട്ടപ്പോൾതന്നെ അത് വർക്കിസാറിന്റേതായിരിക്കുമെന്ന് അഭിനയ ഊഹിച്ചു. ജനാലയിലൂടെ അവിടേക്കു നോക്കിയ അഭിനയ അതിശയിച്ചുപോയി. ഒരു വിദേശക്കാർ. അതിന്റെ ഡ്രൈവിങ് സീറ്റിൽനിന്നും പുറത്തേക്കിറങ്ങിയത് ജോൺ വർക്കിയാണ്. നിറമുള്ള വിലകൂടിയ വസ്ത്രങ്ങളാണ് ജോൺ ധരിച്ചിരിക്കുന്നത്. കാഴ്ചയിൽ ഏറെ സുന്ദരനുമായിട്ടുണ്ട്. പിൻസീറ്റിൽനിന്നും പുറത്തേക്കിറങ്ങിയത് വർക്കിസാറും എലിസബത്തുമാണ്. എന്തിനാണ് എല്ലാവരുംകൂടി വന്നത്? അഭിനയ സംശയിച്ചു. ഗായത്രീദേവി സിറ്റൗട്ടിലേക്ക് ഇറങ്ങിച്ചെന്ന് അവരെ സ്വീകരിച്ച് അകത്തെ മുറിയിലേക്ക് ക്ഷണിച്ചു. അഭിനയ വേഗം തന്നെ അവരുടെ അടുത്തേക്കു വന്നു.

"അത്ഭുതമായിരിക്കുന്നു. എല്ലാവരുംകൂടി വന്നത്." അഭിനയ പറഞ്ഞു: "ഒന്ന് അറിയിച്ചിട്ട് വരാമായിരുന്നു."

"എന്റെ ഭാര്യയ്ക്ക് ഒരേ നിർബന്ധം അഭിനയയുടെ വീട്ടിൽ പോകണമെന്ന്." വർക്കിസാർ ചിരിച്ചുകൊണ്ട് തുടർന്നു: "വയസ്സനാണെങ്കിലും ഭാര്യയുടെ ആഗ്രഹങ്ങളൊക്കെ സാധിച്ചുകൊടുക്കണ്ടേ. അല്ലെങ്കിൽ പിന്നെ കരച്ചിലും ചീത്തവിളിക്കലുമെല്ലാമായി സമാധാനം നശിക്കും."

"ചേച്ചിയിനി തിരിച്ച് സ്റ്റേറ്റ്സിലേക്ക് ഉണ്ടോ?" അഭിനയ തിരക്കി: "അതോ ഇവിടെത്തന്നെ..."

"ഇരുപതു ദിവസത്തെ ലീവിനാ ഞങ്ങൾ വന്നത്?" എലിസബത്ത് തുടർന്നുപറഞ്ഞു: "ജോണിന് അധികദിവസം ലീവ് കിട്ടത്തില്ല."

"കുടിക്കാൻ എന്താ കാപ്പിയോ അതോ ചായയോ?" ഗായത്രീദേവി തിരക്കി.

"എന്താണെങ്കിലും ഞങ്ങൾക്കു വിരോധമില്ല." എലിസബത്ത് പറഞ്ഞു: "തിരക്കില്ല. പതിയെ എടുത്താൽ മതി. ഞങ്ങൾ എല്ലാവരുംകൂടി വന്നത് ഒരു പ്രധാന കാര്യം പറയുവാൻവേണ്ടിയാണ്." എലിസബത്ത് തുടർന്നു: "സാറിന്റെ അഭിലോഷികയെന്ന നാടകം ഇംഗ്ലണ്ടിലെ ഒരു ക്ലബ്ബുകാര് അവതരിപ്പിക്കണമെന്നു പറഞ്ഞിരിക്കുകയാണ്. ഇന്നലെ രാത്രിയിലാണ് ഔദ്യോഗികമായ അറിയിപ്പു ലഭിച്ചത്. വിവരം അറിഞ്ഞപ്പോൾതന്നെ അഭിനയയെ വിളിച്ചുപറയുവാൻ സാറ് തുടങ്ങി. ഞാനാണ് അതിനെ എതിർത്തത്. അഭിനയയുടെ വീട്ടിൽ ചെന്ന് നേരിട്ട് കാര്യങ്ങൾ സംസാരിക്കാമെന്ന് പറഞ്ഞു. ഒപ്പം ഞങ്ങൾക്ക് അഭിനയയെയും അഭിനയയുടെ ആന്റിയെയും അടുത്ത് പരിചയപ്പെടുകയുമാകാമല്ലോ."

“ആ നാടകത്തിൽ അഭിലോഷികയുടെ വേഷംചെയ്യാൻ ഞാൻ മനസ്സിൽ കണ്ട വ്യക്തി അഭിനയയാണ്.” വർക്കിസാർ തുടർന്നു: “നാടകം ഇംഗ്ലണ്ടിൽ അവതരിപ്പിക്കാൻ ഇനിയൊരു ഏഴു മാസംകൂടി സമയമുണ്ട്. അതിനിടയിൽ സമയം കളയാതെ കുറച്ച് റിഹേഴ്സൽ. അത് സൗകര്യം പോലെ പബ്ലിക് ലൈബ്രറിയുടെ ആഡിറ്റോറിയത്തിൽവച്ച് നടത്തിയാൽ മതി. അഭിനയിക്കാൻ പോകുകയെന്നു പറഞ്ഞാൽ ഒരു വിദേശപര്യടനമെന്നു കരുതിയാൽ മതി. ഏതാണ്ട് ഒരു മാസം നീണ്ടുനിൽക്കുന്ന പ്രോഗ്രാം. ഈ പ്രോഗ്രാം കഴിയുമ്പോഴേക്കും ഒരു പത്തു പതിനഞ്ചു ലക്ഷം രൂപ സമ്പാദിക്കുവാൻ കഴിയും. ഇംഗ്ലീഷുകാരുടെ പരിപാടിയാ. അവര് കലാകാരന്മാരെ അങ്ങേയറ്റം ആദരിക്കുന്നവരാണ്.”

അവർക്കിടയിൽ അല്പസമയത്തെ നിശബ്ദത വളർന്നു.

“പിഎച്ച്.ഡി.യൊക്കെ കഴിഞ്ഞ് ഏതെങ്കിലും മാനേജ്മെന്റ് കോളജിൽ കയറണമെങ്കിൽ എട്ടുപത്ത് ലക്ഷമെങ്കിലും ചുരുങ്ങിയത് കൊടുക്കേണ്ടിവരും.” വർക്കിസാർ പറഞ്ഞു: “അതിനുള്ള പണം ഒരു മാസംകൊണ്ട് സമ്പാദിക്കാനുള്ള എളുപ്പവഴിയായി ഇതിനെ കണ്ടാൽ മതി.”

“എന്താ അഭിനയയുടെ അഭിപ്രായം?” എലിസബത്ത് തിരക്കി.

“സാറൊരു കാര്യം പറഞ്ഞാൽ ഞാനതിനെ എതിർക്കില്ല.” അഭിനയ തുടർന്നു പറഞ്ഞു: “എനിക്കു ദോഷംവരുന്ന ഒരു കാര്യവും സാറു പറയില്ലെന്നറിയാം. ഒരു വിദേശടൂറെന്നൊക്കെ പറയുമ്പോൾ വീട്ടിൽനിന്നുകൂടി അനുവാദം മേടിക്കണം.”

അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഗായത്രീദേവി അടുക്കളയിലേക്ക് നടന്നു. അല്പസമയത്തിനുശേഷം നാലു കപ്പുകളിൽ കാപ്പിയുമായി അവിടേക്കു വന്നു. എല്ലാവർക്കും കാപ്പി കൊടുത്തുകൊണ്ട് പറഞ്ഞു: “രാവിലെ കഴിക്കുവാൻ ദോശ ഉണ്ടാക്കിയിട്ടുണ്ട്.”

എലിസബത്ത് പറഞ്ഞു: “ഭക്ഷണം കഴിക്കുവാനൊക്കെ ഇനിയും ഞങ്ങൾ വരാം.” കാപ്പികുടിക്കുന്നതിനിടയിൽ എലിസബത്ത് തിരക്കി:”എവിടെയാണ് അഭിനയയുടെ മുറി.”

“മുകളിലത്തെ നിലയിലാണ്.” അഭിനയ പറഞ്ഞു.

എലിസബത്തും അഭിനയയുംകൂടി മുകളിലത്തെ മുറിയിലേക്ക് നടന്നു. അഭിനയയുടെ കിടപ്പുമുറിയും പഠനമുറിയും എലിസബത്ത് ശ്രദ്ധയോടെ നിരീക്ഷിച്ചു.

“ഒരു കലാഹൃദയമുള്ളതിന്റെ അടുക്കും ചിട്ടയും മോളുടെ മുറിക്കുണ്ട്.” എലിസബത്ത് തുടർന്ന് ചോദിച്ചു: “അഭിനയയ്ക്ക് ഞങ്ങളെയൊക്കെ ഇഷ്ടമായോ?”

“എന്താണു ചേച്ചീ അങ്ങനെയൊരു ചോദ്യം?” അഭിനയ തിരക്കി.

അതിനു മറുപടിയായി എലിസബത്ത് ചിരിച്ചതേയുള്ളൂ.

ആഘോഷത്തിനുശേഷം നക്ഷത്രങ്ങൾക്കൊപ്പം

അവർ അവിടെനിന്ന് അല്പസമയം സംസാരിച്ചതിനുശേഷം താഴേക്കുനടന്ന് വർക്കിസാറും ജോൺ വർക്കിയും ഗായത്രീദേവിയും ഇരിക്കുന്നിടത്തേക്കു ചെന്നു.

"എന്താ എന്റെ ഭാര്യ മോളോടു പറഞ്ഞത്?" വർക്കി സാർ തിരക്കി.

"ഞങ്ങൾ സ്ത്രീകൾക്ക് അങ്ങനെ പല കാര്യങ്ങളും സംസാരിക്കുവാൻ കാണും." എലിസബത്ത് പറഞ്ഞു: "അതൊക്കെ പുരുഷന്മാരോട് എങ്ങനെയാ പറയുക."

എലിസബത്ത് ഗായത്രീദേവിയുമായും ഏറെ സമയം സംസാരിച്ചു. അതിനിടയിൽ വർക്കിസാർ അഭിനയയോടു പറഞ്ഞു: "അഭിനയയ്ക്ക് എന്തെങ്കിലും ജോലിക്കോ മറ്റാവശ്യത്തിനോ അമേരിക്കയിൽ പോകണമെങ്കിൽ ജോണിനോടു പറഞ്ഞാൽ മതി. അവനവിടെ അത്യാവശ്യം പരിചയങ്ങളൊക്കെയുണ്ട്."

"എനിക്ക് ടീച്ചിങ്ങിനോടാണ് പൊതുവെ താത്പര്യം." അഭിനയ തുടർന്ന് പറഞ്ഞു: "അങ്ങനെ വല്ല ജോലിക്കും അവിടെ സാദ്ധ്യതയുണ്ടോ?"

"അദ്ധ്യാപകർക്ക് അമേരിക്കയിൽ പൊതുവെ നല്ല ഡിമാന്റാണ്." ജോൺ തുടർന്ന് പറഞ്ഞു: "തനിക്ക് അങ്ങനെ വല്ല ഇഷ്ടവുമുണ്ടെങ്കിൽ ഞാൻ ശ്രമിക്കാം."

ഏറെനേരത്തെ സൗഹൃദസംഭാഷണത്തിനുശേഷം അവർ അവിടെ നിന്നുമിറങ്ങി.

"ശരിക്കും ഇപ്പോഴെനിക്ക് അടക്കാനാവാത്ത സന്തോഷം തോന്നുന്നു." അഭിനയ ചിരിച്ചുകൊണ്ട് പറഞ്ഞു: "അഭിലോഷിക–കേട്ടപ്പോൾതന്നെ മനസ്സിൽ തറച്ച ഒരു കഥാപാത്രമായിരുന്നു. അതും ഇംഗ്ലണ്ടിൽ. ഷേക്സ്പിയറിന്റെ സ്വന്തം നാട്ടിൽ പോയി അങ്ങനെയൊരു നാടകം അഭിനയിക്കുകയെന്നു പറഞ്ഞാൽ വലിയ കാര്യമാണ്."

"നിന്റെ ഭാഗ്യമെന്നു കരുതിയാൽ മതി." ഗായത്രീദേവി തുടർന്നു പറഞ്ഞു: "അവരുടെ മട്ടും സംസാരവുമൊക്കെ കേട്ടിട്ട് നിന്നെ ആകെയങ്ങ് ഇഷ്ടപ്പെട്ട ലക്ഷണമാ. എന്റെയൊരു സംശയം പറഞ്ഞാൽ അവരുടെ മോന് നിന്നെ ആലോചിക്കുന്നതിനുള്ള ഒരു താത്പര്യമില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു."

"അതിന് സാദ്ധ്യതയേയില്ല." അഭിനയ തുടർന്നു പറഞ്ഞു: "എന്റെ പ്രണയത്തെപ്പറ്റിയൊക്കെ വർക്കിസാറിന് നല്ലവണ്ണം അറിയാം."

അഭിനയ ഫോൺ വിളിച്ച് വീട്ടിലേക്കും സുഹൃത്തുക്കളോടും അഭിലോഷികയായി അഭിനയിക്കുവാൻ കിട്ടിയ അവസരത്തെപ്പറ്റി പറഞ്ഞു. എല്ലാവരോടും അഭിലോഷികയെന്ന നാടകത്തിന്റെ സവിശേഷതകളെപ്പറ്റികൂടി വിശദീകരിച്ച് കൊടുക്കേണ്ടിവന്നു. അന്നേദിവസം മുഴുവൻ അഭിനയ ഏറെ സന്തോഷത്തിലായിരുന്നു.

രാത്രിഭക്ഷണത്തിനുശേഷം അഭിനയ സ്വന്തം മുറിയിലേക്കു പോയി.

തെല്ലു സമയം കഴിഞ്ഞപ്പോൾ അഭിലോഷികയെപ്പറ്റി കൂടുതലറിയുവാനുള്ള താത്പര്യത്തോടെ അഭിലോഷിക നോവൽ കൈയിലെടുത്തു. എന്തോ, നോവൽ വായിക്കുവാൻ ഒരു രസവും തോന്നിയില്ല. അവൾ അല്പസമയം നോവലിസ്റ്റിനെത്തന്നെ നോക്കിയിരുന്നു. നോവലിസ്റ്റ് തന്നെ നോക്കി കണ്ണു ചിമ്മുന്നതായി അഭിനയയ്ക്കു തോന്നി. അവൾ കൗതുകത്തോടെ നോവൽ ബഡ്ഡിന്റെ അടിയിൽത്തന്നെ വച്ചു. പിന്നെ താത്പര്യത്തോടെ ഇന്റർനെറ്റിന്റെ അടുത്തെത്തി. അതിലെ ഷേക്സ്പിയർ സൈറ്റെടുത്ത് അഭിലോഷികയി ലേക്ക് ചെന്നു. അതിൽ പൂർത്തീകരിച്ച അഭിലോഷിക നാടകത്തിന്റെ പത്ത് രൂപകങ്ങൾ! അഭിലോഷികയെ സാങ്കല്പികമായി പലരും വരച്ച ചിത്രങ്ങളും കണ്ടു.

പഠനമുറിയുടെ വാതിൽ തുറന്ന് അഭിനയ ടെറസ്സിലേക്കിറങ്ങി. ചുറ്റു വട്ടം രാത്രിയുടെ നിശബ്ദതയിൽ ഉറങ്ങിക്കഴിഞ്ഞെന്ന് അവൾക്കു മനസ്സി ലായി. മാനത്ത് ഉദിച്ചുയർന്നുനിൽക്കുന്ന ചന്ദ്രൻ. അഭിനയെ തലോടിക്കൊണ്ട് രാത്രികാറ്റ് മെല്ലെ വീശിക്കൊണ്ടിരുന്നു. ആ കാറ്റിന് രാത്രിപുഷ്പങ്ങളുടെ വശ്യമായ സുഗന്ധമുണ്ടായിരുന്നു. അങ്ങനെ പ്രകൃതിയെയും നോക്കി സുഗ ന്ധവും ആസ്വദിച്ച് നിന്നപ്പോൾ അഭിനയയുടെ മനസ്സുണർന്നു. അവൾക്ക പ്പോൾ നൃത്തമാടണമെന്നു തോന്നി.

അഭിനയ നൃത്തമാടിത്തുടങ്ങി. അല്പസമയം കഴിഞ്ഞപ്പോൾ അവ ളുടെ ശരീരം നല്ലതുപോലെ വിയർത്തൊഴുകുവാൻ തുടങ്ങി. ശരീരത്തിൽ വസ്ത്രങ്ങൾ ഒട്ടിനിൽക്കുന്നത് നൃത്തത്തിന് വിഘാതമായപ്പോൾ, അവൾ വസ്ത്രങ്ങൾ ഒന്നൊന്നായി അഴിച്ചെറിഞ്ഞു. പിന്നെയും എത്രനേരമെന്നറി യാതെ നൃത്തമാടിക്കൊണ്ടിരുന്നു. വിയർപ്പും കിതപ്പും ഉത്സാഹവും അവ ളുടെ നൃത്തത്തിന് ചടുലഭാവം പകർന്നു. യുവത്വം ചിത്രപ്പണി നടത്തി മനോ ഹരമാക്കിയ അവളുടെ ചന്ദനക്കളറും ചന്ദനഗന്ധവുമുള്ള ശരീരത്തിൽ പ്രകൃതി കാറ്റിന്റെ കരങ്ങൾകൊണ്ട് ആലിംഗനം ചെയ്യുകയും പുഷ്പങ്ങ ളുടെ ഗന്ധംകൊണ്ട് ചുംബിക്കുകയും ചെയ്തുകൊണ്ടിരുന്നു. എപ്പോഴെന്ന് ഓർമ്മയില്ലാത്തൊരു സമയത്ത് കാലുകൾ തളർന്ന് കുഴഞ്ഞ് തറയിലേക്കു വീണു. ജീവിതത്തിൽ ഇതുവരെ അറിയാത്ത ഒരു സുഖഭാവത്തെ ആസ്വ ദിച്ച് അവൾ അങ്ങനെതന്നെ കിടന്നു. ബുദ്ധിമതിയും സുന്ദരിയും അഭിനയ പ്രതിഭയുമെല്ലാമായ അഭിലോഷിക അവളെ നോക്കി നക്ഷത്രക്കൂട്ടങ്ങൾക്കു ള്ളിൽനിന്നും കണ്ണുചിമ്മി പ്രോത്സാഹിപ്പിക്കുന്നതു കണ്ടു.

# 8
# വാത്സല്യത്തിന്റെ നൊമ്പരം

ഇന്റർനെറ്റിൽ ഷേക്സ്പിയർ സൈറ്റിലെ അഭിലോഷികയിൽ പല ചിത്രകാരന്മാരും രേഖപ്പെടുത്തിയിരിക്കുന്ന അഭിലോഷികയുടെ സാങ്കല്പികചിത്രങ്ങൾ ഓരോന്നായി അഭിനയ കൗതുകത്തോടെ വീക്ഷിച്ചു. എല്ലാ ചിത്രങ്ങളുടെയും കണ്ണുകൾ തമ്മിലുള്ള സാദൃശ്യം അവളെ അത്ഭുതപ്പെടുത്തി. ആ കണ്ണുകൾ തീക്ഷ്ണമാണ്, അഗ്നിപോലെയാണ്, വാചാലമായ ഒരുപാട് ഭാവങ്ങൾ മിന്നിമറയുന്നതാണ്. ആ കണ്ണുകളുടെ ഭാവത്തെ ഉൾക്കൊള്ളുവാനായി അഭിനയ അതിലേക്ക് ഏറെനേരം നോക്കിയിരുന്നു.

കോളിങ് ബെല്ലിന്റെ ശബ്ദം മുഴങ്ങി.

ആരായിരിക്കും ഇപ്പോൾ വന്നിരിക്കുന്നത്, വർക്കിസാർ ആയിരിക്കുമോ? അല്ലെങ്കിൽ ആന്റി എന്തെങ്കിലും ആവശ്യത്തിന് തിരിച്ചുവന്നതായിരിക്കുമോ? അഭിനയ സംശയത്തോടെ വാതിലിന്റെ മുന്നിലെത്തി അത് തുറന്നു. പ്രസാദ്! അഭിനയ ശരിക്കും ആശ്ചര്യപ്പെട്ടുപോയി. ഒരു മുന്നറിയിപ്പുമില്ലാതെ പ്രസാദ് വീട്ടിൽ!

അഭിലോഷികയിൽ അഭിനയിക്കുന്ന വിവരവും ഇംഗ്ലണ്ടിൽ പോകുന്ന വാർത്തയും എല്ലാവരോടും പറഞ്ഞു. പക്ഷേ, പ്രസാദിനോടുമാത്രം. അവൻ ഫോൺ നമ്പരുകളോ ബന്ധപ്പെടുവാൻ മറ്റ് അഡ്രസ്സുകളൊ തരാറില്ല. എങ്ങനെയെങ്കിലും അന്വേഷിച്ചറിഞ്ഞ് കണ്ടെത്തുന്നതും വിളിക്കുന്നതും അവന് ഇഷ്ടവുമല്ല. നല്ല മൂഡിൽ എന്തെങ്കിലും വർക്ക് ചെയ്തുകൊണ്ടിരിക്കുമ്പോൾ കാമുകിയുടെ കോൾവന്നാൽ അല്പം കിന്നരിച്ചും ശൃംഗരിച്ചും പിന്നെ ആ ദിവസംതന്നെ തീരും. അതിന് പ്രസാദിന് പറയുവാൻ ഒരു ന്യായവുമുണ്ട്. പൊതുവെ അവൻ അല്പം ഭാവനാസമ്പന്നനാണത്രെ...

"എന്താ തുറിച്ചുനോക്കുന്നത്?" പ്രസാദ് തിരക്കി: "തീരെ പ്രതീക്ഷിച്ചില്ല അല്ലേ?"

അഭിനയ അതെയെന്ന് തലയാട്ടി സമ്മതിച്ചു.

"ആന്റി കംപ്യൂട്ടർ സെന്ററിലേക്കു പോകുന്നതു കണ്ടു." പ്രസാദ് ഒരു കുസൃതിച്ചിരിയോടെ തുടർന്നു: "അപ്പോൾപ്പിന്നെ ധൈര്യമായിട്ട് ഇവിടേക്കു വരാമല്ലൊ എന്നു കരുതി."

"തന്റെ രക്തത്തിലും ഒരു കള്ളന്റെ അംശമുണ്ട്, അല്ലേ?" അഭിനയ തിരക്കി.

"സമ്പർക്കഗുണംകൊണ്ട് കിട്ടിയതാ." പ്രസാദ് ചിരിച്ചുകൊണ്ടു പറഞ്ഞു: "നീയല്ലെ എന്നെ ഓരോന്ന് പഠിപ്പിക്കുന്നത്."

“ഓ... ഇനിയിപ്പം എനിക്കായി കുറ്റം.” അഭിനയ പറഞ്ഞു: “ഞാൻ നിന്നെ ഒന്ന് കാണാനിരിക്കുകയായിരുന്നു. ഒരുപാട് വർത്തമാനങ്ങളും വാർത്തകളും പറയുവാനുണ്ട്.”

“ഇംഗ്ലണ്ടിൽ പോകുന്നു, നാടകത്തിൽ അഭിനയിക്കാൻ പോകുന്നു എന്നെല്ലാം ഈ നഗരത്തിലെ പൊതുജനം സംസാരിക്കുന്നതു കേട്ടു.” പ്രസാദ് പരിഭവം നടിച്ചുകൊണ്ട് തുടർന്നു: “എല്ലാ ജനവും അറിഞ്ഞു കഴിഞ്ഞ് ഞാനുമറിഞ്ഞു.”

“നിന്നോട് ആദ്യംതന്നെ പറയണമെന്നുണ്ടായിരുന്നു.” അഭിനയ ക്ഷമാപണരീതിയിൽ തുടർന്നു: “അതിന് ആളെവിടെയാണെന്ന് അറിഞ്ഞിട്ടു വേണ്ടേ പറയാൻ. അഥവാ ആളെ തപ്പിക്കണ്ടെത്തിയാൽത്തന്നെ മൂഡ് ശരിയാണോയെന്ന് പരിശോധിക്കേണ്ടേ?”

“കൺഗ്രാജുലേഷൻസ്.” പ്രസാദ് പറഞ്ഞു: “അതു പറയുവാൻവേണ്ടിയാണ് ഞാൻ വന്നത്.”

പ്രസാദിന്റെ ആ പ്രതികരണം അഭിനയയെ ആശ്ചര്യപ്പെടുത്തി. ഏതൊരു കാര്യത്തെയും വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നത് പൊതുവെ പ്രസാദിന് ഇഷ്ടമുള്ള കാര്യമാണ്. വിശേഷിച്ച് അഭിനയയുടെ കാര്യത്തിൽ.

“പത്തുപതിനഞ്ച് ലക്ഷം രൂപ ഒരു മാസംകൊണ്ട് ഉണ്ടാക്കാമെന്നാണു വർക്കിസാർ പറഞ്ഞത്.” അഭിനയ തുടർന്നു: “നമ്മളെപ്പോലുള്ള സാധാരണക്കാർ ഒരായുസ്സു മുഴുവൻ ജോലിചെയ്താൽ അത്രയും പണം കിട്ടുമോ?”

“പണത്തിനുമുന്നിൽ പിടഞ്ഞുവീഴുന്ന മനുഷ്യരുടെ ഗണത്തിലേക്കു നീയും ചേർന്നുകഴിഞ്ഞു, അല്ലേ?” പ്രസാദ് ചോദിച്ചു.

“പണത്തിന് പണംതന്നെ വേണ്ടേ?” അഭിനയ തിരിച്ചുചോദിച്ചു.

പ്രസാദ് എന്തോ പറയുവാൻ തുടങ്ങിയിട്ട് അതു വേണ്ടെന്നുവച്ച് ചിരിച്ചുനിന്നു.

“എന്നോട് എന്താണെങ്കിലും നിനക്ക് തുറന്നു പറയാമല്ലോ? എന്താ വിഴുങ്ങിക്കളഞ്ഞത്?” അഭിനയ തിരക്കി.

അതു കേട്ടപ്പോഴും പ്രസാദ് ചിരിച്ചുനിന്നതെയുള്ളൂ.

വർത്തമാനത്തിനിടയിൽ അഭിനയ ഫ്ളാസ്ക്കിൽനിന്നും ഒരുകപ്പ് കാപ്പിയെടുത്ത് പ്രസാദിനു കൊടുത്തു. അവരുടെ സംസാരം നാനാതരത്തിലുള്ള വിഷയങ്ങളിലൂടെ തുടർന്നുകൊണ്ടിരുന്നു. മദ്ധ്യാഹ്നത്തോട് അടുക്കാറായപ്പോൾ അഭിനയ പറഞ്ഞു: “വർക്കിസാർ ലൈബ്രറിയിൽ വരാമെന്നു പറഞ്ഞ സമയമായി.” അഭിനയ തുടർന്നു: “വിരോധമില്ലെങ്കിൽ നീയെന്നെ ലൈബ്രറിയിൽ ഒന്നിറക്കിവിടണം.”

പ്രസാദ് അവിടെ ഇറക്കിവിടാമെന്നു സമ്മതിച്ചത് അഭിനയയ്ക്ക് സന്തോഷമായി. അവൾ ഉടൻതന്നെ വസ്ത്രങ്ങൾ മാറി അവന്റെ അടു

ത്തേക്കു വന്നു.

പ്രസാദ് ബൈക്കിൽ അഭിനയയെ ലൈബ്രറിയുടെ മുന്നിൽ ഇറക്കി വിട്ടു.

"നിനക്ക് വർക്കിസാറിന്റെ ഭാര്യയെയും മകനെയും പരിചയപ്പെട ണമോ? അവർ സാറിനൊപ്പം ഇവിടെ വരുമെന്നാണ് പറഞ്ഞത്." അഭിനയ തുടർന്നു: "സാറിന്റെ മോൻ അമേരിക്കയിലെ അറിയപ്പെടുന്ന സൈന്റിസ്റ്റാ. ഒന്നു പരിശ്രമിച്ചാൽ അമേരിക്കയിലായിരിക്കും നിനക്ക് ജോലിഭാഗ്യം തെളി യുന്നത്."

"ഇപ്പോൾ ഉള്ള ഭാഗ്യംതന്നെ അധികമാ." പ്രസാദ് പറഞ്ഞു: "ഇവ രെയൊക്കെ പരിചയപ്പെട്ടാൽ നമ്മളെപ്പോലുള്ളവരുടെ സമാധാനംകൂടി നഷ്ട പ്പെടുവാൻ സാധ്യതയുണ്ട്."

"മനുഷ്യരോടുള്ള നിന്റെ ഈ മൈനസ് മനോഭാവം ആദ്യം മാറ്റണം." അഭിനയ ചിരിച്ചുകൊണ്ട് തുടർന്നു: "അതിന് കൊള്ളാവുന്ന എന്തെങ്കിലും പറഞ്ഞാൽ ഈ തലയിലേക്കു കയറേണ്ടേ."

"ഞാൻ വന്നത് നിന്റെ ഉപദേശം കേൾക്കുവാനല്ല." പ്രസാദ് ഗൗരവ ത്തിൽ പറഞ്ഞു: "എന്റെ ഉപദേശം നിന്നോടു പറയുവാൻവേണ്ടിയാണ്. പെൺകുട്ടികൾക്ക് കുറച്ച് അടക്കവും ഒതുക്കവും ഒക്കെ വേണം. വെളുത്തി രിക്കുന്നതു മുഴുവൻ വിശുദ്ധമാണെന്നും ചിരിച്ചുകാണിക്കുന്നതു മുഴുവൻ സ്നേഹത്തോടെയാണെന്നും മനസ്സിലാക്കുവാനുള്ള ലോകപരിചയമേ നിന ക്കായിട്ടുള്ളൂ. നീ കാണുന്നതുപോലെ സുന്ദരമായിട്ടുള്ള മുഖമല്ല ലോക ത്തിന്റേത്. ഒരുപാട് കാപട്യത്തെയും വൈകൃതങ്ങളെയും മനോഹരമായി മറച്ചുവച്ചിരിക്കുന്ന അതിന്റെ മുഖമാണ് നീ കാണുന്നത്."

"മതി നിന്റെ തത്ത്വശാസ്ത്രം." അഭിനയ പറഞ്ഞു.

"എന്താ നിനക്ക് എന്നെ ഒഴിവാക്കാൻ തോന്നുന്നുണ്ടോ?" പ്രസാദ് കാർക്കശ്യസ്വരത്തിൽ തുടർന്നു: "അങ്ങനെ തോന്നിയാൽ അത് തുറന്നു പറയണം."

പ്രസാദ് ബൈക്ക് ഇരപ്പിച്ച് മുന്നോട്ടെടുത്തു. ബൈക്ക് പുകതുപ്പി മുന്നോട്ടു പോകുന്നത് അഭിനയ നോക്കിനിന്നു. തിരിഞ്ഞ് ലൈബ്രറിയുടെ മുകളിലത്തെ മുറിയിലേക്ക് നടക്കുവാൻ തുടങ്ങുമ്പോൾ അവിടെനിന്നും ഇറ ങ്ങിവരുന്ന വർക്കിസാറിനെ കണ്ടു.

"ഇന്നും ക്ഷോഭിച്ചാണോ കാമുകൻ പിരിഞ്ഞുപോയത്?" വർക്കിസാർ തിരക്കി.

എന്താണ് സമാധാനം പറയേണ്ടതെന്നറിയാതെ അഭിനയ പരുങ്ങി.

"ഈ ക്ഷോഭവും പിണക്കവുമെല്ലാം ഞങ്ങളുടെ പ്രണയത്തിന്റെ ഒരു ഭാഗംതന്നെയാണു സാർ." അഭിനയ പറഞ്ഞു.

"പ്രണയത്തിന്റെ പുത്തൻ ഭാഷകളെപ്പറ്റിയൊന്നും എനിക്ക് അറിഞ്ഞു

കൂടാ." വർക്കിസാർ പറഞ്ഞു: "ഞങ്ങളുടെയൊക്കെ മനസ്സിലെ പ്രണയം കോപിക്കുന്നതായിരുന്നില്ല."

അതിനുത്തരം പറയാതെ അഭിനയ ചിരിച്ചതേയുള്ളൂ.

അഭിനയയും വർക്കിസാറും ലൈബ്രറിയുടെ മുകളിലുള്ള മുറിയിലേക്കു നടന്നു. മുറിയിലെത്തിയ വർക്കിസാർ പതിവുപോലെ കസേരയിലിരുന്നു. അഭിനയ ഫാൻ ഓണാക്കിയതിനുശേഷം എതിർവശത്തെ കസേരയിലുമിരുന്നു. അവർക്കിടയിൽ അല്പസമയത്തെ മൗനം വളർന്നുനിന്നു.

"സാറിന്റെ ഭാര്യയും മോനും കൂടെക്കാണുമെന്ന് പറഞ്ഞിരുന്നില്ലേ?" അഭിനയ തിരക്കി.

വർക്കിസാർ കൗതുകത്തോടെ അഭിനയയെ നോക്കി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "അവര് ഷോപ്പിങ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകഴിഞ്ഞ് ഇവിടേക്കു വരും." വർക്കിസാർ തുടർന്നു ചോദിച്ചു: "എന്താ എന്റെ ഭാര്യയെയും മകനെയും പറ്റിയുള്ള തന്റെ അഭിപ്രായം?"

ചോദ്യം കേട്ട അഭിനയ എന്തുത്തരം പറയണമെന്നറിയാതെ പതറിയിരുന്നു. അതു മനസ്സിലാക്കിക്കൊണ്ട് വർക്കിസാർ ചോദിച്ചു: "തനിക്ക് അവരെ ഇഷ്ടമായോ എന്നാണ് ചോദിച്ചത്."

"സാറിന്റെ ഭാര്യയും മകനുമല്ലേ? അതുകൊണ്ടുതന്നെ എനിക്കിഷ്ടമായി." അഭിനയ കുസൃതിയോടെ പറഞ്ഞു.

അതു കേട്ട് വർക്കിസാർ ശബ്ദമുയർത്തിച്ചിരിച്ചു. പതിയെ വർക്കിസാറിന്റെ മുഖത്ത് ആലോചനാഭാവവും ഗൗരവവും നിറയുന്നത് അഭിനയ കണ്ടു.

"അഭിലോഷിക ഇംഗ്ലണ്ടിൽ അവതരിപ്പിക്കുന്നത് ഒരു തമാശയല്ല." വർക്കിസാർ പറഞ്ഞു: "ഈ വിശ്വനാടകവേദി മുഴുവൻ അത് ശ്രദ്ധിക്കും. പല നാടകങ്ങൾ രചിക്കുകയും ഏറെ നാടകങ്ങൾക്ക് രംഗസംവിധാനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഞാൻ നാടകത്തിൽ അഭിനയിക്കുന്നത് ആദ്യമായിട്ടാണ്. ആ നാടകം പരാജയപ്പെട്ടാൽ അത് എന്റെതന്നെ പരാജയമാണ്. ഇത്രയും കാലം എഴുത്തും വായനയും പഠനവുമെല്ലാമായി ജീവിതം തള്ളിനീക്കിയത് ആ നാടകം അവതരിപ്പിക്കുവാൻവേണ്ടി മാത്രമാണെന്ന് ഇപ്പോൾ തോന്നുന്നു. ആ നാടകത്തിന്റെ വിജയം അതിലെ കേന്ദ്രകഥാപാത്രമായ അഭിലോഷികയെ അവതരിപ്പിക്കുന്നത് ആശ്രയിച്ചാണിരിക്കുന്നത്. ഞാൻ പറഞ്ഞുവരുന്നത് അഭിനയയ്ക്ക് മനസ്സിലാകുന്നുണ്ടോ?"

എന്താണുത്തരം പറയേണ്ടതെന്നറിയാതെ അഭിനയ കുഴങ്ങി.

"അഭിനയയുടെ പെർഫോമൻസാണ് ആ നാടകത്തിന്റെ വിജയപരാജയങ്ങളെ നിശ്ചയിക്കുന്നത്." വർക്കിസാർ പറഞ്ഞു.

"അഭിനയത്തിൽ എനിക്കുള്ള പരിചയം സാറവതരിപ്പിച്ച രണ്ട് നാട

കത്തിൽ അഭിനയിച്ചതാണ്." അഭിനയ ആത്മാർത്ഥമായി തുടർന്നു പറഞ്ഞു: "അഭിലോഷികയെന്ന കഥാപാത്രത്തെ ഏറ്റവും നല്ല രീതിയിൽ അവതരിപ്പിക്കണമെന്നുള്ളതാണ് എന്റെ ആഗ്രഹം. അതിനായി എന്തു ത്യാഗം സഹിക്കാനും തയ്യാറാണു ഞാൻ."

"ആ ഒരു മനോഭാവവും മനസ്സുറപ്പും അഭിനയയ്ക്കുണ്ടെങ്കിൽ തീർച്ചയായും ആ നാടകം ഒരു വിജയമായിരിക്കും." വർക്കിസാർ ആലോചനയോടെ മെല്ലെ തുടർന്നു: "അഭിലോഷികയെന്ന കഥാപാത്രം ആരായിരുന്നെന്ന് ആദ്യം മനസ്സിലാക്കുക. അവൾ കൺകോണുകൊണ്ടും ശരീരത്തിന്റെ വശ്യമായ ചലനങ്ങൾക്കൊണ്ടും പ്രേക്ഷകരെ എങ്ങനെ ആകർഷിച്ചുവെന്ന് മനസ്സിലാക്കുക. യഥാർത്ഥത്തിൽ അവൾ കന്യകയായിരുന്നില്ല. പുരുഷമനസ്സുകളുടെ സ്പന്ദനങ്ങൾ വർദ്ധിപ്പിക്കുവാൻ സ്ത്രീയുടെ ഏത് നോട്ടത്തിനും ഏതു ചലനത്തിനും കഴിയുമെന്ന് അവൾക്കറിയാമായിരുന്നു. മുറുക്കമുള്ള ശരീരത്തെയും മനസ്സിനെയും ലളിതമാക്കി നിറുത്തുവാനും ഉപബോധമനസ്സിന്റെ ചിന്താവലയത്തിൽനിന്നും ബോധമനസ്സിനെ സ്വതന്ത്രമാക്കുവാനും സന്തോഷത്തിന് കഴിയുന്നു. പലപ്പോഴും കെട്ടുകൾ ഇല്ലാത്ത സ്വതന്ത്രമായ സന്തോഷത്തെ പ്രദാനം ചെയ്യുവാൻ നല്ല മദ്യത്തിന് കഴിയും. എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത് തെളിവും സൂക്ഷ്മതയുമുള്ള ബുദ്ധിയായിരിക്കണം. ആ ബുദ്ധിയാണ് അഭിലോഷികയെന്ന കഥാപാത്രത്തിന്റെ ഏറ്റവും വലിയ ശക്തി."

വർക്കിസാർ പറയുന്നത് അഭിനയ ശ്രദ്ധിച്ചു കേട്ടുകൊണ്ടിരുന്നു. പടികൾ കയറി ആരോ വരുന്നതിന്റെ ശബ്ദം അവർ കേട്ടു. അതൊരു സ്ത്രീ നടപ്പിന്റെ ശബ്ദമാണല്ലോയെന്ന് അഭിനയ മനസ്സിൽ കരുതി. മുന്നിലിരിക്കുന്ന വർക്കിസാർ അസ്വസ്ഥനാകുന്നത് അഭിനയ കണ്ടു. ഗൗരവമായി ഒരു പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുമ്പോഴുള്ള കൃത്യതക്കുറവ്, നിസ്സാര ശല്യം തുടങ്ങിയവ വർക്കിസാറിനെ അസ്വസ്ഥതപ്പെടുത്തുന്നതാണല്ലോയെന്ന് അഭിനയ ഓർമ്മിച്ചു. അവൾ പിന്നിലേക്കു തിരിഞ്ഞുനോക്കുമ്പോൾ അവിടേക്കു വരുന്ന എലിസബത്തിനെയാണ് കണ്ടത്. ചിരിച്ച് ഉന്മേഷവതിയായിട്ടാണ് എലിസബത്ത് അവർക്കു മുന്നിലേക്കു വന്നത്.

"എന്താ ഗുരുവും ശിഷ്യയുംകൂടി ഒരു സംസാരം?" എലിസബത്ത് തിരക്കി.

മേശയുടെ ഒരു വശത്തായിക്കിടന്ന കസേര വലിച്ചിട്ട് എലിസബത്ത് അതിലിരുന്നു.

"മനോഹരമായ ഡിസൈൻ കാണുമെന്നു കരുതിയാണ് ഇവിടന്ന് സ്വർണ്ണമെടുക്കാമെന്നു കരുതിയത്." എലിസബത്ത് പറഞ്ഞു: "പഴയതുപോലുള്ള നല്ല ഡിസൈനുകൾ ഒന്നും കാണുവാനില്ല."

“ജോൺ എന്തിയേ?” വർക്കിസാർ തിരക്കി.

“അവൻ താഴെ കാറിന്റെ അടുത്ത് നില്ക്കുന്നുണ്ട്” എലിസബത്ത് പറഞ്ഞു.

“ഞാൻ അഭിനയയോട് ഒന്നും പറഞ്ഞില്ല” വർക്കിസാർ ചിരിച്ചു കൊണ്ടു പറഞ്ഞു. “ഞങ്ങൾ നാടകത്തെപ്പറ്റി അല്പം സംസാരിച്ചു അത്ര തന്നെ.”

“ഈ സാറിങ്ങനെയാ ആവശ്യമുള്ള കാര്യങ്ങളൊന്നും ആവശ്യമുള്ളപ്പോൾ പറയില്ല.” എലിസബത്ത് പറഞ്ഞു: “നമ്മൾക്കെല്ലാവർക്കുംകൂടി പുറത്തുപോയി ഒരു കാപ്പി കുടിക്കാം.”

എന്തുവേണമെന്ന ചോദ്യത്തോടെ അഭിനയ വർക്കിസാറിനെ നോക്കി.

“ആകാമല്ലൊ? ഒരു കാപ്പി കുടിക്കുന്നതിലെന്താ തെറ്റ്?” വർക്കിസാർ പറഞ്ഞു.

അവർ അവിടെനിന്നുമിറങ്ങി നഗരത്തിലെ ഒരു മുന്തിയ റസ്റ്റോറന്റിലേക്കു പോയി. അവരെ കാറിൽ അവിടെ ഇറക്കിവിട്ടത് ജോൺ വർക്കിയാണ്. എന്തോ അത്യാവശ്യം ഉണ്ടെന്നു പറഞ്ഞ് അവൻ അവരോടൊപ്പം കൂടിയില്ല. റസ്റ്റോറന്റിലെ വട്ടത്തിലുള്ള മേശയ്ക്കു ചുറ്റും അഭിനയയും വർക്കിസാറും എലിസബത്തുമിരുന്ന് കാപ്പി കുടിച്ചു. അതിനിടയിൽ അവർ പല പല വർത്താമാനങ്ങളും തമാശകളും പറഞ്ഞുകൊണ്ടിരുന്നു.

“ഞാനൊരു കാര്യം പറയട്ടെ?” എലിസബത്ത് അഭിനയയോടു ചോദിച്ചു.

“അതിനെന്താ ചേച്ചീ.” അഭിനയ ചിരിച്ചുകൊണ്ടു പറഞ്ഞു: “ചേച്ചിക്ക് എന്നോട് എന്തുവേണമെങ്കിലും പറയാമല്ലോ?”

തെല്ലൊരു മൗനത്തിനുശേഷം എലിസബത്ത് ചോദിച്ചു: “ജോണിനെ മോൾക്ക് ഇഷ്ടമായോ?”

അഭിനയ കാര്യം മനസ്സിലാകാതെ എലിസബത്തിന്റെ മുഖത്തുനിന്നും കണ്ണുകൾ പറിച്ച് വർക്കിസാറിനെ നോക്കി.

“ഞങ്ങൾക്കെല്ലാം അഭിനയയെ ഇഷ്ടമായി.” എലിസബത്ത് പറഞ്ഞു:“ജോണിനും.” അവനിതുവരെ ഒരു പെണ്ണിനെയും ഇഷ്ടപ്പെട്ടെന്നു പറഞ്ഞിട്ടില്ല. ആദ്യമായിട്ടാ ഒരാളെ ഇഷ്ടപ്പെട്ടെന്നു പറയുന്നത്.”

അഭിനയ പ്രകടമായ അസ്വസ്ഥതയോടെ വർക്കിസാറിന്റെ മുഖത്തേക്കു നോക്കി. വർക്കിസാർ ഒന്നു ചിരിച്ചതിനുശേഷം അവളുടെ മുഖത്തുനിന്നും നോട്ടത്തെ തിരിച്ചുവിട്ടു.

“വിവാഹം എന്നു പറയുന്നത് ഒരു തമാശയല്ല.” എലിസബത്ത് ഗൗരവത്തോടെ വിശദീകരിച്ചു: “മോൾക്ക് ആലോചിച്ച് കാര്യങ്ങൾ തീരുമാനിക്കുവാനുള്ള പ്രായവും പക്വതയുമായതുകൊണ്ടാണ് ഇക്കാര്യം മോളോടു തന്നെ നേരിട്ട് പറഞ്ഞത്.” തെല്ലൊരു നിശബ്ദതയ്ക്കുശേഷം എലിസബത്ത്

പറഞ്ഞു: "പെട്ടെന്നൊരുത്തരം പറയേണ്ട. നല്ലതുപോലെ ആലോചിച്ച് പറഞ്ഞാൽ മതി. അറിയാമല്ലൊ ജോൺ ഞങ്ങളുടെ ഏക മകനാണ്. ഒരു ജോലിയില്ലെങ്കിൽക്കൂടി സുഭിക്ഷമായി ജീവിക്കുവാനുള്ള സ്വത്ത് ഇവിടെയുണ്ട്. കാഴ്ചയിലും പഠനത്തിലും ബുദ്ധിയിലും ശരീരപ്രകൃതിയിലും നിറത്തിലുമെല്ലാം നിങ്ങൾതമ്മിൽ നല്ല ചേർച്ചയുണ്ട്. ഞങ്ങൾ നല്ലതുപോലെ ആലോചിച്ചതിനുശേഷമാണ് ഇങ്ങനെയൊരു തീരുമാനമെടുത്തത്."

അവർക്കിടയിൽ തെല്ല് സമയത്തെ മൗനം വളർന്നു. ആ മൗനത്തെ അവസാനിപ്പിച്ചുകൊണ്ട് എലിസബത്ത് ഓരോരൊ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. റസ്റ്റോറന്റിൽനിന്നുമിറങ്ങിയ എലിസബത്ത് ജോൺ വർക്കി കാറുമായി വരുന്നതും പ്രതീക്ഷിച്ചുനിന്നു. വർക്കിസാറും അഭിനയയും ഒരു ആട്ടോയിൽ തിരിച്ച് ലൈബ്രറിയിലേക്ക് മടങ്ങി.

ആട്ടോയിൽ യാത്രചെയ്യുന്നതിനിടയിൽ അഭിനയ തിരക്കി: "സാറിനെന്റെ അഫയറിനെപ്പറ്റി നന്നായി അറിയാവുന്നതല്ലേ? പിന്നെ എന്തിനാണ് ഇങ്ങനൊരു പ്രപ്പോസൽ വച്ചത്?"

"വളരെ ആലോചിച്ചുതന്നെയാണ് ഞങ്ങളതു പറഞ്ഞത്." വർക്കിസാർ വിശദീകരിച്ചു: "ജീവിതവും സ്വപ്നവും രണ്ടാണ്. അതുപോലെ വിവാഹവും പ്രണയവും. പ്രണയം അത് ആർക്കും ആരോടുമാവാം. പക്ഷേ, വിവാഹം അത് ചേരുന്നതു തമ്മിലുള്ള ചേർച്ചയാണ്. അല്ലാത്തതെല്ലാം പരാജയമായിത്തീരുകയെയുള്ളു."

"ഞങ്ങളുടെ പ്രണയം ഗാഢമാണെന്ന് സാറിനറിയില്ലെ?" അഭിനയ ചോദിച്ചു.

"പൊതുവെ എല്ലാ പ്രണയങ്ങളും ഗാഢമാണു കുട്ടി. വർക്കിസാർ തുടർന്നു: "വളർച്ചയുടെ ഒരു ഘട്ടത്തിലെ അഫക്ഷൻ അല്ലെങ്കിൽ അട്രാക്ഷൻ അതുമാത്രമാണ് പ്രണയം. അഭിനയയെ എനിക്ക് നല്ലതുപോലെ അറിയാം. അഭിനയതന്നെ പറയാറില്ലേ തനിക്ക് മോശം വരുന്നതൊന്നും ഞാൻ ചെയ്യുകയില്ലന്ന്. അങ്ങനെ എന്തെങ്കിലും ഞാൻ ചെയ്യുമെന്ന് തനിക്കു തോന്നുന്നുണ്ടോ?" വർക്കിസാർ ചോദിച്ചു.

എന്താണ് ഉത്തരം പറയേണ്ടതെന്നറിയാതെ അഭിനയ കുഴങ്ങിയിരുന്നു. വാസ്തവത്തിൽ വർക്കിസാറിനെ മനസ്സിലാകുന്നതേയില്ല.

"തന്റെ പ്രണയത്തെപ്പറ്റി ഞാൻ ഭാര്യയോടും മകനോടുമൊന്നും പറഞ്ഞിട്ടില്ല." വർക്കിസാർ തുടർന്നു: "ഞാൻ അതിന് വലിയ പ്രസക്തി കൊടുത്തിട്ടുമില്ല. രണ്ടുമൂന്നുദിവസം നല്ലതുപോലെ ആലോചിക്ക്. അതിനുശേഷം വീട്ടിലുള്ള മുതിർന്നവരുമായി സംസാരിച്ചുനോക്ക്. അപ്പോൾ തനിക്കുതന്നെ ഉചിതമായ ഒരു തീരുമാനത്തിലെത്തുവാൻ വിഷമമുണ്ടാകുകയില്ല."

ആട്ടോ ലൈബ്രറിയുടെ മുന്നിലെത്തി. അവർ അതിൽനിന്നുമിറങ്ങി.

"സാർ, ഇന്ന് ഇനി സംസാരിക്കുവാൻ നല്ല മൂഡില്ല." അഭിനയ തുടർന്ന് ചോദിച്ചു: "വീട്ടിലേക്ക് പൊയ്ക്കൊള്ളട്ടെ?"

അതു കേട്ട് വർക്കിസാർ ചിരിച്ചു.

“മൂഢൗട്ടാകുവാൻമാത്രം ഒന്നും സംഭവിച്ചില്ലല്ലോ? ഇങ്ങനെയുള്ള കേവലമായ പ്രശ്നങ്ങളുടെ മുന്നിൽ പതറുന്ന അഭിനയയല്ല എന്റെ മനസ്സിലുള്ളത്.” വർക്കിസാർ തെല്ലൊരാലോചനയോടെ തുടർന്നു: “ആലോചിച്ച് ഉത്തരം പറഞ്ഞാൽ മതി. അതിന് എത്ര സമയം വേണമെങ്കിലും അഭിനയയ്ക്ക് എടുക്കാം. സത്യംപറഞ്ഞാൽ എനിക്കിപ്പോൾ ജോണിനെപ്പോലെ തന്നെയാണ് അഭിനയയും.”

അഭിനയയ്ക്ക് വർക്കിസാറിന്റെ മുഖത്തേക്കു നോക്കിയപ്പോൾ ഒന്നു ചിരിക്കുവാനാണു തോന്നിയത്. ആ ചിരിയെ ചുണ്ടുകടിച്ച് ഒതുക്കിക്കൊണ്ട് അവൾ തിരിഞ്ഞുനടന്നു. അല്പം മുന്നോട്ടു നടന്നതിനുശേഷം തിരിഞ്ഞു നോക്കുമ്പോൾ വർക്കിസാർ അവളെയും നോക്കിനില്ക്കുന്നതാണ് കണ്ടത്. വർക്കിസാറിനെ നോക്കി ഒന്നു ചിരിച്ചതിനുശേഷം അവൾ വേഗന്ന് മുന്നോട്ടു നടന്നു. മുന്നിലൂടെ പോയ ഒരു ആട്ടോയ്ക്ക് കൈകാണിച്ചുനിറുത്തി. അതിലേക്ക് വേഗത്തിൽ കയറി.

# 9
# ഒരു യാത്രയുടെ രഹസ്യം

**അ**ഭിനയ റോസ്മേരിയുടെ വീട്ടിലെത്തി.

റോസ്മേരി പ്രാവുകൾക്ക് തീറ്റകൊടുത്തുകൊണ്ട് വീടിനു മുന്നിലുള്ള പുൽത്തകിടിയിൽ നില്ക്കുകയായിരുന്നു. പ്രാവുകൾ ചിറകിട്ടടിച്ച് പറന്നുയരുന്നതു കണ്ടപ്പോൾ ഏതോ അപരിചിതർ വരുന്നുണ്ടെന്ന് റോസ്മേരിക്ക് മനസ്സിലായി. അവൾ തിരിഞ്ഞുനോക്കുമ്പോൾ, അഭിനയ!

അഭിനയയെ കണ്ട റോസ്മേരി ശരിക്കും അത്ഭുതപ്പെട്ടു: "നിനക്ക് ഒന്ന് അറിയിച്ചിട്ട് വന്നുകൂടായിരുന്നോ? ഒന്നു ഫോൺ വിളിക്കുവാൻ എന്താ ഇത്ര ബുദ്ധിമുട്ട്?"

അഭിനയ ചിരിച്ചുകൊണ്ട് പറഞ്ഞു: "നിനക്ക് ഒരു സർപ്രയിസ് ആയിക്കോട്ടെ എന്നു കരുതി."

"നീ എങ്ങനെയാ, ബസ്സിനാ വന്നത്?" റോസ്മേരി തിരക്കി.

"കെ.എസ്.ആർ.ടി.സിയുടെ സൂപ്പർ ഫാസ്റ്റിന്." അഭിനയ പറഞ്ഞു: "വഴിയോരക്കാഴ്ചകളൊക്കെക്കണ്ട് അല്പം കാറ്റടിച്ച് ബസ്സിന്റെ സൈഡ്സീറ്റിലിരുന്നുള്ള യാത്രയ്ക്ക് ഒരു പ്രത്യേക സുഖമുണ്ട്."

പ്രാവുകൾ കുറുകിക്കൊണ്ട് അവർക്കു മുന്നിൽ കൂട്ടമായി വന്നു. കൈയിലിരുന്ന ധാന്യമണികൾ അവയ്ക്കിട്ടുകൊടുത്തിട്ട് അഭിനയയെയുംകൂട്ടി റോസ്മേരി വീടിനുള്ളിലേക്ക് നടന്നു. അഭിനയയെ കണ്ട റോസ്മേരിയുടെ വലിയമ്മച്ചി സന്തോഷത്തോടെ അവളെ സ്വീകരിച്ച് വിശേഷങ്ങൾ തിരക്കി. വാർദ്ധക്യത്തിന്റെ 'പരിഷ്ക്കാരി'യെന്ന് വിശേഷിപ്പിക്കുന്നതാണ് വലിയമ്മച്ചിക്കു ചേരുന്നതെന്ന് അഭിനയയ്ക്കു തോന്നി. വെളുത്ത് വിലകൂടിയ ചട്ടയും മുണ്ടുമാണ് വേഷം. കഴുത്തിലും കൈകളിലും നല്ലതുപോലെ ആഭരണം ധരിച്ചിരിക്കുന്നു. വാക്കിലും നോക്കിലുമുള്ള വലിയമ്മച്ചിയുടെ ചുറുചുറുക്ക് ആ പ്രായത്തെത്തന്നെ വെല്ലുവിളിക്കുന്നതാണ്.

"ചന്ദ്രികാമോള് നാടകത്തിലൊക്കെ അഭിനയിച്ച് വലിയ ആളായ വിവരം ഞാനറിഞ്ഞു." ചിരിച്ചുകൊണ്ട് വലിയമ്മച്ചി പറഞ്ഞു.

അഭിനയചന്ദ്രികയെ ചന്ദ്രികാമോളെന്നാണ് പരിചയപ്പെട്ട നാളുമുതൽ വലിയമ്മച്ചി വിളിക്കുന്നത്. ഒരിക്കൽ റോസ്മേരി വലിയമ്മച്ചിയോട് രഹസ്യമായി തിരക്കി: 'അമ്മച്ചിമാത്രമെന്താണ് അഭിനയചന്ദ്രികയെ ചന്ദ്രികാമോളെന്നു വിളിക്കുന്നത്?' വലിയമ്മച്ചി ഒരു രഹസ്യം പറയുന്നതുപോലെയാണ് അതിന്റെ ഉത്തരം റോസ്മേരിയോട് പറഞ്ഞത്. അതു പറയുന്നതിനുമുമ്പ്

അഭിനയയോട് പറയുകയില്ലെന്ന് ഉറപ്പും വാങ്ങി: "ആ കുട്ടിയെ കാണുമ്പോൾ എനിക്ക് ചങ്ങമ്പുഴയുടെ രമണനിലെ ചന്ദ്രികയെപ്പോലെയാണ് തോന്നുന്നത്. അത്ര സുന്ദരിയാണവൾ."

റോസ്മേരി രഹസ്യമായി തെല്ല് ഗൗരവത്തിൽത്തന്നെ വലിയമ്മച്ചിയോട് തിരക്കി: "അവൾക്ക് ആ സ്വഭാവവുമുണ്ടെന്നാണോ വലിയമ്മച്ചി പറയുന്നത്."

"മൂത്തവർ പറയുന്നതു കേട്ടാൽ മതി." വലിയമ്മച്ചി പറഞ്ഞു: "തിരിച്ച് കുസൃതിയൊന്നും ചോദിക്കേണ്ട."

വലിയമ്മച്ചി രഹസ്യമായി പറഞ്ഞ കാര്യം അഭിനയയോട് റോസ്മേരി പരസ്യമായി പറയുകയും ചെയ്തു. എന്തായാലും വലിയമ്മച്ചിയുടെ വിളിക്ക് മാറ്റമൊന്നും സംഭവിച്ചില്ല. അഭിനയ റോസ്മേരിയുടെ വീട്ടിലെത്തിയാൽ ആ വീട്ടിലാകെ ഒരുത്സവത്തിന്റെ മൂഡാണ്. എല്ലാവർക്കും അഭിനയയോട് അത്ര താത്പര്യമാണ്. അഭിനയ ആ വീട്ടിലെത്തുന്നതുതന്നെ ബീഫും ചിക്കനും പോർക്കും കപ്പയുമെല്ലാം തിന്നുവാൻവേണ്ടിക്കൂടിയാണ്. നസ്രാണികളുടെ വീട്ടിലുണ്ടാക്കുന്ന മാംസഭക്ഷണങ്ങൾക്ക് നല്ല രുചിയാണെന്നാണ് അഭിനയയുടെ അഭിപ്രായം.

വലിയമ്മച്ചി പാചകക്കാരി അമ്മിണിയമ്മയെ വിളിച്ച് അഭിനയയ്ക്ക് ഇഷ്ടമുള്ള ഭക്ഷണങ്ങൾ ഉണ്ടാക്കുവാൻ പറഞ്ഞു. അമ്മിണിയമ്മയ്ക്ക് അഭിനയയുടെ ഭക്ഷണകാര്യത്തിലെ അഭിരുചികൾ നന്നായി അറിയാം.

അല്പസമയത്തെ കുശലം പറച്ചിലിനുശേഷം അഭിനയ തിരക്കി: "അച്ചാച്ചനും അമ്മച്ചിയും എവിടെപ്പോയി?"

"മോളമ്മാന്റിയുടെ അനുജന്റെ വിവാഹത്തിനു പോയിരിക്കുകയാണ്." റോസ്മേരി പറഞ്ഞു: "ആഘോഷകരമായ വിവാഹമാണ്. അതുകൊണ്ട് നാളയെ തിരിച്ച് എത്തുകയുള്ളു."

"നമ്മുടെ ഫിലിപ്പച്ചനെ കണ്ടില്ലല്ലോ?" അഭിനയ തിരക്കി. റോസ്മേരിയുടെ ഏക സഹോദരനാണ് ഫിലിപ്പ്. പത്താംക്ലാസ് കഴിഞ്ഞ് അച്ചനാകണമെന്ന് ശാഠ്യംപിടിച്ച് കുറച്ചുനാൾ സെമിനാരിയിൽ പോയി. അച്ചൻമാരൊന്നും ശരിയല്ലെന്നും പറഞ്ഞ് രണ്ടുവർഷം കഴിഞ്ഞപ്പോൾ സെമിനാരിയിൽനിന്നും തിരിച്ചുപോന്നു. അന്നുമുതൽ വീട്ടുകാരും സുഹൃത്തുക്കളും അവനെ ഫിലിപ്പച്ചൻ എന്നാണ് വിളിക്കുന്നത്.

"തീയേറ്ററിൽ പോയിരിക്കുകയാണ്." റോസ്മേരി പറഞ്ഞു.

"ഏതാ ഇപ്പോഴത്തെ സിനിമ?" അഭിനയ ചോദിച്ചു.

"റെഗുലർ ഷോ 'തിരക്കഥ." റോസ്മേരി പറഞ്ഞു: "നൂൺ ഷോ ഏതോ ഹിന്ദി സിനിമയാണ്."

ഒരു യാത്രയുടെ രഹസ്യം

"നൂൺ ഷോയ്ക്ക് ഷക്കീലയുടെ പടങ്ങൾ എല്ലാം കളിച്ചുതീർന്നോ?" അഭിനയ കുസൃതിയോടെ തിരക്കി.

"അത് നീ നേരിട്ട് ഫിലിപ്പച്ചനോടുതന്നെ തിരക്കിയാൽ മതി." റോസ്മേരി പ്രതികരിച്ചു.

അവരുടെ സംസാരം കേട്ട് വലിയമ്മച്ചി ചിരിച്ചു.

"എന്താ അമ്മേച്ചി ചിരിക്കുന്നത്?" റോസ്മേരി ചോദിച്ചു.

"ഷക്കീലയെപ്പറ്റിയോർത്തു ചിരിച്ചുപോയതല്ലേ?" വലിയമ്മച്ചി ഭൂതകാലം ഓർത്ത് പറഞ്ഞു: "ഷക്കീല... ഷക്കീല എന്ന് നാട്ടുകാരും പത്രക്കാരുമെല്ലാം പറയുന്നതുകേട്ട് ആ കൊച്ചിന്റെ ഒരു പടം കാണുവാൻ ഞാനും തീയേറ്ററിൽ പോയി."

"അത് ഞങ്ങൾക്കെല്ലാം അറിയാവുന്ന കാര്യമല്ലേ?" അഭിനയ പറഞ്ഞു.

"ഇടവകപ്പള്ളിയിലെ വികാരിയച്ചൻവരെ ആ പടം കാണാൻ പോയതിനെപ്പറ്റി എന്നോടു ചോദിച്ചു." വലിയമ്മച്ചി തുടർന്നു: "ആ കൊച്ചൊരു പാവമാണച്ചാ, സംശയമുണ്ടെങ്കിൽ അച്ചനും പോയൊന്ന് കണ്ടുനോക്കുവാൻ ഞാൻ പറഞ്ഞു. എനിക്കു മനസ്സിലാവാത്തത് ഇപ്പോഴത്തെ തലമുറയുടെ സൗന്ദര്യബോധത്തെപ്പറ്റിയാണ്."

"വലിയമ്മച്ചിയെപ്പോലെ ഇന്റർനെറ്റൊക്കെ ഉപയോഗിക്കുന്ന ആൾക്കാരല്ല ഈ നാട്ടിലുള്ളത്". റോസ്മേരി ചിരിച്ചുകൊണ്ട് തുടർന്നു: "ഇവിടത്തെ ഭൂരിപക്ഷവും വളരെ പാവപ്പെട്ടവരാ. അവരുടെ സൗന്ദര്യസങ്കല്പമൊക്കെ ഷക്കീലയെപ്പോലെയുള്ള പെൺകുട്ടികളുടെ ശരീരഭാഷയെ സംബന്ധിച്ചതാണ്."

"ഞാനൊരു തർക്കത്തിനില്ല." വലിയമ്മച്ചി പറഞ്ഞു.

അമ്മിണിയമ്മ അവിടേക്ക് വന്ന് തിരക്കി: "കുടിക്കാൻ എന്താണ് എടുക്കേണ്ടത്?"

"ഭാസി വന്നുപോയോ?" വലിയമ്മച്ചി ചോദിച്ചു.

"തെങ്ങിന്റെ മുകളിൽനിന്നുമിറങ്ങിയില്ലെന്നാണ് തോന്നുന്നത്." അമ്മിണിയമ്മ പറഞ്ഞു.

"നീ അവനോടു പോയി കുറച്ച് കള്ളുമേടിച്ചു കൊണ്ടുവാ." വലിയമ്മച്ചി പറഞ്ഞു.

അമ്മിണിയമ്മ തിരിച്ചു നടന്നു. വലിയമ്മച്ചി അഭിനയയെ നോക്കിപ്പറഞ്ഞു: "ചന്ദ്രികാമോളെ, നല്ല കള്ളുണ്ട്. അല്പം കുടിക്കുന്നത് ശരീരത്തിന് നല്ലതാ."

"കള്ളും കപ്പയും ഇറച്ചിയും നസ്രാണികളുടെ ഇഷ്ടഭക്ഷണമാണെന്ന് അറിയാം." അഭിനയ തുടർന്നു: "എന്താണെങ്കിലും ഇന്ന് വലിയമ്മച്ചിയോടൊപ്പം അതങ്ങ് കഴിക്കുവാൻ തീരുമാനിച്ചു. കള്ളുകുടിച്ചാൽ പൂസാകുമോ?" അഭിനയ തിരക്കി.

"എടീ പൂസായാലെന്താ, നമ്മുടെ വീട്–നമ്മള് ഇഷ്ടമുള്ളതു

ചെയ്യുന്നു.” റോസ്മേരി പറഞ്ഞു: “അച്ചാച്ചനും അമ്മച്ചിയും ഇല്ലാത്തത് നന്നായി. നമ്മൾ മൂന്ന് പെണ്ണുങ്ങളുംകൂടി ഇന്ന് അടിച്ചുപൊളിക്കും.”

വലിയമ്മച്ചിയും അതിനെ ശരിവച്ച് ചിരിച്ചു.

അവർ സംസാരിച്ചുകൊണ്ടിരിക്കുന്നിടത്തേക്ക് അമ്മിണിയമ്മ വന്നു.

“എല്ലാം തയാറായിട്ടുണ്ടോ?” വലയമ്മച്ചി തിരക്കി.

“തയ്യാറായി.” അമ്മിണിയമ്മ തുടർന്നു ചോദിച്ചു: “ഊണുമുറിയിലെ മേശമേൽ വച്ചാൽ മതിയൊ ഇവിടേക്കു കൊണ്ടുവരണമോ?”

“ഇവിടേക്കു കൊണ്ടുവന്നാൽ മതി.” വലിയമ്മച്ചി പറഞ്ഞു.

അമ്മിണിയമ്മ കപ്പയും മീനും പോർക്കുകറിയും പ്ലേറ്റുകളിൽ കൊണ്ടുവന്നു വച്ചു. ഒരു മൺകുടത്തിലാണ് കള്ള് കൊണ്ടുവന്നത്. അമ്മിണിയമ്മ തന്നെ മൂന്നു ഗ്ലാസുകളിലായി കള്ള് പകർന്നു. അവർ മൂന്നുപേരുംകൂടി പല പല തമാശകൾ പറയുകയും കള്ള് കുടിക്കുകയും കപ്പയും മീനും പോർക്കും തിന്നുകയും ചെയ്തുകൊണ്ടിരുന്നു. കള്ളുകുടിക്കുന്നതിനിടയിൽ കിറികോട്ടി അതിന്റെ സ്വാദ് ആസ്വദിക്കാൻ വിമുഖത കാണിക്കുന്ന അഭിനയയെ റോസ്മേരിയും വലിയമ്മച്ചിയും കൗതുകത്തോടെ നോക്കി.

“കള്ള് ഒരു മദ്യമാണെന്നാ പലരുടെയും ധാരണ.” വലിയമ്മച്ചി പറഞ്ഞു: “അതൊരു പാനീയമാണ്. ശരീരത്തിനും മനസ്സിനും ഉന്മേഷം തരുന്ന പാനീയം.”

“എന്റെ തലയ്ക്ക് ചെറുതായിട്ട് പിടിച്ചോയെന്ന് സംശയമുണ്ട്.” അഭിനയ ചിരിച്ചുകൊണ്ട് പറഞ്ഞു: “എന്തൊണെങ്കിലുമൊരു രസം തോന്നുന്നുണ്ട്. ഒന്നു പൂസാകണമെന്ന് ചില ദിവസങ്ങളായി ആഗ്രഹിക്കുന്നതാ.”

“മായം ചേർക്കാത്ത കള്ളുകുടിച്ച് ആരും പൂസായ ചരിത്രമില്ല.” റോസ്മേരി അഭിപ്രായം പറഞ്ഞു.

“ചന്ദ്രികാമോള് ഒരു ഡാൻസ് കളിക്കണം.” വലിയമ്മച്ചി തുടർന്ന് പറഞ്ഞു: “മോള് വലിയ നർത്തികയാണെന്ന് അറിയാം. മോളുടെ നൃത്തമൊന്നും കാണാൻ കഴിഞ്ഞിട്ടില്ല.”

“അതിനു പറ്റിയ മൂഡിലൊന്നുമല്ലല്ലോ അമ്മച്ചീ ഞാനിപ്പോൾ.” അഭിനയ ഉത്തരം പറഞ്ഞു: “പിന്നീടൊരവസരം വരുമ്പോൾ കാണിച്ചാൽ പോരെ?”

“മോള് നൃത്തം കളിച്ചില്ലെങ്കിൽ ഞാൻ നൃത്തം കളിക്കും.” വലിയമ്മച്ചി പറഞ്ഞു: “ഞാനിപ്പോൾ നൃത്തം കളിച്ചാൽ കാണുന്ന നിങ്ങൾക്കതൊരു നാണക്കേടാകും.”

“വലിയമ്മച്ചിയും അഭിനയയും ചേർന്ന് നൃത്തം ചെയ്യ്. ഞാൻ പാട്ടുപാടാം.” റോസ്മേരി പറഞ്ഞു.

“നൃത്തമൊന്നും എനിക്ക് വഴങ്ങത്തില്ല.” വലിയമ്മച്ചി സന്തോഷത്തോടെ പറഞ്ഞു: “എന്റെ ചെറുപ്പകാലത്ത് നാട്ടിലെ ഏറ്റവും പ്രസിദ്ധയായ മാർഗ്ഗംകളിക്കാരിയായിരുന്നു ഞാൻ. എന്റെ മാർഗ്ഗംകളി കാണുവാൻ ആൾക്കാര് വിശേഷിച്ച് യുവാക്കൾ പ്രതീക്ഷയോടെ വരുമായിരുന്നു.”

ഒരു യാത്രയുടെ രഹസ്യം

"വലിയമ്മച്ചിയിപ്പോഴും സുന്ദരിതന്നെയാ." അഭിനയ അഭിപ്രായപ്പെട്ടു.

"അതൊക്കെയൊരു കാലം." വലിയമ്മച്ചി തുടർന്ന് പറഞ്ഞു: "ഒരു പാട് നാളായി മാർഗ്ഗംകളി നടത്തിയിട്ട്. അതിന്റെ സ്റ്റെപ്പൊക്കെ മറന്നു പോയോ എന്നു സംശയമുണ്ട്. എന്താണെങ്കിലും ഞാനൊരു കൈ ശ്രമിച്ചു നോക്കാം."

വലിയമ്മച്ചി ഉടുത്തിരുന്ന മുണ്ട് അല്പം ഉയർത്തിക്കുത്തി. അടുക്ക് നല്ലതുപോലെ പിടിച്ചിട്ടു. ഒരു പാട്ടുപാടി തനിച്ച് മാർഗ്ഗംകളി നടത്തുവാൻ തുടങ്ങി. വലിയമ്മച്ചിയുടെ കളി കണ്ട് അഭിനയയും റോസ്മേരിയും ആശ്ച ര്യപ്പെട്ടുനിന്നു. വലിയമ്മച്ചിയുടെ മുഖത്ത് മിന്നിമറയുന്ന ഭാവാഭിനയം അഭി നയ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അല്പസമയത്തെ കളിക്കുശേഷം വലിയമ്മച്ചി കിതച്ചു നിന്നു.

"ഇനി ചന്ദ്രികാമോള് നൃത്തംചെയ്യ്." വലിയമ്മച്ചി കിതച്ചുകൊണ്ട് പറ ഞ്ഞു.

എതിർക്കുവാനോ നിഷേധിക്കുവാനോ കഴിയാതെ അഭിനയ നൃത്തം ചെയ്തുതുടങ്ങി. കള്ളുകുടിച്ച് നൃത്തംചെയ്തപ്പോൾ ശരീരത്തിനെല്ലാം നല്ല അയവ് തോന്നി. നൃത്തം ചെയ്യുന്നതിനിടയിൽ മദ്യത്തിന്റെ മഹത്വത്തെ പ്പറ്റി വർക്കിസാർ പറഞ്ഞത് ഓർമ്മിച്ചു. അല്പസമയം നൃത്തംചെയ്തപ്പോൾ അഭിനയ നല്ലതുപോലെ വിയർത്തു. വലിയമ്മച്ചി കൈയടിച്ച് അവളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

അഭിനയ നൃത്തം നിറുത്തി തിരിഞ്ഞുനോക്കുമ്പോൾ കണ്ടത് അവി ടേക്കുവരുന്ന ഫിലിപ്പിനെയാണ്. നിന്നു കിതയ്ക്കുന്ന അഭിനയയെ അവനു മൊന്നു നോക്കി. അഭിനയ ബോധപൂർവ്വംതന്നെ അവന്റെ കണ്ണുകളിലേക്ക് ലാസ്യഭാവത്തോടെ നോക്കി. ആ നോട്ടത്തിനു മുന്നിൽനിന്ന് അവൻ തെല്ല് പരുങ്ങുന്നതായി അവൾക്കു മനസ്സിലായി. അവൻ വേഗന്നുതന്നെ അഭിനയ യിൽനിന്നും കണ്ണുവെട്ടിച്ചു.

"ഞങ്ങൾ അല്പം കള്ളു കുടിക്കുകയായിരുന്നു ഫിലിപ്പച്ചാ." അഭി നയ ചിരിച്ചുകൊണ്ട് പറഞ്ഞു: "പൂസായോ എന്നൊരു സംശയം. പൂസിറ ങ്ങാൻ നൃത്തംചെയ്താൽ മതിയെന്ന് അമ്മച്ചി പറഞ്ഞു."

"താനൊക്കെ പൂസാകുവാൻ വല്ല ആനമയക്കിയും കഴിക്കണം." ഫിലിപ്പി അഭിപ്രായപ്പെട്ടു.

അവർ അല്പസമയം ഓരോരോ കുസൃതിയും പറഞ്ഞ് നിന്നു. അവർക്ക് പിന്തുണയുമായി വലിയമ്മച്ചി കൂടെത്തന്നെ ഉണ്ടായിരുന്നു.

"പുര നിറഞ്ഞുനിൽക്കുന്ന ഒരു ചെറുക്കനും പെണ്ണുമുള്ള വീടാ ണിത്." അഭിനയ പറഞ്ഞു: "ഇവരെയിങ്ങനെ നിർത്തി നാട്ടുകാരെക്കൊണ്ട് ഓരോന്ന് പറയിക്കണോ? വേണ്ടസമയത്ത് വേണ്ടതു ചെയ്തില്ലെങ്കിൽ ഇവ രൊക്കെ വേലിചാടും."

വലിയമ്മച്ചി അത് ആസ്വദിച്ചു ചിരിച്ചു: "ഫിലിപ്പച്ചനല്ലേ മൂത്തത? അവന്റെ കഴിഞ്ഞുമതി റോസ്മേരിക്കെന്നാ അവളുടെ നിലപാട്." വലിയ

മ്മച്ചി പറഞ്ഞു: “ഫിലിപ്പച്ചന് വിവാഹക്കാര്യം പറയുന്നതേ കലിയാ.”

“ഈ വിവാഹം അത്ര മോശം കാര്യമാണോ?” അഭിനയ ഫിലിപ്പിനോടു ചോദിച്ചു.

“മനസ്സിൽ പിടിച്ച ഒന്നിനെയും ഇതുവരെ കണ്ടില്ല.” ഫിലിപ്പ് പറഞ്ഞു.

“ചേട്ടൻ ഇതുവരെ ഒരു പെണ്ണുപോലും കാണാൻ പോയിട്ടില്ല.” റോസ്മേരി പറഞ്ഞു: “പിന്നെയെങ്ങിനെയാ മനസ്സിൽ പിടിച്ചതിനെ കാണുന്നത്.”

“നിങ്ങൾക്കൊക്കെ സമ്പത്ത് അധികമായതിന്റെ കുഴപ്പമാ. ഞാനാണെങ്കിൽ ഒരു ജോലി കിട്ടാൻ കാത്തിരിക്കുകയാ.” അഭിനയ പറഞ്ഞു: “ജീവിക്കാൻ ഒരു വരുമാനമാർഗ്ഗമായാൽ അന്നു ഞാൻ കല്യാണം കഴിക്കും. വരുമാനം എനിക്കു വേണമെന്നില്ല. കെട്ടുന്ന ചെറുക്കനാണെങ്കിലും മതി.”

“അല്പം കള്ള് അകത്തുചെന്നതിന്റെ പെർഫോമൻസായിരിക്കും അല്ലേ ഇതെല്ലാം?” ഫിലിപ്പ് ചോദിച്ചു.

ഫിലിപ്പ് അവിടെനിന്നും തിരിഞ്ഞ് മുകളിലത്തെ നിലയിലുള്ള അവന്റെ മുറിയിലേക്കു നടന്നു. അമ്മിണിയമ്മയോടൊപ്പം പാത്രങ്ങളുമെടുത്ത് റോസ്മേരി അടുക്കളയിലേക്ക് പോയി. ജോലിക്കാർ ആരോ വലിയമ്മച്ചിയെ കാണുവാൻ വന്നെന്നു പറഞ്ഞ് വലിയമ്മച്ചി മുൻവശത്തേക്കും പോയി. അഭിനയ തനിച്ച് കസേരയിലിരിക്കുകയാണ്. അവൾ എന്തോ ഓർത്തിട്ടെന്നതുപോലെ മുകളിലേക്ക് നടന്ന് ഫിലിപ്പിന്റെ മുറിയിലെത്തി. അവൻ ഷർട്ടൂരി നിൽക്കുകയായിരുന്നു. അഭിനയയെ കണ്ട ഫിലിപ്പ് തെല്ല് ചമ്മലോടെ മുഖം തുടച്ചുകൊണ്ടിരുന്നു ടവ്വലെടുത്ത് നെഞ്ച് മറച്ചുപിടിക്കാൻ ശ്രമിച്ചു.

“എന്താ ഫിലിപ്പച്ചാ ഈ പെണ്ണുങ്ങളെ കാണുമ്പോൾ ഇത്ര നാണം?” അഭിനയ ശൃംഗാരത്തോടെ ചോദിച്ചു: “പെണ്ണുങ്ങളെ തൊടില്ലെന്നുണ്ടോ?”

“അങ്ങനെയൊന്നുമില്ല.” തെല്ല് ചമ്മലോടെ ഫിലിപ്പ് പറഞ്ഞു. അഭിനയ ഫിലിപ്പിനെത്തന്നെ നോക്കിനിന്നു. അവളുടെ കണ്ണുകളിൽ ലാസ്യഭാവമാണ് അപ്പോൾ വിളയാടിയിരുന്നത്.

“നല്ലവര് ചീത്തയായാലും പെണ്ണുങ്ങള് പൂസായാലും അറുവഷളാണെന്ന് കേട്ടിട്ടുണ്ട്.” ഫിലിപ്പ് പറഞ്ഞു: “നീ റോസ്മേരിയുടെ അടുത്തേക്കു ചെല്ല്.”

ഫിലിപ്പ് വേഗന്നുതന്നെ ആ മുറിയിൽനിന്നുമിറങ്ങി താഴേക്കുവന്നു. ഒരു കുസൃതിച്ചിരിയോടെ അഭിനയയും അവിടെനിന്നുമിറങ്ങി താഴേക്ക് എത്തി.

രാത്രിയിൽ ഒരു മുറിയിൽ റോസ്മേരിയും അഭിനയയും സംസാരിച്ചിരിക്കുകയാണ്. അഭിനയ കട്ടിലിൽ തലയിണയും പിടിച്ചാണ് ഇരിക്കുന്നത്. റോസ്മേരി ഒരു കസേരയിൽ ചാരിയും. സംസാരത്തിനിടയിൽ വർക്കിസാറിന്റെ മകന് തന്നെ ആലോചിച്ചതായി അഭിനയ പറഞ്ഞു. കേട്ടിടത്തോളം വച്ച് അതൊരു നല്ല ബന്ധമാണെന്നും അഭിനയ മറ്റെല്ലാം മറന്ന് ആ വിവാ

ഹത്തിന് സമ്മതിക്കണമെന്നും റോസ്മേരി തീർത്തുപറഞ്ഞു. അഭിലോഷികയെന്ന കഥാപാത്രമാകുവാൻവേണ്ടി കുറെ ത്യാഗം സഹിക്കുവാൻ വർക്കിസാർ പറഞ്ഞതിനെപ്പറ്റിയും അഭിനയ പറഞ്ഞു. അഭിലോഷിക കന്യകയായിരുന്നില്ല. പുരുഷന്മാരെ ശരീരചലനങ്ങൾക്കൊണ്ട് മത്തുപിടിപ്പിക്കുന്ന വശ്യസുന്ദരിയായിരുന്നു എന്നെല്ലാം പറഞ്ഞിട്ട് അതുപോലെയൊക്കെ ആകുവാൻ ശ്രമിക്കണമെന്നും പറഞ്ഞതായി അഭിനയ പറഞ്ഞു.

ഇതെല്ലാം കേട്ടപ്പോൾ റോസ്മേരി സംശയിച്ചു: "വർക്കിസാറിന്റെ സ്വഭാവം എങ്ങനെയാ? വിശ്വസിക്കാമോ?"

"അദ്ദേഹത്തിന് എന്നോട് മോളെപ്പോലെ സ്നേഹമാണ്." അഭിനയ പറഞ്ഞു: "എന്റെ പ്രണയത്തെപ്പറ്റിയെല്ലാമറിഞ്ഞിട്ടും അദ്ദേഹത്തിന്റെ മകനുവേണ്ടി എന്നെ ആലോചിച്ചില്ലേ?"

അവർ അങ്ങനെ അർദ്ധരാത്രിയ്ക്കപ്പുറംവരെ ഓരോ വർത്തമാനങ്ങൾ പറഞ്ഞിരുന്നു.

പ്രഭാതഭക്ഷണം കഴിഞ്ഞാലുടൻ തനിക്കു തിരിച്ചുപോണമെന്ന് അഭിനയ പറഞ്ഞത് വലിയമ്മച്ചിക്കും റോസ്മേരിക്കും സമ്മതിക്കുവാൻ വിഷമമായിരുന്നു. അഭിനയ അവളുടെ തിരക്കുപിടിച്ച ജോലികളെപ്പറ്റി വിശദീകരിച്ചു. ഗവേഷണം, നാടകാഭിനയം, ആന്റിയെ സഹായിക്കുവാൻ കംപ്യൂട്ടർ സെന്ററിൽ പോക്ക്. അഭിനയയെ ടൗണിൽ കൊണ്ടുപോയി വണ്ടിയിൽ കയറ്റിവിടാമെന്ന് ഫിലിപ്പ്സമ്മതിച്ചു. അഭിനയയെ ടൗണിലിറിക്കിവിട്ടുകഴിഞ്ഞ് ഫിലിപ്പിന് തിയേറ്ററിലേക്കും പോകാം.

ഫിലിപ്പിന്റെ കാറിൽ അഭിനയ ടൗണിലേക്ക് യാത്രചെയ്യുകയാണ്. അതിനിടയിൽ ഫിലിപ്പ് തിരക്കി: "തന്റെ പൂസെല്ലാം നല്ലതുപോലെ ഇറങ്ങിയോ? ഇന്നലെ എന്താ കാണിച്ചതെന്ന് ഓർമ്മയുണ്ടോ?"

"ശരിക്കൊന്ന് പൂസാകണമെന്നുണ്ടായിരുന്നു:" അഭിനയ പറഞ്ഞു. "എന്താണ് പൂസെന്ന് അറിഞ്ഞിരിക്കണമല്ലോ."

"കള്ളു കുടിച്ചതുകൊണ്ടൊന്നും ആരും പൂസാകില്ല." ഫിലിപ്പ് പറഞ്ഞു. നല്ല ബ്രാണ്ടിയോ വിസ്കിയോ അല്ലെങ്കിൽ ഫോറിൻ സ്കോച്ചോ അടിച്ചാലെ പൂസാകുകയുള്ളൂ."

"ഫിലിപ്പച്ചൻ പൂസായിട്ടുണ്ടോ?" അഭിനയ തിരക്കി.

"അങ്ങനെ സ്ഥിരമായിട്ടൊന്നുമില്ല. തോട്ടത്തിൽ പോകുമ്പോൾ ചിലപ്പോൾ സൗകര്യത്തിന് രണ്ട് സ്മാളടിക്കും." ഫിലിപ്പ് പറഞ്ഞു.

"വർക്കിസാറ് പറഞ്ഞു നല്ലതുപോലെ പൂസായാൽ ശരീരത്തിന് നല്ല അയവു വരുമെന്ന്." അഭിനയ വിശദീകരിച്ചു: "ഉപബോധമനസ്സ് ബോധമനസ്സിനെ നിയന്ത്രിക്കുമ്പോൾ നമ്മൾക്ക് നല്ലതുപോലെ അഭിനയിക്കാൻ കഴിയില്ല. ഉപബോധമനസ്സിന്റെ നിയന്ത്രണത്തിൽനിന്നും മനസ്സിനെ വിടർത്തി അഭിനയത്തിലേക്ക് മനസ്സിനെ പൂർണ്ണമായും നിമഗ്നമാക്കുവാൻ ചെറിയ പൂസിന് കഴിയും."

“അഭിനയയ്ക്ക് നല്ലതുപോലെ പൂസാകണമോ?” ഫിലിപ്പ് തിരക്കി.

ഒരാലോചനയ്ക്കുശേഷം അഭിനയ പറഞ്ഞു: “ആഗ്രഹമുണ്ട്.”

“നമ്മളിപ്പോൾ തോട്ടത്തിലേക്കു പോകുന്നു” ഫിലിപ്പ് വിശദീകരിച്ചു. ‘അവിടെയിരുന്ന് നല്ലതുപോലെ പൂസാകുന്നു. സായാഹ്നത്തോടെ തന്റെ പൂസെല്ലാം വിട്ടുകഴിയുമ്പോൾ ഞാൻ തന്നെ വണ്ടിയിൽ കയറ്റിവിടാം.”

അഭിനയയും ഫിലിപ്പും തോട്ടത്തിലെ ബംഗ്ലാവിലെത്തി. റബ്ബർത്തോട്ടത്തിനിടയിലെ മനോഹരമായ ബംഗ്ലാവ്. അവിടെത്തങ്ങിനില്ക്കുന്ന നിശബ്ദത ആകർഷണത്വമുള്ളതാണെന്ന് അഭിനയയ്ക്ക് തോന്നി.ഫിലിപ്പ് വാതിൽ തുറന്നു. അവർ അതിനുള്ളിലേക്ക് കയറി.

“ഇവിടെ ജോലിക്കാരൊന്നുമില്ലേ?” അഭിനയ തിരക്കി.

“ഇന്ന് തോട്ടത്തിലെ ജോലിക്കാർക്ക് അവധിയാണ്. ഇവിടെ അടുത്തൊരു കാവിൽ ഉത്സവമാണ്.” ഫിലിപ്പ് പറഞ്ഞു: “ആ കാവിലെ ഉത്സവത്തിനു പോയാൽ വർഷം മുഴുവൻ ഐശ്വര്യപൂർണ്ണമാണെന്നാണ് ഇവിടത്തുകാരുടെ വിശ്വാസം.

“ജോണിവാക്കറിന്റെ ഒരു ഫുൾ ഇരിപ്പുണ്ട്.” ഫിലിപ്പ് വിശദീകരിച്ചു: “ഗൾഫിൽനിന്നു വന്ന ഒരു സുഹൃത്ത് തന്നതാണ്. കുറെനാളായി അതങ്ങനെതന്നെ വിശ്രമിക്കുകയാണ്.”

ഫിലിപ്പ് അലമാരി തുറന്ന് ജോണിവാക്കർ എടുത്ത് മേശമേൽ വച്ചു. ചിപ്സും മിക്ചറും പിന്നെ കുറെ അച്ചാറുകളുമെടുത്ത് മേശമേൽ വച്ചുകൊണ്ട് പറഞ്ഞു: “അഭിനയയ്ക്ക് കഴിക്കാൻ മറ്റ് എന്തെങ്കിലും വേണമെങ്കിൽ പറയണം. ഇവിടെ അടുത്തൊരു ഹോട്ടലുണ്ട്. വിളിച്ചുപറഞ്ഞാൽ എന്തും കൊണ്ടുവന്നുതരും.”

“ഇപ്പോൾ ഒന്നും കഴിക്കാൻ തോന്നുന്നില്ല.” അഭിനയ ചിരിച്ചുകൊണ്ടു പറഞ്ഞു: “തോന്നുമ്പോൾ പറയാം.”

ഫിലിപ്പ് ഗ്ലാസുകളിലേക്ക് മദ്യം പകരുമ്പോൾ കുസൃതിയോടെ പറഞ്ഞു: “പൂസായിക്കഴിഞ്ഞ് ഇന്നലത്തേതുപോലെ എന്നെ ഉപദ്രവിക്കാനൊന്നും ശ്രമിക്കരുത്.”

അതു കേട്ട് അഭിനയ ചിരിച്ചതേയുള്ളു.

രണ്ടു പെഗ് അടിച്ചപ്പോൾത്തന്നെ അഭിനയയ്ക്ക് പൂസാകുന്നതുപോലെ തോന്നി. ഫിലിപ്പ് അവൾക്ക് കമ്പനി കൊടുക്കുവാൻവേണ്ടി ഒരു പെഗ് എടുത്ത് ഗ്ലാസിൽ വച്ച് അങ്ങനെതന്നെയിരിക്കുകയാണ്. അഭിനയ ഒരു പെഗ്ഗുകൂടി ഒഴിക്കുവാൻ പറഞ്ഞു. ഫിലിപ്പ് എതിർപ്പൊന്നും പറയാതെ ഒരു പെഗ്ഗുകൂടി ഒഴിച്ചുകൊടുത്തു. ആ പെഗ്ഗ് വളരെ ലാഘവത്തോടെയാണ് അഭിനയ കുടിച്ചുതീർത്തത്.

“പെണ്ണായ ഞാൻ മൂന്നെണ്ണം അടിച്ചു.” അഭിനയ പറഞ്ഞു: “ആണായ നിനക്ക് ഒന്നുപോലും അടിക്കാൻ കഴിഞ്ഞില്ലല്ലോ.”

അഭിനയ ഇരിപ്പിടത്തിൽനിന്നും മെല്ലെ എഴുന്നേറ്റപ്പോൾ കാലുകൾക്ക്

ഉറപ്പുകിട്ടുന്നില്ലെന്നു തോന്നി. അവൾ വേച്ച് വീഴുവാൻ തുടങ്ങിയപ്പോൾ ഫിലിപ്പ് അവളെ പിടിച്ചുനിറുത്തിക്കൊണ്ട്തിരക്കി: “എന്താണ് പൂസെന്ന് ഇപ്പോൾ മനസ്സിലായോ?”

“എന്റെ കാലിന് ഒരാട്ടംപോലെയുണ്ട്.” അഭിനയ പറഞ്ഞു: “പൂസൊന്നുമായിട്ടില്ല.”

അഭിനയ ഫിലിപ്പിന്റെ കൈയിലിരുന്നുകൊണ്ട് പറഞ്ഞു: “നീ ഒഴിച്ചുവെച്ച പെഗ്ഗുകൂടി എനിക്കു വേണം.” മേശമേൽനിന്നും അതെടുത്ത് ഒറ്റവലിക്ക് കുടിച്ചിട്ട് കാലിഗ്ലാസ് തറയിലേക്കിട്ടു. അത് പൊട്ടിത്തകർന്നു. “ഗ്ലാസ് പൊട്ടിച്ചത് മോശമായിപ്പോയി, അല്ലേ?” അഭിനയ തിരക്കി.

“അതൊന്നും സാരമില്ല.” ഫിലിപ്പ് പറഞ്ഞു: “താനൊന്ന് നേരെ നിന്നാൽ മതി.”

അഭിനയ ഫിലിപ്പിനെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു: “എനിക്ക് പേടിയാകുന്നു.” അവൾ ഫിലിപ്പിനെ കൂടുതൽ ബലത്തിൽ കെട്ടിപ്പിടിച്ചു. അഭിനയ മനസ്സിൽ ചിരിച്ചുകൊണ്ടു പറഞ്ഞു: “എനിക്ക് ഒരു പേടിയുമില്ല. ഞാൻ കെട്ടിപ്പിടിക്കുന്നതിന്റെ പേടി നിനക്കാണ്.”

അഭിനയയുടെ ശരീരം ചൂടുപിടിക്കുന്നതും കടലിനു നടുവിലെ തിരമാലകൾപോലെ ഉരുണ്ടുരുണ്ട് അവളുടെ മുലകൾ കനക്കുന്നതും ഫിലിപ്പിന്റെ ശരീരമറിഞ്ഞു. അവൻ അവളെ പിടിച്ചകത്തുവാൻ ശ്രമിച്ചെങ്കിലും അവളുടെ ശരീരത്തിന്റെ ചൂടും ചലനവും അവന്റെ ശരീരത്തിലേക്കും വ്യാപിച്ചു. അവരുടെ മനസ്സിലെ വികാരങ്ങളുടെ ദേവസംഗീതത്തിനനുസരിച്ച് ശരീരത്തിന്റെ ചലനങ്ങൾ അസുരതാണ്ഡവമാടി. അവരുടെ ആദ്യാനുഭവത്തിന്റെ ദേവാസുരഭാവത്തെ അവർക്കു ചുറ്റുമുള്ള പ്രകൃതി കൗതുകത്തോടെ ദർശിച്ചു.

മദ്ധ്യാഹ്നക്കാറ്റ് റബ്ബർമരങ്ങളെ തലോടി ആ ബംഗ്ലാവിലുമെത്തി കടന്നുപൊയ്ക്കൊണ്ടിരുന്നു. കാറ്റിന്റെ കരസ്പർശമേറ്റ് തുറന്നുകിടന്ന ജനാലയുടെ വാതിൽ അടഞ്ഞും തുറന്നുമാടി. വാതിലിൽ തൂങ്ങിക്കിടന്ന കൊളുത്ത് അതിൽത്തന്നെ മുട്ടി ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. എപ്പോഴോ കാറ്റിന് ശക്തി ഏറി. ജനാലയുടെ മുന്നിൽക്കിടന്ന മേശയിലെ ഫ്ളവർഗ്ലാസ് തട്ടി തറയിലേക്കിട്ടു. ഫ്ളവർഗ്ലാസ് ഉടയുകയും ചില്ലുകഷണങ്ങളും പുഷ്പങ്ങളും തറയിൽ ഇടകലർന്ന് ചിതറിക്കിടക്കുകയും ചെയ്തു.

# 10
# സൗന്ദര്യത്തിന്റെ വ്യാപ്തി

മേശപ്പുറത്ത് പുസ്തകങ്ങളും പേപ്പറുകളും ചിതറിക്കിടക്കുന്നു. ആ മേശയ്ക്കു മുന്നിൽ ഒരു പേപ്പറിൽ കുത്തിക്കുറിച്ചുകൊണ്ട് അഭിനയ അസ്വസ്ഥതയോടെ ഇരുന്നു. ഓർത്തതുപോലെ പിഎച്ച്.ഡി.യുടെ എഴുത്തുജോലികൾ പുരോഗമിക്കാത്തതിന്റെ അസ്വസ്ഥതയാണ് ഏറെയും. അഭിലോഷികയിലെ അഭിനയം കരുതിയതുപോലെ നന്നാവാത്തതിന്റെ അസ്കിതയും അവൾക്കുണ്ട്. അഭിനയ എന്ന വ്യക്തിയിൽനിന്നും അഭിലോഷികയെന്ന കഥാപാത്രത്തിലേക്ക് പൂർണ്ണമായും എത്തിച്ചേരുവാൻ കഴിയാത്തതാണ് അഭിനയം നന്നാവാത്തതിനു കാരണമെന്ന് വർക്കിസാർ ഗൗരവത്തോടെ പറഞ്ഞത് അവൾ ഓർമ്മിച്ചു. അഭിനയംകൊണ്ടും മനസ്സുംകൊണ്ടും അഭിലോഷികയാകുവാൻ ഇതേവരെ കഴിഞ്ഞിട്ടില്ലെന്ന് അവൾക്കുമറിയാമായിരുന്നു.

ഫോൺ ശബ്ദിക്കുവാൻ തുടങ്ങി.

ആരായിരിക്കും വിളിക്കുന്നത്? പ്രസാദായിരിക്കുമോ? അതോ വർക്കിസാറോ? എന്താണെങ്കിലും ആന്റി കംപ്യൂട്ടർ സെന്ററിൽനിന്നും വിളിക്കുക പതിവില്ല. ഇനി വല്ല സുഹൃത്തുക്കളുമായിരിക്കുമോ? സംശയത്തോടെ അഭിനയ ഫോൺ എടുത്തു. അങ്ങേത്തലയ്ക്കൽനിന്നും സംസാരിക്കുന്നത് ഫിലിപ്പാണ്.

“എനിക്കു തന്നെ അത്യാവശ്യമായി ഒന്നു കാണണം.” ഫിലിപ്പ് പറഞ്ഞു: “ഒരു മൂന്ന് കിലോമീറ്റർ കൂടി യാത്രചെയ്താൽ നഗരത്തിലെത്തും. കാറിലാണ് വരുന്നത്.”

“എന്താണ് സംസാരിക്കാനുള്ളത്?” അഭിനയ തിരക്കി: “ഫോണിലൂടെ പറയാൻ പറ്റാത്തതാണോ?”

“അതെ.” ഫിലിപ്പ് ഗൗരവത്തിൽ പറഞ്ഞു: “ഞാൻ എവിടെയാണ് വരേണ്ടത്? എനിക്ക് തന്നോട് ഒറ്റയ്ക്കാണ് സംസാരിക്കേണ്ടത്.”

“വീട്ടിൽ ഞാൻ തനിച്ചാണുള്ളത്. ഇവിടേക്കു വരുവാൻ വഴിയറിയാമോ?” അഭിനയ ചോദിച്ചു.

“ഇല്ല. വീട്ടിലേക്കില്ല. മറ്റൊരു സ്ഥലം പറഞ്ഞാൽ മതി. ഏതെങ്കിലും റസ്റ്റോറന്റോ ബസ്സ്റ്റോപ്പോ ആൾത്തിരക്കു കുറഞ്ഞ ആരാധനാലയങ്ങളോ തുടങ്ങി തനിക്കിഷ്ടമുള്ള സ്ഥലം തിരഞ്ഞെടുക്കാം.” ഫിലിപ്പ് പറഞ്ഞു.

"എന്താ എന്നെ ഒറ്റയക്ക വീട്ടിൽ വന്ന കാണുവാൻ ഫിലിപ്പച്ചന് ഭയ മാണോ?" അഭിനയ കുസൃതിയോടെ തിരക്കി.

"അതൊക്കെ നേരിൽ കാണുമ്പോൾ പറയാം." ഫിലിപ്പ് പറഞ്ഞു.

"താൻ നല്ലൊരു സ്ഥലം പറയ്. തനിക്കാകുമ്പോൾ നഗരത്തിലൂടെ ചുറ്റിക്കറങ്ങി നല്ല പരിചയമുണ്ടല്ലോ."

"ഇവിടെ ക്ഷേത്രമുണ്ട്, പള്ളിയുമുണ്ട്. രണ്ടിനും വിശാലമായ മുറ്റവും പുൽത്തകിടിയുമുണ്ട്." അഭിനയ പറഞ്ഞു: "ക്ഷേത്രം വേണ്ട. പള്ളിതന്നെ മതി. നാടൻ റസ്റ്റോറന്റിന്റെ എതിർവശത്തുള്ള മാതാവിന്റെ പള്ളി അറിയുമോ?" അഭിനയ തിരക്കി.

"അറിയാം." ഫിലിപ്പ് പറഞ്ഞു: "ഞാൻ അവിടെയെത്തും. താനങ്ങോട്ട് വേഗന്നുതന്നെ ഒരു ആട്ടോ പിടിച്ച് വരണം."

ഫോൺ വച്ചപ്പോൾ അഭിനയ ചിന്തിച്ചു: എന്തായിരിക്കും ഫിലിപ്പിന് പറയാനുള്ളത്? ഒന്നുകൂടി സംഗമിക്കണമെന്ന ആഗ്രഹമാണോ അവനുള്ളത്? എന്താണെങ്കിലും അവനെ കാണാം.

പള്ളിയുടെ മൈതാനത്ത് കാറുനിർത്തി അതിൽ ചാരിനിൽക്കുകയാണ് ഫിലിപ്പ്. ആട്ടോയിൽനിന്നുമിറങ്ങിയ അഭിനയ അവന്റെ അടുത്തേക്ക് ചെന്നു.

"വരുവാൻ വൈകിയോ?" അഭിനയ തിരക്കി.

"ഞാൻ വന്നിട്ട് അല്പസമയമായി." ഫിലിപ്പ് പറഞ്ഞു.

"എന്താ തനിച്ച് കാണണമെന്നു പറഞ്ഞത്?" അഭിനയ ചോദിച്ചു. "എന്നെ അത്രയ്ക്കങ്ങ് ഇഷ്ടപ്പെട്ടുപോയോ?"

"ഗൗരവമുള്ള ഒരു കാര്യം സംസാരിക്കാനാണു വന്നത്." ഫിലിപ്പ് പറഞ്ഞു: "എന്റെ ജീവിതത്തിലേക്ക് ആദ്യമായി വന്ന പെണ്ണ് നീയാണ്. വിവാഹത്തെക്കുറിച്ചൊക്കെ ചിന്തിച്ചുതുടങ്ങിയ ഈ സമയത്ത് എന്റെ മനസ്സിൽ നീയുണ്ട്. കഴിഞ്ഞതെല്ലാം മറച്ചുവച്ച് മറ്റൊരു പെണ്ണിനെ ചതിക്കുന്നതും ശരിയല്ലല്ലോ."

അഭിനയ അടക്കിച്ചിരിച്ചു.

"ഫിലിപ്പിന്റെ വീട്ടുകാർ നസ്രാണിയല്ലാത്ത എന്നെ സ്വീകരിക്കുമോ?" അഭിനയ ചോദിച്ചു.

"എന്റെ ഇഷ്ടം, അതാണ് പ്രധാനം." ഫിലിപ്പ് പറഞ്ഞു.

"നിനക്കെന്നെ സംശയമില്ലേ?" അഭിനയ ചോദിച്ചു. "മറ്റ് പുരുഷന്മാർ എന്റെ ജീവിതത്തിലൂടെ കടന്നുപോയിട്ടില്ലേയെന്ന്?"

"വിവാഹത്തിനുമുമ്പുള്ള നിന്റെ അവസ്ഥയെപ്പറ്റി എനിക്ക് അറിയേണ്ട." ഫിലിപ്പ് ഗൗരവത്തിൽ പറഞ്ഞു: "വിവാഹം കഴിഞ്ഞ് നീ എന്റേതായിരുന്നാൽ മതി."

"കുറ്റബോധമാണോ ഇങ്ങനെയൊരു തീരുമാനത്തിന് നിന്നെ പ്രേരിപ്പിച്ചത്?" അഭിനയ തിരക്കി.

"അതിനെപ്പറ്റി വ്യക്തമായറിയില്ല. ഫിലിപ്പ് പറഞ്ഞു: "എന്താണെ

ങ്കിലും വിവാഹത്തിനുമുമ്പ് ഒരു പെൺകുട്ടിയുമായി ബന്ധപ്പെട്ടത് ശരിയ ല്ലെന്നറിയാം."

അവർക്കിടയിൽ അല്പസമയത്തെ മൗനം വളർന്നു.

'ഫിലിപ്പിനോട് എന്താണ് പറയേണ്ടത്?' അഭിനയ മനസ്സിൽ പറഞ്ഞു: നല്ലൊരു ആലോചനയാണ്. ഏതൊരു പെൺകുട്ടിയും ഇഷ്ടപ്പെടുന്ന യുവാ വുതന്നെയാണ് ഫിലിപ്പ്. ഞാനവനെ എന്തിനു ചതിക്കണം. അങ്ങനെ സമ്മ തിച്ചാൽ അവന്റെ വീട്ടുകാരോടുകൂടി ചെയ്യുന്ന നന്ദികേടല്ലേ?

"ചെയ്തത് തെറ്റാണെന്നു തോന്നിയാൽ നീയൊന്നുപോയി കുമ്പസാ രിക്ക്." അഭിനയ പറഞ്ഞു: "അതോടെ നിന്റെ പാപം തീർന്നുകൊള്ളും."

ഫിലിപ്പ് ചിരിച്ചുകൊണ്ട് ചോദിച്ചു: "നീയെന്നെ പരിഹസിക്കുകയാ?"

"എന്റെ ജീവിതത്തിലൂടെ എനിക്കിഷ്ടമുള്ള പല പുരുഷന്മാരും കട ന്നുപോകും." അഭിനയ ആലോചനയോടെ തുടർന്നുപറഞ്ഞു: "അങ്ങനെ യൊരു പെണ്ണിനെ അംഗീകരിച്ച് ഭാര്യയായി സ്വീകരിക്കുവാൻ നിനക്ക് കഴി യുമോ?"

അതു കേട്ട് ഫിലിപ്പ് പച്ചിരുമ്പ് കടിച്ചതുപോലെ നിന്നു.

"ഞാൻ ജീവിതം തുടങ്ങിയിട്ടേയുള്ളൂ." അഭിനയ തുടർന്നുപറഞ്ഞു: "എന്റെ ഇഷ്ടങ്ങളും പ്രവൃത്തിയും അംഗീകരിച്ചനുസരിക്കുന്ന ഒരു ഭർത്താ വാകുവാൻ നിനക്കു കഴിയുമെങ്കിൽ ഞാൻ നിന്റെ ഭാര്യയാകാം."

അവളോട് എന്താണ് പറയേണ്ടതെന്നറിയാതെ ഫിലിപ്പ് തപ്പിത്തട ഞ്ഞുനിന്നു.

"തമാശകൾക്ക് അതിരുണ്ട്. ഞാൻ ഗൗരവമായിട്ടാണ് സംസാരിക്കു ന്നത്." ഫിലിപ്പ് അസ്വസ്ഥതയോടെ പറഞ്ഞു.

"നോക്കൂ ഫിലിപ്പ്, എനിക്ക് നിന്നോടിഷ്ടമാണ്." അഭിനയ മെല്ലെ പറഞ്ഞു: "ഭർത്താവായി സ്വീകരിക്കുവാൻ വയ്യ."

ഫിലിപ്പ് അവളുടെ കണ്ണുകളിലേക്ക് തീക്ഷ്ണമായി നോക്കി. അവന്റെ നോട്ടത്തിന്റെ ചൂടുതട്ടി അഭിനയയുടെ കണ്ണുകൾ വെട്ടിത്തിരിഞ്ഞു. അസ്വ സ്ഥമായ മൗനം അവർക്കിടയിൽ വളർന്നുകൊണ്ടിരുന്നു.

"എനിക്ക് നിന്നോട് കൂടുതലൊന്നും പറയുവാനില്ല." ഫിലിപ്പ് ഗൗര വത്തിൽ പറഞ്ഞു: "ഞാൻ ചതിച്ചുവെന്ന് പിന്നീട് പറയുന്നത് കേൾക്കേ ണ്ടിവന്നാൽ ആത്മനിന്ദ ഉണ്ടാകാതിരിക്കുവാൻവേണ്ടിയാണ് നിന്റെ അടു ത്തുവന്നത്. കാറിൽ കയറ്. വീട്ടിൽ കൊണ്ടുപോയി വിടാം."

"ഫിലിപ്പ് പൊയ്ക്കൊള്ളൂ." അഭിനയ തുടർന്നു പറഞ്ഞു: "എനിക്ക് അല്പം ഷോപ്പിങ് പരിപാടികളുണ്ട്."

ഫിലിപ്പ് പിന്നൊന്നും പറയാതെ കാറിൽക്കയറി. ഓടിച്ചുപോയി. അക ന്നുപോയി. അഭിനയ അവൻ പോയ വഴിയും നോക്കി അല്പസമയം നിന്നു. തിരിഞ്ഞുനോക്കുമ്പോൾ അവൾ കണ്ടത് നിത്യകന്യകയായ പരിശുദ്ധ മറിയം ചിരിച്ചുകൊണ്ടുനിൽക്കുന്ന ശില്പമാണ്. അതിനു മുന്നിൽ കത്തി

നിന്ന് എരിയുന്ന മെഴുകുതിരികൾ. അവൾ ആ ശില്പത്തെ നോക്കി വെറുതെയൊന്ന് കണ്ണുചിമ്മി. അവിടെനിന്നും മുന്നോട്ടു നടന്ന് വഴിവക്കിൽക്കിടന്ന ആട്ടോയിൽ കയറി വീട്ടിലേക്കു പോയി.

ആട്ടോയിൽ വീടിനു മുന്നിലിറങ്ങിയപ്പോഴാണ് അടുത്ത വീട്ടിലെ സുധീഷ് സിറ്റൗട്ടിലിരിക്കുന്നത് ശ്രദ്ധിച്ചത്. അഭിനയ ഒരുനിമിഷം ആലോചിച്ചിട്ട് സുധീഷിന്റെ അടുത്തേക്ക് നടന്നു.

സുധീഷ് ഇലക്ട്രിക്സിറ്റിയാഫീസിലെ എഞ്ചിനീയറാണ്. ഭാര്യ സുധാറാണി യൂണിവേഴ്സിറ്റി കോളജിലെ ലൈബ്രേറിയനും.

സുധീഷ് അഭിനയയോട് അത്രയൊന്നും സംസാരിക്കാറില്ല. ഭാര്യ സുന്ദരിയും ചുറുചുറുക്കുമുള്ളവളായതിന്റെ തലക്കനം സുധീഷിനുമുണ്ട്. പൊതുവെ മറ്റു പെണ്ണുങ്ങളെ കൗതുകത്തോടെ നോക്കുന്ന സ്വഭാവംപോലും സുധീഷിനില്ല.

സുധീഷിന്റെ അടുത്തെത്തിയ അഭിനയ തിരക്കി: "സുധീഷേട്ടാ, വീട്ടിൽ ആരെങ്കിലും വന്നിരുന്നുവോ?"

"ആരെയും കണ്ടില്ലല്ലോ?" സുധീഷ് പറഞ്ഞു: "ഞാൻ മുറിക്കുള്ളിൽ നിന്നുമിപ്പോഴാണ് പുറത്തേക്കിറങ്ങിയത്."

"ചേച്ചി ഇന്ന് ജോലിക്ക് പോയോ?" അഭിനയ തിരക്കി.

"പോയി." സുധീഷ് പറഞ്ഞു: "രാവിലെമുതലൊരു മടി. അതുകൊണ്ട് ഇന്നിവിടെ കൂടാമെന്നു കരുതി."

അല്പസമയത്തെ കുശലംപറച്ചലിനുശേഷം അഭിനയ വീട്ടിലേക്കു നടന്നു. അവൾ വാതിലിന്റെ പൂട്ട് താക്കോലിട്ട് തുറന്നു. പിന്നെ പൂട്ടി. അതിനുശേഷം അടുത്ത വീട്ടിലെ സുധീഷിനെ എത്തിനോക്കി. അയാൾ അവിടെയിരുന്ന് എന്തോ വായിക്കുകയാണ്. മുറ്റത്തേക്കിറങ്ങിനിന്ന് അഭിനയ സുധീഷിനെ വിളിച്ച് പൂട്ട് തുറക്കാൻ കഴിയുന്നില്ലെന്നു പറഞ്ഞു. ഞാനൊന്നു ശ്രമിക്കാമെന്നു പറഞ്ഞ് സുധീഷ് അവിടേക്കു വന്നു. സുധീഷ് താക്കോലിൽ പിടിച്ച് തിരിച്ചപ്പോൾതന്നെ പൂട്ട് തുറന്നു.

"അയ്യോ ഞാൻ നോക്കിയിട്ട് പൂട്ട് തുറന്നില്ലല്ലോ?" അഭിനയ ചിരിച്ചുകൊണ്ട് പറഞ്ഞു: "സുധീഷേട്ടന്റെ സഹായത്തിനു നന്ദി."

അഭിനയ സുധീഷിനെ വീടിനുള്ളിലേക്ക് ക്ഷണിച്ചു. വീട് പൂട്ടാതെയാണ് വന്നതെന്നു പറഞ്ഞ് സുധീഷ് ഒഴിഞ്ഞുപോകാൻ തുടങ്ങിയെങ്കിലും അഭിനയയുടെ നിർബന്ധത്തിനു വഴങ്ങി വീടിനുള്ളിലേക്കു കയറി. അഭിനയ ചൂണ്ടിക്കാണിച്ച സോഫാസെറ്റിയിലിരുന്നു.

അഭിനയ അവളുടെ പഠനകാര്യത്തെപ്പറ്റി ആദ്യം പറഞ്ഞു. തുടർന്ന് സുധീഷിന്റെ കാര്യങ്ങൾ നല്ലൊരു സ്നേഹിതയെപ്പോലെ തിരക്കി. അഭിനയ നാടകത്തിൽ അഭിനയിച്ചതും നൃത്തംചെയ്യുന്നതുമായ ഫോട്ടോകൾ സുധീഷിനെ കാണിച്ചുകൊടുത്തു. ഫോട്ടോകളെപ്പറ്റി ഓരോരോ അഭിപ്രായം പറഞ്ഞുകൊണ്ട് അവളും ആ സെറ്റിയിലിരുന്നു. സംസാരം തുടരുന്നതിനിട

യിൽ അവൾ മെല്ലെ അയാളോടു ചേർന്നിരുന്നു. അതിൽ പ്രത്യേകിച്ച് അയാൾക്ക് ഒന്നും തോന്നിയില്ലെന്ന് അഭിനയയ്ക്ക് മനസ്സിലായി.

ഒരു സംഘനൃത്തത്തിന്റെ ഫോട്ടോ സുധീഷ് സൂക്ഷിച്ചുനോക്കുകയാണ്. അഭിനയയുടെ ശരീരവടിവും സൗന്ദര്യവും നന്നായി ഒപ്പിയെടുത്ത ഫോട്ടോ ആയിരുന്നു അത്. അഭിനയ സുധീഷിനെ ശ്രദ്ധിച്ചു. അയാൾ ആ ഫോട്ടോ ശരിക്കും ആസ്വദിച്ച് കാണുകയാണെന്ന് അവൾക്കു മനസ്സിലായി. അഭിനയ മെല്ലെ അവളുടെ ചുണ്ടുകൾ സുധീഷിന്റെ കവിളികളിലേക്ക് അടുപ്പിച്ചു. അവളുടെ ഊഷ്മളമായ സാന്നിദ്ധ്യം അറിയിച്ചുകൊണ്ട് ചെറുചൂട് നിശ്വാസം അവന്റെ കവിളുകളിലേക്ക് പകർന്നു. സുധീഷ് ഒരുനിമിഷം നിശ്ചലനാകുന്നത് അവൾ അറിഞ്ഞു. അവൾ അവന്റെ കാതിൽ മൃദുവായി ചുണ്ടുകൊണ്ട് ചുംബിച്ച് ചേർന്നിരുന്നു. സുധീഷ് അസ്വസ്ഥതയോടെ തലവെട്ടിച്ച് അവളുടെ മുഖത്തേക്കു നോക്കി.

“ഭാര്യയെ മാത്രമെ സ്നേഹിക്കുകയുള്ളൂ എന്നുണ്ടോ?” അഭിനയ മൃദുവായ ശബ്ദത്തിൽ തിരക്കി. അവർക്കിടയിൽ സംഘർഷത്തിന്റെ മൗനം വളർന്നു.

“അങ്ങനെയൊന്നുമില്ല.” സുധീഷ് മെല്ലെ പറഞ്ഞു.

സുധീഷിന്റെ കൈകളിലിരുന്ന ഫോട്ടോകൾ തറയിലേക്ക് ചിതറിവീണു. ഫാനിന്റെ കാറ്റിൽ അതിൽ ചിലത് മുറിയിലൂടെ ലക്ഷ്യമില്ലാതെ അങ്ങോട്ടുമിങ്ങോട്ടും പറന്നുകൊണ്ടിരുന്നു. തുറക്കുവാൻ കഴിയാത്ത പൂട്ടുകൾ അവർക്കുമുന്നിൽ പൊട്ടിത്തകർന്ന് വീണതും നോക്കി ആശ്ചര്യപ്പെട്ടുനിന്നു. പിന്നെ ഉത്സവതിമിർപ്പോടെ അതിനുള്ളിലേക്ക് ഓടിക്കയറുകയായിരുന്നു. അത്ഭുതകരമായ മായക്കാഴ്ചകൾ കണ്ടും സുന്ദരമെന്നു തോന്നിപ്പിച്ച വസ്തുക്കളിൽ തലോടിയും അവർ അതിനുള്ളിലൂടെ സ്ഥലകാലങ്ങൾ മറന്ന് തുള്ളിച്ചാടി. കറന്റ് പോയി ഫാൻ നിൽക്കുന്നതുവരെ ആ ഫോട്ടോകളുടെ ലക്ഷ്യമില്ലാത്ത പറക്കൽ തുടർന്നുകൊണ്ടിരുന്നു.

സുധീഷ് പോയിക്കഴിഞ്ഞ് അഭിനയ ചിതറിക്കിടന്ന ഫോട്ടോകൾ പെറുക്കിയെടുത്തുകൊണ്ടിരുന്നു. അപ്പോൾ ഫോൺ ശബ്ദിച്ചു. ആരായിരിക്കും വിളിക്കുന്നത്? അവൾ സംശയിച്ചു. അഭിനയ നടന്ന് ഫോണിന്റെ അടുത്തെത്തി. ശബ്ദിക്കുന്ന ഫോണിനെ ചിരിച്ചുകൊണ്ട് നോക്കിനിന്നു. ‘വയ്യ, ആരാണെങ്കിലും ഇപ്പോൾ സംസാരിക്കുവാൻ വയ്യ’ അവൾ മനസ്സിൽ പറഞ്ഞു. അവൾ ഒരു ബട്ടണിൽ അമർത്തി ഫോണിന്റെ ശബ്ദം നിർത്തി. ശബ്ദമില്ലാതിരിക്കുന്ന ആ ഫോണിനെ അല്പസമയം കൗതുകത്തോടെ നോക്കിനിന്നു. പിന്നെ ബട്ടണിൽ അമർത്തി നിർത്തിയ ശബ്ദത്തിന് പ്രവേശനം കൊടുത്തു. ഫോൺ വീണ്ടും ശബ്ദിച്ചു. അഭിനയ മെല്ലെ റിസീവറെടുത്ത് കാതിൽവച്ചു. അങ്ങേത്തലയ്ക്കൽനിന്നും പ്രസാദിന്റെ ശബ്ദം. അവൻ പലവട്ടം, ഹലോ...,ഹലോ, എന്നു വിളിച്ചിട്ടും അഭിനയ അനങ്ങാതെ, ശബ്ദി

ക്കാതെ നിന്നു. അങ്ങേത്തലയ്ക്കൽ ദേഷ്യത്തോടെ റിസീവർ വയ്ക്കുന്ന ശബ്ദവും അവൾ കേട്ടു.

അഭിനയ പ്രസാദിനെപ്പറ്റിയും അവന്റെ ഓരോ കളികളെപ്പറ്റിയും ഓർത്ത് മൃദുവായി ചിരിച്ചുകൊണ്ട് ബാത്ത്റൂമിലേക്കു കയറി.

കുളിച്ച് ഫ്രഷായി ബാത്ത്റൂമിൽനിന്നുമിറങ്ങിയപ്പോൾ വീടിനുമുന്നിൽ ഒരു ബൈക്ക് വന്നുനിൽക്കുന്ന ശബ്ദംകേട്ടു. അത് പ്രസാദിന്റെ ബൈക്കാണെന്ന് ശബ്ദംകൊണ്ടുതന്നെ അവൾ തിരിച്ചറിഞ്ഞു. കോളിങ്ബെൽ രണ്ടു മൂന്നു പ്രാവശ്യം ശബ്ദിച്ചു. അഭിനയ ഒന്നു സംശയിച്ചു. വാതിൽ തുറക്കണമോ? തുറക്കാതിരുന്നിട്ട് എന്താണ് കാര്യം? അവൾ മെല്ലെ നടന്നുചെന്ന് വാതിൽ തുറന്നു. സിറ്റൗട്ടിൽ അസ്വസ്ഥതയോടെ നിൽക്കുന്ന പ്രസാദ്.

"എന്താ, നിനക്ക് എന്തുപറ്റി?" പ്രസാദ് തിരക്കി: "സ്വപ്നങ്ങൾ നഷ്ടപ്പെട്ട രാജകുമാരിയെപ്പോലെ ആകെ വിളറിയിരിക്കുന്നല്ലോ." അതുപറഞ്ഞ് പ്രസാദ് ചിരിച്ചു. അഭിനയ ഉത്തരമൊന്നും പറയാതെ അവന്റെ മുഖത്തേക്കു നോക്കി. പ്രസാദ് ആർദ്രതയോടെ അവളുടെ കണ്ണുകളിലേക്ക് നോക്കിയപ്പോൾ അസ്വസ്ഥതയോടെ അവൾ കണ്ണുകൾ വെട്ടിച്ചു.

"എന്താ ഫോൺ വിളിച്ചിട്ട് നീ റിസീവറെടുത്ത് ഒന്നും സംസാരിക്കാതെ വെച്ചുകളഞ്ഞത്?" പ്രസാദ് ചോദിച്ചു.

"നല്ല മൂഡിൽ എഴുത്തുജോലികൾ ചെയ്തുകൊണ്ടിരിക്കുമ്പോഴാ നിന്റെ ഫോൺ വരുന്നത്." അഭിനയ വിശദീകരിച്ചു: "കാമുകന്റെ സല്ലാപം ആസ്വദിച്ച് എഴുത്തിന്റെ മൂഡ് തെറ്റിക്കേണ്ടന്നു കരുതി."

മറുപടിയിലെ പരിഹാസം ഉൾക്കൊണ്ടുകൊണ്ട് പ്രസാദ് ചിരിച്ചു: "ഇപ്പോഴും മൂഡിൽത്തന്നെയാ."

അഭിനയ ഉത്തരമൊന്നും പറഞ്ഞില്ല.

പ്രസാദ് അഭിനയയെ അടിമുടി നോക്കി വിലയിരുത്തിക്കൊണ്ട് പറഞ്ഞു: "ഒരു പോപ്പ് ഗെയിം കഴിഞ്ഞ് നിൽക്കുന്ന കഥാനായികയെപ്പോലെയുണ്ട് നിന്നെക്കണ്ടാൽ."

അതു കേട്ടപ്പോൾ അഭിനയയുടെ ഉള്ളിൽ സംശയത്തിന്റെ കനലുകൾ എരിഞ്ഞു. അവൾ സംശയിച്ചു. തന്റെ ജാരസംഗമങ്ങളെപ്പറ്റി പ്രസാദ് അറിഞ്ഞിരിക്കുമോ? പിന്നെ സ്വയം ആശ്വസിച്ചു. ഇല്ല അറിയുവാൻ ഒരു വഴിയുമില്ല. വർത്തമാനത്തിനിടയിലെ അവന്റെ നമ്പരുകൾ മാത്രമാണ് അത്.

അഭിനയ മ്ലാനമായി പുഞ്ചിരിച്ചു.

"നിനക്ക് എന്തുപറ്റി?" പ്രസാദ് തുടർന്നുപറഞ്ഞു. "എന്തെങ്കിലും വിഷമങ്ങൾ മനസ്സിലുണ്ടെങ്കിൽ തുറന്നുപറ. മനസ്സിന്റെ കെട്ടുകൾ അഴിഞ്ഞ് അത് ശാന്തമാകും. " ഒരു മൗനത്തിനുശേഷം പ്രസാദ് പറഞ്ഞു. "വൈകുന്നേരം ബീച്ചിൽ പോകാം. കുറെനാളായി നിന്നോട് തനിച്ചൊന്നു സംസാരിച്ചിട്ട്."

അവർ സംസാരിച്ചുനിൽക്കുമ്പോൾ പുറത്ത് ഒരു കാർ വന്നുനിന്നു. അതിന്റെ ഡോറുകൾ തുറന്നടയുന്ന ശബ്ദം അവർ കേട്ടു. അഭിനയ സിറ്റൗ

ട്ടിലേക്കിറങ്ങിച്ചെന്ന് ആരാണ് വന്നതെന്നു നോക്കി. പ്രസാദ് മുറിയ്ക്കുള്ളിലെ സോഫാസെറ്റിയിൽത്തന്നെ ഇരുന്നതേയുള്ളൂ.

'റോമിയോയും ജൂലിയറ്റും' നാടകത്തിലഭിനയിച്ച അരുൺ ചന്ദിറും മറ്റ് മൂന്ന് യുവാക്കളും. അരുൺ ചന്ദിറും അഭിനയയും പരസ്പരം വിഷ്ചെയ്തു. അരുൺ ചന്ദിർ കൂടെയുള്ള സുഹൃത്തുക്കളെ അഭിനയയ്ക്ക് പരിചയപ്പെടുത്തി. അഭിനയ അവരെ സ്വീകരിച്ച് അകത്തെ മുറിയിലേക്കിരുത്തി. അരുൺ ചന്ദിറിന്റെയും പ്രസാദിന്റെയും കണ്ണുകൾ തമ്മിലിടഞ്ഞു. അരുൺ ചന്ദിർ ഒന്നു പുഞ്ചിരിച്ചെങ്കിലും പ്രസാദ് ഗൗനിച്ചില്ല.

"പ്രസാദ് എപ്പോഴാണ് വന്നത്?" അരുൺ ചന്ദിർ തിരക്കി.

പ്രസാദ് പുച്ഛത്തോടെ ചിരിച്ചു. മെല്ലെ പറഞ്ഞു: "ഇവിടെ വരുന്നതിന് അങ്ങനെ സമയവും കാലവുമൊന്നും നോക്കാറില്ല."

അവരുടെ സംസാരത്തിലെ നീരസത്തിന്റെ ചവർപ്പ് മനസ്സിലാക്കിക്കൊണ്ട് അഭിനയ ചോദിച്ചു: "കുടിക്കാൻ എന്താണ് എടുക്കേണ്ടത്?"

"ഇപ്പോൾ ഒന്നും വേണ്ട." അരുൺ ചന്ദിർ പറഞ്ഞു: "വന്ന കാര്യം ആമുഖമില്ലാതെതന്നെ പറയട്ടെ. കാര്യം കേൾക്കുമ്പോൾ പറ്റില്ലെന്നൊന്നും ചാടിക്കയറി പറഞ്ഞേക്കരുത്. അത് എന്റെയൊരു അഭ്യർത്ഥനകൂടിയാണ്. ഞങ്ങൾ കലയിൽ താത്പര്യമുള്ള യുവാക്കൾ എല്ലാവരും കൂടിച്ചേർന്ന് നടത്തുന്ന ഒരു ക്ലബ്ബാണ് സൗപർണിക. അതിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് പത്തു ദിവസം നീണ്ടുനിൽക്കുന്ന കലാപരിപാടികൾ നടത്തുന്നുണ്ട്. അതിലൊരു ദിവസം അഭിനയയും സംഘവും അവതരിപ്പിക്കുന്ന സംഘനൃത്തമാണ് തീരുമാനിച്ചിരിക്കുന്നത്."

"വലിയ പ്രോഗ്രാമിനൊക്കെ നൃത്തമവതരിപ്പിക്കാനുള്ള കഴിവും പ്രശസ്തിയുമൊക്കെ എനിക്കുണ്ടോ?" അഭിനയ സംശയിച്ചു.

അതിനുത്തരം പറഞ്ഞത് കൂടെവന്ന അരുൺചന്ദിന്റെ സുഹൃത്ത് ദേവനാണ്: "അത് തീരുമാനിക്കേണ്ടത് ഞങ്ങളാണ്. ഇവിടുത്തെ കലാസ്വാദകരാണ്." ദേവൻ തുടർന്നു: "എന്തായാലും പ്രോഗ്രാം നടത്തുന്നതിന് വലിയ പ്രതിഫലമൊന്നും തരത്തില്ല. ഗിഫ്റ്റായിട്ട് ഇരുപത്തിഅയ്യായിരത്തിൽ കുറയാത്ത ഒരു തുക പ്രതീക്ഷിക്കാം."

"അയ്യോ, തെറ്റിദ്ധരിക്കരുത്." അഭിനയ പരിഭവഭാവത്തിൽ പറഞ്ഞു: "പ്രതിഫലമോർത്തല്ല വയ്യെന്നു പറഞ്ഞത്."

"നമ്മൾ തമ്മിലുള്ള സ്നേഹവും ബന്ധവും മുൻനിർത്തിയാ ഞാനിവിടെ വന്നത്." അരുൺചന്ദിർ പറഞ്ഞു. "ഞങ്ങളെ നിരാശപ്പെടുത്തരുത്."

"ഒരു കലാകാരിയെന്ന നിലയിൽ നിങ്ങൾ എനിക്കു നൽകിയ അംഗീകാരമാണ് ഈ അവസരം." അഭിനയ സന്തോഷത്തോടെ പറഞ്ഞു: "ദിവസം നേരത്തെ അറിയിച്ചാൽ മതി. ഞാനും സംഘവും എത്തി ഏറ്റവും മനോഹരമായ രീതിയിൽത്തന്നെ നൃത്തങ്ങൾ അവതരിപ്പിച്ചുകൊള്ളാം."

"എന്നാൽ ഞങ്ങൾ ഇറങ്ങിക്കൊള്ളട്ടെ?" അരുൺ ചന്ദ്രിർ ചോദിച്ചു.

"കുടിക്കാൻ എന്തെങ്കിലുമെടുക്കാം." അഭിനയ പറഞ്ഞു: "ആദ്യമായി വീട്ടിൽ വന്നിട്ട് വെറുതെ പോകുന്നതു് ശരിയല്ലല്ലോ?"

"ഞങ്ങൾ ഇനിയും വരാം." അരുൺ ചന്ദിർ പറഞ്ഞു: "ഇപ്പോൾ അല്പം തിരക്കുണ്ട്."

അരുൺ ചന്ദിർ അഭിനയയോട് യാത്രയും പറഞ്ഞ് പ്രസാദിനെ തെല്ലും ഗൗനിക്കാതെ പുറത്തേക്കിറങ്ങി. അരുൺ ചന്ദിറിനു പിന്നാലെ സുഹൃത്തുക്കളും. അഭിനയ അവരെ യാത്രയാക്കിയതിനുശേഷം പ്രസാദിന്റെ അടുത്തേക്കു വന്നു. അവൻ ഒന്ന് പൊട്ടിത്തെറിക്കുമെന്ന് അഭിനയ മനസ്സിൽ കരുതി. പ്രസാദിന്റെ മുഖത്ത് അപ്പോൾ ഒരു പുഞ്ചിരിയാണ് വിടർന്നത്.

"സൗന്ദര്യത്തിന് നല്ല വിലയാണ്." പ്രസാദ് തുടർന്നുപറഞ്ഞു: "പ്രദർശിപ്പിച്ച് പണം സമ്പാദിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ എത്ര വേണമെങ്കിലും സമ്പാദിക്കുവാൻ കഴിയും."

"നീയൊരു അരസികനും മുരപ്പനുമാകരുത്." അഭിനയ പറഞ്ഞു: "കലകൾ അവതരിപ്പിക്കുവാനുള്ളതാണ്. ആസ്വാദകനു മുന്നിൽ അത് അവതരിപ്പിക്കാത്ത കലാകാരന്മാരും കലാകാരികളും ഈ സമൂഹത്തോടുള്ള അവരുടെ പ്രതിബദ്ധത നിറവേറ്റാത്ത കരിക്കട്ടകൾ മാത്രമാണ്."

"കാമം ഒരു കലയാണ്." പ്രസാദ് പറഞ്ഞു: "വേശ്യകളും അതവതരിപ്പിച്ച് ഈ സമൂഹത്തോടുള്ള പ്രതിബദ്ധത നിറവേറ്റി വെട്ടിത്തിളങ്ങുകയാണല്ലോ."

പ്രസാദിനോട് എന്താണ് സമാധാനം പറയേണ്ടതെന്നറിയാതെ അഭിനയ കുഴങ്ങിനിന്നു.

# 11
# കവയിത്രിയുടെ കാൽപ്പാടുകൾ

**പു**തിയ ലക്കം മാതൃഭൂമി പുറത്തുവന്നത് ഷേക്സ്പിയർ നാടകങ്ങളുടെ രംഗാവതരണസവിശേഷതകളെപ്പറ്റി വർക്കിസാർ എഴുതിയ പ്രൗഢമായ ലേഖനത്തോടെയാണ്.

വർക്കിസാർ ആ ലേഖനം ആത്മസംപൃതിയോടെ വായിച്ചതിനുശേഷം അടുത്ത പേജ് മറിച്ചപ്പോൾ 'സൈബർ പ്രണയത്തിന്റെ വസന്തം' എന്ന രണ്ടു പേജ് കവിത ശ്രദ്ധയിൽപ്പെട്ടു. കവയിത്രിയുടെ പേരും ചിത്രവും കണ്ട വർക്കിസാർ ആശ്ചര്യപ്പെട്ടു.

അഭിനയചന്ദ്രികയ്ക്ക് ഇങ്ങനെയൊരു കഴിവുകൂടിയുണ്ടെന്ന് അപ്പോൾ മാത്രമാണ് അറിയുന്നത്. അദ്ദേഹമത് ഒറ്റയിരുപ്പിനുതന്നെ വായിച്ചുതീർത്തു. പുതിയ കാലത്തിന്റെ സ്പന്ദനങ്ങളെ മനോഹരമായ വാങ്മയങ്ങളിൽ അവതരിപ്പിക്കുവാനുള്ള അഭിനയയുടെ കഴിവിൽ വർക്കിസാർ ആശ്ചര്യംകൊണ്ടു. ജാലകത്തിലൂടെ കടന്നുവന്ന കാറ്റ് മേശമേലിരുന്ന കടലാസുകൾ തട്ടിത്താഴെയിട്ട് കടന്നുപോയി. ചിതറിക്കിടക്കുന്ന കടലാസുകളെ നോക്കി വർക്കിസാറിരിക്കുമ്പോൾ അവിടേക്കു നിറപുഞ്ചിരിയോടെ അഭിനയ കടന്നുവന്നു.

വർക്കിസാറിന്റെ മിഴികൾ വിടർന്നു. ആശ്ചര്യവും അഭിനന്ദനവും കലർന്ന ആ നോട്ടം അഭിനയയിലേക്ക് ചൊരിഞ്ഞുകൊണ്ടിരുന്നു. തറയിൽ ചിതറിക്കിടക്കുന്ന കടലാസുകൾ പെറുക്കിയെടുത്ത് അഭിനയ മേശമേൽ വച്ചു.

"എന്താ സാർ കൗതുകത്തോടെ നോക്കുന്നത്?" അഭിനയ തിരക്കി.

"മാതൃഭൂമിയിൽ വന്ന തന്റെ പ്രണയകവിത ഇപ്പോൾ വായിച്ചതേയുള്ളൂ. മനോഹരമായിരിക്കുന്നു." വർക്കിസാർ അഭിനന്ദിച്ചു.

"അത് അത്ര നല്ല കവിതയൊന്നുമല്ല." അഭിനയ ചെറുകുസൃതിയോടെ തുടർന്നു: "വിരസമായ സമയങ്ങളിൽ മനസ്സിൽ വരുന്ന ഭ്രാന്തെന്തൊക്കെയോ കുത്തിക്കുറിക്കുന്നു. അത് ചിലപ്പോൾ കഥയാകാം, കവിതയാകാം."

"ഇങ്ങനെയൊരു കഴിവുണ്ടായിട്ടും അതെന്താ എന്നോട് പറയാതിരുന്നത്?" വർക്കിസാർ പരിഭവിച്ചു.

"അത്രയ്ക്കൊന്നും ആയിട്ടില്ല, അതാണ് സാറിനോട് പറയാഞ്ഞത്."

അഭിനയ ചെറുപുഞ്ചിരിയോടെ തുടർന്നു: "സാറിന്റെ ലേഖനവും ഞാൻ വായിച്ചു. നന്നായിരുന്നു. നമ്മൾ രണ്ടാളുടെയും കൃതികൾ ഒരുമിച്ച് അടുത്തടുത്ത താളുകളിൽ വന്നത് വളരെ അത്ഭുതമായിരിക്കുന്നു. ഞാനീ കവിത അയച്ചുകൊടുത്തിട്ട് അഞ്ചാറു മാസമായതാ. മോശമായതുകൊണ്ട് അവരെടുത്ത് ചവറ്റുകൊട്ടയിൽ തള്ളിയെന്നാ കരുതിയത്."

"അഭിനയയുടെ കൃതികൾ മറ്റെവിടെയെല്ലാമാണ് പ്രസിദ്ധീകരിച്ചുവന്നിരിക്കുന്നത്?" വർക്കിസാർ ആകാംക്ഷയോടെ തിരക്കി.

"ഇന്റർനെറ്റിലെ ചില പ്രസിദ്ധീകരണങ്ങൾ എന്റെ ഇംഗ്ലീഷ് കവിതകൾ പ്രസിദ്ധീകരിക്കാറുണ്ട്." അഭിനയ മെല്ലെ തുടർന്നു: "യഥാർത്ഥത്തിൽ മലയാളത്തിലെഴുതുന്നതിനെക്കാൾ ഭാഷയുടെ ഒഴുക്ക് ലഭിക്കുന്നത് ഇംഗ്ലീഷിലെഴുതുമ്പോഴാണ്. ബുദ്ധിയെയും വികാരത്തെയും സ്വാധീനിക്കാൻ ആ ഭാഷയിലെ ചില പ്രയോഗരീതികൾക്ക് പറഞ്ഞറിയിക്കാനാവാത്ത ശക്തിയുണ്ട്.

"താൻ വളരെ ചെറുപ്പമാണ്. കൃത്യമായ പഠനവും ചിട്ടയോടെയുള്ള സാഹിത്യകൃതികളുടെ രചനകളും നിർവഹിച്ചാൽ ഇവിടെ മാത്രമല്ല പുറത്തും അറിയപ്പെടും." വർക്കിസാർ പ്രോത്സാഹിപ്പിച്ചുകൊണ്ട് പറഞ്ഞു: "ഒരു എഴുത്തുകാരിയുടെ വരയുമായി ജനിക്കുന്നതാണ് ഏറ്റവും വലിയ ഭാഗ്യം. അവരും സ്രഷ്ടാക്കാൾതന്നെയാണ്."

"സാറിനെന്നോടുള്ള വാത്സല്യംകൊണ്ടുകൂടിയാ ഇത്രയധികം പ്രോത്സാഹിപ്പിക്കുന്നത്." അഭിനയ തുടർന്നു: "ഇവിടത്തെ ഹോളി മറിയം കോളേജിൽ ഒരു ഇംഗ്ലീഷ് ലക്ചററുടെ പോസ്റ്റ് വിളിച്ചിട്ടുണ്ട്. അവിടെയൊരു ജോലികിട്ടാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ സാർ?"

"അത് ക്രിസ്ത്യാനികളുടെ കോളജല്ലേ? ആ സമുദായക്കാരെയെ എടുക്കൂ." വർക്കിസാർ പ്രതിഷേധത്തോടെ തുടർന്നു: "ജാതിയും സംവരണവുമെല്ലാം ചേർന്ന് യഥാർത്ഥ പ്രതിഭകളെ നശിപ്പിക്കുന്ന വ്യവസ്ഥിതിയാണ് നമ്മുടെ നാട്ടിലുള്ളത്. രാഷ്ട്രീയക്കാർ അധികാരത്തിനുവേണ്ടി പാർട്ടി വളർത്തുന്നതുപോലതന്നെയാ മതങ്ങൾ സാമ്പത്തികവളർച്ചയ്ക്കായി സ്ഥാപനങ്ങൾ നടത്തുന്നത്. യഥാർത്ഥത്തിൽ ഈ രണ്ടു പ്രസ്ഥാനവും സാധാരണ ജനത്തെ പറഞ്ഞുപറ്റിച്ച് ചൂഷണംചെയ്യുകയാണ്. ഹോളി മറിയം കോളജിന്റെ മാനേജരെ എനിക്കറിയാം. ഫാദർ അന്തോണി. അടിസ്ഥാനപരമായി ഒരു നല്ല മനുഷ്യനാ. പണ്ഡിതനുമാണ്. അദ്ദേഹത്തിന് മതത്തിന്റെ നിയമങ്ങൾ വിട്ടൊന്നും ചെയ്യുവാൻ കഴിയുമെന്ന് തോന്നുന്നില്ല. എങ്കിലും അദ്ദേഹത്തെ നേരിട്ടൊന്ന് കണ്ടുനോക്ക്. താനൊരു എഴുത്തുകാരിയാണെന്നും ഗവേഷണം ഏതാണ്ട് പൂർത്തിയാകാറായെന്നും പറയണം. അത്ഭുതങ്ങൾ സംഭവിക്കുന്നതുപോലെ ചിലപ്പോൾ ഒരു ജോലി കിട്ടിക്കൂടെന്നില്ല. എനിക്ക് അദ്ദേഹത്തെ പരിചയമുണ്ട്. നേരിൽ കാണുമ്പോൾ തന്റെ കാര്യം പറയാം."

"താങ്ക്യൂ സാർ." അഭിനയ തുടർന്ന് തിരക്കി: "സാറിന് കാണണ

മെന്ന് പറഞ്ഞത്...?"

വർക്കിസാർ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "മുമ്പ് തന്നോട് ചോദിച്ച ഒരു കാര്യമുണ്ട്. അതിന്റെ ഉത്തരം ഇതുവരെ പറഞ്ഞില്ല. എന്റെ മോനുമായിട്ടുള്ള വിവാഹക്കാര്യം."

"എന്റെ പ്രണയത്തെപ്പറ്റി സാറിനറിയാമല്ലോ?" അഭിനയ ചോദിച്ചു: "ഒരന്യജാതിക്കാരിയെ വിവാഹം കഴിക്കുന്നതിന്റെ പ്രശ്നങ്ങളെപ്പറ്റി സാറ് ചിന്തിച്ചിട്ടുണ്ടോ?"

"ജാതി, അത് ഞങ്ങൾക്ക് പ്രശ്നമല്ല. മനുഷ്യന്റെ പ്രവർത്തനങ്ങളും സ്വഭാവവുമാണ് പ്രധാനം. എന്റെ മകനെ വിവാഹം കഴിക്കുകയാണെങ്കിൽ, അതിന്റെ പേരിൽ മതം മാറാനൊന്നും ആരും പറയുകയില്ല. തനിക്ക് ഇഷ്ടമുണ്ടെങ്കിൽ മാത്രം മതി. അതോർത്തൊന്നും വിഷമിക്കേണ്ട." വർക്കിസാർ പറഞ്ഞു: "നല്ലതുപോലെ ആലോചിച്ച് പറഞ്ഞാൽമതി. അടുത്തറിയും തോറും എനിക്ക് തന്നോടുള്ള വാത്സല്യം ഏറിവരികയാണ്. മകളായിക്കിട്ടാത്ത തന്നെ മരുമകളായെങ്കിലും കിട്ടണമെന്നാ ഇപ്പോളാഗ്രഹം."

അഭിനയ അതു കേട്ട് ഒന്നു പുഞ്ചിരിച്ചു. അവർക്കിടയിൽ അല്പനേരത്തെ മൗനം വളർന്നു. തെല്ലുനേരം കഴിഞ്ഞ് അഭിനയ വർക്കിസാറിനോട് യാത്ര പറഞ്ഞ് അവിടെനിന്നുമിറങ്ങി.

ഹോളി മറിയം കോളേജിന്റെ മാനേജരെ നേരിൽ കാണുവാൻതന്നെ അഭിനയ തീരുമാനിച്ചു. കാറ് എവിടെയെങ്കിലും ഒതുക്കിയിട്ടിട്ടുവേണം മാനേജരുടെ താമസസ്ഥലത്ത് എത്തുവാൻ. കാറിലുംമറ്റും ചെന്നാൽ താനൊരു സമ്പന്നയാണെന്ന് അന്തോണിയച്ചൻ സംശയിച്ചാലോ. ദരിദ്രർക്കും പാദസേവകർക്കും സഹായങ്ങൾ ചെയ്യുവാനാണല്ലോ എല്ലാവരും ഇഷ്ടപ്പെടുന്നത്. അങ്ങനെ ഓരോന്ന് ചിന്തിച്ച് അഭിനയ അന്തോണിയച്ചൻ താമസിക്കുന്ന സിൽവർ പാലസിലെത്തി. ആകർഷണീമായ സ്ഥലം. അവിടെയെങ്ങും ആരെയും കണ്ടില്ല. ആരോടാണ് അന്തോണിയച്ചനെപ്പറ്റി തിരക്കുക. അവൾ സംശയിച്ചു. അങ്ങനെ നില്ക്കുമ്പോൾ അവിടേക്ക് ഒരു യുവാവ് കടന്നുവന്ന് കാര്യങ്ങൾ തിരക്കിയതിനുശേഷം അന്തോണിയച്ചന്റെ മുറി കാണിച്ചുകൊടുത്തു.

പുസ്തകങ്ങൾ അടുക്കിവച്ചിരിക്കുന്ന ഒരു മേശയ്ക്കു പിന്നിലെ കസേരയിൽ വെള്ള ളോഹ ധരിച്ച, നരച്ചുതുടങ്ങിയ താടിമീശയും വിശാലമായ കഷണ്ടിയുമുള്ള അന്തോണിയച്ചനെ അഭിനയ കണ്ടു. അദ്ദേഹത്തിന്റെ കണ്ണ് തീക്ഷ്ണമായി തന്നെ നിരീക്ഷിക്കുന്നതായി അഭിനയയ്ക്ക് മനസ്സിലായി. മുന്നിലുള്ള കസേരയിലിരിക്കുവാൻ അന്തോണിയച്ചൻ കൈകൊണ്ട് ആംഗ്യം കാണിച്ചു. അഭിനയ ഭയഭക്തിബഹുമാനങ്ങളോടെ അതിലിരുന്നു. അവൾക്കപ്പോൾ ഒന്നും സംസാരിക്കുവാൻ തോന്നിയില്ല. ആഗ്രഹവികാരങ്ങൾ നിഗ്രഹിച്ച് ളോഹയ്ക്കുള്ളിൽ സേവനമനസ്സോടെ കഴിയുന്ന അച്ചന്മാരെപ്പറ്റി അവൾക്ക് പൊതുവെ മതിപ്പായിരുന്നു. അതിനെപ്പറ്റി സുഹൃത്തായ അന്ന

യോട് പറഞ്ഞപ്പോൾ അവൾ പൊട്ടിച്ചിരിക്കുകയാണ് ചെയ്തത്: 'കല്യാണം കഴിക്കാതെ ജീവിതം തള്ളിനീക്കുവാൻ വിധിക്കപ്പെട്ട അച്ചന്മാരുടെ വിചാരം ലോകത്തിലെ വിശിഷ്ടമായ ഭോജ്യങ്ങൾ മുഴുവൻ അവർക്കായി മാത്രമുള്ളതാന്നാ. തിന്നുകുടിച്ച് മതിച്ചുനടക്കുന്ന അച്ചൻമാർക്ക് മെത്രാനച്ചൻ വെഞ്ചിരിച്ചിട്ടുകൊടുത്ത കവചമാണ് ളോഹ. ളോഹ കിടക്കുന്ന ശരീരഭാഗം അവിടെയുണ്ടെന്നുതന്നെ അവരറിയുന്നില്ല. അതാ ആ വെഞ്ചിരിപ്പിന്റെ ശക്തി. പുറത്തുകാണാവുന്ന തലകൊണ്ട ഏ ചിന്തിക്കുന്നത് ഏറെയും അശുദ്ധകരമായ ചിന്തകൾതന്നെയാണ്. മുഖംകൊണ്ട് പുഞ്ചിരിക്കുകയും ക്ഷോഭിക്കുകയും ചെയ്യുന്നു. അധരങ്ങൾകൊണ്ട് ശാസിക്കുകയും ഉപദേശങ്ങൾ കൊടുക്കുകയും ചെയ്യുന്നു. പിന്നെ പുറത്തുകാണാവുന്ന കാലുകൾകൊണ്ട് നടക്കുന്നു. കൈകൾകൊണ്ട് ഓരോ ക്രിയകൾ ചെയ്യുന്നു.'

"ആരാ, മനസ്സിലായില്ലല്ലോ?" ലാളിത്യമുള്ള ശബ്ദത്തോടെ അന്തോണിയച്ചൻ തിരക്കിയപ്പോഴാണ് അഭിനയ ചിന്തകളിൽനിന്നുമുണർന്നത്. അവൾ അന്തോണിയച്ചനെ നോക്കിച്ചിരിച്ചു. പിന്നെ കാര്യങ്ങൾ വിശദീകരിച്ചു.

"ഓഹോ, അപ്പോൾ കോളജിലെ ജോലിക്ക് വന്നതാണല്ലേ?" അന്തോണിചയ്യൻ ചോദിച്ചു: "ഈശ്വരനിൽ വിശ്വാസമുണ്ടോ?"

"ഉണ്ടച്ചാ, എനിക്ക് ഈശ്വരനിൽ നല്ല വിശ്വാസമുണ്ട്." അഭിനയ പറഞ്ഞു.

"മതം ഏതായിരുന്നാലും ഈശ്വരനിലുള്ള വിശ്വാസമാ പ്രധാനം." അന്തോണിയച്ചൻ പറഞ്ഞു: "ഞങ്ങളുടെ സ്ഥാപനത്തിന് അതിന്റേതായ ചില നിയമങ്ങളുണ്ട്. അതിനുള്ളിൽ നിന്നുകൊണ്ട് എനിക്ക് കുട്ടിയെ സഹായിക്കുവാൻ കഴിയുമോയെന്ന് സംശയമുണ്ട്."

അഭിനയ പുതിയ ലക്കം മാതൃഭൂമിയും അതിന് ഒരാഴ്ച മുമ്പിലത്തെ ഭാഷോപോഷിണിയും അന്തോണിയച്ചനുനേരെ നീട്ടിക്കൊണ്ട് പറഞ്ഞു: "ഒന്നിലെന്റെ കവിതയും മറ്റതിൽ കഥയുമുണ്ടച്ചാ."

അന്തോണിയച്ചൻ അത് മേടിച്ചുകൊണ്ട് പറഞ്ഞു: "അപ്പോൾ എഴുത്തിന്റെ വരപ്രസാദവും ഈശ്വരൻ തനിക്ക് തന്നിട്ടുണ്ടല്ലേ."

അഭിനയ അതിന്റെ ഉത്തരമായി ചിരിച്ചതെയുള്ളു.

അന്തോണിയച്ചൻ അതു വാങ്ങി അഭിനയയുടെ കഥയും കവിതയും ഓടിച്ചുവായിച്ചു. ആ സമയത്ത് അഭിനയ ആ മുറിയും പരിസരവുമെല്ലാം ശ്രദ്ധയോടെ നിരീക്ഷിച്ചുകൊണ്ടിരുന്നു.

"നല്ല കല്പനാശക്തിയും ഭാവനയുമുണ്ട്." അന്തോണിയച്ചൻ പറഞ്ഞു: "അതു നശിപ്പിക്കാതെ പരിശ്രമത്തിലൂടെ ജ്വലിപ്പിച്ചെടുക്കണം. കേവലം പ്രണയം മാത്രമല്ല ജീവിതം. സാഹിത്യകൃതികളിലൂടെ നമ്മൾ

ആവിഷ്ക്കരിക്കുന്നത് ജീവിതംതന്നെയല്ലേ?" ഒരു പുഞ്ചിരിയോടെ അന്തോണിയച്ചൻ തുടർന്നു: "ഈശ്വരന്റെ സാന്നിദ്ധ്യത്തെയും അതിന്റെ നശ്വരമായ പ്രഭാവലയത്തെപ്പറ്റിയും എഴുതണം. കേവലം ഭക്തകൃതികൾ എഴുതണമെന്നല്ല പറയുന്നത്. എഴുതുന്നതിൽ ഒരു ദാർശനിക ഔന്നത്യം നിറഞ്ഞുനില്ക്കണം. ചപലമായ പ്രണയങ്ങൾ, ആസക്തികൾ എല്ലാം വരുന്നവേഗത്തിൽത്തന്നെ അസ്തമിക്കുന്നവയാണ്. അവയെപ്പറ്റി എഴുതുന്ന കൃതികൾക്കും പൊതുവെ ആ വിധിതന്നെയാണ്. അതുകൊണ്ടാണ് അതിനുമപ്പുറത്തേക്ക് വളർന്നുനിന്ന് എഴുതണമെന്നു പറഞ്ഞത്. കുമാരനാശാന്റെ കൃതികൾ എല്ലാം കേവലമായ പ്രണയകവിതകൾതന്നെയാണ്. എന്നാൽ അതിലെ പ്രണയം വൈകാരികതയിൽനിന്നും വളർന്ന് സനാതനമായ ദാർശനിക മണ്ഡലത്തിലെത്തുന്നുമുണ്ട്. അതുകൊണ്ടാണ് അവയ്ക്ക് കാലങ്ങൾ കഴിയുംതോറും പ്രസക്തി ഏറിവരുന്നത്."

അന്തോണിയച്ചൻ പറഞ്ഞുനിറുത്തിയപ്പോൾ എന്താണ് സമാധാനം പറയേണ്ടതെന്ന് അഭിനയ ആലോചിച്ചു. "ഒരു കൃതി എഴുതുന്നത് പ്രസിദ്ധീകരിക്കാൻകൂടിയാണ്. അച്ചൻ പറഞ്ഞ രീതിയിലുള്ള ചപലപ്രണയങ്ങളും കേവലമായ ആസക്തികളും ഏറെയുള്ള കൃതികൾ മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളു." അഭിനയ പറഞ്ഞുനിറുത്തി.

"അത് തുടക്കക്കാരുടെയൊക്കെ ഒരു മിഥ്യാധാരണയാണ്." അന്തോണിയച്ചൻ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "പ്രായത്തിന്റെ വികാരസ്പന്ദനം ഓരോ സൃഷ്ടികർത്താവിനെയും സ്വാധീനിക്കും. മിക്കവാറും എല്ലാ കവികളുടെയും ആദ്യകാല കൃതികൾ എല്ലാം അങ്ങനെതന്നെയായിരുന്നു. എന്തിന്, നമ്മുടെ ചങ്ങമ്പുഴതന്നെ ഏറ്റവും നല്ല ഉദാഹരണമായിരുന്നില്ലെ. അദ്ദേഹം കുറച്ചുകാലംകൂടി ജീവിച്ചിരുന്നെങ്കിൽ ദാർശനിക സ്പർശമുള്ള കവിതകൾതന്നെ എഴുതുമായിരുന്നു."

"അച്ചൻ ഒരുപാട് വായിക്കാറുണ്ടല്ലെ?" മേശമേലിരിക്കുന്ന പുസ്തകങ്ങൾ ശ്രദ്ധിച്ചുകൊണ്ട് അഭിനയ തിരക്കി.

"ഭാവനയും ചിന്താശീലവും വളരുവാനും മനസ്സിൽ യുവത്വം നിലനിർത്തുവാനുമെല്ലാം നല്ല ഗ്രന്ഥങ്ങളുടെ വായന ആവശ്യമാണ്." അന്തോണിയച്ചൻ ഒരു ഗവേഷകനെപ്പോലെ വിലയിരുത്തി. "നല്ല ഗ്രന്ഥങ്ങളുടെ വായന കുറയുന്നതുകൊണ്ടാണ് മനുഷ്യർ ജീവിതവീക്ഷണമില്ലാതെ കേവലം സ്വാർത്ഥവാഹകർ മാത്രമായിത്തീരുന്നത്."

അഭിനയ അതിനെ ശരിവെച്ച് ഒന്നു പുഞ്ചിരിച്ചു. അവർക്കിടയിൽ തെല്ലുസമയത്തെ മൗനം വളർന്നു.

"അടുത്തതിന്റെ പിന്നത്തെ മാസമാണ് ഇന്റർവ്യൂ. കുട്ടി അതിനു വന്നുകൊള്ളു." അന്തോണിയച്ചൻ അനുഭാവത്തോടെ പറഞ്ഞു: "ഇവിടെ ജോലി കിട്ടിയില്ലെങ്കിലും വിഷമിക്കുകയൊന്നും ചെയ്യരുത്. അവസരങ്ങളുള്ള മറ്റ്

സ്ഥലങ്ങളിലും ശ്രമിച്ചുനോക്കണം."

അച്ചൻ തന്നെ പറഞ്ഞുവിടുവാനാണ് ശ്രമിക്കുന്നതെന്ന് അഭിനയയ്ക്ക് മനസ്സിലായി. അവൾ ഇരിപ്പിടത്തിൽനിന്നും മെല്ലെ എഴുന്നേറ്റു. കാര്യങ്ങൾ ഗ്രഹിച്ചിട്ടെന്നതുപോലെ ശാന്തമായി പറഞ്ഞു: "ഒരു ക്രിസ്ത്യാനി അല്ലാത്തതിനാൽ ജോലികിട്ടില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് വന്നത്. അച്ചനെയൊന്ന് കാണണം, സംസാരിക്കണം കഴിയുമെങ്കിൽ അച്ചന്റെ അനുഗ്രഹം മേടിച്ച് തിരിച്ചുപോകണം അത്രയുമേ കരുതിയുള്ളു."

അന്തോണിയച്ചൻ ദീർഘനിശ്വാസത്തോടെ നരച്ചുതുടങ്ങിയ താടിമീശയിൽ ഒന്നു തലോടി. മെല്ലെ കസേരയിൽനിന്നും എഴുന്നേറ്റു. പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു: "ഈശ്വരന്റെ അനുഗ്രഹം എല്ലായിപ്പോഴും കുട്ടിക്കുണ്ടായിരിക്കട്ടെ." വലതുകരമുയർത്തി അവളെ അനുഗ്രഹിച്ചു.

അഭിനയ മുന്നോട്ടുചെന്ന് അന്തോണിയച്ചന്റെ പാദങ്ങളിൽ തൊട്ട് തലയിൽ വച്ചു. അപ്പോൾ അവൾപോലുമറിയാതെ അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

അന്തോണിയച്ചൻ അടുത്തേക്കുവന്ന് സമാധാനിപ്പിച്ചു: "കുട്ടി സമാധാനമായി പോയ്ക്കൊള്ളു. എവിടെയെങ്കിലും ഒരു ജോലി കിട്ടാതിരിക്കില്ല."

"ജോലിയെപ്പറ്റിയൊന്നും ഞാനിപ്പോൾ ചിന്തിക്കുന്നില്ല." അഭിനയയുടെ ശബ്ദമിടറി: "അച്ചന്റെ സ്നേഹത്തിനുമുന്നിൽ അറിയാതെ എന്റെ കണ്ണ് നിറഞ്ഞുപോയതാണ്. തെറ്റാണെങ്കിൽ അതീ പാപിനിയോട് ക്ഷമിക്കില്ലേ."

അന്തോണിയച്ചൻ വാത്സല്യത്തോടെ അഭിനയയെ ചേർത്തുപിടിച്ചു. അഭിനയ അച്ചനോട് ചേർന്നുനിന്നു. ഒരു പുരുഷനെ ഗാഢമായി സ്പർശിച്ചുനിന്നിട്ടും ഒരു വികാരവും തോന്നാത്തതിൽ അവൾക്ക് അത്ഭുതം തോന്നി. അച്ചന്റെ ഭാഗത്തുനിന്നുള്ള പ്രതികരണത്തിനായി ശ്രദ്ധിച്ച് അവൾ അങ്ങനെതന്നെ ചേർന്നുനിന്നു. അപ്പോൾ അദ്ദേഹം മൂർദ്ധാവിൽ മൃദുവായി ചുംബിക്കുന്നത് അവൾ അറിഞ്ഞു. അതു കണ്ട മാലാഖമാർ വാനമേഘങ്ങളിലിരുന്ന് പരിശുദ്ധസ്നേഹത്തിന്റെ കാഹളമൂതി. അതു കേട്ട പ്രലോഭനത്തിന്റെ സാത്താന്മാർ ഭയന്നോടി. അന്ധകാരത്തിലൂടെ തപ്പിത്തടഞ്ഞോടിയ സാത്താന്മാർ നരകാഗ്നിയിൽ ചെന്നു പതിച്ചു. അഭിനയയിലെ അരുതാത്ത വികാരത്തെ മാലാഖമാർ വയലിലെ ലില്ലിപ്പൂക്കൾകൊണ്ട് മൂടി. അന്തോണിയച്ചനിലെ വാത്സല്യത്തെ പനിനീർതൈലം പൂശി ഊഷ്മളമാക്കി. തെല്ലുസമയത്തിനുശേഷം അന്തോണിയച്ചനിൽനിന്നും അവൾ മെല്ലെ അകത്തപ്പെട്ടു. അവൾ അച്ചന്റെ മുഖത്തേക്കു നോക്കി മൃദുവായൊന്നു പുഞ്ചിരിച്ചു. അപ്പോൾ ദുഃഖമെല്ലാം മാറിയതായി അവൾക്കു തോന്നി.

"കുട്ടി സമാധാനമായി പൊയ്ക്കൊള്ളൂ." അന്തോണിയച്ചൻ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു. ഒരനുസരണയുള്ള കുട്ടിയെപ്പോലെ അഭിനയ അവിടെനിന്നും തിരിഞ്ഞുനടന്നു. അവൾക്ക് പിന്നിലേക്കു തിരിഞ്ഞുനോക്ക

ണമെന്നു തോന്നി. എന്നിട്ടുമവൾ തിരിഞ്ഞുനോക്കാതെ വേഗത്തിൽ അവിടെനിന്നുമിറങ്ങി നടന്നു.

അഭിനയ വീട്ടിലെത്തിയപ്പോൾ അവിടെ അവളുടെ അച്ഛനുണ്ടായിരുന്നു. അച്ഛൻ ഗായത്രിയാന്റിയുമായി എന്തോ ഗൗരവത്തിൽ സംസാരിക്കുകയായിരുന്നെന്ന് അവൾക്കു മനസ്സിലായി.

"അച്ഛൻ എപ്പോഴാ വന്നത്?" അഭിനയ തിരക്കി.

"അല്പസമയമായി." അച്ഛൻ പറഞ്ഞു.

അഭിനയ അദ്ദേഹത്തിനഭിമുഖമായിത്തന്നെ ഒരു സെറ്റിയിലിരുന്നു. അല്പസമയത്തെ മൗനത്തിനുശേഷം അച്ഛൻ സംസാരിച്ചുതുടങ്ങി: "നിന്റെ പഠനമൊക്കെ നന്നായി നടക്കുന്നുണ്ടോ?"

ഉണ്ടെന്ന അർത്ഥത്തിൽ മൂളിക്കൊണ്ട് തലയാട്ടി. അഭിനയ തുടർന്ന് സംസാരിക്കുവാൻ തുടങ്ങിയപ്പോൾ ഗായത്രീദേവി അടുക്കളയിലേക്കു നടന്നു.

"നാടകാഭിനയവും വിദേശപര്യടനവുമെല്ലാം കൊള്ളാം. പഠിച്ച് ഒരു നല്ല ജോലി സമ്പാദിച്ച് എവിടെയെങ്കിലും സെറ്റിലാകുന്നതാ അതിലെല്ലാം വലുത്." അച്ഛൻ തുടർന്നു: "നമ്മുടെ അടുത്തുള്ള കോളേജിൽ ഒരു ലീവ് വേക്കൻസി വരുന്നുണ്ട്. ശ്രമിച്ചാൽ അവിടെ ചേരുവാൻ കഴിഞ്ഞേക്കും."

അഭിനയ അതിനുത്തരമൊന്നും പറഞ്ഞില്ല.

"നിന്റെ ഇഷ്ടങ്ങൾക്കൊന്നും ഞാനായി എതിരു നില്ക്കുന്നില്ല." അച്ഛൻ പറഞ്ഞു: "സ്വന്തം കാര്യങ്ങൾ തീരുമാനിക്കാനും ജീവിതം തിരഞ്ഞെടുക്കുവാനുമുള്ള വകതിരിവ് നിനക്കുണ്ടെന്നാ നിന്റെ അമ്മ പറഞ്ഞത്. ഞാനും അത് അംഗീകരിക്കുന്നു. ഇടയ്ക്കൊക്കെ വീട്ടിലേക്കുവന്ന് എന്നെയും അവളെയുമൊക്കെ കാണുന്നതിൽ തെറ്റൊന്നുമില്ല."

അച്ഛന്റെ വാക്കുകളിലെ പരിഭവത്തിന്റെ പരിഹാസച്ചുവ മനസ്സിലാക്കിയ അഭിനയ അതിനെ ന്യായീകരിക്കുവാനായി പറഞ്ഞു: "ഗായത്രിയാന്റിയെ തനിച്ചാക്കി വരുന്നത് ശരിയല്ലല്ലോ എന്നോർത്താ. അല്ലാതെ മനഃപൂർവ്വമല്ല."

"പെൺകുട്ടികൾ വളർന്നുവരുമ്പോൾ അവരെപ്പറ്റിയുള്ള ആധി വളരുന്നത് അച്ഛനമ്മമാരുടെ മനസ്സിലാ." അച്ഛൻ കാര്യങ്ങൾ വിശദീകരിച്ചു: "നിന്റെ വിവാഹം നടന്നുകാണുവാൻ ഞങ്ങൾക്ക് അതിയായ ആഗ്രഹമുണ്ട്. പഠനം, ജോലി എന്നെല്ലാം പറഞ്ഞ് ഇനിയുമത് നീട്ടിക്കൊണ്ടുപോകുന്നത് ഉചിതമല്ലെന്നാണ് എന്റെ അഭിപ്രായം. വിവാഹം കഴിഞ്ഞാലും അതെല്ലാമാകാമല്ലോ. നിനക്ക് ആരോടൊ സ്നേഹമുണ്ടെന്നൊക്കെ ഞാനറിഞ്ഞു. അവൻ ആരാ, എന്താ എന്നൊന്നും എനിക്കറിഞ്ഞുകൂടാ. എന്റെ ഇഷ്ടാനിഷ്ടങ്ങൾ നിനക്ക് പ്രശ്നമല്ലല്ലോ. നന്നായി ആലോചിച്ച് കാര്യങ്ങൾ തുറന്നുപറഞ്ഞാൽ എന്നാൽ ആകുന്ന വിധത്തിലൊക്കെ സഹായിക്കാം."

അഭിനയ ശാന്തമായി പറഞ്ഞു: "അച്ഛാ, ഞാൻ പറയുന്നത് ധിക്കാര

മാണെന്നു കരുതരുത്. ജീവിതത്തെ സംബന്ധിച്ചിടത്തോളം വിവാഹം പ്രധാനംതന്നെയാണ്. ആ വിവാഹത്തിനുവേണ്ടി മാത്രം മറ്റു പലതും വേണ്ടെന്നു വയ്ക്കേണ്ടതുണ്ടോ? വിവാഹം കഴിഞ്ഞാൽ ഒരു പെൺകുട്ടിക്ക് അവളുടെ ഇഷ്ടങ്ങളും ആഗ്രഹങ്ങളും പലതും ഉപേക്ഷിക്കേണ്ടിവരും. അച്ഛൻ ആവലാതിപ്പെടുന്നതുപോലെ എനിക്ക് വിവാഹപ്രായമൊക്കെ കഴിഞ്ഞോ?"

അവരുടെ സംസാരത്തിനിടയിൽ ഉൾമുറിയിലേക്കു പോയ ഗായത്രി അവിടേക്കു തിരിച്ചു വന്നു. "എന്താ അച്ഛനും മോളും തമ്മിലുള്ള തർക്കം പരിഹരിച്ചോ?" ഗായത്രി ചിരിച്ചുകൊണ്ട് ചോദിച്ചു: "അധികം താമസിയാതെ ഞാനും അഭിനയയുംകൂടി ഒരു നല്ല തീരുമാനമൊക്കെ എടുത്ത് അറിയിക്കാം. എനിക്കുള്ളതൊക്കെ അവൾക്കുകൂടിയുള്ളതല്ലേ? അതുവരെ അഭിനയയുടെ അച്ഛന് ക്ഷമിച്ചുകൂടെ?"

"ഇവിടെ ക്ഷമയ്ക്കൊന്നും ആർക്കും ഒരു കുറവുമില്ല." അഭിനയയുടെ അച്ഛൻ പറഞ്ഞു: "രാത്രിയിൽ ഇവിടെനിന്നും നാട്ടിലേക്കൊരു ബസ്സുണ്ട്. അതിനു പോണം. പോകുന്നതിനു മുമ്പ് ഇവിടെത്തന്നെയുള്ള ഒരു സുഹൃത്തിനെയും കാണുവാനുണ്ട്."

അല്പസമയത്തെ സംസാരത്തിനുശേഷം അഭിനയയുടെ അച്ഛൻ അവിടെനിന്നുമിറങ്ങി. അച്ഛൻ പോയിക്കഴിഞ്ഞപ്പോൾ അഭിനയ ഗായത്രിയോട് പറഞ്ഞു: "അച്ഛൻ എന്തിനാണ് അനിഷ്ടം കാണിക്കുന്നതെന്ന് ആന്റിക്കറിയാമോ? അച്ഛൻ പറഞ്ഞ ചെറുക്കനെ വിവാഹം കഴിക്കാത്തതുകൊണ്ട്. പഴയ തറവാട്ടുകാരാണ്. സ്വന്തമായിട്ടൊരു സ്കൂളുണ്ട്, ആനയുണ്ട്–ഇതൊക്കെയാണ് അച്ഛനിഷ്ടപ്പെട്ട കാര്യങ്ങൾ. പത്താംക്ലാസുവരെ പഠിച്ച ലോകവിവരംതന്നെ കുറവുള്ള ഒരുവനെ കെട്ടാൻ എനിക്കൊട്ടിഷ്ടവുമില്ല."

"അവന്റെ വിവാഹം കഴിഞ്ഞോ?" ആന്റി തിരക്കി: "കാഴ്ചയിലും സ്വഭാവത്തിലുമൊക്കെ എങ്ങനെയാ?"

"എനിക്കിഷ്ടമാണെങ്കിൽ വിവാഹം കഴിക്കാൻ അവനിപ്പോഴും സമ്മതമാണ്. അവരുടെ സ്കൂളും കാര്യങ്ങളും നോക്കിനടത്താൻ ഒരാളാകുമല്ലോ? സ്വഭാവദൂഷ്യമുള്ളതായിട്ടൊന്നും ആരും പറയുന്നതു കേട്ടിട്ടില്ല. അല്പം വയറുണ്ടെങ്കിലും വെളുത്തിട്ട് സുന്ദരൻതന്നെയാ." അഭിനയ പറഞ്ഞുനിറുത്തി.

"പണവും സമൂഹത്തിലെ സ്ഥാനവുമൊക്കെ ജീവിതത്തിലെ വലിയ കാര്യങ്ങൾതന്നെയാ." ഗായത്രി പറഞ്ഞു: "ലോകപരിചയം, വിദ്യാഭ്യാസം എന്നൊക്കെപ്പറയുന്നത് എത്രമാത്രം പ്രാധാന്യമുള്ള കാര്യമാണ് ഇന്നത്തെ കാലത്തെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു."

"ഓഹോ, ഗായത്രിയാന്റിയും അച്ഛന്റെ വഴിക്കുതന്നെയാണല്ലോ." അഭിനയ ചിരിച്ചുകൊണ്ട് അവളുടെ മുറിയിലേക്കു നടന്നു.

# 12
# വിശുദ്ധകലയും അവിശുദ്ധകലയും

സൗപർണിക ക്ലബ്ബുകാർക്കുവേണ്ടി അഭിനയയും സംഘവും അവതരിപ്പിച്ച സംഘനൃത്തം അവസാനിച്ചപ്പോൾ ആഡിറ്റോറിയത്തിൽനിന്നും കരഘോഷങ്ങൾ ഉയർന്നു. മേക്കപ്പുകൾ അഴിക്കുന്നിടത്തേക്കു അരുൺ ചന്ദ്രിർ വന്നു. അവർ തയ്യാറാക്കിയിരിക്കുന്ന വിരുന്നിനായി അഭിനയയെയും സംഘത്തെയും ക്ഷണിച്ചു. അവിടെവെച്ചുതന്നെ അഭിനയയെ അഭിനന്ദിക്കാനും അരുൺ ചന്ദ്രിർ മറന്നില്ല: “ഞങ്ങൾ എല്ലാവരും കരുതിയതിനെക്കാൾ വളരെ മനോഹരമായിരുന്നു നൃത്താവതരണം.”

“താങ്ക്സ്.” അഭിനയ ചിരിച്ചുകൊണ്ട് തുടർന്നു: “അത് എന്റെമാത്രം കഴിവല്ല.” ചുറ്റും നില്ക്കുന്നവരെ ചൂണ്ടി: “ഇവരുടെകൂടി കഴിവാണ്.”

വസ്ത്രങ്ങൾ മാറിക്കഴിഞ്ഞ് പുറത്തേക്കിറങ്ങുമ്പോഴാണ് അഭിനയ പ്രസാദിന്റെ കാര്യമോർത്തത്. പ്രസാദ് പോയിക്കാണുമോ എന്ന് സംശയിച്ച് ആഡിറ്റോറിയത്തിലേക്ക് ചെന്നു. അവിടെ പലരും സംഘംചേർന്നുനിന്ന് സംസാരിക്കുകയും പൊട്ടിച്ചിരിക്കുകയുമെല്ലാം ചെയ്തുകൊണ്ടിരുന്നു. അതിനിടയിൽ ഒരു കസേരയിൽ ചിന്താമഗ്നനായി പ്രസാദുമിരിപ്പുണ്ട്. അഭിനയ വേഗന്നുതന്നെ അവന്റെ അടുത്തേക്കു ചെന്നു. അവനിൽനിന്നും ഒരു പൊട്ടിത്തെറിയോ പരിഹാസമോ ഒക്കെയാണ് അവൾ പ്രതീക്ഷിച്ചത്.

പ്രസാദ് അവളെ നോക്കിക്കൊണ്ട് പറഞ്ഞു: “തന്റെ നൃത്താവതരണം മുമ്പിലത്തേതിനെക്കാൾ നന്നാവുന്നുണ്ട്. യാന്ത്രികമായ ചലനങ്ങളുടെയും അഭിനയത്തിന്റെയും സ്ഥാനത്ത് സ്വാഭാവികമായ ചലനവും അഭിനയവും വഴങ്ങിത്തുടങ്ങിയിരിക്കുന്നു.”

“ഈശ്വരാ, ഈ രാത്രിയിൽ കാക്ക മലന്നു പറക്കുമോ?” അഭിനയ ചോദിച്ചു: “നിനക്ക് എന്തുപറ്റി, കാമുകിയെ ഇങ്ങനെ പുകഴ്ത്താൻമാത്രം?”

അതിനുള്ള ഉത്തരമായി പ്രസാദ് പൊട്ടിച്ചിരിച്ചു. അവിടേക്ക് നാലഞ്ച് ആളുകൾ എത്തി. അവർ സ്വയം പരിചയപ്പെടുത്തിക്കൊണ്ട് സംസാരിച്ചു തുടങ്ങി. അവരിലൊരാൾ അരുൺ ചന്ദ്രിർ മുമ്പ് പരിചയപ്പെടുത്തിയ ദേവനാണ്. “ഞാൻ ഡോ. രമേശ് പണിക്കർ.” അറുപതുകളിൽ എത്തിനില്ക്കുന്ന ഒരാൾ സ്വയം പരിചയപ്പെടുത്തി. അഭിനയ അദ്ദേഹത്ത നോക്കി

അനുഭാവപൂർവ്വം പുഞ്ചിരിച്ചു. അപ്പോൾ ദേവൻ പുച്ഛമൊതുക്കി പറഞ്ഞു: “ഡോ. രമേശിനെ അറിയില്ലേ. ഒരു മാസമെ ആയുള്ളൂ ചെന്നൈ സെൻട്രൽ ജയിലിൽനിന്നും വന്നിട്ട്.”

അതു കേട്ട് ചുറ്റും നിന്നവർ ചിരിച്ചു. ഡോ. രമേശിന്റെ മുഖത്ത് ഭാവ വ്യത്യാസമൊന്നുമില്ല. അഭിനയ കാര്യമറിയാനായി ചോദ്യരൂപത്തിൽ ചുറ്റു മുള്ളവരെ നോക്കി.

“ഇന്റർനെറ്റിലൂടെ നഗ്നചിത്രങ്ങൾ വിറ്റ് കോടികൾ സമ്പാദിച്ച വ്യക്തി യാണിദ്ദേഹം.” ദേവനാണ് അതു പറഞ്ഞത്.

“താനുമെന്റെ ചിത്രങ്ങൾ കണ്ടിട്ടില്ലേ?” ഡോ. രമേശ് ദേവനോടു തിരക്കി: “കല ആസ്വദിക്കാനുള്ളതാണ്. അത് ആവശ്യക്കാരന് കൊടുക്കു കയെന്നുള്ളത് കലാകാരന്റെ ദൗത്യമല്ലേ?”

അവർക്കിടയിൽ ചില നിമിഷങ്ങളിലെ അസ്വസ്ഥകരമായ മൗനം വളർന്നു. “നഗ്നത യാഥാർത്ഥ്യമാണ്. എന്നു മനുഷ്യൻ ഇതര മൃഗങ്ങളിൽ നിന്നും ഭിന്നമായി വസ്ത്രങ്ങൾ അണിയുവാൻ തുടങ്ങിയോ, അന്നുമുതൽ കാപട്യത്തെ കൂടെപ്പിറപ്പായി സ്വീകരിക്കുകയായിരുന്നു. വസ്ത്രങ്ങൾ ധരിച്ച് കെട്ടിപ്പിടിക്കുകയും ചുംബിക്കുകയും ചെയ്യുന്ന സിനിമ, ടെലിസിനിമ, നാട കം, പുത്തൻ നൃത്തരൂപങ്ങൾ തുടങ്ങിയവയെല്ലാം വിശുദ്ധകല. വസ്ത്ര മൊന്നു മാറിക്കഴിഞ്ഞാൽ അത് അവിശുദ്ധകല. ഇതിൽ എന്തു യുക്തിയാ ണുള്ളത്?” ഡോ. രമേശ് ചുറ്റുമുള്ളവരെ നോക്കിക്കൊണ്ട് ഒരു താത്വിക നെപ്പോലെ വാചാലനായി: “ഇവിടെ പലരും പറയുന്നതുപോലെ ഞാൻ കേവലം നഗ്നത വിറ്റ് കാശാക്കുകയല്ല ചെയ്തത്. അതിനെ കൗതുകവും വിചാരവുമുണ്ടാക്കുന്ന കലാരൂപമാക്കിയെടുത്താണ് അനുവാചകനു മുന്നിൽ എത്തിച്ചത്. ഇന്റർനെറ്റിലൂടെ എന്റെ കലാചിത്രങ്ങൾ കണ്ടാസ്വാദിക്കുന്ന വർ ലക്ഷങ്ങളാണ്.”

ഡോ. രമേശിന്റെ സംസാരം കേട്ടപ്പോൾ അഭിനയയ്ക്ക് ലജ്ജ തോന്നി. അവൾ പ്രസാദിനെ നോക്കി. അവൻ അവളെ നോക്കി കണ്ണിറുക്കിക്കാണിച്ചു. ഡോക്ടർ പറയുന്നത് മറ്റുള്ളവർ കേൾക്കുകയാണോ എന്നും അഭിനയ ശ്രദ്ധിച്ചു. എല്ലാവരും ഒരു പ്രഭാഷണം കേൾക്കുന്ന മൂഡിലാണെന്ന് അവൾക്കു മനസ്സിലായി.

“ലൈംഗികതയ്ക്ക് സ്വകാര്യത വേണം. അതുപോലെ ആ കല അറി യുവാനും ആസ്വദിക്കുവാനും ഓരോ വ്യക്തിക്കും സ്വാതന്ത്ര്യവുമുണ്ട്.” ഡോ. രമേശ് തുടർന്നു: “ഇന്റർനെറ്റിലൂടെ ആ കലാരൂപം ഏറ്റവും ആസ്വാദ്യമായ രീതിയിലാണ് ഞാനവതരിപ്പിച്ചത്. ആ കല അവതരിപ്പിച്ച ഒരാളെപ്പോലും ഞാൻ അതിനായി നിർബന്ധിക്കുകയൊ സമ്മർദ്ദം ചെലുത്തി സമ്മതിപ്പി ക്കുകയൊ ചെയ്തിട്ടില്ല. അതവതരിപ്പിക്കുവാൻ താത്പര്യമുള്ളവരെ തിര ഞ്ഞെടുത്ത് അവർക്കവസരം കൊടുത്തു അത്രതന്നെ.” ദേവന്റെ നേരെതി രിഞ്ഞ് ഡോ. രമേശ് പറഞ്ഞു: “മറ്റുള്ളവരെ പരിഹസിച്ച് ആളാകുവാൻ

ശ്രമിക്കുന്നത് അപകർഷതാബോധമുള്ളവരാണ്. അവരുടെ അപകർഷതാബോധം അവരുടെതന്നെ കഴിവില്ലായ്മയിൽനിന്നും രൂപപ്പെടുന്നതാണ്."

ഡോ. രമേശിന്റെ സംസാരം എല്ലാവരെയും അസ്വസ്ഥരാക്കിക്കൊണ്ടിരുന്നു. ഡോ. രമേശ് പാന്റിന്റെ പോക്കറ്റിൽനിന്നും വിലാസമെഴുതിയ കാർഡെടുത്ത് അഭിനയയ്ക്ക് കൊടുത്തു. "ആർക്കെങ്കിലും എന്റെ വിലാസം വേണോ?" ഡോ. രമേശ് ചോദിച്ചു. ആരും മിണ്ടിയില്ല. രമേശ് അവിടെനിന്നും നടന്നകന്നു.

അഭിനയ കൈയിൽക്കിട്ടിയ കാർഡ് മറിച്ചും തിരിച്ചും നോക്കി തെല്ലിളിഭ്യയായിനിന്നു.

"ഡോക്ടറുടെ പുതിയ കലാചിത്രത്തിലഭിനയിക്കുവാനുള്ള ക്ഷണപത്രമാണ് തന്നിട്ടുപോയത്." അവിടെ കൂടിനിന്നവരിൽ ഒരാൾ പ്രതികരിച്ചു.

അതുകേട്ട് ചുറ്റും നിന്നവർ ചിരിച്ചു. അഭിനയ വല്ലായ്കയോടെ ആ കാർഡ് ചുരുട്ടി തറയിലേക്കിട്ടു.

"ഒരു സെൻസേഷണൽ സ്റ്റോറിക്കുള്ള വഴിയൊക്കെ തെളിഞ്ഞുവരുന്നുണ്ട്." പ്രസാദ് പ്രതികരിച്ചു. ആ കാർഡ് കുനിഞ്ഞെടുത്ത് പ്രസാദ് അഡ്രസ് വായിച്ചു. എന്നിട്ടത് പോക്കറ്റിലിട്ടു. അവിടേക്കു വന്ന അരുൺ ചന്ദ്രിർ തിരക്കി: "എന്താ പ്രസാദ് ആ കത്തിഡോക്ടറുമായി വല്ല പ്രശ്നവുമുണ്ടായോ?"

"ഏയ്, അദ്ദേഹത്തെ എല്ലാവരുംകൂടി പരിഹസിച്ചുവിട്ടു." പ്രസാദ് ചിരിച്ചുകൊണ്ടു തുടർന്നു: "അല്പസമയംകൂടി സംസാരിച്ചിരുന്നെങ്കിൽ പുതിയ ഫിലോസഫി പഠിക്കാമായിരുന്നു."

"ഞങ്ങൾ സംഘടിപ്പിച്ചത് ഒരു പൊതുചടങ്ങല്ലേ. അവിടെ ക്ഷണിക്കാത്തവരും ക്രിമിനലുകളുമെല്ലാമുണ്ടാകും. അവരുടെ ഭാഗത്തുനിന്ന് എന്തെങ്കിലും അസൗകര്യമുണ്ടായിട്ടുണ്ടെങ്കിൽ ക്ഷമിക്കണം." അരുൺ ചന്ദ്രിർ ക്ഷമാപണം നടത്തി.

അഭിനയ അതിനുത്തരമൊന്നും പറയാതെ നിന്നതേയുള്ളു. അവിടെ നിന്നവരിൽ ഒരാൾ പ്രതികരിച്ചു: "ആ കിളവന്റെ തൊലിക്കട്ടിക്ക് ഒരവാർഡ് കൊടുക്കേണ്ടതാണ്."

അരുൺ ചന്ദ്രിർ പ്രസാദിനെയും വിരുന്നിനായി ക്ഷണിച്ചു. അവൻ എതിർപ്പൊന്നും പറയാതെ അവരോടൊപ്പം ചേർന്നു. പ്രസാദ് അഭിനയയെ ആശ്വസിപ്പിച്ച് സംസാരിച്ചു. "ലോകമിങ്ങനെയാണ്. നീയെന്തിനാ വല്ലാതായിരിക്കുന്നത്?" പ്രസാദ് ചോദിച്ചു: "ഈയൊരനുഭവംകൊണ്ട് നൃത്തവും അഭിനയവും വേണ്ടന്നൊന്നും വച്ചുകളയില്ലല്ലോ?"

അഭിനയ വിടർന്ന കണ്ണുകളോടെ പ്രസാദിന്റെ മുഖത്തേക്കു നോക്കി. "നിനക്ക് എന്നെപ്പറ്റി എന്തറിയാം?" അഭിനയ കുസൃതിയോടെ തുടർന്നു: "തീയിൽ കുരുത്ത ഞാൻ ഇതുപോലുള്ള ഇളം വെയിലിലൊന്നും വാടില്ല."

അവൾ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ പ്രസാദ് അവളെ

വീട്ടിൽ കൊണ്ടുചെന്നാക്കാമെന്ന് പറഞ്ഞു. “ആന്റി കാറുമായി പത്തുമണിയോടെ ഇവിടെ വരാമെന്ന് പറഞ്ഞിട്ടുണ്ട്.” അഭിനയ ഓർമ്മിപ്പിച്ചു. “നാളെ സായാഹ്നത്തിൽ പബ്ലിക് ലൈബ്രറിയുടെ ആഡിറ്റോറിയത്തിൽ ‘അഭിലോഷിക’യുടെ റിഹേഴ്സലുണ്ട്. നീ വരണം.”

“റിഹേഴ്സൽ പരമ രഹസ്യമായിട്ടല്ലെ നടത്തുന്നത്. അന്യർക്ക് പ്രവേശനമില്ലാത്തിടത്ത് ഞാനെങ്ങനെ വരും.” പ്രസാദ് തുടർന്നു: “അല്ലെങ്കിലും ആ വയസ്സൻ പ്രൊഫസ്സറെ എനിക്ക് തീരെ പിടിക്കില്ല. അയാളെ കണ്ടാൽ ത്തന്നെ വട്ടുപിടിക്കും.”

“നിനക്ക് അല്പമെങ്കിലും താത്പര്യമുണ്ടെങ്കിൽ വരാം. അവിടെ ആരും നിന്നെ തടയില്ല.'' അഭിനയ ചിരിച്ചുകൊണ്ടു പറഞ്ഞു: ''ഒഴിഞ്ഞുമാറുവാൻവേണ്ടി എന്റെയടുത്ത് മുടന്തൻ ന്യായങ്ങൾ പറയണമെന്നില്ല.”

“റിഹേഴ്സൽ കഴിയുമ്പോൾ സമയമെന്താകും?” പ്രസാദ് തിരക്കി.

“ഏതാണ്ട് ഒൻപതരപത്താകും.” അഭിനയ പറഞ്ഞു.

“ആ സമയത്ത് ഞാനവിടെയെത്തിക്കൊള്ളാം.” പ്രസാദ് പറഞ്ഞു.

അവരങ്ങനെ ഓരോ വർത്തമാനങ്ങൾ പറഞ്ഞ് പുറത്തേക്കിറങ്ങിയപ്പോൾ അഭിനയയെയും പ്രതീക്ഷിച്ച് ഗായത്രി അവിടെ കാത്തുനില്ക്കുന്നുണ്ടായിരുന്നു. ഗായത്രിയെക്കണ്ട പ്രസാദ് മുഖംകൊടുക്കാതെ പോകുവാൻ ശ്രമിച്ചെങ്കിലും ഗായത്രി അവനെ അടുത്തുവിളിച്ച് സംസാരിച്ചു. ഏറെയും അവരെപ്പറ്റിയുള്ള കാര്യങ്ങൾതന്നെ ആയിരുന്നു. അവസാനം ആ സംഭാഷണം അവസാനിച്ചത് അവരുടെയെല്ലാം ആകാംക്ഷ അവനെ അറിയിച്ചുകൊണ്ടാണ്: “വിവാഹപ്രായമെത്തിയ ഒരു പെണ്ണുമായി ചുറ്റിക്കറങ്ങിയാൽ നാട്ടുകാർ പലതും പറയും. പറയുന്നത് ചുറ്റിക്കറങ്ങുന്ന ആളെക്കൂട്ടി മാത്രമായിരിക്കില്ല. അതാ ഈ ലോകത്തിന്റെ സ്വഭാവം. ഇവളുടെ അച്ഛനുമമ്മയ്ക്കും ഇവളുടെ വിവാഹത്തെപ്പറ്റി ചിന്തിച്ച് വേവാലാതിപ്പെടുവാനെ നേരമുള്ളു.”

പ്രസാദിനോട് യാത്രയും പറഞ്ഞ് ഗായത്രിയോടൊപ്പം വീട്ടിലേക്ക് മടങ്ങുമ്പോൾ അവർ ഒന്നും സംസാരിച്ചില്ല. അഭിനയ ഡ്രൈവ്ചെയ്യുന്നതിനിടയിൽ ആലോചനാനിമഗ്നയായിരിക്കുന്ന ഗായത്രിയെ ഒളികണ്ണിട്ട് നോക്കിക്കൊണ്ടിരുന്നു.

രാത്രിയിൽ വീട്ടിലെത്തിയ അഭിനയയ്ക്ക് ഡോ. രമേശിന്റെ ഇന്റർനെറ്റിലെ കാമചിത്രങ്ങളുടെ സൈറ്റുകൾ കാണുവാൻ താത്പര്യം തോന്നി. അഡ്രസ്സ് അറിയാത്തതിനാൽ വല്ലായ്കതോന്നി. ഇന്റർനെറ്റിനു മുന്നിലിരുന്ന് ഡോ. രമേശിന്റെ കാമചിത്രങ്ങളുടെ സൈറ്റും സേർച്ച്ചെയ്ത് അവൾ പാതിരാത്രിക്കുമപ്പുറംവരെയിരുന്നു. കണ്ടെത്തുവാൻ കഴിയാത്തതിന്റെ നഷ്ടവികാരത്തോടെയാണ് കിടക്കയിലെത്തിയത്.

ഗായത്രി കംപ്യൂട്ടർ സെന്ററിലേക്ക് പോയിക്കഴിഞ്ഞ് അഭിനയ തനിച്ചാണ് വീട്ടിലിരുന്നത്.അവൾ മേശപ്പുറത്ത് കുറച്ചുനാളായി ഉപയോഗിക്കാതെ

മടക്കിവച്ചിരുന്ന പുസ്തകങ്ങൾ നോക്കിനിന്നു. അല്പസമയത്തിനുശേഷം വർക്കിസാറെഴുതിയ 'അഭിലോഷിക' നാടകത്തിലെ അഭിലോഷികയുടെ സംഭാഷണങ്ങൾ ഹൃദിസ്ഥമാക്കുവാൻ ശ്രമിച്ചുതുടങ്ങി.

ഉച്ചമയക്കത്തിന്റെ തളർച്ചയും ആസ്വദിച്ച് കട്ടിലിൽ കിടക്കുമ്പോൾ ഫോൺ ശബ്ദിക്കുവാൻ തുടങ്ങി. പ്രസാദാണോ വർക്കിസാറാണോ വിളിക്കുന്നതെന്ന് അവൾ സംശയിച്ചു. ചിലപ്പോൾ ആന്റി കംപ്യൂട്ടർ സെന്ററിൽനിന്നും വിളിക്കുന്നതാവാം. അങ്ങനെ ഓരോ ചിന്തകളോടെ ഫോണെടുത്തു. അങ്ങേത്തലയ്ക്കൽനിന്നും തീർത്തും അപരിചിതമായ ഒരു പുരുഷശബ്ദം. "ഇന്നലത്തെ നൃത്തം നന്നായിരുന്നു. അഭിനന്ദനങ്ങൾ." ഫോൺ കട്ടായി. ആരായിരിക്കും വിളിച്ചത്. അഭിനയ ചിന്തിച്ചുനോക്കി. എവിടെയോ കേട്ടുമറന്ന ശബ്ദം ആരുടെയാണന്നറിയാത്തതിൽ അവൾക്ക് തെല്ലൊരു കോപം വന്നു. ഫോൺ വീണ്ടും ബെല്ലടിക്കുവാൻ തുടങ്ങി. അഭിനയ ഫോണെടുത്തു. മുമ്പുകേട്ട അതെ പുരുഷശബ്ദം: "വിളിച്ചുകൊണ്ടിരുന്നപ്പോൾ കട്ടായിപ്പോയതാ."

അഭിനയ ആകാംക്ഷയോടെ തിരക്കി. "മനസ്സിലായില്ല."

"ഡോ. രമേശാണ്." അയാൾ സ്വയം പരിചയപ്പെടുത്തി.

എന്താണ് പറയേണ്ടതെന്നറിയാതെ അല്പസമയം അഭിനയ കുഴങ്ങിനിന്നു. പിന്നീട് തിരക്കി: "ഡോ. എന്തിനാണ് വിളിച്ചത്."

"എന്നെപ്പറ്റി അവരു പറഞ്ഞത് അഭിനയ കേട്ടല്ലൊ. അതെല്ലാം ശരിയാണ്." ഞാനിന്നലെ അടുത്തുവന്നത് അഭിനന്ദിക്കാനാണ്. സാഹചര്യങ്ങൾകൊണ്ട് അതിനു കഴിഞ്ഞില്ല. അതു പറയാൻവേണ്ടിയാ വിളിച്ചത്. എന്നാൽ പിന്നെ വിളിക്കാം." ഡോക്ടർ ഫോൺ വച്ചു. അഭിനയ സംശയത്തോടെ ഫോണിന്റെ റിസീവറിൽ നോക്കിനിന്നു. വാർദ്ധക്യത്തിലും കാമം ജ്വലിക്കുന്ന ഡോക്ടറുടെ മുഖം അവളുടെ മനോമുകുരത്തിൽ തെളിഞ്ഞു.

പതിവുപോലെ സായാഹ്നത്തോടെ അഭിനയ പബ്ലിക് ലൈബ്രറിയുടെ ആഡിറ്റോറിയത്തിലെത്തി. അവിടെ 'അഭിലോഷിക' നാടകത്തിലഭിനയിക്കുവാനുള്ളവർ എല്ലാവരും എത്തിയിരുന്നു. വർക്കിസാർ വന്നതോടെ സമയം കളയാതെ നാടകത്തിന്റെ റിഹേഴ്സൽ തുടങ്ങി. രാത്രി ഒൻപതരവരെ നീണ്ട റിഹേഴ്സലിനുശേഷം അഭിനയ പുറത്തേക്കു നടക്കുവാൻ തുടങ്ങിയപ്പോൾ വർക്കിസാർ തിരക്കി: "തനിച്ചാണെങ്കിൽ ഞാൻ വീട്ടിലെത്തിക്കാം."

"വേണ്ട സാർ." അഭിനയ പറഞ്ഞു: "പ്രസാദ് വരാമെന്ന് പറഞ്ഞിട്ടുണ്ട്."

അതു കേട്ടപ്പോൾ വർക്കിസാറിന്റെ നെറ്റിചുളിയുന്നത് അഭിനയ ശ്രദ്ധിച്ചു. അല്പസമയം വർക്കിസാർ അവളെത്തന്നെ ഗൗരവത്തിൽ നോക്കിനിന്നു. പിന്നെ ഒന്നും പറയാതെ തിരിഞ്ഞുനടന്നു.

വർക്കിസാറിന്റെ മനസ്സ് അഭിനയയ്ക്ക് വായിച്ചെടുക്കുവാൻ പാടില്ലായിരുന്നു. 'ഇപ്പോഴും പ്രസാദിനോടൊപ്പം ചുറ്റുന്നത് ഇഷ്ടപ്പെടുന്നില്ല. അത്രതന്നെ!'

വിശുദ്ധകലയും അവിശുദ്ധകലയും

ലൈബ്രറിയുടെ മുന്നിൽത്തന്നെ പ്രസാദ് ബൈക്കുമായി കാത്തുനില്ക്കുന്നുണ്ടായിരുന്നു. അഭിനയയെ കണ്ട് പ്രസാദ് ഗൗരവത്തോടെ തിരക്കി: "ആ കിളവൻ പ്രൊഫസർ നിന്നോട് എന്താ പറഞ്ഞത്?"

"അയാളുടെ മകനെ കല്യാണം കഴിക്കാമൊ എന്നാ ചോദിച്ചത്." അഭിനയ കളിയും കാര്യവുമായി പറഞ്ഞു.

"നീയെന്തു പറഞ്ഞു?" പ്രസാദ് അലസമായി തിരക്കി.

"അന്യജാതിയിൽപ്പെട്ട ഒരു സെക്കന്റ് ഹാന്റ് പെണ്ണിനെ കല്യാണം കഴിക്കുവാൻ സാറിന്റെ മകൻ ഇഷ്ടപ്പെടുമോ?" അഭിനയ പറഞ്ഞു.

"അപ്പോൾ ആ കിളവന്റെ പ്രതികരണം എന്തായിരുന്നു?" പ്രസാദ് കൗതുകത്തോടെ തിരക്കി.

"ജാതിയും ഹാന്റുമൊന്നും പ്രശ്നമല്ല, എന്റെ ഇഷ്ടമാണ് പ്രധാനം." അഭിനയ പ്രസാദിന്റെ കണ്ണുകളിലേക്കു നോക്കി പറഞ്ഞു.

"അല്പം കഴിയുമ്പോൾ മകനെ മാറ്റി കിളവൻ കല്യാണം കഴിച്ചോളാമെന്നു പറയും." പ്രസാദ് തമാശയോടെ തുടർന്നു: "ഇപ്പോൾ കിളവന്മാരാ ചെറുപ്പക്കാരെക്കാൾ പ്രശ്നക്കാര്. ശരീരവും മനസ്സും മൂത്തുനരയ്ക്കും തോറും അവരുടെ കാമത്തിന് തീവ്രത ഏറുകയാ."

അഭിനയ അവന്റെ കവിളിൽ നുള്ളിക്കൊണ്ടു പറഞ്ഞു: " സമയം ഒരുപാടാകുന്നു. വീട്ടിലേക്ക് പോകുന്നവഴിക്ക് ബാക്കി സംസാരിക്കാം."

പ്രസാദ് സ്റ്റാർട്ടാക്കിയ ബൈക്കിന്റെ പിന്നിൽ അഭിനയ കയറിയിരുന്നു. പതിവുപോലെ അവന്റെ ബൈക്ക് ഒരു കുതിപ്പോടെ മുന്നോട്ടു പാഞ്ഞു. നഗരത്തിലെ തിരക്കുകൾക്കും ലൈറ്റുകളുടെ പ്രകാശത്തിനുമിടയിലൂടെ തെന്നിത്തെന്നി അവരുടെ ബൈക്ക് മുന്നോട്ടു നീങ്ങി. പതിവുപോലെ ഇടയ്ക്കൊക്കെ ശക്തിയായി പ്രസാദ് ബ്രേക്ക് ചവിട്ടുകയും കുതിപ്പോടെ വണ്ടി മുന്നോട്ടെടുക്കുകയും ചെയ്തു. അവന്റെ മനസ്സ് അറിഞ്ഞിട്ടെന്നതു പോലെ അഭിനയ അവനോട് ചേർന്നിരുന്നു.

നഗരത്തിൽനിന്നും ബൈക്ക് പുറത്തേക്കു കടന്നപ്പോൾ അഭിനയ തിരക്കി: "നമ്മൾ എങ്ങോട്ടാണ് പോകുന്നത്?"

പ്രസാദ് അതിനുത്തരം പറയാതെ കൂടുതൽ വേഗത്തിൽ ബൈക്ക് മുന്നോട്ടു പായിച്ചു.

"താമസിച്ച് വീട്ടിലെത്തിയാൽ ആന്റിക്കിഷ്ടപ്പെടുകയില്ല." അഭിനയ തുടർന്നു: "ഇന്ന് നീയെന്നെ വീട്ടിൽ കൊണ്ടുചെന്നാക്കുമെന്നു പറഞ്ഞതു വരെ ആന്റിക്കത്ര പിടിച്ചില്ല. അപ്പോൾ ആന്റി പറയുകയാ, പ്രേമിക്കുന്നതും തുള്ളിച്ചാടി നടക്കുന്നതുമൊക്കെ കൊള്ളാം. എല്ലാത്തിനുമൊരു നിയന്ത്രണം വേണമെന്ന്."

അല്പസമയംകൂടി അതിവേഗത്തിൽ ബൈക്ക് പായിച്ചു. "ഇത്രയും വേഗത്തിൽ ബൈക്ക് ഓടിച്ചിട്ടും നിനക്ക് ഭയം തോന്നുന്നില്ലേ?" പ്രസാദ് തിരക്കി.

"ഞാൻ നിന്റെ പിന്നില ടല്ലയിരിക്കുന്നത്. എന്തിനു ഭയപ്പെടണം?" അഭിനയ പറഞ്ഞു: "ജീവിതമെനിക്ക് ഏറെയിഷ്ടമാണ് എന്നോർത്ത് മരണത്തെയെനിക്ക് ഭയമില്ല."

അതു കേട്ട് പ്രസാദ് ശബ്ദത്തിൽ ചിരിച്ചു. ഒരുനിമിഷം ബൈക്കിന്റെ നിയന്ത്രണം അവന്റെ കൈയിൽനിന്നും വിട്ടു. അത് മറിയുവാൻ തുടങ്ങി. അഭിനയ പ്രസാദിനെ ഗാഢമായി ആലിംഗനംചെയ്തിരുന്നു. പ്രസാദ് ബൈക്ക് നിയന്ത്രണവിധേയമാക്കി. അതിന്റെ സ്പീഡ് കുറച്ചു.

"ഈശ്വരാധീനവും നമ്മൾക്കൊപ്പമുണ്ടല്ലേ?" അഭിനയ പറഞ്ഞു.

ഗട്ടറുകൾ നിറഞ്ഞ വഴിയിലൂടെ ബൈക്കോടിച്ച് തികച്ചും വിജനമായൊരിടത്ത് നിർത്തി. ബൈക്കിന്റെ ലൈറ്റുകൂടി അണഞ്ഞുകഴിഞ്ഞപ്പോൾ അവർക്കു ചുറ്റും ഇരുട്ടുമാത്രം. പക്ഷികളുടെ കരച്ചിൽ ശബ്ദം ആ അന്തരീക്ഷത്തെ കൂടുതൽ ഭയപ്പെടുത്തുന്നതാക്കി.

"എന്താ നിന്റെ പുറപ്പാട്?" അഭിനയ തിരക്കി.

"അറിയില്ല." പ്രസാദ് പറഞ്ഞു.

"ഇത് വല്ല പക്ഷിസങ്കേതവുമാണോ?" അഭിനയ തിരക്കി.

"അറിയില്ല." പ്രസാദ് ശാന്തമായി പറഞ്ഞു.

തെല്ലുസമയം കഴിഞ്ഞപ്പോൾ നിലാവിന്റെ നേരിയ വെളിച്ചം അവർക്ക് ചെറിയ കാഴ്ച നൽകി. പ്രസാദ് കൈകൾ അഭിനയയുടെ തോളിലേക്കിട്ട് ഉന്മേഷത്തോടെ പറഞ്ഞു: "ഈ പ്രപഞ്ചത്തിൽ നമ്മൾ രണ്ടും തന്നെ ആയിരുന്നെങ്കിൽ എത്ര നന്നായിരുന്നു."

"ഇത് ഒരുപാട് കാമുകന്മാർ പറഞ്ഞുപഴകിയ ഡയലോഗാ." അഭിനയ പരിഹാസത്തോടെ പറഞ്ഞു.

പ്രസാദ് അവളെ ആലിംഗനംചെയ്തു. അഭിനയ അവനിൽനിന്നും കുതറിമാറിക്കൊണ്ട് പറഞ്ഞു: "ഇപ്പോൾത്തന്നെ ഒരുപാട് സമയമായി. എന്നെ കാണാതെ ആന്റി വിഷമിക്കുന്നുണ്ടാവും."

"നീ എന്നോടൊപ്പം ഉണ്ടെന്ന് ആന്റിക്കറിയാം." പ്രസാദ് തണുപ്പൻ മട്ടിൽ പറഞ്ഞു.

പ്രസാദ് അവളെ വീണ്ടും അവനോടു ചേർത്തുനിർത്തിക്കൊണ്ട് ചോദിച്ചു: "ഇങ്ങനെ പ്രേമിച്ച് നടന്നാൽ മതിയോ?"

"വിവാഹത്തിനുമുമ്പ് പ്രേമിച്ചുനടന്നാൽ മതി." അഭിനയ പറഞ്ഞു: "മറ്റ് വിചാരങ്ങൾ ഒന്നും എന്റെ മോനിപ്പോൾ വേണ്ട. ഇന്നലെ ഡോക്ടർ പറഞ്ഞതുപോലെ വിശുദ്ധകല മതി. അതിനപ്പുറത്തുള്ള അവിശുദ്ധകലയൊക്കെ വിവാഹത്തിനുശേഷം മതി."

അഭിനയയെ അംഗീകരിച്ചുകൊണ്ട് പ്രസാദ് അനുഭാവപൂർവ്വം അവളുടെ കവിൾതടത്തിൽ ചുംബിച്ചു. രാത്രിയുടെ കറുപ്പും നിഴലുകളുടെ ഭീകരരൂപംപൂണ്ട ചലനവും പക്ഷികളുടെ രോദനവും ആ അന്തരീക്ഷത്തെ പേടിപ്പെടുത്തുന്നതാക്കിക്കൊണ്ടിരുന്നു.

അല്പസമയത്തിനുശേഷം അവർ തിരിച്ച് യാത്രയായി. അഭിനയ വീട്ടിലെത്തുമ്പോൾ പന്ത്രണ്ടു മണി കഴിഞ്ഞിരുന്നു.

വീടിന്റെ സിറ്റൗട്ടിൽ ആന്റിയോടൊപ്പം അമ്മയും ഇരിക്കുന്നതു കണ്ട അഭിനയയുടെ നെഞ്ചിൽ അസ്വസ്ഥത വളർന്നു.

പ്രസാദ് അവളെ അവിടെ ഇറക്കിവിട്ടിട്ട് ഒന്നും സംസാരിക്കാതെ തിരിച്ചുപോയി.

അഭിനയ തികച്ചും സാധാരണ മട്ടിൽത്തന്നെ തിരക്കി: "അമ്മ എപ്പോഴാ വന്നത്? ഒന്ന് അറിയിച്ചിട്ട് വന്നിരുന്നെങ്കിൽ ഞാൻ കാത്തിരിക്കുമായിരുന്നല്ലോ."

"എന്നും ഈ സമയത്താണോ വീട്ടിൽ വരവ്?" അമ്മ രോഷത്തോടെ തിരക്കി.

"ഇന്ന് അല്പം ലേറ്റായതാ. നാടകത്തിന്റെ റിഹേഴ്സൽ തീരുവാൻ താമസിച്ചു." അഭിനയ കള്ളംപറച്ചിൽ തുടർന്നു: "പ്രസാദുള്ളതുകൊണ്ട് അല്പം താമസിച്ചാലും കുഴപ്പമില്ലെന്ന് വർക്കിസാർ പറഞ്ഞു."

"എന്നും പത്തുമണിക്കുമുമ്പ് വരുന്നതാ." ഗായത്രി സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു: "ഞാനാ കൂട്ടിക്കൊണ്ടുവരുന്നത്."

അമ്മ ഒരു നെടുവീർപ്പോടെ അഭിനയയെ അടിമുടി നോക്കി. "എന്റെ മോളാകെ ചടച്ചിരിക്കുന്നു. നീ എന്തിനാണ് ഈ പ്രായത്തിൽ ഇങ്ങനെയെല്ലാം കഷ്ടപ്പെടുന്നത്?" അമ്മ തിരക്കി: "ഞങ്ങൾ നിന്നെ പൊന്നുപോലെ നോക്കില്ലെന്ന് നിനക്കു തോന്നുന്നുണ്ടോ?"

അമ്മയുടെ വാത്സല്യത്തിനുമുന്നിൽ എന്താണ് പറയേണ്ടതെന്നറിയാതെ അഭിനയ പതറിനിന്നു. അപ്പോൾ അമ്മ അവളെ ചേർത്തുപിടിച്ചുകൊണ്ട് ഇരു കവിളുകളിലും കണ്ണുകളിലും മൂർദ്ധാവിലും മാറിമാറി ചുംബിച്ചു.

# 13
# ഓർമ്മകളുടെ ശിശിരം

**ഏ**റെനാളുകൾക്കുശേഷം അമ്മയോടൊപ്പം ഉറങ്ങി ഉണർന്ന അഭിനയയ്ക്ക് നല്ല ഉന്മേഷം തോന്നി. അമ്മ അടുക്കളയിലേക്ക് ഗായത്രിയെ സഹായിക്കുവാൻ പോയപ്പോൾ അഭിനയ മുറിക്ക് പുറത്തു വളർത്തുന്ന ചെടികൾക്കടുത്തെത്തി. ഇതളുകൾ പൊഴിഞ്ഞുതീർന്ന റോസാപുഷ്പത്തിന്റെ കട്ടിയുള്ള ഞെടുപ്പുകൾ ശ്രദ്ധയോടെ മുറിച്ചുമാറ്റി. വിടർന്നുവരുന്ന മൊട്ടുകളെ കൗതുകത്തോടെ നോക്കി. അങ്ങനെ നിൽക്കുമ്പോഴാണ് ചെറുമുള്ളുകൾ നിറഞ്ഞ തണ്ടിൽ തലോടണമെന്നു തോന്നിയത്. അവൾ ആ മുള്ളുകളുടെ മൂർച്ചയുള്ള അഗ്രത്തിലൂടെ മൃദുവായി തലോടി. ഒരു മുള്ളിൽ പിടിച്ച് കൈയൊന്നമർത്തി. പിന്നെ ഒരു ഞെട്ടലോടെ കൈ വലിച്ചു. പെരുവിരലിന്റെ അഗ്രത്തിൽ രക്തം പൊടിഞ്ഞിരിക്കുന്നു. ചൂണ്ടുവിരൽ ചേർത്ത് അമർത്തിയപ്പോൾ പൊടിഞ്ഞ രക്തം ഒരു തുള്ളിയായി തറയിലേക്കു വീണു.

അല്പസമയത്തിനുശേഷം അഭിനയ മെല്ലെ നടന്ന് അടുക്കളയിലെത്തി. അവിടെ അമ്മയും ഗായത്രിയും സംസാരിച്ചിരിക്കുന്നു. അഭിനയയെ കണ്ട അമ്മ തിരക്കി: “ഇവൾ അടുക്കളയിൽ നിന്നെ സഹായിക്കത്തൊന്നുമില്ലേ?”

“തിന്നു സഹായിക്കും.” അഭിനയ ചിരിച്ച് പറഞ്ഞു: “മറ്റൊന്നിനും ആന്റി സമ്മതിക്കത്തില്ല.”

“നീയിവളെ ലാളിച്ച് അധികം വഷളാക്കരുത്.” അഭിനയയുടെ അമ്മ ഗായത്രിയെ ഉപദേശിച്ചു.

“നമ്മളുടെ മോളെ നമ്മളല്ലാതെ പിന്നെയാരാ ലാളിക്കുക?” ഗായത്രി വാത്സല്യത്തോടെ അഭിനയയെ നോക്കി പറഞ്ഞു.

അവരുടെ സംസാരം തുടരുന്നതിനിടയിൽ പെട്ടെന്ന് ഓർമ്മിച്ചതുപോലെ ഗായത്രി പറഞ്ഞു: “ഏതോ കോളജിൽ ഒരു പോസ്റ്റ് വിളിച്ചതായി സുധീഷ് പറഞ്ഞു. പത്രത്തിൽ കണ്ട പരസ്യം എടുത്തുവച്ചിട്ടുണ്ടെന്നും പറഞ്ഞു.”

“ഏതു പത്രത്തിലാ?” അഭിനയ തിരക്കി.

"അതൊന്നും എന്നോടു പറഞ്ഞില്ല." ഗായത്രി തുടർന്നു: "അവൻ ആഫീസിൽ പോകുന്നതിനുമുമ്പ് നീ അവിടെ പോയൊന്ന് തിരക്കിയാൽ മതി."

"ഞാൻ സുധീഷേട്ടന്റെയടുത്ത് പോയിട്ട് ഇതാ വരുന്നു." എന്നു പറഞ്ഞ് അഭിനയ അവിടെനിന്നും തിരിഞ്ഞുനടന്നു.

അഭിനയ സുധീഷിന്റെ വീട്ടിലെത്തിയപ്പോൾ വാതിൽ അടഞ്ഞുകിടന്നു. അവൾ കോളിങ് ബെൽ അടിച്ചു. വാതിൽ തുറന്ന് പുറത്തേക്കു വന്നത് സുധീഷ്തന്നെയാണ്. അയാൾ നിറഞ്ഞ സന്തോഷത്തോടെ അഭിനയയെ അകത്തേക്കു ക്ഷണിച്ചു. അഭിനയ ചുറ്റുവട്ടം ശ്രദ്ധിച്ചുകൊണ്ട് തിരക്കി: "ചേച്ചി എന്തിയേ?"

"അവളെ ഞാൻ രണ്ടു ദിവസത്തേക്ക് വീട്ടിൽ വിട്ടു." സുധീഷ് ഉത്തരം പറഞ്ഞു.

അഭിനയയുടെ മുഖത്ത് ഒരു കുസൃതി പടർന്നു.

"ഏതു കോളജിലാ പോസ്റ്റ് വിളിച്ചിരിക്കുന്നത്?" അഭിനയ ചോദിച്ചു.

"ഹോളി മറിയം കോളജിൽ." സുധീഷ് പറഞ്ഞു.

"അതു ഞാൻ മൂന്നാലു ദിവസം മുമ്പുതന്നെ പത്രത്തിൽ കണ്ടതാ." അഭിനയ പറഞ്ഞു.

"അത് താൻ കണ്ടുകാണുമെന്ന് എനിക്ക് അറിയാമായിരുന്നു." സുധീഷ് ഒരു കള്ളനോട്ടത്തോടെ തുടർന്നു: "ഭാര്യ വീട്ടിൽ പോയ വിവരം തന്നെയൊന്ന് അറിയിക്കാനും സൗകര്യത്തിനൊന്ന് കാണുവാനുമാണ് വിളിച്ചത്."

അഭിനയ സുധീഷിന്റെ കണ്ണുകളിലേക്കു നോക്കി. അവൻ മെല്ലെ അടുത്തേക്കുവന്ന് അഭിനയയുടെ കൈകളിൽ പിടിച്ചു. അഭിനയ മെല്ലെ അത് വിടുവിച്ചുകൊണ്ട് മാറിനിന്നു.

"തന്നെ എനിക്ക് ഇഷ്ടപ്പെട്ടു. ഒരുപാട് ഒരുപാട്." ഒരു പിറുപിറുപ്പുപോലെ സുധീഷ് പറഞ്ഞു.

അതു കേട്ടപ്പോൾ അഭിനയയുടെ ഉള്ളിൽ ചിരിയാണ് പൊട്ടിയത്. അവളത് നിയന്ത്രിച്ചുകൊണ്ട് അവന്റെ മനസ്സറിയാനായി ചോദിച്ചു: "സുധീഷേട്ടൻ സുന്ദരനാണ്, ആരോഗ്യവാനാണ്. ശരിക്കും പറഞ്ഞാൽ എനിക്ക് ഭയങ്കരമായങ്ങ് ഇഷ്ടപ്പെട്ടു. എന്നെ വിവാഹംകഴിക്കുമോ?"

"ഗാന്ധർവ്വ വിധിപ്രകാരമുള്ള വിവാഹംകഴിഞ്ഞതല്ലേ?" സുധീഷ് തമാശയോടെ പറഞ്ഞു.

"ഞാനതല്ല പറഞ്ഞത്." അഭിനയ ഗൗരവം നടിച്ചുകൊണ്ട് തുടർന്നു: "നിലവിലുള്ള ഭാര്യയെ ഒഴിവാക്കി എന്നെ വിവാഹംകഴിച്ച്, നമ്മൾക്കൊരുമിച്ച് ജീവിച്ചുകൂടെ?"

അതു കേട്ട് സുധീഷ് കൈപ്പുള്ള കഷായം കുടിച്ചതുപോലെ നിന്നു.

"ഒരിക്കൽ അങ്ങനെ സംഭവിച്ചത് യാദൃച്ഛികമായാണ്." അഭിനയ ഉയർന്നുവന്ന പരിഹാസം ഒതുക്കിക്കൊണ്ട് തുടർന്നു: "അന്നുമുതൽ സുധീഷേട്ടനാണ് എന്റെ മനസ്സു മുഴുവൻ. ഞാനത് ആരോടും പറയാതെ മനസ്സി

ലൊതുക്കുകയാ. ആരും അറിയാത്ത ഏതു നാട്ടിലേക്ക് ഒളിച്ചോടാനും എനിക്ക് എതിർപ്പൊന്നുമില്ല."

ചില നിമിഷങ്ങളിലെ അസ്വസ്ഥകരമായ മൗനത്തിനുശേഷം സുധീഷ് ചോദിച്ചു: "പ്രസാദുമായി പ്രണയത്തിലാണെന്ന് കേട്ടിട്ടുണ്ടല്ലോ...?"

"അത് പ്രണയം മാത്രമാണ്." അഭിനയ സുധീഷിനെ ശ്രദ്ധിച്ചുകൊണ്ട് പറഞ്ഞു: "വിവാഹംകഴിക്കുവാൻ എനിക്ക് നിങ്ങളെയാണിഷ്ടം."

സുധീഷ് അനുനിമിഷം അസ്വസ്ഥനാകുന്നത് അഭിനയയ്ക്ക് കാണാമായിരുന്നു.

"നമ്മൾക്ക് ആരുമറിയാതെ ഇഷ്ടപ്പെട്ടാൽ പോരെ?" സുധീഷ് തിരക്കി.

"അന്ന് അങ്ങനെയൊക്കെ സംഭവിച്ചു. അതിലെനിക്ക് ദുഃഖവുമുണ്ട്. അഭിനയ കൃത്രിമമായ ഭാവവ്യത്യാസത്തോടെ പറഞ്ഞു: "സുധീഷേട്ടന് വിവാഹംകഴിക്കുവാൻ സമ്മതമുള്ളപ്പോൾ വിളിച്ചാൽ മതി. ഏതു പാതിരായ്ക്കു വിളിച്ചാലും ഞാൻ ഇറങ്ങിവരാം. അല്ലാതെ ഇതുപോലുള്ള മോശം കാര്യത്തിനൊക്കെ ക്ഷണിച്ചാൽ... അത് നടക്കില്ല."

എന്താണു പറയേണ്ടതെന്നറിയാതെ നിന്ന സുധീഷിനു മുന്നിലൂടെ അവളൊരു അരയന്നത്തെപ്പോലെ പുറത്തേക്കു നടന്നു. പൊതുവെ ഗൗരവക്കാരനായ സുധീഷിന്റെ മനസ്സിളക്കാൻ കഴിഞ്ഞതിന്റെ സന്തോഷം അഭിനയുടെ ഉള്ളിൽ നിറഞ്ഞു. വീട്ടിലെത്തിയ അഭിനയയോട് ഗായത്രി തിരക്കി: "ഏതു കേളജിലെ പോസ്റ്റിനെപ്പറ്റിയാ സുധീഷ് പറഞ്ഞത്."

"അതാ ഹോളി മറിയം കോളജിലെ പോസ്റ്റ്തന്നെയാ." അഭിനയ പറഞ്ഞു.

സായാഹനത്തിൽ നടക്കുന്ന അഭിലോഷിക നാടകത്തിന്റെ റിഹേഴ്സൽ കാണുവാൻ അഭിനയയുടെ അമ്മ താത്പര്യം പ്രകടിപ്പിച്ചു. അമ്മ തന്റെ നാടകം കാണുന്നതിൽ സന്തോഷമേയുള്ളൂ എന്ന് അഭിനയയും പറഞ്ഞു. അവരങ്ങനെ നാടകവാർത്തകളും ലോകവർത്തമാനങ്ങളുമെല്ലാമായിരിക്കുമ്പോൾ ഒരു ഫോൺ വന്നു. അഭിനയയാണ് ഫോണെടുത്തത്. വർക്കിസാറാണ് വിളിച്ചത്. നാടകത്തിന്റെ റിഹേഴ്സൽ ഇന്ന് വർക്കിസാറിന്റെ വീട്ടിൽവച്ച് നടത്താമെന്ന് പറഞ്ഞു. റിഹേഴ്സൽ കഴിഞ്ഞ് അഭിനയയെ വീട്ടിലെത്തിക്കാമെന്നും വർക്കിസാർ സമ്മതിച്ചു. നാടകറിഹേഴ്സൽ കാണുവാൻ തന്നോടൊപ്പം അമ്മകൂടിയുണ്ടെന്ന് അഭിനയ പറഞ്ഞു. വർക്കിസാറിന് അതിൽ സന്തോഷമേ ഉണ്ടായിരുന്നുള്ളൂ.

സായാഹനത്തോടെ അഭിനയയും അമ്മയും വർക്കിസാറിന്റെ വീട്ടിലെത്തി. കാറ് നിർത്തിയിട്ട് അതിൽനിന്നും പുറത്തേക്കിറങ്ങാതെ അഭിനയ ചുറ്റും നോക്കി. അപ്പോൾ അമ്മ തിരക്കി. "നീയെന്താ നോക്കുന്നത്?"

"ഇവിടെ ഒരു നായയുണ്ട്. റോമിയോ." അഭിനയ കൗതുകമൊതുക്കി വിശദീകരിച്ചു: "ആളല്പം ഗൗരവക്കാരനാ. അവനെങ്ങാനും ഇങ്ങുവന്നാൽ അമ്മ ഭയപ്പെടരുത്."

ഓർമ്മകളുടെ ശിശിരം

കൃഷ്ണദാസ് അവർക്കടുത്തേക്ക് ചിരിച്ചുകൊണ്ട് വന്നു തിരക്കി. “എന്താ കാറിൽനിന്നുമിറങ്ങാത്തത്?”

“റോമിയോയെക്കണ്ട് അമ്മ ഭയപ്പെടേണ്ടെന്നു കരുതി.” അഭിനയ പറഞ്ഞു.

“അതൊരു ദുരന്തകഥയാ.” കൃഷ്ണദാസ് ഒരു നിശ്വാസത്തോടെ പറഞ്ഞു: “ചില ദിവസങ്ങൾക്കുമുമ്പ് ഒരു ലോറി ജൂലിയറ്റിനെ ഇടിച്ചിട്ടു കൊന്നു. ഞങ്ങളതിനെ ഈ പുരയിടത്തിൽതന്നെ കുഴിച്ചിട്ടു. റോമിയോ ജല പാനം പോലും നടത്താതെ ആ പട്ടടയുടെ മുകളിൽ കിടന്ന് തളർന്നുമരിച്ചു.”

“വല്ലാത്ത ദുരന്തമായിപ്പോയല്ലോ?” അഭിനയ തെല്ല് സഹതാപ ത്തോടെ പ്രതികരിച്ചു.

അവർ പറയുന്നതൊന്നും മനസ്സിലാകാതെയിരുന്ന അമ്മയ്ക്ക് അഭി നയതന്നെ ‘റോമിയോയുടെയും ജൂലിയറ്റിന്റെയും’ ചരിത്രം പറഞ്ഞുകൊടു ത്തു.

“അഭിനയയുടെ അമ്മയ്ക്ക് അകത്തേക്കു വരാം.” കൃഷ്ണദാസ് ക്ഷണിച്ചു.

“എന്റെ അമ്മയാണെന്ന് കണ്ടപ്പോഴെ മനസ്സിലായല്ലേ?” അഭിനയ ചിരിച്ചുകൊണ്ട് കൃഷ്ണദാസിനോട് തിരക്കി.

“ഒരേ ഛായയല്ലേ?” കൃഷ്ണദാസ് തുടർന്നു: “മോൾക്ക് അല്പം പ്രായം കൂടിയതാണെന്നെ അമ്മയെ കണ്ടാൽ തോന്നൂ.”

അവർ കാറിന്റെ അടുത്തുനിന്നും മുന്നോട്ട് നടക്കുവാൻ തുടങ്ങിയ പ്പോഴാണ് അവിടേക്കുവരുന്ന വർക്കിസാറിനെ കാണുന്നത്.

അമ്മയും വർക്കിസാറും ആശ്ചര്യമൊതുക്കി തെല്ലുനേരമായി മുഖാ മുഖം നോക്കിനിൽക്കുന്നത് അഭിനയ ശ്രദ്ധിച്ചു.

“ഇത് നമ്മളുടെ അഭിനയയുടെ അമ്മയാണ്.” കൃഷ്ണദാസ് തുടർന്നു പറഞ്ഞു: “ഇപ്പോൾ ഞാൻ പറഞ്ഞതേയുള്ളൂ മോൾക്ക് പ്രായംകൂടിയാൽ എങ്ങനെയിരിക്കുമോ, അങ്ങനെയാ അമ്മയും ഇരിക്കുന്നതെന്ന്.”

വർക്കിസാറും അഭിനയയുടെ അമ്മയും കണ്ണുകൾ വെട്ടിച്ച് മെല്ലെ പുഞ്ചിരിച്ചു.

“നിങ്ങൾ പരിചയക്കാരാണോ?” അഭിനയ തിരക്കി.

“ചന്ദ്രിക എന്റെ പ്രിയപ്പെട്ട വിദ്യാർത്ഥിനിയായിരുന്നു.” വർക്കിസാർ ക്ഷമാപണത്തോടെ തുടർന്നു: “എന്നിട്ടുമെനിക്ക് അവരുടെ മോളെ തിരിച്ച റിയുവാൻ കഴിഞ്ഞില്ലല്ലോ?”

അഭിനയ കാര്യങ്ങൾ കൂടുതൽ അറിയുവാനുള്ള താത്പര്യത്തോടെ വർക്കിസാറിന്റെ മുഖത്തേക്ക് നോക്കി. കൃഷ്ണദാസിന്റെ നോട്ടത്തിലും കാര്യങ്ങൾ അറിയുവാനുള്ള താത്പര്യമുണ്ട്.

വർക്കിസാർ ചിരിച്ചുകൊണ്ട് ഭൂതകാലം ലളിതമായി പറഞ്ഞു: “ബിരുദം കഴിഞ്ഞ് കുറച്ചുനാൾ ഞാൻ തായാട്ടുകരയിലെ ഒരു പാരലൽ

കോളജിൽ പഠിപ്പിച്ചിരുന്നു. അവിടെ ചന്ദ്രിക എന്റെ ശിഷ്യയായിരുന്നു.”

“ഓ, അതാണ് കാര്യമല്ലേ?” അഭിനയ പറഞ്ഞു: “ഗുരുനാഥനും പ്രിയ ശിഷ്യയും കണ്ടുമുട്ടിയതിന്റെ ആശ്ചര്യം.”

അഭിനയയുടെ പ്രിയശിഷ്യയെന്ന പ്രയോഗം വർക്കിസാറിനെയും ചന്ദ്രികയെയും ഒരുനിമിഷം വല്ലാതാക്കി.

വർക്കിസാർ തിരക്കി: “പ്രിയശിഷ്യയാണെന്ന് താനെങ്ങനെ അറിഞ്ഞു?”

നിഗമനം ശരിയായതിൽ അഭിനയയ്ക്ക് ആഹ്ലാദം. അവളത് മറച്ചുവയ്ക്കാതെ പ്രകടിപ്പിച്ചു: “അതറിയാൻ ഭൂതകാലചരിത്രം പഠിക്കേണ്ട കാര്യമൊന്നുമില്ല. നിങ്ങളുടെ മുഖങ്ങളിൽനിന്നും കേവലമായി പഠിച്ചെടുക്കാവുന്നതേയുള്ളൂ.”

അല്പസമയത്തെ സംസാരം കഴിഞ്ഞപ്പോൾ വർക്കിസാർ പറഞ്ഞു: “ഇന്നത്തെ നാടകറിഹേഴ്സൽ ചിലരുടെ അസൗകര്യം മാനിച്ച് മാറ്റിവച്ചു. വിവരം പറയുവാനായി ഫോൺ വിളിച്ചപ്പോൾ അവിടെ ആരും എടുത്തില്ല.”

“ആന്റിയും ഞങ്ങളോടൊപ്പം പുറത്തേക്കിറങ്ങിയിരുന്നു.” അഭിനയ തുടർന്നു: “സാറെവിടന്നാ ഫോൺ ചെയ്തത്?”

“ഒരു മൊബൈൽ ഫോൺ ഇവിടെ വച്ചിട്ടാ ഭാര്യയും മോനുംകൂടി പോയത്.” വർക്കിസാർ കാര്യങ്ങൾ വിശദീകരിച്ചു: “അങ്ങനെ എപ്പോഴും വിളിച്ച് ശല്യപ്പെടുത്താനൊന്നുമല്ല. അത്യാവശ്യങ്ങൾ വന്നാൽ വിളിച്ചറിയിക്കാനാണെന്നാ പറഞ്ഞത്. ഞാനും അതിനെ എതിർത്തില്ല. ഈ കാലത്ത് ഒരു ഫോൺപോലുമില്ലാതെ മൊരപ്പനായിട്ട് ഞാനെന്തിന് ജീവിക്കണം? പഴയതുപോലെ വായനയ്ക്കും എഴുത്തിനുമായി അധികം സമയം ചെലവഴിക്കാറില്ല. സ്വന്തം അഭിപ്രായങ്ങളെക്കാൾ അധികമായി മറ്റുള്ളവരുടെ അഭിപ്രായങ്ങളെ അംഗീകരിക്കാനും തുടങ്ങി. പ്രായം അതിന്റേതായ അറിവ് പകർന്നുതന്നുകൊണ്ടിരിക്കുന്നു.”

വർക്കിസാർ അടുത്തുതന്നെ നിന്ന ചന്ദ്രികയോട് തിരക്കി: “ ചോദിക്കാൻ വിട്ടു. തനിക്ക് എന്തുണ്ട് വിശേഷം?”

ചന്ദ്രിക പുഞ്ചിരിച്ചുകൊണ്ട് അഭിനയയെ ചൂണ്ടി പറഞ്ഞു: “എന്റെ വിശേഷമല്ലേ ഈ നിൽക്കുന്നത്.”

അതു കേട്ട് വർക്കിസാർ ശബ്ദമൊതുക്കി ചിരിച്ചു.

“മോളെ ആദ്യമായി പരിചയപ്പെട്ട അവസരത്തിൽ ഞാൻ സൂചിപ്പിച്ചു. ഈ പേരിട്ടത് മനസ്സിൽ കവിതയുള്ള ഒരു സ്ത്രീയായിരിക്കുമെന്ന്.”

“ഭർത്താവിന്റെ പേരും എന്റെ പേരും ചേർത്ത് ഒരു പേരിട്ടു.” ചന്ദ്രിക വിശദീകരിച്ചു. “അഭയ്മോഹൻ എന്നാണ് ഭർത്താവിന്റെ പേര്.”

“അമ്മയുടെ മനസ്സിൽ കവിതയുണ്ടോ?” അഭിനയ ആശ്ചര്യത്തോടെ തിരക്കി.

“ചന്ദ്രിക മനോഹരമായി പാടും.” വർക്കിസാർ ഭൂതകാലം ഓർമ്മിച്ചു

കൊണ്ട് പറഞ്ഞു: "അല്പം ശിക്ഷണവും പ്രോത്സാഹനവും കിട്ടിയിരുന്നെങ്കിൽ ആ ശബ്ദം അംഗീകരിക്കപ്പെടുമായിരുന്നു. അന്ന് കോളജിലെ എല്ലാ പരിപാടികളിലെയും ഒരിനം ചന്ദ്രികയുടെ പാട്ടുതന്നെയായിരുന്നു."

"ഒരിക്കലും ഒരു മൂളിപ്പാട്ടുപോലും അമ്മ പാടുന്നത് കേട്ടിട്ടില്ലല്ലോ?" അഭിനയ ആശ്ചര്യപ്പെട്ടു.

"പഠനം കഴിഞ്ഞതോടെ പാട്ടിനോടും കലയോടുമെല്ലാമുള്ള താത്പര്യം ഇല്ലാതാകുകയായിരുന്നു." ചന്ദ്രിക സമാധാനം പറഞ്ഞു.

"ഇങ്ങനെ വന്നകാലിൽ നിൽക്കാതെ അകത്തേക്കു വരൂ." വർക്കി സാർ അവരെ ക്ഷണിച്ചു. അടുത്തുനിന്ന കൃഷ്ണദാസിനോടായി പറഞ്ഞു. "ഇവർക്ക് കുടിക്കാൻ എന്താണെന്നുവച്ചാൽ എടുക്കൂ."

കൃഷ്ണദാസ് അടുക്കളഭാഗത്തേക്കു നടന്നുതുടങ്ങിയപ്പോൾ അഭിനയയും ആ കൂടെ കൂടി. "അവര് ഗുരുവും ശിഷ്യയുംകൂടി സംസാരിക്കട്ടെ. പല പ്രാവശ്യം വന്നെങ്കിലും ഈ വീടിന്റെ അടുക്കളയും ഉൾഭാഗവുമൊന്നും കണ്ടിട്ടില്ല."

കൃഷ്ണദാസിനൊപ്പം അഭിനയ ആ വലിയ വീടിന്റെ അടുക്കളഭാഗത്തേക്ക് പോയപ്പോൾ വർക്കിസാറും ചന്ദ്രികയും പടികൾ കയറി മുകളിലുള്ള മുറിയിലെത്തി. ഏറെക്കാലത്തിനുശേഷം കാണുന്ന അവർക്ക് എന്തു പറയണമെന്ന സന്ദേഹംതന്നെ ഉണ്ടായിരുന്നു. വർക്കിസാറുതന്നെ ഭൂതകാലം ഓർമ്മിച്ചുകൊണ്ട് സംസാരിച്ചുതുടങ്ങി: "തന്നെ ഞാൻ ഓർമ്മിക്കാറുണ്ട്. നീളൻ പാവാടയും ഇറക്കമുള്ള ബ്ലൗസുമിട്ട് എല്ലാവരുടെയും ശ്രദ്ധയെ ആകർഷിച്ചുനിർത്തുവാൻ കഴിയുന്ന ആ ചന്ദനക്കളറും ഇളകിയാടുന്ന കദളിവാഴയുടെ സൗന്ദര്യമുള്ള ശരീരരൂപവുമാണ് ഇന്നുമെന്റെ മനസ്സിലുള്ളത്."

തെല്ലൊരു നിശ്ശബ്ദത അവർക്കിടയിൽ പിന്നെയും വളർന്നു. "സാറിനെയും ഞാൻ ഓർമ്മിക്കാറുണ്ട്. ചുറുചുറുക്കും പ്രസരിപ്പുമുള്ള സാറിന്റെ രൂപമാണ് എന്റെ മനസ്സിലുള്ളത്." ചന്ദ്രിക പറഞ്ഞു: "മോള് ഗവേഷണത്തിന്റെ ഭാഗമായും നാടകാഭിനയത്തിന്റെ ജ്വരമായും നിങ്ങളുടെ അടുത്താണ് എത്തിയതെന്നറിഞ്ഞപ്പോൾമുതൽ ദൂരെനിന്നെങ്കിലും ഒന്ന് കാണണമെന്ന് തോന്നി."

"ഇപ്പോൾ തോന്നുന്നു വേണ്ടിയിരുന്നില്ലെന്ന്, അല്ലേ?" വർക്കിസാർ ചോദിച്ചു: "പഴയ ആ രൂപം, അതുതന്നെ, മനസ്സിൽ നിൽക്കുന്നതാണ് നല്ലതെന്ന് തോന്നുന്നുണ്ടോ?"

"കാലത്തെയും പ്രായത്തെയും അംഗീകരിക്കുന്നതിൽ നമ്മളെന്തിന് വിമുഖരാകണം?" ചന്ദ്രിക പറഞ്ഞു: "ഓരോന്നിനും അതിന്റേതായ പോരായ്മകളും സൗന്ദര്യവുമുണ്ട്."

"സാറിന് മനസ്സിൽ എന്നോട് നീരസമുണ്ടോ?" ചന്ദ്രിക ആർദ്രതയോടെ തിരക്കി.

"എന്തിന്?" വർക്കിസാർ ആലോചനയോടെ തുടർന്നു: "ഓരോ കാലത്തും ഓരോന്ന് ഓരോ രീതിയിൽ സംഭവിക്കുന്നു. അതൊന്നും ആരു

ടെയും കുറ്റമോ കുറവോ കൊണ്ടോ അല്ല."

വർക്കിസാർ ഭൂതകാലം ഓർമ്മിച്ചുകൊണ്ടു പറഞ്ഞു: "പാരലൽ കോളേജിൽ വന്ന് തന്റെ ആങ്ങളമാർ നടത്തിയ ബഹളവും വഴിയിൽ തട ഞ്ഞുനിറുത്തി പ്രായത്തിന്റെയും ചെയ്യുന്ന ജോലിയുടെയും മാന്യത കാണി ക്കണമെന്ന് പറഞ്ഞ് ആക്ഷേപിച്ചതും ഭീഷണിപ്പെടുത്തിയതും ഇന്നും ഓർമി ക്കുന്നു. എനിക്ക് നിന്നെക്കാൾ പ്രായം കൂടതലുണ്ടായിരുന്നു. അവിടവിടെ യൊക്കെ ഓരോ മുടി വാർദ്ധക്യത്തിനു മുമ്പേ നരയ്ക്കുവാനും തുടങ്ങിയി രുന്നു. അതൊക്കെ നിന്റെ പ്രിയപ്പെട്ട ആങ്ങളമാർക്ക് സഹിക്കാവുന്നതായി രുന്നില്ല. നിന്നോട് യാത്രപറഞ്ഞിട്ട് അവിടെനിന്നും പോരണമെന്നുണ്ടായി രുന്നു. അതിനാ ശിവന്റെ ക്ഷേത്രത്തിൽ വരണമെന്നു പറഞ്ഞത്. കൂടെവരു വാൻ ഇഷ്ടമാണെങ്കിൽ കൂട്ടിക്കൊണ്ടുപോരുവാനും ഞാൻ തയ്യാറായിരു ന്നു."

"ഞാൻ ക്ഷേത്രത്തിലേക്കു പുറപ്പെട്ടതാണ്." ചന്ദ്രിക ഓർമ്മകളുടെ ലോകത്തിലേക്ക് കടന്നു: "അവിടെ നിങ്ങൾ കാത്തുനില്പുണ്ടെന്നറിഞ്ഞ ആങ്ങളമാർ എന്നെ തടഞ്ഞു. അതിനവർ കണ്ടെത്തിയ മാർഗ്ഗം അച്ഛന് പെട്ടെ ന്നുണ്ടായ നെഞ്ചുവേദനയായിരുന്നു. അച്ഛന്റെ ശുശ്രൂഷയും സഹായവു മെല്ലാം കഴിഞ്ഞ് രാത്രിയോടെ ക്ഷേത്രത്തിലെത്തുമ്പോൾ കണ്ടത് വൃദ്ധ നായ പൂജാരിയെ മാത്രമാണ്. പിന്നെയും കാത്തിരുന്നു ഒരു കത്തിനായി, എന്തെങ്കിലുമൊരു വാർത്തയ്ക്കായി. പിന്നെ അറിയുന്നത് നിങ്ങളുടെ വിവാ ഹവാർത്തയാണ്."

"ഇപ്പോൾ അതെല്ലാം നന്നായെന്നു തോന്നുന്നു." വർക്കിസാറ് തുടർന്നു: "കുടുംബജീവിതം എനിക്ക് അത്ര സുഖകരമായിരുന്നില്ല. എന്നും പ്രശ്നങ്ങൾ. എന്റെ സാഹിത്യപ്രേമവും അതിനൊരു കാരണമായിരുന്നു. ഭാര്യയോടൊപ്പം കഴിയേണ്ട സമയങ്ങളിൽ പുസ്തകപാരായണവും എഴു ത്തുമായി കഴിഞ്ഞാൽ ഏതു സ്ത്രീയാണ് ക്ഷമിക്കുക. ആദ്യ വിവാഹം പാളിപ്പോയി. രണ്ടാംവിവാഹത്തിലെ ഭാര്യ മകനോടൊപ്പം അമേരിക്കയിലാ. അന്ന് അങ്ങനെയൊക്കെ സംഭവിച്ചില്ലായിരുന്നെങ്കിൽ താൻ ഏറെ സഹി ക്കേണ്ടിവന്നേനെ."

"മനുഷ്യർക്ക് ഒരു ചെറിയ ജീവിതമല്ലേയുള്ളൂ." ചന്ദ്രിക വികാര ത്തോടെ പറഞ്ഞു: "അത് ഇഷ്ടപ്പെടുന്നതുപോലെ ജീവിക്കുന്നതാ വലിയ കാര്യം. സംഗീതം, കല എന്നെല്ലാം കേട്ടാൽ കലികയറുന്ന ഭർത്താവിനെ യാണ് എനിക്കു കിട്ടിയത്. മോളായിരുന്നു പിന്നെയെന്റെ ആശ്വാസം."

അഭിനയ കൃഷ്ണദാസിനൊപ്പം ആ വലിയ വീടിന്റെ ഓരോരൊ മുറി കളായി കണ്ടുകൊണ്ടിരുന്നു. "പ്രകാശംപോലും കടക്കാത്ത ഇത്രയും വലിയ വീടിന്റെ ഉപയോഗമെന്താ?" അഭിനയ തിരക്കി: "അതൊക്കെ സാറിന്റെ ഓരോ ഇഷ്ടങ്ങളല്ലേ." കൃഷ്ണദാസ് പറഞ്ഞു. ഒരു മുറിയിൽ വരച്ചുവച്ചിരിക്കുന്ന ചിത്രങ്ങൾ അഭിനയയെ ആശ്ചര്യപ്പെടുത്തി. പല ഷേക്സ്പിയർ നാടകങ്ങ

ളിലെയും കഥാപാത്രങ്ങൾ! “ആരാണ് ഈ ചിത്രങ്ങളെല്ലാം വരച്ചത്?” അഭിനയ ആകാംക്ഷയോടെ തിരക്കി.

“നല്ലതുപോലെ ചിത്രം വരയ്ക്കുന്ന ഒരാളുണ്ടെന്നു കേട്ടാൽ അയാളെ വരുത്തി ഇതുപോലുള്ള ചിത്രങ്ങൾ വരപ്പിക്കുന്നത് സാറിന്റെ സ്വഭാവമാണ്.” കൃഷ്ണദാസ് പറഞ്ഞു.

അഭിനയ ചിത്രങ്ങൾ നോക്കി ചെല്ലുമ്പോഴാണ് അവിടെയൊരു ചിത്രം പൂർണ്ണമായും പൂർത്തിയാകാത്തതു കണ്ടത്. അതു കണ്ട അഭിനയ ആശ്ചര്യപ്പെട്ടു. ആ ചിത്രത്തിന് ഏതാണ്ട് തന്റെ ഛായതന്നെയല്ലേ? അവൾ സംശയിച്ചു. മെല്ലെ ആ ചിത്രത്തെ സ്പർശിക്കുവാൻ തുടങ്ങിയപ്പോൾ കൃഷ്ണദാസ് പറഞ്ഞു: “ആ ചിത്രം വരച്ചുതീർന്നില്ല. അത് സാറുതന്നെയാണ് വരയ്ക്കുന്നത്. അഭിലോഷികയുടെ ചിത്രമാണ്.” അഭിനയ അല്പസമയം ആ ചിത്രത്തെത്തന്നെ നോക്കിനിന്നു. മുടിയുടെ സ്വർണ്ണനിറവും ധരിച്ചിരിക്കുന്ന വസ്ത്രത്തിന്റെ രീതിയും മാറ്റിയാൽ അത് തന്റെതന്നെ ചിത്രമാണെന്ന് അഭിനയയ്ക്ക് തോന്നി. അടുത്ത മുറിയിൽനിന്നും എലികൾ കരഞ്ഞുകൊണ്ട് ഓടുന്നതിന്റെ ശബ്ദം കേട്ടു.

“വരൂ നമ്മൾക്കു പോകാം.” കൃഷ്ണദാസ് പറഞ്ഞു: “സാറും കുട്ടിയുടെ അമ്മയും കുടിക്കുവാൻ എന്തെങ്കിലും പ്രതീക്ഷിച്ചിരിക്കുകയാകും.”

“ഞാൻ വന്നേക്കാം. നിങ്ങൾ പൊയ്ക്കൊള്ളൂ.” അഭിനയ പറഞ്ഞു.

“വേണ്ട കുട്ടീ. വല്ല എലിയോടുന്നതോ വവ്വാലുകൾ പറക്കുന്നതോ ഒക്കെകണ്ടാൽ കുട്ടി ഭയപ്പെടും.” കൃഷ്ണദാസ് പറഞ്ഞു.

“ഭയപ്പെടാൻ ഞാനെന്താ കൊച്ചുകുട്ടിയാണോ?” അഭിനയ കൗതുകത്തോടെ ചോദിച്ചു.

അപ്പോഴാണ് രണ്ടുമൂന്നു വവ്വാലുകൾ കരഞ്ഞുകൊണ്ട് മുറിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും പറന്നത്. അതിലൊരെണ്ണം അഭിനയയുടെ ശരീരത്തിൽ തട്ടി. അഭിനയ ഭീതിയോടെ തെല്ല് ശബ്ദത്തിൽ കാറി. കൃഷ്ണദാസ് അവളെ ആശ്വസിപ്പിച്ച് പറഞ്ഞു: “ഇതാ ഞാൻ പറഞ്ഞത് കുട്ടി തനിച്ചുനിന്നാൽ ഭയപ്പെടുമെന്ന്.”

അഭിനയ കൃഷ്ണദാസിനോടൊപ്പം ആ മുറിയിൽനിന്നും പുറത്തേക്കു നടന്നു. ഇരുട്ടുനിറഞ്ഞ ഏതെല്ലാമോ വഴികളിലൂടെ നടന്ന് അവർ അടുക്കളയിലെത്തി. കൃഷ്ണദാസ് ഫ്ളാസ്കിൽനിന്നും ഒരു കപ്പ് കാപ്പിയെടുത്ത് അഭിനയയ്ക്കു കൊടുത്തു. മറ്റ് രണ്ടു കപ്പുകളിലൂടെ കാപ്പി പകർന്നുകൊണ്ട് കൃഷ്ണദാസ് പറഞ്ഞു: “മോളിത് മുകളിൽ കൊണ്ടുപോയി കൊടുക്കണം. എനിക്കിവിടെ കുറച്ചു ജോലികളുണ്ട്.”

കൃഷ്ണദാസ് കാണിച്ചുകൊടുത്ത വഴികളിലൂടെയാണ് അഭിനയ മുകളിലേക്കു പോയത്. വർക്കിസാറും അമ്മയുമിരിക്കുന്ന മുറിയിലേക്കു കയറുന്നതിനുമുമ്പ് അഭിനയ നിന്നു. അവരുടെ സംഭാഷണം ശ്രദ്ധിച്ചു. അപ്പോൾ അഭിനയയ്ക്ക് ഒരു കാര്യം വ്യക്തമായി–അവർ എന്നോ പരസ്പരം ഇഷ്ട

പ്പെട്ടവരായിരുന്നു. അഭിനയ അവിടേക്കു ചെന്ന് അവർക്ക് കാപ്പി കൊടുത്തു. അഭിനയയുടെ സാന്നിദ്ധ്യം അവരുടെ സംഭാഷണങ്ങളെ മറ്റൊരു ദിശയിലേക്കു തിരിച്ചുവിട്ടു. ഇംഗ്ലണ്ടിൽ അവതരിപ്പിക്കാൻ പോകുന്ന അഭിലോഷിക നാടകത്തെപ്പറ്റിയാണ് പിന്നെ വർക്കിസാർ ഏറെയും സംസാരിച്ചത്.

രാത്രി അല്പം വൈകിയതിനുശേഷമാണ് അഭിനയയും അമ്മയും അവിടെനിന്നും യാത്രതിരിച്ചത്. യാത്രയ്ക്കിടയിൽ അഭിനയ അമ്മയോട് വാത്സല്യത്തോടെ തിരക്കി: “വർക്കിസാറിനെ കണ്ടതിൽ അമ്മയ്ക്ക് സന്തോഷമുണ്ടോ?”

കാറോടിച്ചുകൊണ്ടിരുന്ന അഭിനയയുടെ മുഖത്ത് മൃദുവായി ചുംബിച്ചുകൊണ്ട് അമ്മ പറഞ്ഞു: “എന്റെ മോളുടെ അടുത്തിരിക്കുമ്പോൾ കിട്ടുന്ന സന്തോഷം മറ്റൊരിടത്തുനിന്നും കിട്ടില്ല.”

# 14
# തിരിച്ചറിവിന്റെ സങ്കീർത്തനം

**ഗാ**യത്രി കംപ്യൂട്ടർ സെന്ററിലേക്കു പോയിക്കഴിഞ്ഞപ്പോൾ അഭിനയയും ചന്ദ്രികയും തനിച്ചായി. സോഫയിലിരുന്ന ചന്ദ്രികയുടെ മടിയിൽ തലവച്ച് ഒരു കൊച്ചുകുട്ടിയെപ്പോലെ അഭിനയ കിടക്കുകയാണ്. ചന്ദ്രിക വാത്സല്യത്തോടെ അഭിനയയുടെ മുടിയിഴകൾക്കിടയിലൂടെ കൈയോടിച്ചുകൊണ്ടിരുന്നു.

"നിന്റെ വിവാഹം ഇനിയും നീട്ടിക്കൊണ്ടുപോകുവാൻ ഞങ്ങൾക്ക് താത്പര്യമില്ല." അഭിനയയോട് അമ്മ പറഞ്ഞു: "നീ പ്രസാദെന്നു പറയുന്ന യുവാവിനെ പ്രേമിക്കുന്നതായി അറിഞ്ഞു. അവൻ ഏതാ, എന്താ എന്നൊന്നും ഞങ്ങൾക്കറിയില്ല. എന്റെ മോള് മോശമായ ഒരു ബന്ധത്തിനും ഇറങ്ങിത്തിരിക്കില്ലെന്ന് അമ്മയ്ക്കറിയാം."

"അമ്മയെ ഇവിടേക്ക് പറഞ്ഞുവിട്ടത് അച്ഛനാണെന്നറിയാം." അഭിനയ മെല്ലെ തുടർന്നു: "അച്ഛന് പണത്തോട് മാത്രമെ സ്നേഹമുള്ളു."

"അങ്ങനെയൊന്നും പറയരുതു മോളെ." ചന്ദ്രിക ശാസനയോടെ പറഞ്ഞു: "അച്ഛൻ കഷ്ടപ്പെടുന്നതും ഓരോ തീരുമാനങ്ങൾ എടുക്കുന്നതും നമ്മളുടെയെല്ലാം നന്മയ്ക്കുവേണ്ടിയാണ്."

"അമ്മയ്ക്ക് അച്ഛനെ ഇഷ്ടമാണോ?" അഭിനയ ആത്മാർത്ഥതയോടെ തിരക്കി. അഭിനയയുടെ തുറന്നടിച്ച ചോദ്യംകേട്ട ചന്ദ്രികയുടെ ഉള്ളിലൂടെ അസ്വസ്ഥതയുടെ കൊള്ളിയാൻ പാഞ്ഞു. തന്നെക്കാൾ പഠിപ്പും ബുദ്ധിയുമുള്ള മകളോട് എന്താണ് പറയേണ്ടതെന്നോർത്ത് ചില നിമിഷങ്ങൾ ആലോചിച്ചു. പിന്നെ ചോദിച്ചു: "അല്ലെന്ന് നിനക്ക് തോന്നുന്നുണ്ടോ?"

"എനിക്ക് അങ്ങനെയാണ് പലപ്പോഴും തോന്നിയത്." അഭിനയ തുറന്നടിച്ച് പറഞ്ഞു. "അതിനു പിന്നിൽ തകർന്ന ഒരു പ്രണയത്തിന്റെ പശ്ചാത്തലവുമുണ്ടെന്ന് കഴിഞ്ഞ ദിവസമാണ് മനസ്സിലായത്."

ചന്ദ്രിക അതിനുത്തരമൊന്നും പറഞ്ഞില്ല. അവളുടെ മനസ്സ് ക്ഷോഭിച്ച

കടൽപോലെയായിരുന്നു. "എന്റെ അമ്മ പാവമാണ്. സ്നേഹിക്കാൻ മാത്ര മറിയാവുന്ന പാവം." അഭിനയ വാത്സല്യത്തോടെ തുടർന്നു: "അമ്മയോ ടെനിക്ക് ഒരുപാടിഷ്ടമാ. അമ്മ എന്തു പറഞ്ഞാലും ഞാനനുസരിക്കും." ചന്ദ്രികയെ ശ്രദ്ധിച്ചുകൊണ്ട് അഭിനയ തുടർന്നു: "പ്രണയിക്കുന്നത് മോശ മാണെന്ന് അമ്മയ്ക്ക് തോന്നുന്നുണ്ടോ?"

"ഇല്ല മോളെ." ചന്ദ്രിക ആത്മാർത്ഥമായി പറഞ്ഞു: "നമ്മളെ കുട്ടി ക്കാലംമുതൽ സ്നേഹിക്കുകയും വളർത്തുകയും ചെയ്യുന്നവരെ ദുഃഖിപ്പി ക്കാതിരിക്കുവാൻ ശ്രദ്ധിക്കണം. യഥാർത്ഥത്തിൽ നമ്മൾ അവരുടെകൂടി സ്വപ്നത്തിന്റെ ഭാഗമല്ലേ?"

അഭിനയ മെല്ലെ ചന്ദ്രികയുടെ മടിയിൽനിന്നും എഴുന്നേറ്റിരുന്നുകൊണ്ട് പറഞ്ഞു: "എന്റെ പഠനം പൂർണ്ണമാകുന്നതുവരെ വിവാഹത്തെപ്പറ്റി ചിന്തി ക്കാതിരിക്കുന്നതാണ് എനിക്കിഷ്ടം."

"നീയിങ്ങനെ പ്രണയിച്ചുനടക്കുന്നത് ഞങ്ങൾ അംഗീകരിക്കണമെ ന്നാണോ പറയുന്നത്?" ചന്ദ്രിക ആകാംക്ഷയോടെ ചോദിച്ചു: "എല്ലാം കഴിഞ്ഞ് ഒരുദിവസം അവനങ്ങ് ഉപേക്ഷിച്ചുപോയാൽ നിന്റെ അവസ്ഥയെ ന്താകും?"

"ഞാനതിനെപ്പറ്റിയൊന്നും ചിന്തിച്ചിട്ടില്ല." അഭിനയ പറഞ്ഞു.

അവരങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പ്രസാദ് വന്നു. അഭി നയ അവനെ അകത്തേക്ക് കൊണ്ടുപോയി അമ്മയെ പരിചയപ്പെടുത്തി.

"പ്രസാദിനെ നേരിൽ പരിചയപ്പെടുവാൻവേണ്ടിയാണ് ഇവിടേക്ക് വിളി പ്പിച്ചത്."ചന്ദ്രിക തുടർന്നു: "നിങ്ങൾ പരസ്പരം ഇഷ്ടപ്പെടുന്ന സാഹചര്യ ത്തിൽ വിവാഹത്തെപ്പറ്റി ചിന്തിക്കുന്നത് നല്ലതല്ലെ. നിങ്ങൾക്ക് അതിനുള്ള പ്രായവുമായല്ലൊ. പ്രസാദിന്റെ അഭിപ്രായങ്ങൾ അറിഞ്ഞിട്ടുവേണം വീട്ടു കാരുമായി സംസാരിക്കാൻ."

എന്താണ് പറയേണ്ടതെന്നറിയാതെ പ്രസാദ് ഒളികണ്ണിട്ട് അഭിനയയെ നോക്കി. അവൾ അതെല്ലാം കേട്ട് ചിരിച്ചു നില്ക്കുകയായിരുന്നു.

"എന്റെ ജീവിതത്തിൽ ഒരു പെണ്ണുണ്ടെങ്കിൽ അത് അഭിനയതന്നെ ആയിരിക്കും; അവൾക്കിഷ്ടമാണെങ്കിൽ." പ്രസാദ് പറഞ്ഞു: "അത്ര തിടു ക്കപ്പെട്ട് ഒരു വിവാഹമൊന്നും നടത്തേണ്ട കാര്യമില്ലെന്നാ എന്റെ അഭിപ്രാ യം. അതുതന്നെയാവും അഭിനയയുടെയും മനസ്സ്. എനിക്കൊരു ജോലി, അഭിനയയുടെ ഗവേഷണം അതൊക്കെയല്ലെ ഇപ്പോൾ പ്രധാനം. വിവാഹം കഴിക്കുന്നതിനെക്കാൾ പ്രധാനമാണ്, അതു കഴിഞ്ഞ് സമാധാനത്തോടെ ജീവിക്കുന്നത്." അവർക്കിടയിൽ തെല്ലുസമയത്തെ മൗനം വളർന്നു. പ്രസാദ് പറയുന്നത് ശരിയാണെന്ന് ചന്ദ്രികയ്ക്കു ബോധ്യപ്പെടുകയും ചെയ്തു.

"പ്രസാദ് പറഞ്ഞതെല്ലാം എനിക്ക് മനസ്സിലായി." ചന്ദ്രിക കാര്യങ്ങൾ വിശദീകരിച്ചു: "ഞാൻ പറയുന്നത് പ്രസാദുകൂടി മനസ്സിലാക്കണം. ഒരു

പെൺകുട്ടിയുടെ അച്ഛന്റെ, അമ്മയുടെ, വീട്ടുകാരുടെയെല്ലാം മാനസികാവസ്ഥ. പ്രസാദിന്റെ വീട്ടുകാരുമായി ഞങ്ങളീ വിവാഹം പറഞ്ഞുറപ്പിച്ച് വയ്ക്കുന്നതിൽ എതിർപ്പൊന്നുമില്ലല്ലോ?"

"ഒരെതിർപ്പുമില്ല." പ്രസാദ് അനുഭാവപൂർവ്വം പറഞ്ഞു: "പ്രസാദിന്റെ വീട്ടിലെ അവസ്ഥകളൊന്നും ഞങ്ങൾക്കറിയില്ല." ചന്ദ്രിക പറഞ്ഞു.

"ഞാനാണ് മൂത്തത്. എന്റെ ഇളയ രണ്ട് സഹോദരിമാർകൂടിയുണ്ട്. അച്ഛൻ സ്കൂൾ മാഷാണ്. അമ്മയ്ക്ക് ജോലിയൊന്നുമില്ല. അച്ഛന് തറവാട്ടിൽനിന്നും വീതമായിക്കിട്ടിയ കുറച്ചു ഭൂമിയുണ്ട്." പ്രസാദ് ലളിതമായി പറഞ്ഞുനിറുത്തി.

"നിങ്ങളുടെ പ്രണയത്തെപ്പറ്റി പ്രസാദിന്റെ വീട്ടിലറിയാമോ?" ചന്ദ്രിക തിരക്കി.

"സഹോദരിമാർക്ക് രണ്ടുപേർക്കുമറിയാം." പ്രസാദ് ചിരിച്ചുകൊണ്ട് പറഞ്ഞു: "അങ്ങനെ ഗൗരവമായിട്ടു തുടങ്ങിയ പ്രണയമൊന്നുമായിരുന്നില്ല. കണ്ടു, സംസാരിച്ചു പിന്നെ എങ്ങനെയോ അങ്ങ് ഇഷ്ടമായി."

"പ്രസാദ് കാര്യങ്ങളെല്ലാം വീട്ടിൽ പറയണം. അതിനുശേഷം ഞങ്ങളെ അറിയിക്കണം." ചന്ദ്രിക കാര്യങ്ങൾ വിശദീകരിച്ചു: "സൗകര്യംപോലെ ഞങ്ങൾ വീട്ടുകാർ തമ്മിൽ സംസാരിക്കാം."

അവർ പിന്നെയും ഏറെ സമയം സംസാരിച്ചിരുന്നു. പ്രസാദ് പോയിക്കഴിഞ്ഞ് അഭിനയയും ചന്ദ്രികയും തനിച്ചായി. ചന്ദ്രികയെ യാത്രയയ്ക്കുവാൻ സായാഹ്നത്തോടെ അഭിനയ നഗരത്തിലെത്തി. പോകുന്നതിനുമുമ്പ് ചന്ദ്രിക പറഞ്ഞു: "മോള് വീട്ടിൽ വരണം. എന്റെയും അച്ഛന്റെയും മനസ്സു കൂടി കാണുവാനുള്ള സന്മനസുണ്ടാകണം."

അഭിനയ അതിനുത്തരമൊന്നും പറയാതെ ചിരിച്ചുനിന്നതേയുള്ളു.

"നിന്റെ മനസ്സ് അമ്മയ്ക്കു കാണുവാൻ കഴിയുന്നുണ്ട്." ചന്ദ്രിക മാതൃവാത്സല്യത്തോടെ തുടർന്നു: "ഞാനും ഈ പ്രായം കഴിഞ്ഞാണ് ഇവിടെവരെയെത്തിയത്. നീയൊരു വിവാഹപ്രായമെത്തിയ പെൺകുട്ടിയുടെ അമ്മയാകുമ്പോഴേ ഇപ്പോഴത്തെ എന്റെ അവസ്ഥ നിനക്ക് മനസിലാകൂ." അല്പസമയത്തെ മൗനത്തിനുശേഷം തുടർന്നു: "നിനക്ക് പണമോ മറ്റെന്തെങ്കിലുമൊ ആവശ്യമുണ്ടെങ്കിൽ എന്നോട് പറയാൻ മടിക്കരുത്. നീയെനിക്കു വെറും മകളു മാത്രമല്ല. എന്റെ പ്രതീക്ഷയും സ്വപ്നവുമെല്ലാമാണ്. ഞാൻ മനസ്സു തുറന്ന് സംസാരിക്കുന്നതുവരെ നിന്നോടാണ്. എന്തിന് എന്റെ യുവത്വത്തിലെ പ്രണയത്തെപ്പറ്റിവരെ നിന്നോട് ഒരു നല്ല സുഹൃത്തിനെപ്പോലെ പറഞ്ഞില്ലെ."

അവരങ്ങനെ സംസാരിച്ചുനില്ക്കുമ്പോൾ അടുത്തൊരു കാറ് വന്നുനിന്നു. അതിൽനിന്നും ഡോ. രമേശ് തല പുറത്തേക്കിട്ടു.

ഡോ. രമേശിനെ കണ്ട അഭിനയ വല്ലാതായി. അയാളോട് എന്താണ്

സംസാരിക്കേണ്ടതെന്നറിയാതെ അഭിനയ കുഴങ്ങിനിന്നു.

"അമ്മയും മോളുംകൂടി കറങ്ങാനിറങ്ങിയതായിരിക്കുമല്ലേ?" ഡോക്ടർ തിരക്കി: "അഭിലോഷികയുടെ റിഹേഴ്സലെല്ലാം നന്നായി നടക്കുന്നുണ്ടോ?"

അഭിനയ ഉണ്ടെന്ന അർത്ഥത്തിൽ തലയാട്ടി.

"വിഷ് യു ഓൾ ദി ബസ്റ്റ്." ഡോക്ടർ പറഞ്ഞു. അഭിനയയെ നോക്കി പുഞ്ചിരിച്ചുകൊണ്ട് ഡോക്ടർ കാറ് മുന്നോട്ടെടുത്തു. മറ്റുവാഹനങ്ങൾക്കിട യിലേക്ക് ഡോക്ടറുടെ വണ്ടി തെന്നിക്കയറുന്നത് അഭിനയ ശ്രദ്ധിച്ചു.

"ആരാ മോളെ അത്?" ചന്ദ്രിക തിരക്കി.

എങ്ങനെയാണ് ഡോക്ടറെപ്പറ്റി പറയുന്നതെന്നു കരുതി അഭിനയ കുഴങ്ങി. ചെറിയൊരു കള്ളത്തരം പറഞ്ഞു: "വർക്കിസാറിന്റെ സുഹൃ ത്താണ്."

"ഞാൻ നിന്റെ അമ്മയാണെന്ന് അയാളെങ്ങനെയാണ് അറിഞ്ഞത്?" ചന്ദ്രിക തിരക്കി.

അപ്പോഴാണ് അഭിനയ അതിനെപ്പറ്റി ചിന്തിക്കുന്നത്. മുമ്പൊരിക്കൽ ഫോൺ നമ്പർ കൃത്യമായറിഞ്ഞ് ഫോൺ ചെയ്തതിനെപ്പറ്റിയും ആശ്ചര്യ ത്തോടെ ഓർമിച്ചു. അഭിനയ ഒരു ന്യായീകരണത്തിനായി പറഞ്ഞു: "അമ്മ യുടെ തനി പകർപ്പല്ലെ ഞാൻ, പിന്നെ തിരിച്ചറിയാൻ എന്താ ഒരു പാട്. അമ്മയ്ക്കു പാടാനാണ് കഴിവെങ്കിൽ എനിക്ക് എഴുതാനാണ് കഴിവ്." അഭി നയ വാത്സല്യത്തോടെ തുടർന്നു: "എനിക്കിപ്പോൾ ഒരാഗ്രഹം മനസ്സിലുണ്ട്. അമ്മയുടെ ഒരു പാട്ടുകേൾക്കണം."

അതു കേട്ട ചന്ദ്രിക അല്പം ഉച്ചത്തിൽത്തന്നെ ചിരിച്ചു.

"അങ്ങനെ ചിരിച്ചുതള്ളാനൊന്നും അമ്മ നോക്കേണ്ട. എനിക്ക് പാട്ടു കേട്ടേ മതിയാവൂ." അഭിനയ വാശിയോടെ പറഞ്ഞു.

ചന്ദ്രിക അവളെ വാത്സല്യത്തോടെ നോക്കിക്കൊണ്ടു പറഞ്ഞു: "നീ ഇനി വീട്ടിൽ വരുമ്പോൾ ഞാൻ പാടാം. ഞാൻ പാടണമെങ്കിൽ നീ എനി ക്കായി നൃത്തംകൂടി കാണിച്ചുതരണം."

"എനിക്ക് ആരോടും പരിഭവമില്ല." അഭിനയ തുടർന്ന് പറഞ്ഞു: "ഉടനെ കല്യാണം കഴിക്കണമെന്നൊക്കെ പറഞ്ഞപ്പോൾ അതങ്ങ് അംഗീകരിക്കാൻ കഴിഞ്ഞില്ല. കുറച്ചു ദിവസങ്ങൾ കഴിഞ്ഞ് 'അഭിലോഷിക'യുടെ ഒരവത രണം ഇവിടത്തെ പബ്ലിക് ലൈബ്രറിയുടെ ആഡിറ്റോറിയത്തിൽ വച്ചുണ്ട്. അതു കഴിഞ്ഞ് ഞാൻ നേരെ വീട്ടിലേക്കു വരും. എന്തിനാണെന്ന് അറി യുമോ? അമ്മയുടെ പാട്ടു കേൾക്കാൻ. ഞാൻ പറഞ്ഞത് അമ്മ മറക്കരുത്. എന്നോടൊപ്പം അമ്മതന്നെ വേണം ഇംഗ്ലണ്ടിനു പോകുവാൻ."

അവരങ്ങനെ ഓരോരൊ വർത്തമാനങ്ങളും പറഞ്ഞിരുന്നപ്പോൾ ചന്ദ്രി കയ്ക്ക് പോകുവാനുള്ള വണ്ടി വന്നു. ചന്ദ്രിക അഭിനയയെ ചേർത്തുപിടിച്ച്

ഒരു മുത്തം കൊടുത്തിട്ട് വണ്ടിയിൽ കയറി. വണ്ടി മുന്നോട്ടെടുത്തപ്പോൾ അഭിനയയ്ക്ക് തെല്ലൊരു ദുഃഖം തോന്നി. അവൾപോലും അറിയാതെ മിഴികൾ നിറഞ്ഞു. അപ്പോൾ അവളുടെ മനസ്സുപറഞ്ഞു: 'അമ്മയെ എത്ര സ്നേഹിച്ചാലും മതിവരില്ല. അത്ര പാവമാണെന്റെ അമ്മ.'

അഭിനയ ഷോപ്പിങ് കോപ്ലക്സിലേക്കു പോയി. അവിടത്തെ 'ബുക് മാർക്കി'ൽനിന്ന് കുറച്ചു പുസ്തകങ്ങൾ വാങ്ങുകയാണ് ലക്ഷ്യം. വിശാലമായ ഷോപ്പിങ് കോംപ്ലക്സിലൂടെ നടക്കുമ്പോഴാണ് എതിരെ ചിരിച്ചുകൊണ്ടുവരുന്ന ഫിലിപ്പിനെ കണ്ടത്. ഫിലിപ്പിനെ അവിടെവച്ചു കണ്ടത് അഭിനയയ്ക്ക് ആശ്ചര്യമായി.

"എന്താ ഫിലിപ്പച്ചൻ ഇവിടെ?" അഭിനയ ആകാംക്ഷയോടെ തിരക്കി.

"കളക്ടറേറ്റിൽ ഒന്നു വരണമായിരുന്നു." ഫിലിപ്പ് പറഞ്ഞു: "തീയേറ്ററിന്റെ ലൈസൻസ് പുതുക്കുന്നതു സംബന്ധിച്ച ചില നൂലാമാല കേസുകെട്ടാ."

"റോസ്മേരിയും വലിയമ്മച്ചിയുമെല്ലാം എന്തു പറയുന്നു." അഭിനയ അന്വേഷിച്ചു.

"വിശേഷമൊന്നുമില്ല." ഫിലിപ്പ് പറഞ്ഞു. "വീട്ടിൽത്തന്നെയുണ്ട്."

"ഫിലിപ്പച്ചന്റെ കല്യാണമൊക്കെ എവിടെവരെയായി?" അഭിനയ കൗതുകത്തോടെ തിരക്കി.

അതു കേട്ട ഫിലിപ്പ് കൗതുകത്തോടെ ചിരിച്ചു: "എന്താണെങ്കിലും താനുമായിട്ടില്ല."

"എന്താ ഞാൻ അത്ര മോശക്കാരിയാ?" അഭിനയ പരിഭവത്തോടെ ചോദിച്ചു.

"നല്ല കുട്ടിയല്ലേ." ഫിലിപ്പ് പറഞ്ഞു: "എന്താണെങ്കിലും എന്റെ മനസ്സിൽ തനിക്കൊരു സ്ഥാനമുണ്ട്."

അവരങ്ങനെ ഓരോരൊ വർത്തമാനങ്ങൾ പറഞ്ഞുകൊണ്ട് തൊട്ടടുത്തുള്ള റസ്റ്റോറന്റിലേക്കു കയറി. അഭിനയ ഐസ്ക്രീമും ഫിലിപ്പ് ചൂടുകാപ്പിയും കഴിച്ചുകൊണ്ടിരുന്നു. അപ്പോൾ അഭിനയ കൗതുകത്തോടെ തിരക്കി: "തിരക്കാണോ?"

"എന്താ ചോദിച്ചത്?" ഫിലിപ്പ് തിരക്കി.

"തിരക്കില്ലെങ്കിൽ പതുക്കെപ്പോയാൽ മതി." അഭിനയ പറഞ്ഞു. "വീട്ടിൽ വന്ന് ആന്റിയെ കാണുകയുമാകാം."

"കാണേണ്ട ആളെ ഇവിടെവച്ചുതന്നെ കണ്ടില്ലേ." ഫിലിപ്പ് തുടർന്നു പറഞ്ഞു: "ഇനിയെന്തിന് വീട്ടിൽ വരണം."

"എന്നിട്ടും ഫിലിപ്പച്ചന് എന്നെയൊന്ന് ഫോണിൽ വിളിക്കുവാൻകൂടി തോന്നിയില്ലല്ലോ?" അഭിനയ പരിഭവം അറിയിച്ചു.

"സത്യം പറയാമല്ലൊ, തന്റെയടുത്തുവന്ന് വിവാഹാഭ്യർത്ഥന നട

ത്തിയപ്പോൾ നിരസിച്ചില്ലേ? എന്നോട് താത്പര്യമില്ലത്ത തന്നെ എന്തിനാണ് വിളിച്ച് ശല്യപ്പെടുത്തുന്നതെന്നു കരുതി."

അഭിനയ ഗൗരവത്തോടെ പറഞ്ഞു. "വിവാഹം, അത് നമ്മൾ തമ്മിൽ ചേരില്ലെടോ."

അവർക്കിടയിൽ അല്പസമയത്തെ മൗനം വളർന്നു. അഭിനയ കുസൃതിയോടെ ഫിലിപ്പിന്റെ കണ്ണുകളിലേക്കു നോക്കി കണ്ണിറുക്കി. പിന്നെ ശബ്ദം താഴ്ത്തി പറഞ്ഞു: "നമ്മൾക്ക് ഇന്നൊന്ന് ആഘോഷിച്ചാലോ?"

ഫിലിപ്പ് ഉത്തരമൊന്നും പറയാതെ തെല്ല് നാണത്തോടെ അഭിനയയുടെ മുഖത്തേക്കു നോക്കി.

"നിന്റെ സ്പർശവും ഗന്ധവും ഇപ്പോഴുമെന്റെ മനസ്സിലുണ്ട്." അഭിനയ മൃദുവായ ശബ്ദത്തിൽ തുടർന്നു: "ഈ യുവത്വത്തിന്റെ പ്രസരിപ്പ് നമ്മൾക്കിങ്ങനെയല്ലേ ആഘോഷിച്ചുതീർക്കാൻ കഴിയൂ."

"ഞാൻ വിവാഹത്തെപ്പറ്റിയൊക്കെ കാര്യമായി ചിന്തിച്ചുതുടങ്ങി. മൂന്നുനാല് പെൺകുട്ടികളെ കാണുകയും ചെയ്തു." ഫിലിപ്പ് ശബ്ദം താഴ്ത്തി തുടർന്നു: "അന്ന് അങ്ങനെയൊക്കെ സംഭവിച്ചത് യാദൃച്ഛികമായിട്ടാണ്. സംഭവിക്കരുതാത്തതായിരുന്നു. ഭാര്യയല്ലാതെ മറ്റൊരു സ്ത്രീയും ജീവിതത്തിലേക്കു വരരുതെന്ന് ആഗ്രഹിക്കുന്ന വ്യക്തിയാണ് ഞാൻ. അഭിനയ മറ്റൊന്നും കരുതരുത്. അതൊന്നുമില്ലാതെതന്നെ നമ്മൾക്ക് നല്ല സുഹൃത്തുക്കളായി തുടരാം."

ഫിലിപ്പിന്റെ ഉത്തരംകേട്ട് അഭിനയ വല്ലാതായി. അവൾ ക്ഷമാപണത്തോടെ പറഞ്ഞു: "ഫിലിപ്പച്ചനെ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അന്ന് അങ്ങനെയൊക്കെ സംഭവിച്ചത് എന്റെ ദുരാഗ്രഹംകൊണ്ടാണ്. ക്ഷമിക്കണം."

"താനതിൽ വിഷമിക്കുകയൊന്നും വേണ്ട." ഫിലിപ്പ് ആശ്വസിപ്പിച്ചുകൊണ്ടു തുടർന്നു: "ഓരോരുത്തർക്കും ഓരോ മനസ്സും ഓരോ ഇഷ്ടങ്ങളുമല്ലെ. തനിക്കിഷ്ടമാണെങ്കിൽ താനെന്റെ നല്ല സുഹൃത്തുതന്നെ ആയിരിക്കും."

അവർക്കിടയിൽ മൗനം പെരുകി. മൗനത്തിന് വിരാമമിട്ടുകൊണ്ട് ഫിലിപ്പ് പറഞ്ഞു: "എനിക്ക് വീട്ടിലേക്കു പോകണം. ഉടനെ പുറപ്പെട്ടാലെ വെളുക്കുമ്പോഴേക്കും അവിടെയെത്താൻ പറ്റൂ."

"ഫിലിപ്പ് പൊയ്ക്കൊള്ളൂ. ഞാൻ അല്പസമയം കഴിഞ്ഞേയുള്ളൂ." അഭിനയ പറഞ്ഞു.

അഭിനയയോട് യാത്രയും പറഞ്ഞ് ഫിലിപ്പ് അവിടെനിന്നുമിറങ്ങി. അഭിനയയ്ക്ക് ഒരു ഐസ്ക്രീംകൂടി കഴിക്കുവാൻ തോന്നി.

അഭിനയ ഐസ്ക്രീം വരുന്നതും കാത്തിരുന്നപ്പോൾ ഫിലിപ്പിന്റെ സ്വഭാവത്തെപ്പറ്റി ഓർത്തു: 'ശരിക്കും ഒരച്ചനാകേണ്ട സ്വഭാവംതന്നെയാണ് ഫിലിപ്പിന്റേത്.' അഭിനയ അങ്ങനെ ഓരോന്ന് ഓർത്തിരിക്കുമ്പോഴാണ്

തിരിച്ചറിവിന്റെ സങ്കീർത്തനം

ഒഥെല്ലോ ആയി കൂടെ അഭിനയിച്ച വിക്രമൻ വരുന്നത്. വിക്രമൻ ഇരിക്കുവാൻ ഉചിതമായൊരു സീറ്റന്വേഷിച്ച് നോക്കുന്നതിനിടയിലാണ് അഭിനയയെ കണ്ടത്. വിക്രമൻ അഭിനയയ്ക്ക് അഭിമുഖമായി ഫിലിപ്പ് എഴുന്നേറ്റുപോയ അതേ കസേരയിലിരുന്നു.

"എന്താ അഭിനയ ഇവിടെ?" വിക്രമൻ ഔപചാരികരീതിയിൽ തിരക്കി.

"ഒരു ഐസ്ക്രീം കഴിക്കാമെന്നു കരുതി." അഭിനയ പറഞ്ഞു.

"വർക്കിസാറ് അഭിലോഷിക നാടകത്തിന്റെ ഒരുക്കങ്ങൾ നടത്തുന്നതായറിഞ്ഞു." വിക്രമൻ തുടർന്നു: "ലൈബ്രറിയുടെ ഹാളിൽവച്ച് നടത്തുന്ന അവതരണത്തിന് ഞാനും വരുന്നുണ്ട്. അഭിനയയുടെ അഭിലോഷികയായുള്ള അഭിനയത്തെപ്പറ്റി എല്ലാവർക്കും നല്ല മതിപ്പാ."

"ആ കഥാപാത്രത്തിന്റെ കരുത്ത് പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയാത്തതിന്റെ വിഷമത്തിലാണ് ഞാൻ." അഭിനയ പറഞ്ഞു: "എല്ലാവരും പ്രോത്സാഹിപ്പിക്കുന്നതുകൊണ്ട് അങ്ങനെയങ്ങ് അഭിനയിക്കുന്നെന്നു മാത്രം."

വെയിറ്റർ അഭിനയയുടെ മുന്നിൽ ഐസ്ക്രീം കൊണ്ടുവന്നുവച്ചു. അഭിനയ വിക്രമിനോട് തിരക്കി: "എന്താ കഴിക്കുവാൻ ഐസ്ക്രീമായാൽ വിരോധമുണ്ടോ?"

"എന്തു വിരോധം, ഒരു നല്ല ഐസ്ക്രീം കഴിക്കാമെന്നു കരുതിത്തന്നെയാണ് ഇവിടേക്കു വന്നത്." വിക്രമൻ പറഞ്ഞു.

അഭിനയതന്നെ വിക്രമനും ഒരു ഐസ്ക്രീം ഓർഡർ ചെയ്തു. അവർ പിന്നെയും നാടകത്തെപ്പറ്റിയും അവരെപ്പറ്റിയുമെല്ലാം കുറെസമയം സംസാരിച്ചിരുന്നു. പുറത്ത് ഇരുട്ടുവീണുകഴിഞ്ഞിരുന്നു.

അഭിനയയും വിക്രമനുംകൂടി സംസാരിച്ചുകൊണ്ട് ഷോപ്പിങ് കോംപ്ലക്സിൽനിന്നും പുറത്തേക്കിറങ്ങി. ചുറ്റുവട്ടം വൈദ്യുതിവെളിച്ചത്തിന്റെ പ്രഭയിൽ ആറാടിനില്ക്കുകയാണ്.

"എന്നെപ്പറ്റിയുള്ള അഭിപ്രായമെന്താ?" അഭിനയ തിരക്കി. അഭിനയയുടെ ചോദ്യംകേട്ട് വിക്രമൻ ചിരിച്ചുപോയി. ചിരിയുടെ അവസാനം പറഞ്ഞു: "ഭാഗ്യമുള്ള കുട്ടി. സമ്പത്തുള്ള വീട്ടിൽ ജനിക്കുക, പഠിക്കുവാൻ അവസരവും കഴിവുമുണ്ടാകുക, ഈശ്വരൻ അനുഗ്രഹിച്ച് സൗന്ദര്യം തരുക, കലാകാരിയെന്ന നിലയിൽ സമൂഹം അംഗീകരിക്കുക-ഇതെല്ലാം വളരെ അപൂർവ്വം ചിലർക്കുമാത്രം കിട്ടുന്ന ഭാഗ്യമാണ്."

വിക്രമൻ പറഞ്ഞതെല്ലാം ശരിയാണെന്ന് അഭിനയയ്ക്കും തോന്നി. തന്നെപ്പറ്റിയുള്ള അഭിപ്രായം ചോദിച്ചത് ശരിയായോയെന്ന്, വിക്രമന്റെ ഉത്തരം കേട്ടപ്പോൾ അഭിനയ സംശയിച്ചു. ഇല്ലാത്തവനെ ഉള്ളതിന്റെ വിലയറിയൂ. വിക്രമന് ഇതൊന്നുമില്ലാത്തതുകൊണ്ടുതന്നെ അതിന്റെ വിലയുമറിയാം. അഭിനയ അങ്ങനെ ഓരോന്ന് ചിന്തിച്ചു.

"വിരോധമില്ലെങ്കിൽ നമ്മൾക്ക് അല്പം നടന്നാലോ?" അഭിനയ

ചോദിച്ചു.

"പണിയെടുത്ത് മടുത്തുകഴിഞ്ഞപ്പോൾ ഒരു ഉന്മേഷത്തിനായി നഗരത്തിലേക്കിറങ്ങിയതാണ്." വിക്രമൻ പറഞ്ഞു: "ചിലപ്പോൾ മദ്യപിക്കും. മറ്റു ചിലപ്പോൾ വെറുതെ തിരക്കുകളൊക്കെ കണ്ട് നടക്കും. നടക്കുന്നതിൽ എനിക്ക് വിരോധമൊന്നുമില്ല."

അവരങ്ങനെ റോഡരുകിൽക്കൂടി നടക്കുന്നതിനിടയിൽ അഭിനയ തിരക്കി: "വിക്രമനെന്നെ ഇഷ്ടമാണോ?"

ചോദ്യംകേട്ട് വിക്രമൻ വല്ലാതായി. എന്താണ് ഈ കുട്ടിയോട് സമാധാനം പറയേണ്ടതെന്ന് മനസ്സിൽ ചിന്തിച്ചു. അപ്പോൾ അഭിനയ തിരക്കി. "വിക്രമന്റെ ജീവിതത്തിലൂടെ ഭാര്യയല്ലാതെ മറ്റ് സ്ത്രീകൾ കടന്നുപോയിട്ടുണ്ടോ?"

ആ ചോദ്യം വിക്രമനെ അസ്വസ്ഥനാക്കി. അസ്വസ്ഥതകൾ പുറത്തു കാണിക്കാതെ വിക്രമൻ പറഞ്ഞു: "ഉണ്ട്. ഇങ്ങനെയുള്ള വ്യക്തിപരമായ കാര്യങ്ങളൊക്കെ എന്തിനാണ് തിരക്കുന്നത്?"

"എനിക്ക് വിക്രമനെ ഇഷ്ടമാണ്." അഭിനയ പറഞ്ഞു: "എന്റെ മുന്നിൽനിന്ന് ഒഥെല്ലോയ്ക്ക് രൂപവും ഭാവവും പകർന്ന ആ വ്യക്തിയെ എനിക്കൊരിക്കലെങ്കിലും സ്വന്തമായി കിട്ടിയിരുന്നെങ്കിലെന്ന് ഇടയ്ക്കൊക്കെ ആഗ്രഹിക്കാറുണ്ട്."

വിക്രമന്റെ പരുക്കൻ മുഖത്ത് പലവിധ ഭാവങ്ങൾ മിന്നിമറയുന്നത് അഭിനയ ശ്രദ്ധിച്ചു.

"വലിയ വീട്ടിലെ പിള്ളേർക്ക് തിന്നുമടുത്തുകഴിയുമ്പോൾ ഞങ്ങളെയൊക്കെ കളിപ്പാട്ടംപോലെ ഉപയോഗിക്കാൻ വേണമല്ലേ." വിക്രമൻ ഗാംഭീര്യമുള്ള ശബ്ദത്തിൽ തുടർന്നു: " അതിനീ വിക്രമനെക്കിട്ടില്ല. എനിക്ക് ആവേശത്തോടെ ഒന്നു പിടിക്കാനുള്ള ശരീരബലമൊന്നും നിനക്കില്ല."

വിക്രമൻ പിന്നെയും രോഷത്തോടെ എന്തെല്ലാമോ പറഞ്ഞു. തിരസ്ക്കരിക്കപ്പെട്ടതിന്റെ അപമാനത്തിൽ മുഴുകിനിന്ന അഭിനയ അതൊന്നും കേട്ടില്ല. വിക്രമൻ പറയുന്നത് ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോയെന്ന് വല്ലായ്കയോടെ നാലുചുറ്റും ശ്രദ്ധിച്ചു. അപ്പോഴാണ് തെല്ലപ്പുറത്തുകൂടി ബൈക്കുമായി പ്രസാദ് പോകുന്നതു കണ്ടത്. അവനെക്കണ്ട അഭിനയയുടെ ഉള്ളിൽ അസ്വസ്ഥതയുടെ അഗ്നികുണ്ഠം ആളിക്കത്തി. പ്രസാദ് തിരിഞ്ഞുനോക്കിയപ്പോൾ അഭിനയയെ കണ്ടു. അവൻ ബൈക്ക് തിരിച്ച് അവർക്കടുത്തേക്കു വന്നു. അഭിനയ പതുങ്ങിനില്ക്കുകയാണ്. പ്രസാദിന്റെ മുഖത്ത് സാധാരണയിൽക്കവിഞ്ഞ ഒരു പ്രസരിപ്പുണ്ട്.

"ഓ കാമുകൻ വന്നല്ലോ?" വിക്രമൻ പരിഹാസത്തോടെ പറഞ്ഞു. അവരെ രണ്ടുപേരെയും ഗൗരവത്തിൽ തെല്ലുസമയം നോക്കിനിന്നശേഷം വിക്രമൻ നടന്നകന്നു. അഭിനയ ആശ്വാസത്തോടെ ദീർഘമായൊന്നു നിശ്വസിച്ചു.

“എന്താ അവനുമായൊരു ചുറ്റിക്കളി?” പ്രസാദ് കൗതുകത്തോടെ തിരക്കി.

അഭിനയ അതിനുത്തരമൊന്നും പറയാതെ തണുത്ത മട്ടിൽ ഒന്നു പുഞ്ചിരിച്ചെന്നു വരുത്തി.

“ഫോൺ വിളിച്ച് കാര്യങ്ങളൊക്കെ വീട്ടിൽ പറഞ്ഞു.” പ്രസാദ് തുടർന്നു: “വിവാഹംകഴിച്ചു ജീവിക്കേണ്ടത് ഞാനല്ലേ? അതുകൊണ്ട് എനിക്കിഷ്ടമുള്ള പെണ്ണിനെ സ്വീകരിക്കുന്നതിൽ അച്ഛന് എതിർപ്പില്ല. നല്ല സ്വഭാവമുള്ള പെണ്ണായിരിക്കണമെന്നാ അമ്മ പറഞ്ഞത്.”

അഭിനയയുടെ ഉള്ളിൽ ചൂടുകാറ്റ് വീശിക്കൊണ്ടിരുന്നു. ശരീരം വിയർക്കുവാൻ തുടങ്ങി. അസ്വസ്ഥതകൾ അവളുടെ മുഖത്ത് തെളിഞ്ഞു.

“ഇന്ന് നമ്മൾക്കൊന്ന് അടിച്ചുപൊളിക്കേണ്ടെ.” പ്രസാദ് ഉത്സാഹത്തോടെ പറഞ്ഞു: “കയറ് ബൈക്കിൽ.”

അഭിനയ വിഷാദത്തോടെ ചിരിച്ചുകൊണ്ട് പറഞ്ഞു: “സോറി പ്രസാദ്, എനിക്ക് നല്ലതുപോലെ തലവേദനിക്കുന്നു.” പ്രസാദ് അഭിനയയുടെ നെറ്റിത്തടത്തിൽ കൈവച്ചുനോക്കി. “നല്ല ചൂടുണ്ടല്ലോ?” പ്രസാദ് തുടർന്നു: “തന്നെ ആകെ വിയർത്തിരിക്കുന്നല്ലോ. ഏതെങ്കിലും ഡോക്ടറെ കാണാം.”

“തലവേദനയുടെ ഗുളിക കഴിച്ച് അല്പം വിശ്രമിച്ചാൽ മതി.” അഭിനയ പറഞ്ഞു.

“ബൈക്കിൽ കയറ് ഞാൻ വീട്ടിലാക്കാം.” പ്രസാദ് അനുഭാവപൂർവ്വം പറഞ്ഞു.

“ഞാൻ കാറിലാ വന്നത്.” ഷോപ്പിങ് കോപ്ലക്സിന്റെ പാർക്കിങ് ഭാഗത്തേയ്ക്ക് കൈചൂണ്ടിക്കൊണ്ട് അഭിനയ പറഞ്ഞു. “ദാ അവിടെയാ കാറ് കിടക്കുന്നത്.”

പ്രസാദിനോട് യാത്രപോലും പറയാതെ അഭിനയ കാറിന്റെ അടുത്തേക്ക് നടന്നുതുടങ്ങി. പ്രസാദ് അവൾക്ക് പിന്നാലെ ചെന്ന് തിരക്കി: “നല്ല ക്ഷീണമുണ്ടെങ്കിൽ ഞാൻ വീട്ടിൽ കൊണ്ടുപോയാക്കാം.”

“പ്രസാദ് എന്തിനു ബുദ്ധിമുട്ടണം?” അഭിനയ ചോദിച്ചു.

അഭിനയ നടന്നുചെന്ന് കാറിൽ കയറി. അതിലിരുന്ന് പ്രസാദിനോട് പറഞ്ഞു: “അടുത്ത ദിവസം കാണണം. വിവാഹത്തിനുമുമ്പ് നമ്മൾക്ക് പറഞ്ഞുതീർക്കാൻ ഒരുപാട് ഒരുപാട് വർത്തമാനങ്ങളില്ലെ?”

പ്രസാദ് അതെയെന്ന അർത്ഥത്തിൽ തലയാട്ടി. അഭിനയ കാറോടിച്ച് പോകുന്നത് അവൻ നോക്കിനിന്നു. പ്രസാദ് അങ്ങനെ നോക്കിനിൽക്കുന്നത് അഭിനയ സൈഡ് ഗ്ലാസിലൂടെ കണ്ടു.

# 15
# മിത്തുകൾ കഥ പറയുന്നു

അഭിലോഷിക നാടകത്തിന്റെ റിഹേഴ്സൽ വർക്കിസാറിന്റെ വീട്ടിൽവച്ച് നടക്കുകയാണ്. റിഹേഴ്സൽ കഴിഞ്ഞ് അഭിനയയും വർക്കിസാറും സംസാരിച്ചുകൊണ്ട് വീട്ടിനു മുന്നിലേക്കിറങ്ങി. മാനത്ത് മിന്നിത്തെളിഞ്ഞുനിൽക്കുന്ന നക്ഷത്രങ്ങളെ അവർ കൗതുകത്തോടെ നോക്കി. വർക്കിസാർ വാത്സല്യത്തോടെ അഭിനയയെ ചേർത്തുപിടിച്ച് മൂർദ്ധാവിൽ ചുംബിച്ചു. അവിടേക്ക് അട്ടഹാസത്തോടെ ഉയർത്തിപ്പിടിച്ച കത്തിയുമായി ജോൺ വർക്കി ചാടിവന്നു. അവനെ തടഞ്ഞുകൊണ്ട് വർക്കിസാർ മുന്നോട്ടുനിന്നു. കത്തി ആഴ്ന്നിറങ്ങിയത് വർക്കിസാറിന്റെ നെഞ്ചിലാണ്. അവനെ തടഞ്ഞുനിർത്തിക്കൊണ്ട് വർക്കിസാർ അഭിനയയോട് പറഞ്ഞു: "ഓടി രക്ഷപ്പെട്ടുകൊള്ളൂ."

അഭിനയ ഭയന്ന് അവിടെനിന്നും പുറത്തേക്ക് ഓടി. വർക്കിസാർ ജോൺ വർക്കിയെ മൽപ്പിടുത്തത്തിൽ കീഴ്പ്പെടുത്തിയിട്ട് പറഞ്ഞു. "അഭിനയ എന്റെ മകളാണ്... വിശ്വാസം വരുന്നില്ലെങ്കിൽ അഭിനയയുടെ അമ്മയോട് തിരക്ക്." തരിച്ചുനിന്ന ജോൺ വർക്കിയുടെ മുന്നിൽ രക്തംവാർന്ന് പിടിഞ്ഞുവീണ് വർക്കിസാർ മരിച്ചു.

നക്ഷത്രങ്ങൾ തെളിച്ചുകൊടുത്ത പ്രഭയിലൂടെ ഓടിയ അഭിനയ നാലുംകൂടിയ കവലയിലെത്തി. തൊട്ടടുത്ത് പ്രകാശം കണ്ട കുടിലിലേക്ക് ഓടിക്കയറി. അവിടെ മദ്യപിച്ചുകൊണ്ടിരുന്ന പ്രസാദിനെയാണ് കണ്ടത്. തൊട്ടടുത്ത് മന്ത്രവാദങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് വിക്രമനാണ്. "ഇപ്പോൾ എന്റെ മന്ത്രശക്തിയിൽ നിനക്ക് വിശ്വാസമില്ലേ?" വിക്രമൻ ചോദിച്ചു: " നീ സ്നേഹിച്ചു വിശ്വസിക്കുന്ന ഇവൾ ഒരഭിസാരികയാണെന്ന് മനസ്സിലായില്ലേ?"

അവരുടെ നോട്ടത്തിന്റെ തീക്ഷ്ണതയിൽ അഭിനയ വിറച്ചു നിന്നുപോയി. അവിടെ ചാരിവച്ചിരുന്ന ഒരു വാളുമായി പ്രസാദ് എരിയുന്ന രോഷ

ത്തോടെ അവൾക്കടുത്തേക്ക്. അഭിനയയുടെ ശബ്ദം തൊണ്ടയിൽ കുരുങ്ങി. അവൾ മുട്ടുകുത്തിനിന്ന് കൈകൾ കൂപ്പി അവനു മുന്നിൽ പ്രാണനുവേണ്ടി കെഞ്ചി.

"നിന്റെ ഈ സുന്ദരമായ ശരീരത്തിൽ കാമം ഒരു വിഷസർപ്പമായി കയറിയിരിക്കുകയാണ്." പ്രസാദ് ജ്വലിച്ചു: " ആ വിഷദംശമേറ്റ് എത്രയോ പുരുഷന്മാർ പിടഞ്ഞുവീണു. ഇല്ല നീയിനി ജീവിക്കാൻ പാടില്ല. ജീവിച്ചാൽ ഈ ഭൂമിക്ക് ശാപം കിട്ടും. ഏതെങ്കിലും ശക്തിയിൽ വിശ്വാസമുണ്ടെങ്കിൽ ചെയ്തുകൂട്ടിയ പാപങ്ങളെ ഓർത്ത് പശ്ചാത്തപിച്ചുകൊള്ളൂ."

"ചെയ്തതു മുഴുവൻ തെറ്റുകളാണ്." അഭിനയ വിതുമ്പി: "അതെല്ലാം തിരുത്തണമെന്നുണ്ട്, വിവാഹത്തിനുമുമ്പ് നിന്നോട് പറയണമെന്നും നിശ്ചയിച്ചിരുന്നതാണ്." ഒറ്റ ശ്വാസത്തിന് പറഞ്ഞുതീർത്തു.

"നിന്റെ കള്ളക്കണ്ണുനീർ കാണുവാൻ എനിക്ക് ശക്തിയില്ല. നിന്റെ കള്ളക്കഥകൾ വിശ്വസിക്കാൻ ഞാനൊരു ചപലനുമല്ല. നിന്റെ ഈ മുതലക്കണ്ണുനീരിനുപോലും നിന്നിലെ സ്ത്രീസൗന്ദര്യത്തെ ജ്വലിപ്പിക്കാൻ കഴിയുന്നു. ചിലപ്പോൾ ഞാനുമതിൽ അന്ധനായിത്തീരുമോയെന്ന് ഭയക്കുകയാണ്. ഇല്ല... പാടില്ല." പ്രസാദ് തീവ്രമായ വികാരത്തോടെ പറഞ്ഞവസാനിപ്പിച്ചതിനുശേഷം നിന്നു കിതച്ചു. അവൻ കണ്ണുകൾ ഇറുക്കിയടച്ചു. കൈയിലിരുന്ന വാൾ ആഞ്ഞുവീശി. അഭിനയയുടെ ഗളം തെറിച്ച് തറയിലൂടെ ഉരുണ്ടു.

"അമ്മേ" എന്നു കരഞ്ഞുകൊണ്ട് അഭിനയ കട്ടിലിൽനിന്നും പിടഞ്ഞെഴുന്നേറ്റു. ഇരുകൈകളും ഉയർത്തി കഴുത്തിൽ തപ്പിനോക്കി. വിയർത്ത മുഖം കൈകൾകൊണ്ട് തുടച്ചു. അവൾ ശ്വാസം ആഞ്ഞുവലിച്ചുകൊണ്ട് അങ്ങനെതന്നെ കറുച്ചസമയം കട്ടിലിലിരുന്നു. ഭിത്തിയിലെ ഘടികാരത്തിൽ നോക്കിയപ്പോൾ സമയം ആറു മണി കഴിഞ്ഞിരുന്നു. അവൾ കട്ടിലിൽനിന്നും എഴുന്നേറ്റ് ബാത്റൂമിൽ കയറി മുഖം കഴുകി. തലേദിവസം നാടകറിഹേഴ്സൽ കഴിഞ്ഞ് ഏറെ വൈകിയാണ് കിടന്നത്. അസ്വസ്ഥതയും തളർച്ചയും എല്ലാം കലർന്നിട്ടാണ് അങ്ങനെയൊരു സ്വപ്നം കണ്ടതെന്ന നിഗമനത്തിലാണ് അവളെത്തിയത്. പലവിധ ചിന്തകൾക്കിടയിൽ അവൾ എപ്പോഴോ ഓർത്തു–നാടകവും തന്റെ ജീവിതവും തമ്മിലുള്ള യാദൃച്ഛികബന്ധത്തെപ്പറ്റി. സംഭവങ്ങളും കഥാപാത്രങ്ങളുമെല്ലാമായുള്ള സാമ്യം!

ഗായത്രി അവിടേക്കുവന്ന് തിരക്കി: "നീയെന്നെ വിളിച്ചോ?"

"ഇല്ലാന്റി." അഭിനയ പറഞ്ഞു.

"കുറച്ചുമുമ്പ് നിന്റെയൊരു ശബ്ദം കേട്ടായിരുന്നു. നീ എന്നെ വിളിച്ചതോ മറ്റോ ആണെന്നു കരുതി." ഗായത്രി ചിരിച്ചുകൊണ്ട് പറഞ്ഞു. "രാവിലെ റോസ്മേരി വിളിച്ചിരുന്നു. നീ ക്ഷീണിച്ച് ഉറങ്ങുന്നതുകൊണ്ട് വിളിച്ചേല്പിക്കേണ്ടായെന്നു കരുതി."

"എന്താ അവൾ വിശേഷിച്ച്, വല്ല വാർത്തയുമുണ്ടോ?" അഭിനയ അല

സമായി തിരക്കി.

"അവളുടെ ആങ്ങളയുടെ വിവാഹം ഉറപ്പിച്ചെന്ന് പറഞ്ഞു.' ഗായത്രി തുടർന്നു: "നിന്നോട് നേരത്തെ അവിടെ ചെല്ലണമെന്നും എന്തെല്ലാമോ സഹായങ്ങൾ ചെയ്യണമെന്നും പറഞ്ഞു."

"നാളെയെനിക്ക് അഭിലോഷികയുടെ അവതരണമുള്ളതിനെപ്പറ്റി ആന്റി പറഞ്ഞുവോ?" അഭിനയ ചോദിച്ചു.

അപ്പോൾ ഫോൺ വീണ്ടും ബെല്ലടിക്കുവാൻ തുടങ്ങി. "റോസ്മേരി യായിരിക്കും വിളിക്കുന്നത്." ഗായത്രി നിഗമനം പറഞ്ഞു.

അഭിനയയാണ് ഫോണെടുത്തത്. അങ്ങേത്തലയ്ക്കൽ റോസ്മേരി. അവർ തമ്മിൽ സംസാരിക്കുന്നതിനിടയിൽ റോസ്മേരി പറഞ്ഞു: "നമ്മുടെ ഫിലിപ്പച്ചൻ കെട്ടാൻ പോകുന്ന പെണ്ണിന് നിന്റെ ഛായയയാണ്. രണ്ടുപേരെ യുംകൂടി ഒരുമിച്ചുകണ്ടാൽ ഇരട്ടയാണെന്നെ പറയൂ."

"എന്താ പെണ്ണിന്റെ പേര്?" അഭിനയ ആകാംക്ഷയോടെ തിരക്കി.

"പേരു ചോദിച്ചിട്ട് മതം അറിയാനാ?" ഞങ്ങളുടെ മതംതന്നെയാ. ജനി ഫർ." റോസ്മേരി തുടർന്നു: "ഞാനോരോന്ന് പറഞ്ഞ് ഫിലിപ്പച്ചനെ കളി യാക്കിക്കൊണ്ടിരിക്കുകയാ. അവന് നിന്നോട് താത്പര്യമുണ്ടായിരുന്നെങ്കിൽ എന്നോട് പറഞ്ഞാൽ മതിയായിരുന്നല്ലോ. അല്ലാതെ ഭീരുവിനെപ്പോലെ ആ ഛായയുള്ള പെണ്ണിനെത്തന്നെ കെട്ടണമോ എന്നെല്ലാമാ എന്റെ ഡയലോഗ്."

അഭിനയ അതുകേട്ട് ഒന്നുംപറയാതെ നിന്നതെയുള്ളൂ.

"നീയെന്താ കുന്തം വിഴുങ്ങിയതുപോലെ നിൽക്കുന്നത്?" റോസ്മേരി തിരക്കി.

"ജനിഫറിനെ നേരിൽ കാണുവാൻ എനിക്ക് ആഗ്രഹം തോന്നു ന്നുണ്ട്." അഭിനയ തുടർന്നു: "എന്റെ ഛായയുള്ള ആളല്ലേ?"

"ഫിലിപ്പച്ചൻ ഇവിടെയുണ്ട്. ഞാൻ ഫോൺ അവന്റെ കൈയിൽ കൊടുക്കാം." റോസ്മേരി പറഞ്ഞു.

അഭിനയ റിസീവറിലൂടെ ശ്രദ്ധിച്ചുനിന്നു. ഫിലിപ്പ് ഔപചാരികമായി അവളെ വിവാഹത്തിനു ക്ഷണിച്ചു.

"ജനിഫറിന് എന്റെ ഛായ ആണെന്ന് റോസ്മേരി പറഞ്ഞത് ശരി യാണോ?" അഭിനയ തിരക്കി.

"എന്നാണ് ഇവിടെയെല്ലാവരും പറയുന്നത്." ഫിലിപ്പ് ലാഘവത്തോടെ പറഞ്ഞു.

"ആ സ്വഭാവം കിട്ടാതിരുന്നതാൽ മതിയായിരുന്നു." അഭിനയ അട ക്കിയ ശബ്ദത്തിൽ പറഞ്ഞു.

"എന്താ തന്റെ സ്വഭാവം അത്ര മോശമാണോ?" ഫിലിപ്പ് ചോദിച്ചു.

"എനിക്കറിയില്ല." അഭിനയ തുടർന്നു: "ഫിലിപ്പച്ചന്റെ അഭിപ്രായ മെന്താ?"

റോസ്മേരി ഫിലിപ്പിന്റെ കൈയിൽനിന്നും ഫോൺ മേടിച്ചു പറഞ്ഞു:

“വിവാഹം ഉറപ്പിച്ച ചെറുക്കനാ. നീ അവനോട് അധികം സൊള്ളണ്ടാ. നീ നേരത്തെ വരണം. എല്ലാ കാര്യത്തിലും നിന്റെ അഭിപ്രായം എനിക്കു വേണം.”

അഭിനയ നേരത്തെതന്നെ ചെല്ലാമെന്ന് സമ്മതിച്ച് ഫോൺ വച്ചു.

“മോളെ കാപ്പി എടുത്തുവച്ചിട്ടുണ്ട്.” ഗായത്രി പറഞ്ഞു: “ഇന്ന് എനിക്ക് അല്പം നേരത്തെ കംപ്യൂട്ടർ സെന്ററിലേക്ക് പോകണം. അവിടെ അല്പം ജോലിയുണ്ട്. കഴിക്കുവാൻ പുട്ടും കടലയും ഉണ്ടാക്കിവച്ചിട്ടുണ്ട്. പഴം പുഴുങ്ങിയത് അടുക്കളയിലെ പാത്രത്തിലുണ്ട്.”

“അതൊക്കെ ഞാൻ എടുത്ത് കഴിച്ചോളാം ആന്റി.” അഭിനയ പറഞ്ഞു.

ഗായത്രി കംപ്യൂട്ടർ സെന്ററിലേക്ക് പോയിക്കഴിഞ്ഞപ്പോൾ അഭിനയ വാതിലടച്ച് ഡ്രോയിങ് റൂമിലെ സെറ്റിയിലിരുന്നു. മുന്നിലെ ടീപ്പോയിൽ കിടന്നിരുന്ന ഹോളി മറിയം കോളജിലെ ഇന്റർവ്യൂവിന്റെ കാർഡ് തിരിച്ചും മറിച്ചും നോക്കി. അതിനുശേഷം നാളെ നടക്കാനിരിക്കുന്ന അഭിലോഷിക നാടകത്തിന്റെ ബഹുവർണ്ണ പോസ്റ്ററുകൾ എടുത്തുനോക്കി. എല്ലാത്തിലും പ്രാധാന്യത്തോടെ കൊടുത്തിരിക്കുന്നത് അഭിനയയുടെ ചിത്രങ്ങൾതന്നെ യാണ്. അതിലെ ഒരു ചിത്രം അവൾ ശ്രദ്ധയോടെ നോക്കി. നാടകത്തിന്റെ മൂർദ്ധന്യത്തിൽ അവതരിപ്പിക്കുന്ന രംഗമാണത്. ഉയർത്തിപ്പിടിച്ച വാളുമായി അഭിലോഷികയ്ക്കു മുന്നിൽ നിൽക്കുന്ന കാമുകൻ, കാമുകനു പിന്നിൽ നിൽക്കുന്ന മന്ത്രവാദി. ആ ചിത്രത്തിന് തീവ്രത കൊടുക്കുവാനായി പശ്ചാ ത്തലത്തിൽ കറുത്ത വാവലിന്റെയും ഭീകരരൂപമുള്ള എട്ടുകാലിയുടെയും ചിത്രം കൊടുത്തിരിക്കുന്നു. മന്ത്രവാദിയുടെ തീക്കുണ്ഠത്തിനടുത്തായി ചുമന്ന കണ്ണുള്ള ഒരു കറുത്ത പൂച്ചയുമുണ്ട്. പ്രഭാതത്തിൽ സ്വപ്നം കണ്ട പ്പോഴും അവയെയെല്ലാം കണ്ടത് അഭിനയ ഓർമ്മിച്ചു. അഭിനയ പിന്നെയെ ടുത്ത ചിത്രം മദാലസയായ അഭിലോഷികയുടേതായിരുന്നു! അതുപോലുള്ള മാദകഭാവം തന്റെ കണ്ണുകളിൽ വിടരുമോയെന്ന് അഭിനയ സംശയിച്ചു. അഭി ലോഷികയുടെ ത്രസിച്ചുനിൽക്കുന്ന മുലകളും ശരീരത്തിന്റെ ആകെയുള്ള വടിവും കൗതുകത്തോടെ അഭിനയ നോക്കിയിരുന്നു. അത് തന്റെതന്നെ ചിത്രമാണല്ലോ എന്ന അറിവ് അഭിനയയുടെ ചുണ്ടുകളിൽ മന്ദസ്മിതം വിടർത്തി. അപ്പോളവൾ മനസ്സിൽ പറഞ്ഞു: സുന്ദരിയായ അഭിനയ.

അഭിലോഷികാ നാടകം ഇംഗ്ലണ്ടിൽ അവതരിപ്പിക്കുന്നതിനുമുമ്പ് കേര ളത്തിലെ തിരഞ്ഞെടുത്ത ചില നഗരങ്ങളിൽ ആ നാടകം അവതരിപ്പിക്കു ന്നതിനെപ്പറ്റി തലേദിവസം വർക്കിസാർ പറഞ്ഞത് അഭിനയ ഓർമ്മിച്ചു. ഏതാ യിരിക്കും ആ തിരഞ്ഞെടുത്ത നഗരങ്ങൾ? അഭിനയ ചിന്തിച്ചുനോക്കി. അഭി നയയുടെ മനസ്സിലൂടെ അടുക്കും ചിട്ടയുമില്ലാതെ ചിന്തകൾ കയറിയിറങ്ങി പ്പോയിക്കൊണ്ടിരുന്നു. ഫോൺ ശബ്ദിക്കുന്നതു കേട്ടപ്പോഴാണ് അവൾ ചിന്ത യുടെ ലോകത്തുനിന്നും ഉണർന്നത്.

അഭിനയ ഫോണെടുത്തു. അങ്ങേത്തലയ്ക്കൽ ഡോ. രമേശ്.

“നാളത്തെ നാടകം കാണുവാനുള്ള ടിക്കറ്റ് ഞാൻ എടുത്തിട്ടുണ്ട്.” ഡോ. രമേശ് തുടർന്നു: “യഥാർത്ഥത്തിൽ ആ നാടകത്തിലെ ഏറ്റവും വലിയ ആകർഷണം താനാ. പോസ്റ്ററുകളിലെ തന്റെ ചിത്രം ഇപ്പോൾതന്നെ ഒരു ചർച്ചാവിഷയമായിട്ടുണ്ട്.”

ഡോക്ടർ പറഞ്ഞുനിർത്തിയപ്പോൾ അഭിനയ പറഞ്ഞു: “നന്ദിയുണ്ട് ഡോക്ടർ പ്രോത്സാഹിപ്പിക്കുന്നതിൽ.”

അവർക്കിടയിൽ അല്പസമയത്തെ മൗനം വളർന്നു.

“ആളുകൾ ഡോക്ടറെപ്പറ്റി ഓരോന്നു പറയുന്നുണ്ടെങ്കിലും എനിക്ക് ഡോക്ടറോട് വെറുപ്പോ പരിഹാസമോ ഒന്നുമില്ല.” അഭിനയ പറഞ്ഞു.

“ആഗ്രഹങ്ങളും സാഹചര്യങ്ങളുമാണ് ഓരോരുത്തരെക്കൊണ്ട് ഓരോന്ന് ചെയ്യിക്കുന്നത്.” ഡോക്ടർ ആശ്വാസത്തോടെ തുടർന്നു: “ഒരാളെങ്കിലും മനസ്സിലാക്കിയല്ലോ. സമൂഹത്തിൽനിന്നു കിട്ടുന്ന അംഗീകാരമാണ് ഏറ്റവും വലിയ അംഗീകാരം. അല്ലാതെ പണമോ പദവിയോ അല്ല. സമൂഹത്തിൽനിന്നു കിട്ടുന്ന അപമാനമാണ് ഏറ്റവും വലിയ ശിക്ഷയും പീഡയും. അല്ലാതെ തടവോ കഴുമരമോ ഒന്നുമല്ല.”

ഇത്രയും പറഞ്ഞപ്പോൾ അഭിനയയ്ക്ക് ഡോക്ടറോട് സഹതാപം തോന്നി. “എനിക്ക് താങ്കളോട് അല്പം സംസാരിച്ചാൽകൊള്ളാം. എപ്പോഴാണ് സമയം?” അഭിനയ ചോദിച്ചു.

“എനിക്ക് എപ്പോഴും സമയമുണ്ട്.” ഡോക്ടർ തുടർന്നു: “അഭിനയ ഒരു സ്ഥലവും സമയവും നിശ്ചയിച്ചാൽ ഞാനവിടെ വന്നുകൊള്ളാം. പൊതുസ്ഥലത്തുവച്ച് എന്നോട് അധികം സംസാരിച്ചാൽ അത് തന്റെ സൽപ്പേരിന് ദോഷം വരുത്തും.”

ഡോക്ടറുടെ നല്ല മനസ്സ് അഭിനയയെ ആശ്ചര്യപ്പെടുത്തി.

നാടൻ റസ്റ്റോറന്റിന് എതിർവശമുള്ള ക്രിസ്ത്യാനികളുടെ പള്ളി അറിയുമോ?” അഭിനയ ചോദിച്ചു.

“അറിയാം.” ഡോക്ടർ പറഞ്ഞു.

“ആറു മണി കഴിയുമ്പോൾ അവിടെയെത്തിയാൽ മതി.” അഭിനയ പറഞ്ഞു.

തുടർന്ന് ഒന്നുംതന്നെ സംസാരിക്കാതെ അവർ ഫോൺ വച്ചു. അഭിനയ മെല്ലെ നടന്ന് ഇന്റർനെറ്റിന്റെ അടുത്തെത്തി. ഡോക്ടറോട് അദ്ദേഹത്തിന്റെ കാമചിത്രങ്ങളുള്ള സൈറ്റിന്റെ അഡ്രസ് ചോദിക്കാമായിരുന്നെന്ന് ഓർമ്മിച്ചു. ചില കാമചിത്രങ്ങളുടെ സൈറ്റുകളിലേക്ക് കടന്നു. അല്പസമയത്തിനുശേഷം സൂയിസൈഡ് സൈറ്റിലെത്തി. ആത്മഹത്യയെ എങ്ങനെ അനുഭവമാക്കാമെന്ന് വിശദീകരിക്കുന്ന വിവിധ നിർദേശങ്ങൾ! അല്പസമയത്തിനുശേഷം അഭിനയ അടുത്ത സൈറ്റിലേക്ക് പോയി. അത് സംഗീതത്തിന്റെ സൈറ്റായിരുന്നു. ഓരോരോ സൈറ്റുകളിലൂടെ സഞ്ചരിച്ചുകഴിഞ്ഞ് അവസാനം അവളുടെ പുതിയ ലക്കം സൈബർ കവിത വരുന്ന സൈറ്റി

ലുമെത്തി. അപ്പോഴാണ് അടുത്ത ലക്കത്തിലേക്ക് ഒരു കവിതയെഴുതാമെന്ന് തീരുമാനിച്ചത്. ചെറിയ മൂളിപ്പാട്ടോടെ അവൾ കംപ്യൂട്ടറിൽ കവിതയെഴുതുത്തുടങ്ങി.

വല്ലാത്തൊരു സന്തോഷം തോന്നി. അഭിനയ കംപ്യൂട്ടറിന്റെ മുന്നിൽ നിന്നും എഴുന്നേറ്റ് കിടപ്പുമുറിയിലേക്ക് നടന്നു. ബഡ്ഡിൽ ഇതുവരെ വായിച്ചുതീർക്കാത്ത അഭിലോഷിക നോവൽ. അവളത് കൈയിലെടുത്തു. സോറി ജോസ്. എനിക്ക് നിന്റെ നോവൽ വായിക്കുവാൻ ഇതുവരെ കഴിഞ്ഞില്ല. വായിക്കുവാൻ തുടങ്ങുമ്പോൾ ഓരോരോ ചിന്തകൾ വായനയെ വളർത്തുന്നില്ല. അതാണ് സത്യം. ജോസേ, നിന്റെ അഭിലോഷിക വായിച്ചുതീർത്തിട്ടുതന്നെ ബാക്കി കാര്യം. അഭിനയ മനസ്സിൽ പറഞ്ഞു. പിന്നെ വായിച്ചുനിർത്തിയ ഭാഗത്തുനിന്നും തുടർന്ന് വായിക്കുവാൻ തുടങ്ങി.

സായാഹ്നമായിക്കഴിഞ്ഞപ്പോൾ ഡോ. രമേശിനോട് ചെല്ലാമെന്നു പറഞ്ഞ പള്ളിയുടെ അടുത്തേക്കു പോകുവാൻ തീരുമാനിച്ച് അഭിനയ വീട്ടിൽനിന്നുമിറങ്ങി. ഒരു ആട്ടോയിൽ പോകുമ്പോൾ അതിന്റെ ഒരു വശത്തുകൂടി പ്രസാദ് ബൈക്കിൽ പോകുന്നതു കണ്ടു. അവൻ കാണാത്തതിന്റെ ആശ്വാസത്തോടെ ആട്ടോയുടെ പിൻസീറ്റിൽ ചാരിയിരുന്നു. പള്ളിയുടെ അടുത്തെത്തിയപ്പോൾ ആട്ടോ നിർത്തി. അവൾ നോക്കുമ്പോൾ തെല്ലകലെയായി ഡോക്ടറുടെ വിലപിടിപ്പുള്ള കാറ് കിടക്കുന്നതു കണ്ടു. ആട്ടോക്കാരന് മീറ്ററിൽ തെളിഞ്ഞതിനെക്കാൾ പത്തു രൂപ കൂടുതൽ കൊടുത്തിട്ട് കൈയിലിരിക്കട്ടെയെന്നു പറഞ്ഞു. ആട്ടോക്കാരൻ സന്തോഷത്തോടെ മുന്നോട്ടു പോയി. അഭിനയ നടന്ന് ഡോക്ടറുടെ കാറിന്റെ അടുത്തെത്തി.

“ഡോക്ടർ വന്നിട്ട് ഏറെ നേരമായോ?” അഭിനയ തിരക്കി.

“ഏറിയാൽ അഞ്ചു മിനിറ്റ്.” ഡോക്ടർ പറഞ്ഞു.

അഭിനയ നോക്കുമ്പോൾ ദൂരെനിന്നും പ്രസാദിന്റെ ബൈക്ക് വരുന്നതു കണ്ടു. അവൾ പ്രകടമായ അസ്വസ്ഥതയോടെ ഡോക്ടറോടു പറഞ്ഞു: “പ്രസാദ് വരുന്നണ്ടല്ലോ.”

അഭിനയ വേഗന്നുതന്നെ കാറിന്റെ ഡോർ തുറന്ന് അതിനുള്ളിലേക്കു കയറി. ഡോക്ടർ കാറിൽ ചാരി അങ്ങനെതന്നെ നിന്നു. പ്രസാദിന്റെ ബൈക്ക് കാറിന്റെ വലതുവശത്തുകൂടി കടന്നുപോകുന്നത് തെല്ല് ഭീതിയൊതുക്കി അഭിനയ നോക്കിയിരുന്നു. ഡോക്ടർ എതിർവശത്തെ ഡോർ തുറന്ന് കാറിന്റെ ഡ്രൈവിങ് സീറ്റിലിരുന്നു.

“കാമുകനെ കണ്ട് ഭയന്നുപോയോ?” ഡോക്ടർ തിരക്കി.

അതിനുത്തരമായി അഭിനയ ഒന്നു പുഞ്ചിരിച്ചതേയുള്ളൂ.

“അവൻ കണ്ടിട്ടൊന്നുമില്ല.” ഡോക്ടർ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു: “നമ്മൾക്ക് നിന്നു സംസാരിക്കുവാൻ പറ്റിയ സ്ഥലം ഇവിടെയെങ്ങുമില്ല.” ഡോക്ടർ കാറ് മുമ്പോട്ടെടുത്തുകൊണ്ട് പറഞ്ഞു: “കാറോടിച്ചുകൊണ്ട് അതിലിരുന്ന് സംസാരിക്കാം. അതാകുമ്പോൾ പിന്നെ ആരുടെയും

ശല്യമില്ലല്ലോ."

ഡോക്ടർ കാറ് ഓടിച്ചുകൊണ്ടിരുന്നു. അതിലെ അരിച്ചിറങ്ങുന്ന എ.സി.യുടെ ചെറുസുഖത്തിൽ അവർ ഒന്നും സംസാരിക്കാതെയിരുന്നു. നഗരത്തിൽനിന്നും അവർ പുറത്തേക്കു കടന്നു. അവർക്കിടയിലെ മൗനത്തെ അവസാനിപ്പിച്ചുകൊണ്ട് ഡോക്ടർ ചോദിച്ചു: "ഞാൻ ആരാ എന്താ എന്നൊക്കെ തനിക്ക് അറിയുമോ?"

"കുറച്ചൊക്കെ അറിയാം." അഭിനയ പറഞ്ഞു.

"എന്തറിയാം?" ഡോക്ടർ തിരക്കി.

"ഒരു പാവം പാലക്കാട്ടുകാരൻ ഡോക്ടർ ജോലിയന്വേഷിച്ച് മദിരാശിയിലെത്തുന്നു. സ്വപരിശ്രമംകൊണ്ട് ഒരു ഹോസ്പിറ്റൽ തുടങ്ങി. കാലങ്ങൾ കഴിഞ്ഞിട്ടും സാമ്പത്തികമായി വലിയ ഉയർച്ചയൊന്നുമില്ലാതെ വന്നപ്പോൾ ഭാര്യയുടെകൂടി സമ്മതത്തോടെ കാമചിത്രങ്ങൾ ഇന്റർനെറ്റിലെ വെബ്സൈറ്റ് വഴി വിൽക്കുവാൻ തുടങ്ങി. അതിന്റെ ലാഭംകൊണ്ട് ആർത്തി മൂത്ത ഡോക്ടർ അതിനെയൊരു വ്യവസായമാക്കി മാറ്റുവാൻ ശ്രമിച്ചു. അതിനിടയിൽ മദിരാശി പോലീസ് പിടിക്കുന്നു. നിയമം ശിക്ഷിക്കുന്നു. ഇപ്പോൾ പണത്തിന്റെ ബലത്തിൽ ശിക്ഷയിൽനിന്നെല്ലാം അകന്ന് ഇവിടെ ജീവിക്കാനെത്തിയിരിക്കുന്നു." അഭിനയ പറഞ്ഞുനിർത്തി.

"അഭിനയ എന്റെ ജീവചരിത്രം മുഴുവനും അറിഞ്ഞ് ഒരു ചെറുകഥപോലെ ആക്കിയിരിക്കുന്നല്ലോ." ഡോക്ടർ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഡോക്ടറെ കാണുമ്പോഴൊക്കെ ചോദിക്കണമെന്ന് ഓർക്കും. കാമചിത്രങ്ങളുടെ സൈറ്റഡ്രസ്. പിന്നെ മടി കാരണം വേണ്ടെന്നുവയ്ക്കും." അഭിനയ കുസൃതിയോടെ തുടർന്നു: "അത്തരം ചിത്രങ്ങൾ കാണേണ്ടത് ഞങ്ങളെപ്പോലെയുള്ള ചെറുപ്പക്കാരല്ലെ? വിവാഹിതരും പ്രായമായവരും കണ്ടിട്ട് എന്തു കാര്യം?"

"അവിടെയാണ് അഭിനയയ്ക്ക് തെറ്റിയത്." ഡോക്ടർ വിശദീകരിച്ചു: "ഞങ്ങൾ ഡോക്ടർമാർ എത്രയോ ജഡങ്ങൾ കാണുന്നു. ചീഞ്ഞ് പഴുത്ത മനുഷ്യശരീരങ്ങൾ. അപ്പോഴും ചികിത്സ നടത്തുന്ന മനുഷ്യശരീരത്തെ സ്നേഹിക്കുകയും കാമിക്കുകയുമെല്ലാം ചെയ്യുന്നില്ലേ. വിശപ്പ് കൂടുന്നതനുസരിച്ച് ഭക്ഷണത്തിന് രുചി കൂടും. അദ്ധ്വാനം കൂടുന്നതനുസരിച്ച് വിശപ്പ് കൂടും. അതുപോലെതന്നെയാണ് രതിയോടും കാമചിത്രങ്ങളോടുമുള്ള മനോഭാവം."

പുത്തൻ അറിവ് പകർന്നുതന്ന ഡോക്ടറെ കൗതുകത്തോടെ അഭിനയ നോക്കി.

"നിങ്ങൾ ചെറുപ്പക്കാർക്ക് ചിത്രദർശനം സുഖംതരുമ്പോൾ ഞങ്ങൾ മുതിർന്നവർക്ക് അതിനുമപ്പുറം അനുഭവംതന്നെ വേണം." ഡോക്ടർ പറഞ്ഞു.

അവരുടെ സംസാരം അങ്ങനെ പല വഴിയിലൂടെ കാടുകയറിപ്പോയി.

കാറ് തികച്ചും വിജനമായ നിരത്തിലൂടെ പൊയ്ക്കൊണ്ടിരിക്കുകയാണ്. “ഇപ്പോൾ സമയം എന്തായെന്ന് അറിയുമോ?” ഡോക്ടർ തിരക്കി.

അഭിനയ വാച്ചിൽ നോക്കി പറഞ്ഞു. “പതിനൊന്നാകാറായി.” ഡോക്ടർ തികച്ചും അപരിചിതമായ ഒരു ഇടവഴിയിലേക്കു കയറ്റി കാറു നിർത്തി. കാറിന്റെ പാർക്കിങ് ലൈറ്റ് മാത്രമിട്ടു. അവർ കാറിൽനിന്നും പുറത്തേക്കിറങ്ങി. കരിമ്പടം പുതച്ചുകിടക്കുന്ന പ്രകൃതിയെ നോക്കി അല്പസമയം നിന്നു. മൂങ്ങകളുടെ കുറുകൽ അന്തരീക്ഷത്തെ ശബ്ദമുഖരിതമാക്കി. ഡോക്ടർ കൈയിലിരുന്ന ടോർച്ച് പ്രകാശിപ്പിച്ച് ചുറ്റുവട്ടം നോക്കി. അവർ നിൽക്കുന്നത് വലിയൊരു ആലിന്റെ ചുവട്ടിലാണെന്ന് മനസ്സിലായി. ആലിന്റെ അപ്പുറത്തായി പഴയൊരു ക്ഷേത്രമുണ്ടെന്ന് വ്യക്തമായി.

“ഏതാണീ സ്ഥലം?” അഭിനയ തിരക്കി.

“അറിയില്ല.” ഡോക്ടർ പറഞ്ഞു.

“നമ്മൾക്ക് ആ ക്ഷേത്രത്തിലേക്ക് ഒന്നു കയറിയാലോ?” അഭിനയ ചോദിച്ചു.

“അതിനെന്താ.” ഡോക്ടർ പറഞ്ഞു.

അവർ ടോർച്ച് വെട്ടത്തിൽ കൈകൾ കോർത്തുപിടിച്ച് ക്ഷേത്രത്തിലേക്ക് നടന്നു. അതിനിടയിൽ ഡോക്ടർ ചോദിച്ചു: “അഭിനയയ്ക്ക് വിശ്വാസമുണ്ടോ?”

“മനുഷ്യസ്നേഹത്തിൽ മാത്രമേ വിശ്വാസമുള്ളൂ.” അഭിനയ പറഞ്ഞു.

ഡോക്ടർ ലൈറ്റ് പ്രകാശിപ്പിച്ച് നോക്കിയപ്പോൾ ദേവീവിഗ്രഹത്തിൽ വാടിത്തുടങ്ങിയ നിർമാല്യങ്ങൾ കിടക്കുന്നതാണ് കണ്ടത്. തറയിലാകെ കരിയിലകൾ കൂടിക്കിടക്കുന്നു. മാമലകളിൽനിന്നും മെല്ലെ വീശിക്കൊണ്ടിരുന്ന കാറ്റിന് തണുപ്പുണ്ടായിരുന്നു. പഴുത്ത ഇലകൾ വീണുകൊണ്ടിരുന്നു. മൂങ്ങകളുടെ കുറുകലിന് ശക്തിയേറി.

“തണുക്കുന്നുണ്ടോ?” അഭിനയ തിരക്കി.

“ചെറുതായി.” ഡോക്ടർ പറഞ്ഞു.

“എനിക്ക് നന്നായി തണുക്കുന്നുണ്ട്.” അഭിനയ ഡോക്ടറെ പിടിച്ചു നിർത്തിക്കൊണ്ട് പറഞ്ഞു: “തണുപ്പിൽ നിങ്ങൾക്കെന്നെ പുണർന്ന് ചൂടുപിടിപ്പിച്ചുകൂടെ?” അഭിനയ ഡോക്ടറോട് ചേർന്നുനിന്നു.

കാമത്തിന്റെ സർപ്പം അവളുടെ ഉള്ളിൽനിന്നും പുറത്തേക്കിറങ്ങിക്കൊണ്ടിരുന്നു. ഡോക്ടറുടെ ആസക്തി മറ്റൊരു സർപ്പമായി ഫണം വിടർത്തി നിന്നാടി. രണ്ടു സർപ്പങ്ങൾ. ആണും പെണ്ണും! സ്ഥലകാലങ്ങൾ മറന്ന് പുനഞ്ഞാടുകയായിരുന്നു. ഇരുട്ട് അവരുടെ ചാപല്യത്തെ മറച്ചുപിടിച്ച് സ്വപ്നങ്ങളെ തിളക്കിയെടുത്തു.

വിദൂരതയിൽനിന്നും നായ്ക്കൾ ഓരിയിടുന്നതും മറ്റ് മൃഗങ്ങൾ അസാധാരണമായ ശബ്ദം പുറപ്പെടുവിക്കുന്നതും പക്ഷികൾ ഭയന്ന് ചിലയ്ക്കുന്നതും അഭിനയ കേട്ടു. അപ്പോൾ അവൾക്കു കീഴിൽ ഭൂമിയൊന്ന് വിറകൊ

ണ്ടു. മുകളിൽ അവ്യക്തമായ ആകാശം വട്ടത്തിൽ കറങ്ങി. ഇതു കണ്ട പ്രാണവായു പകച്ചുനിന്നു. തൊട്ടുമുന്നിൽ മന്ദസ്മിതമൊതുക്കി നിൽക്കുന്ന മൃത്യുദേവന്റെ അതിമനോഹരരൂപം. അവൾ ഓടിച്ചെന്ന് അവന്റെ മുന്നിൽ ലജ്ജാവതിയായി നിന്നു. അവൻ മെല്ലെ അവളുടെ മുഖം പിടിച്ചുയർത്തി. അവരുടെ കണ്ണുകൾ കഥകൾ പറഞ്ഞ് അല്പസമയം നിന്നു. അവൻ ശിര സൊന്ന് കുനിച്ചപ്പോൾ അവൾ മെല്ലെ അവന്റെ കഴുത്തിൽ സ്വയംവരപുഷ്പ ഹാരം ചാർത്തി. അവർ വികാരത്തോടെ ചുണ്ടുകൾ ചേർത്ത് ആദ്യചും ബനം നടത്തി. പിന്നെ ആലിംഗനബദ്ധരായി. അതിന് തീക്ഷ്ണതയേറി. ഇളകിമറിയുന്ന കടലിന്റെ തീക്ഷ്ണഭാവമായി. ഊഷ്മളമായ സുഖം ആസ്വ ദിച്ച് മൃത്യുവുമായി രമിച്ചു; മൃത്യു അവൾക്കുമേൽ പൂർണ്ണ ആധിപത്യം പുലർത്തുന്നതുവരെ.

മഞ്ഞുപെയ്യുന്ന മാമലകളിൽനിന്നും ഒഴുകിയെത്തിയ തണുപ്പ്, ആല സ്യത്തിൽ ആണ്ടുകിടക്കുന്ന ഡോക്ടറെ ഉണർത്തി. അയാൾ അഭിനയയെ വിളിച്ചു. അവളുടെ ശരീരത്തിന്റെ തണുപ്പ് പെട്ടെന്നുതന്നെ ഡോക്ടർ അറി ഞ്ഞു. അയാൾ ഭീതിയോടെ പിടഞ്ഞെണീറ്റു. നിലത്തുനിന്നും ടോർച്ചെടുത്ത് തെളിച്ചുനോക്കുമ്പോൾ കണ്ണുതുറിച്ച്, വായ് പിളർന്ന്, രക്തമൊഴുകി, വികൃ തമായി പടർന്നുകിടക്കുന്ന ഒരു നഗ്നരൂപം. ആ ഭീകരരൂപം ഡോക്ടറുടെ സിരകളിൽ ഭീതിയുടെ വിറയൽ കയറ്റി. ചില നിമിഷങ്ങൾകൊണ്ട് മനസാ ന്നിദ്ധ്യം വീണ്ടെടുത്തു. അയാളുടേതായ വസ്ത്രങ്ങൾ, ചെരുപ്പ് എല്ലാം പെറു ക്കിയെടുത്ത് കിതച്ചുകൊണ്ട് കാറിൽ കയറി. അവിടെനിന്നും രക്ഷയ്ക്കായി പായുമ്പോൾ മനസ്സ് വേപഥുപൂണ്ടു. ഒരു കൊലക്കുറ്റത്തിന് ശിക്ഷ അനുഭ വിക്കേണ്ടിവരുമോ? ആ കുട്ടി എങ്ങനെയാണ് മരിച്ചത്? സൂയിസൈഡ് ടാബി ലറ്റ്സ് കഴിച്ചിരിക്കുമോ? അല്ലെങ്കിൽ വല്ല ഇഴജീവികളും കടിച്ചതാണോ? ഇനി വല്ല അസുഖവുമുണ്ടായിരുന്നത് മൂർച്ചിച്ചതാണോ? കൊലപാതമായി വിധിച്ചാൽ തനിക്ക് കിട്ടാവുന്ന പരമാവധി ശിക്ഷകളെക്കുറിച്ചും ഡോക്ടർ ചിന്തിച്ചുകൊണ്ടിരുന്നു.

# 16
# കാലം വളർത്തിയെടുത്ത കഥകൾ

അഭിനയയുടെ മരണം ഒരു സംഭവമായിരുന്നു. മാധ്യമങ്ങൾ കൊണ്ടാടിയ സംഭവം. ആ സംഭവം സൃഷ്ടിച്ച വാർത്തകൾ പലതായിരുന്നു.

'യുവ കവയിത്രി കൊല്ലപ്പെട്ടു' എന്നാണ് ഒരു പത്രത്തിൽ പ്രാധാന്യ ത്തോടെ വന്ന വാർത്ത. മറ്റൊരു പ്രധാന പത്രത്തിൽ വന്ന വാർത്ത 'മിത്തു കൾക്ക് ജീവനുണ്ട്!' എന്ന തലവാചകത്തോടെയാണ്. വാർത്തയുടെ സാരം, അഭിലോഷികയായി അഭിനയിച്ചവൾ ദുരൂഹസാഹചര്യത്തിൽ മരിച്ച സംഭ വങ്ങളായിരുന്നു. ആ പട്ടികയിലെ അവസാനത്തെ വ്യക്തിയാണ് അഭിനയ യെന്നും അവർ രേഖപ്പെടുത്തി. മറ്റൊരു പത്രത്തിൽ വന്ന വാർത്ത 'ഷേക്സ്പിയറിന്റെ ആത്മാവ് ഇന്നും ജീവിക്കുന്നു!' എന്നായിരുന്നു. 'ബലാ ത്സംഗത്തിനിരയായ സാഹിത്യകാരി മരിച്ചു' എന്ന വാർത്തയുമായാണ് ഒരു സായാഹ്നപത്രം പുറത്തിറങ്ങിയത്.

വർക്കിസാർ പൂർത്തീകരിച്ച അഭിലോഷികാനാടകത്തിന് അഭിനയ യുടെ ജീവിതവുമായുള്ള ബന്ധത്തെ മുൻനിർത്തിയാണ് ഒരു വാരികക്കാർ ഫീച്ചർ തയ്യാറാക്കിയത്. വർക്കിസാർ അഭിനയയെ പ്രണയിച്ചു. പ്രണയം പൂത്തുലഞ്ഞുനിൽക്കുമ്പോഴാണ് അഭിനയ തന്റെ കാമുകിയിൽ തനിക്കു ണ്ടായ മകളാണെന്ന് അറിയുന്നത്. അതിന് പ്രാശ്ചിത്തം ചെയ്യുവാൻ വർക്കി സാർ തയ്യാറായി. ആ പശ്ചാത്തലത്തിലാണ് അഭിനയ ദാരുണമായി കൊല്ല പ്പെട്ടത്. കൊലയാളിയെ കണ്ടെത്താത്തതിന്റെ രോഷവും വാരികക്കാർ പ്രക ടിപ്പിച്ചു.

ഈ വാദങ്ങളെയെല്ലാം ദുർബലമാക്കുന്നതായിരുന്നു അഭിനയയുടെ ആത്മഹത്യാക്കുറിപ്പ്. 'എന്റെ മരണത്തിൽ ആർക്കും പങ്കില്ല. ഞാൻ മര ണത്തെ ഗാഢമായി പ്രണയിക്കുന്നു. പ്രണയസാക്ഷാത്കാരത്തിനായി മര ണത്തെ സ്വയംവരം നടത്താൻ പോകുകയാണ്.' അഭിനയയുടെ കിടക്ക യിൽക്കിടന്ന അഭിലോഷികാനോവലിൽനിന്നുമാണ് ഈ കുറിപ്പ് കിട്ടിയത്. യഥാർത്ഥത്തിൽ അഭിനയയുടെ ആത്മഹത്യയെപ്പറ്റിയുള്ള അന്വേഷണങ്ങൾ അതിന്റെ കാരണം തിരക്കുന്നതായിരുന്നു.

ഡോ. അഭിനയ ചന്ദ്രൻ എന്ന പേരിൽ വിദേശത്തുനിന്നും അയച്ചുവ രുത്തിയ സൂയിസയിഡ് ടാബ്ലറ്റ്സ് കഴിച്ചാണ് അഭിനയ മരിച്ചതെന്നതിന്റെ

എല്ലാ തെളിവുകളും ലഭിച്ചു. ഇന്റർനെറ്റിൽ ആശയവിനിമയം നടത്തിയാണ് ടാബ്‌ലറ്റ്സുകൾ വരുത്തിയെന്നും കണ്ടെത്തി. എന്നാൽ മരണത്തിനു തൊട്ടു മുമ്പ് അഭിനയയുമായി ബന്ധപ്പെട്ട പുരുഷൻ ആരെന്നറിയുവാൻ അന്വേഷകർക്ക് കഴിഞ്ഞില്ല.

അഭിനയയുമായി വലിയ ബന്ധമൊന്നുമില്ലാത്ത ചിലർ അവൾ സ്വഭാവദൂഷ്യമുള്ള പെണ്ണായിരുന്നെന്നു പറഞ്ഞ് രംഗത്തു വരികയുണ്ടായി. വാർത്തകൾ പലതും പരന്നുകഴിഞ്ഞപ്പോൾ യഥാർത്ഥ കാരണമായി മനഃശാസ്ത്രജ്ഞനായ ഡോ. സുധാകരൻ പറഞ്ഞത് മറ്റൊന്നായിരുന്നു. ഡോ. സുധാകരൻ തിരുവനന്തപുരം മെഡിക്കൽ കോളജിലെ റിസർച്ച് ഓഫീസുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. സുധാകരന്റെ നിഗമനം ഇങ്ങനെ സംഗ്രഹിക്കാം:

'ഷേക്സ്പിയർ കൃതികൾ അനായസമായി പഠിക്കുകയും ഭാവോജ്ജ്വലമായി അവതരിപ്പിക്കുകയും ചെയ്യുന്ന ബുദ്ധിമതിയും ധൈര്യശാലിയുമായ ഗവേഷണവിദ്യാർത്ഥിനിക്ക് മാനസികരോഗമോ? ശുദ്ധ വിവരക്കേട്. മണ്ടത്തരം. എന്നൊക്കെ തോന്നാം. എന്നാൽ യാഥാർത്ഥ്യം അതാണ്. വസ്തുതകൾ പഠിച്ചുകഴിയുമ്പോൾ അഭിനയയ്ക്ക് 'ബൈപൊളാർ അഫക്ടീവ് ഡിസോർഡർ(Bipolar affective disorder) എന്ന ഗൗരവമുള്ള മാനസികരോഗം ഉണ്ടായിരുന്നു എന്ന് വ്യക്തമാകും. ഉന്മാദം(Mania), വിഷാദം(Depression) എന്നീ അവസ്ഥകൾ പലപ്പോഴും മാറിമാറി വരുന്ന ഈ രോഗം മാനസിക രോഗമായി തോന്നുകയില്ല. ഉന്മാദവും വിഷാദാവസ്ഥയും മാറിമാറി വരുന്നതനുസരിച്ച് പെരുമാറ്റത്തിൽ വ്യത്യാസമുണ്ടാകുമെങ്കിലും അതൊക്കെ ഇക്കൂട്ടരുടെ സ്വഭാവവിശേഷമായേ തോന്നുകയുള്ളൂ.

'ചെയ്യുന്ന ജോലി എത്ര വിഷമം നിറഞ്ഞതായാലും അതിസാമർത്ഥ്യത്തോടെ ചെയ്തുതീർക്കും. മററുള്ളവരുടെ പ്രശംസ പിടിച്ചുപറ്റുവാനും ഇത്തരക്കാർക്ക് അസാമാന്യമായ കഴിവായിരിക്കും. സുഹൃത്തുക്കളെ സമ്പാദിക്കുവാൻ മിടുക്ക് കാണിക്കും. ആരോടും തെല്ലുപോലും ആത്മാർത്ഥത കാണില്ല. അടുത്ത ബന്ധുക്കളുടെ ഉപദേശങ്ങളായിരിക്കും ഇവരുടെ ഏറ്റവും വലിയ തലവേദന. ഉന്മാദാവസ്ഥയിൽ ഇവർ കുത്തിക്കുറിക്കുന്ന കവിതകളും കഥകളും നല്ല കൃതികൾതന്നെ ആയിരിക്കും. രോഗമില്ലാത്ത അവസ്ഥ ഇവരിൽ രോഗമുള്ളതിനെക്കാൾ വളരെ കൂടുതലായിരിക്കും. നിസ്സാരമായ കാര്യങ്ങൾ മതി ഇവർക്ക് ആത്മഹത്യ ചെയ്യുവാൻ. ബന്ധുക്കൾക്കോ അടുത്ത സുഹൃത്തുക്കൾക്കോപോലും അതിന്റെ കാരണം കണ്ടെത്താനാവില്ല.

'ഇനി അഭിനയയ്ക്ക് ഈ രോഗം ഉണ്ടായിരുന്നോ എന്നു നോക്കാം. ബി.എ. കഴിഞ്ഞ വർഷങ്ങളിൽ അഭിനയയുടെ സ്വഭാവത്തിന് കാര്യമായ മാറ്റം വന്നതായി വീട്ടുകാർ പറയുന്നു. ആ സമയത്താണ് അവളിലെ സർഗ്ഗവാസന വിടർന്നുതുടങ്ങിയത്. ജന്മസിദ്ധമായിത്തന്നെ കാവ്യകഥാവാസനകൾ ഉണ്ടായിരുന്നതുകൊണ്ട് കവിതകളും കഥകളും എഴുതുന്നത് മനോ

ഹരമായി. കവിതകളും കഥകളും അവളാരെയുംതന്നെ കാണിച്ചിരുന്നില്ല. അല്ലെങ്കിൽ ഇത്രയധികം കഥകളും കവിതകളുമെഴുതി കംപ്യൂട്ടറിൽ വയ്ക്കുമോ. രോഗമില്ലാത്ത അവസരത്തിൽ ചിലതൊക്കെ പ്രസിദ്ധീകരണത്തിനായി അയച്ചെന്നുമാത്രം.

'അഭിനയ ബുദ്ധിമതിയും ധൈര്യശാലിയുമായിരുന്നല്ലോ. ഇതിനു കാരണം തലച്ചോറിനുണ്ടാകുന്ന ഒരു ഉത്തേജനാവസ്ഥ ആയിരിക്കും. വീട്ടിൽനിന്ന് അകന്നുകഴിഞ്ഞതും വീട്ടുകാരുമായി നിസ്സാരകാര്യങ്ങൾക്ക് വഴക്കിടുന്നതും രോഗത്തിന്റെ ഉന്മാദാവസ്ഥയിലായിരുന്നു. ഡയറിയിലെയും കംപ്യൂട്ടറിലെയും സ്വന്തം കവിതകൾക്കും താഴെ ചില പേരുകൾ എഴുതിയിരുന്നല്ലോ. അതൊക്കെ രോഗത്തിന്റെ സമയത്തുള്ള മാനസികമാറ്റത്തിന്റെ ഭാഗമാണ്. വീട്ടുകാരോടുള്ള അകൽച്ചയുടെ ഭാഗമായാണ് ആന്റിയുടെ വീട്ടിലെത്തുന്നത്. അച്ഛനോടുള്ള പ്രതികാരമായിട്ടാണ് പ്രസാദ് എന്ന യുവാവുമായുള്ള പ്രണയനാടകം. അതിൽ അവൾ വിജയിച്ചു. അഭിനയയ്ക്ക് പ്രസാദിനോട് യഥാർത്ഥ പ്രണയമുണ്ടായിരുന്നോ എന്ന് അവളുടെ അമ്മയ്ക്ക് സംശയമുണ്ടായിരുന്നു. അതാണ് വിവാഹം എത്രയും പെട്ടെന്ന് നടത്തണമെന്ന ആവശ്യവുമായി അഭിനയയുടെ അടുത്തെത്തിയത്.

'പ്രസാദിന് അഭിനയയോട് ആത്മാർത്ഥ പ്രണയംതന്നെ ആയിരുന്നു. ഉന്മാദികളായ സ്ത്രീകളുടെ മനസ്സിൽ ഒരു രഹസ്യകാമുകനോ ഗന്ധർവനോ ഉണ്ടാകുമെന്ന് പറയപ്പെടുന്നു. അഭിനയയുടെ യഥാർത്ഥ കാമുകൻ സുഹൃത്തിന്റെ സഹോദരനോ ഒരു നോവലിസ്റ്റോ ആയിരുന്നു. അഭിനയ അവളുടെ മനസ്സ് ഒരിക്കലുമവരോട് തുറന്നുപറയണമെന്നില്ല. ഒരുപക്ഷേ, അഭിനയ കാമുകനെ ആത്മാർത്ഥമായി പ്രണയിച്ചിരിക്കാം. അയാളുടെ യാദൃച്ഛികമായ ഒഴിഞ്ഞുമാറൽ അല്ലെങ്കിൽ നഷ്ടപ്പെടൽ ആ കുട്ടിയെ കഠിനമായ വിഷാദത്തിലേക്കു നയിച്ചു.

'ആത്മഹത്യയെപ്പറ്റി എപ്പോഴുംതന്നെ ചിന്തിക്കുന്ന സ്വഭാവക്കാരി ആയതുകൊണ്ടാണ് ഡോ. അഭിനയ ചന്ദ്രൻ എന്ന വ്യാജ അഡ്രസ്സിൽ സൂയിസൈഡ് ടാബ്ലറ്റ്സ് വിദേശത്തുനിന്നും തന്ത്രത്തിൽ വരുത്തിയത്. ഈ ടാബ്ലറ്റ്സ് കഴിച്ചുകഴിഞ്ഞാൽ ശരീരത്തിന് ഒരു ഉത്തേജകാവസ്ഥയാണുള്ളത്. കഴിക്കുന്ന ആൾ മരിക്കുന്നത് അറിയുകയേയില്ല. മരണത്തെ രതിയുമായി ബന്ധപ്പെടുത്തി ആസ്വദിക്കാനുള്ള ആഗ്രഹമാണ് ഒരാളുമായി വേഴ്ചയിലേർപ്പെടുവാൻ ആ കുട്ടിയെ പ്രേരിപ്പിച്ചത്. യഥാർത്ഥത്തിൽ ആ സാധുമനുഷ്യൻ ആരായിരുന്നാലും അഭിനയയുടെ ആഗ്രഹങ്ങൾക്ക് കരുവാകുകയായിരുന്നു.

അഭിനയയുടെ ആത്മഹത്യയിൽ ആർക്കും ഒരു പങ്കുമില്ല. ഷേക്സ്പിയറുടെ ആത്മാവ്, അഭിലോഷികയുടെ ആത്മാവ്, കൊലപാതകം തുടങ്ങിയ നിരീക്ഷണങ്ങൾ കഥകൾ മെനയുവാനുള്ള ഭാവന മാത്രമാണ്. അഭിനയയുടെ രോഗം വരുത്തിവച്ച വിനയാണ് ഈ ദുർമരണം. കൃത്യസമ

യത്ത് രോഗം കണ്ടെത്തി ചികിത്സിച്ചിരുന്നെങ്കിൽ ആ കുട്ടിയെ ആത്മഹത്യയിൽനിന്ന് രക്ഷിക്കാമായിരുന്നു.'

ഇങ്ങനെയെല്ലാമുള്ള പലവിധ വിവാദങ്ങൾ നടക്കുമ്പോൾ അഭിനയയുടെ അച്ഛനും അമ്മയും ചേർന്ന് ഒരു കുറിപ്പിറക്കി: 'മകൾ നഷ്ടപ്പെട്ടതിൽ ഞങ്ങൾക്ക് അതിയായ ദുഃഖമുണ്ട്. അബദ്ധകഥകൾ പറഞ്ഞ് മരിച്ച മകളുടെ പേരിൽ ജീവിച്ചിരിക്കുന്ന ഞങ്ങളുടെയും കുടുംബത്തിന്റെയും സ്വസ്ഥതകൂടി നഷ്ടപ്പെടുത്തരുത്.'

ഒരെഴുത്തുകാരിയോടുള്ള ആദരസൂചകമായി മലയാളക്കരയിൽ പിന്നെ അതിനെപ്പറ്റിയൊന്നും ആരും വിവാദകരമായ പ്രസ്താവനകളോ അഭിപ്രായങ്ങളോ നടത്തിയില്ല. കുറെക്കാലങ്ങൾക്കുശേഷം ഒരു യുവ എഴുത്തുകാരൻ യഥാർത്ഥ സംഭവങ്ങളെ മുൻനിർത്തി ഒരു ദീർഘമായ കുറിപ്പെഴുതി. അത് ഒരു നോവലായി പ്രസിദ്ധീകരിച്ചു. വായന പരിമിതപ്പെടുന്ന കാലമായതിനാൽ അതത്ര ഗൗരവമായി ആരുംതന്നെ വായിച്ചില്ല. വർത്തമാനക്കാലത്ത് ധാരാളം വാർത്തകളുള്ളപ്പോൾ ഭൂതകാലത്തിലെ ഒരു സംഭവത്തിന് എന്താണ് പ്രസക്തി!

അഭിലോഷികയുടെ രംഗാവതരണം നടത്തുവാനായി തയ്യാറെടുക്കുന്നവരുടെ ദുർമരണങ്ങൾ ഇന്നും ഒരു സമസ്യയായി തുടരുകയാണ്. അതിലെ ഒരു കണ്ണി മാത്രമാണ് അഭിനയയുമെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നവരായിരുന്നു അവളോട് അടുത്ത് ബന്ധപ്പെട്ടവരും അവളെ സ്നേഹിക്കുന്നവരും.

അതിനെ ശരിവയ്ക്കുന്ന ഒരു സംഭവംകൂടി കേരളക്കരയിൽ നടന്നു. അസാധാരണമായ ഒരു ദുർമരണം! അഭിലോഷികയെന്ന പേരിൽ നോവലെഴുതിയ യുവാവ് ട്രെയിനു മുന്നിൽ നടന്ന് ആത്മഹത്യചെയ്തു. ആത്മഹത്യാകുറിപ്പിൽ അയാളെഴുതിവച്ചു. 'സമൂഹത്തിന്റെ പീഡനം സഹിക്കവയ്യാതായിരിക്കുന്നു. സ്നേഹിക്കുന്നവർ ഒരുപാടുണ്ട്. പക്ഷേ, പീഡിപ്പിക്കുന്നവരുടെ നീതിയാണ് എനിക്കുമേൽ ആധിപത്യം പുലർത്തിയത്. ആരോടും പകയില്ല; പരിഭവവുമില്ല. കാഴ്ചയിലൂടെ, കേഴ്വിയിലൂടെ, രുചിഭേദങ്ങളിലൂടെ സുന്ദരമായ ഈ ലോകത്തെ ഞാൻ ആഘോഷമായി അറിയുകയായിരുന്നു. അത് നഷ്ടപ്പെടുന്നതിൽ മാത്രം ദുഃഖമുണ്ട്.'

അഭിനയയുടെ മരണത്തെപ്പറ്റി കുറിപ്പെഴുതി നോവലായി പ്രസിദ്ധീകരിച്ച യുവാവ് അഭിലോഷികാനോവലിന്റെ രചയിതാവ് മരണപ്പെട്ടതിനെപ്പറ്റി അഭിപ്രായം പറയുവാൻ ഭയന്നു. ഷേക്സ്പിയറുടെ ശക്തി തന്നെയും മരണത്തിലേക്ക് എത്തിക്കുമോ?

ഭയം ഓരോരുത്തരിലേക്ക് പടരുകയായിരുന്നു; ഒരു വിശ്വാസംപോലെ. അതുകൊണ്ടുതന്നെ പ്രതികരിക്കുവാൻ ഏറെ ആൾക്കാരും ഭയന്നു. ഭീരുക്കളുടെ ഭൂമി, ഭീരുക്കളുടെ നീതി, ഭീരുക്കളുടെ മതം, ഭീരുക്കളുടെ സംസ്കാരം, ഭീരുക്കളുടെ ഭരണം. ●



ഒ. വി. വിജയൻ സ്മാരക
ഡി. സി. ബുക്സ് നോവൽമത്സരത്തിൽ
വായനക്കാരുടെ വിലയിരുത്തലിനുവേണ്ടി
സമർപ്പിക്കുന്ന കൃതി.

ജോസ് കെ. മാനുവൽ

ഡി സി ബുക്സ്

നോവൽ

ISBN 81-264-1460-X

65 രൂപ